2020 ഏപ്രിൽ
10
വെള്ളി
1195 മീനം 28

# മെട്രൊ വാർത്ത

Scan me
www.metrovaartha.com

കൊച്ചി | തിരുവനന്തപുരം | കോഴിക്കോട് | തൃശൂർ | ആലപ്പുഴ | ഭോപ്പാൽ | ഇൻഡോർ | റായ്പുർ    www.metrovaartha.com    10 പേജ് ₹ 7.00    KOZHIKODE

ഇന്നു ദുഃഖ വെള്ളി. മനുഷ്യപുത്രരുടെ മോചനത്തിനായി ദൈവപുത്രൻ അർപ്പിച്ച ബലിദാനത്തിന്റെ ഓർമദിനം. പെസഹാ വ്യാഴാഴ്ചയായ ഇന്നലെ എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ മുഖ്യകാർമികത്വത്തിൽ നടന്ന പെസഹാ ശുശ്രൂഷ. വികാരി ഫാ. ഡേവിസ് മാടവന സമീപം.

## സംസ്ഥാനങ്ങൾക്ക് 15,000 കോടിയുടെ ആരോഗ്യ പാക്കെജ്

ന്യൂഡൽഹി: കൊവിഡ് രോഗ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ആരോഗ്യ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന് സംസ്ഥാനങ്ങൾക്കായി 15,000 കോടി രൂപയുടെ കേന്ദ്ര പാക്കെജിന് കേന്ദ്ര സർക്കാർ അനുമതി നൽകി.

'കൊവിഡ് 19 എമർജൻസി റെസ്പോൺസ് ആൻഡ് ഹെൽത്ത് സിസ്റ്റം പ്രിപ്പയേഡ്നസ് പാക്കെജ്' എന്നാണു പേര്. ആവശ്യമുള്ള മെഡിക്കൽ ഉപകരണങ്ങളും മരുന്നുകളും വാങ്ങാനും നിരീക്ഷണ സംവിധാനങ്ങൾ ശക്തിപ്പെടുത്താനും ലബോറട്ടറികൾ സ്ഥാപിക്കാനും സംസ്ഥാനങ്ങളെ സഹായിക്കുന്നതിനാണിത്. മുഴുവൻ ഫണ്ടും കേന്ദ്രം നൽകുന്ന പദ്ധതി മൂന്നു ഘട്ടമായാണു നടപ്പാക്കുക.

ആരോഗ്യ മന്ത്രാലയമാണ് ഫണ്ട് നൽകുക. ഈ വർഷം ജൂൺ വരെയാണ് ആദ്യ ഘട്ടം. കൊവിഡ് 19 ആശുപത്രികൾ, ഐസൊലേഷൻ ബ്ലോക്കുകൾ, ഐസിയുകൾ, വെന്റിലേറ്ററുകൾ, ഓക്സിജൻ വിതരണം ചെയ്യൽ, ലബോറട്ടറികൾ വിപുലമാക്കൽ, മനുഷ്യ വിഭവശേഷി കൂട്ടൽ എന്നിവയൊക്കെ ഈ ഘട്ടത്തിൽ ഉൾപ്പെടും. പിപിഇകൾ, എൻ 95 മാസ്കുകൾ എന്നിവ വാങ്ങുന്നതിനും ഫണ്ട് ഉപയോഗിക്കാം. ജൂലൈ മുതൽ 2021 മാർച്ച് വരെ രണ്ടാം ഘട്ടവും 2021 ഏപ്രിൽ മുതൽ 2024 മാർച്ച് വരെ മൂന്നാം ഘട്ടവുമാണ്. കൊറോണ ചികിത്സയ്ക്കായി രാജ്യത്തെ ആരോഗ്യ മേഖലയുടെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ 15,000 കോടി രൂപ നീക്കിവച്ചിട്ടുണ്ടെന്ന് മാർച്ച് 24ന് രാജ്യത്തെ അഭിസംബോധന ചെയ്തപ്പോൾ പ്രധാനമന്ത്രി നരേന്ദ്ര മോദി വ്യക്തമാക്കിയിരുന്നു.

## ചെറുകിട വ്യവസായങ്ങൾക്ക് പാക്കെജ് വരുന്നു

ന്യൂഡൽഹി: കൊവിഡ് വ്യാപനവും അടച്ചുപൂട്ടലും മൂലമുണ്ടാവുന്ന സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ കേന്ദ്ര സർക്കാരിന്റെ പുതിയ പാക്കെജ് ഒരുങ്ങുന്നു. ചെറുകിട- ഇടത്തരം വ്യവസായ മേഖലയെ ഉദ്ദേശിച്ചുള്ളതാണ് ധനമന്ത്രാലയം തയാറാക്കിയ ഈ പാക്കെജ്. 75,000 കോടി മുതൽ ലക്ഷം കോടി വരെ രൂപയുടേതാകും പാക്കെജെന്ന് സീനിയർ ഉദ്യോഗസ്ഥർ പറയുന്നു. ഏതാനും ദിവസങ്ങൾക്കകം ഇതു പ്രഖ്യാപിച്ചേക്കും.

കഴിഞ്ഞമാസം ധനമന്ത്രി നിർമല സീതാരാമൻ 1.70 ലക്ഷം കോടിയുടെ സാമ്പത്തിക പാക്കെജ് പ്രഖ്യാപിച്ചിരുന്നു. തുടർ പാക്കെജുകൾ പിന്നാലെ വരുമെന്നു സർക്കാർ വ്യക്തമാക്കുകയും ചെയ്തിരുന്നു. ലോക് ഡൗൺ വൻ പ്രതിസന്ധിയുണ്ടാക്കുന്ന ചെറുകിട- ഇടത്തരം വ്യവസായ മേഖലയെ സഹായിച്ചില്ലെങ്കിൽ രാജ്യം വലിയ പ്രതിസന്ധിയിലാവുമെന്നതു കണക്കിലെടുത്താണ് മുഖ്യമായും അവരെ ഉദ്ദേശിച്ചുള്ള പാക്കെജ് തയാറാക്കിയിരിക്കുന്നത്. സാഹചര്യങ്ങൾ വിലയിരുത്തിയ ശേഷം വലിയ കമ്പനികൾക്കുള്ള പാക്കെജ് പിന്നീടു പ്രഖ്യാപിക്കുമെന്ന് ഉദ്യോഗസ്ഥർ പറയുന്നു. ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽ അമ്പതു കോടിയിലേറെ ആളുകൾ തൊഴിലെടുക്കുന്നുണ്ട്. വ്യവസായ സ്ഥാപനങ്ങൾക്ക് കുറഞ്ഞ പലിശയ്ക്ക് പണം നൽകുന്ന പദ്ധതി പാക്കെജിലുണ്ടാവുമെന്നാണു സൂചന.

- പുസ്തകക്കടകൾ ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം തുറക്കുന്ന കാര്യം പരിഗണനയിൽ.
- വളം, വിത്ത്, കീടനാശിനി കടകൾക്ക് രാവിലെ ഏഴു മുതൽ 11 മണി വരെ പ്രവർത്തിക്കാം.
- സ്വകാര്യ ആശുപത്രികളുടെ വൈദ്യുതി, വെള്ളം ബിൽ അടയ്ക്കേണ്ട തീയതി മാറ്റം വരുത്തും.
- ആർസിസിയിൽ ചികിത്സിക്കുന്നവർക്ക് പ്രാദേശികമായി ചികിത്സാ സംവിധാനമൊരുക്കും.

## നിയന്ത്രണം നീട്ടി ഒഡീശ

- 30 വരെ അടച്ചിടും
- രാജ്യത്ത് ഇന്നലെ മരിച്ചത് 20 പേർ

ന്യൂഡൽഹി: കൊവിഡ് 19 പ്രതിരോധത്തിനു കൂടുതൽ നടപടികളെടുക്കുന്നതു കേന്ദ്ര സർക്കാർ പരിഗണിക്കുന്നതിനിടെ ഒഡീശയിൽ അടച്ചിടൽ 30 വരെ നീട്ടി. നിയന്ത്രണം നീട്ടിയേക്കുമെന്നു പ്രധാനമന്ത്രി നരേന്ദ്ര മോദി സൂചന നൽകിയതിനു പിന്നാലെയാണ് ഒഡീശയുടെ നടപടി. നിയന്ത്രണം നീട്ടണമെന്നു നേരത്തേ, ഗോവയും പഞ്ചാബും ഉൾപ്പെടെ സംസ്ഥാനങ്ങൾ അഭ്യർഥിച്ചിരുന്നു. ഒഡീശയിൽ മുഖ്യമന്ത്രി നവീൻ പട്നായിക്കിന്റെ അധ്യക്ഷതയിൽ അഞ്ചു മുതിർന്ന മന്ത്രിമാർ നടത്തിയ വിഡിയൊ കോൺഫറൻസിങ്ങിലാണു നിയന്ത്രണം നീട്ടാൻ തീരുമാനം. വിദ്യാഭ്യാസ സ്ഥാപനങ്ങൾ ജൂൺ 17 വരെ തുറക്കേണ്ടെന്നും തീരുമാനിച്ചിട്ടുണ്ട്.




അതേ സമയം, കൊവിഡ് 19 ബാധിച്ച് രാജ്യത്ത് ഇന്നലെ 20 പേർ കൂടി മരിച്ചു. മഹാമാരി മൂലം ഇന്ത്യയിൽ മരിച്ചവരുടെ എണ്ണം 169 ആയി. പുതുതായി 169 പേർക്കു കൂടി വൈറസ് ബാധിച്ചതോടെ രോഗബാധിതർ 5,865. പേർക്ക് ഇതേവരെ രോഗം ഭേദമായി. ഇന്നലെ മരിച്ചവരിൽ എട്ടു പേർ മഹാരാഷ്ട്രയിലാണ്. ആകെ മരണത്തിൽ 72ഉം മഹാരാഷ്ട്രയിൽ തന്നെ. ഇവിടെ 1,135 പേരാണു വിവിധ ആശുപത്രികളിൽ ചികിത്സയിലുള്ളത്. തമിഴ്നാട്ടിൽ 738 പേർ ചികിത്സയിലുണ്ട്. ഡൽഹിയിൽ 669, തെലങ്കാനയിൽ 442 എന്നിങ്ങനെയാണു നില. രോഗബാധിതരിൽ 71 പേർ വിദേശികൾ.

അതേസമയം, ലോകത്തെ 192 രാജ്യങ്ങളിലായി കൊറോണ വൈറസ് ജീവനെടുത്തവരുടെ എണ്ണം 88,981 ആയി ഉയർന്നു. 1,519,260 പേർക്കാണു വൈറസ് ബാധിച്ചത്.

## 12 പേർക്ക് കൂടി കൊവിഡ് 13 പേർക്ക് രോഗം ഭേദമായി

## 1,36,195 പേർ നിരീക്ഷണത്തിൽ

തിരുവനന്തപുരം: കേരളത്തിൽ 12 പേർക്ക് കൂടി കൊവിഡ് 19 സ്ഥിരീകരിച്ചു- കണ്ണൂരിലും കാസർഗോഡും നാലുപേർക്കു വീതവും മലപ്പുറത്ത് രണ്ടുപേർക്കും തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ഓരോരുത്തർക്കും. ഇവരിൽ 11 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. കാസർഗോഡ് ജില്ലയിലെ ഒരാൾ വിദേശത്തു നിന്നും വന്നതാണ്. തിരുവനന്തപുരത്ത് രോഗം സ്ഥിരീകരിച്ച വ്യക്തി വീട്ടിൽ നിരീക്ഷണത്തിലാണ്. ഇവരെ ഉടൻ തിരുവനന്തപുരം മെഡിക്കൽ കോളെജിൽ പ്രവേശിപ്പിക്കും.

സംസ്ഥാനത്ത് 357 പേർക്കാണ് ഇതേവരെ രോഗം സ്ഥിരീകരിച്ചത്. ചികിത്സയിലായിരുന്ന 13 പേരുടെ പരിശോധനാഫലം ഇന്നലെ നെഗറ്റീവ് ആയി. നിലവിൽ 258 പേർ വിവിധ ആശുപത്രികളിൽ ചികിത്സയിലാണ്. ഇതുവരെ ആകെ 97 പേർ രോഗമുക്തി നേടി.

1,36,195 പേർ നിരീക്ഷണത്തിലാണ്- 1,35,472 പേർ വീടുകളിലും 723 പേർ ആശുപത്രികളിലും. 153 പേരെയാണ് ഇന്നലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. രോഗലക്ഷണങ്ങളുള്ള 12,553 പേരുടെ സാംപിളുകൾ പരിശോധനയ്ക്ക് അയച്ചതിൽ 11,469 എണ്ണത്തിന്റെ ഫലം നെഗറ്റീവാണ്. സംസ്ഥാനത്ത് കൊവിഡ് ബാധ 100 ദിവസം പിന്നിട്ടപ്പോൾ എട്ടു വിദേശികൾ ഉൾപ്പെടെ നൂറോളം പേർക്ക് ഇതേവരെ രോഗമുക്തി നൽകാനായി എന്ന ഖ്യാതിയിലാണു കേരളമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ചൂണ്ടിക്കാട്ടി. 83, 76 വയസു പ്രായമുള്ളവരാണു രോഗം മാറിയ രണ്ടു വിദേശികൾ എന്നതും ശ്രദ്ധേയം.

എട്ട് വിദേശികളെയും കേരളം രക്ഷിച്ചു

പേജ് 6

## മൗനപ്രാർഥനയിൽ മലയാറ്റൂരിന്റെ ദുഃഖവെള്ളി

മനു ഷെല്ലി

കൊച്ചി: ഇന്ന് ദുഃഖവെള്ളി. അധർമവും അനീതിയും ശത്രുതയും നിറഞ്ഞ ലോകത്തിന് സ്നേഹത്തിന്റെ പുതിയ അർഥതലങ്ങൾ നൽകിയ യേശുവിനെ ഗാഗുൽത്തായിലെ മരക്കുരിശിലേറ്റിയതിന്റെ ഓർമ ദിനം. ഇത്തരമൊരു ദുഃഖവെള്ളി മലയാറ്റൂരിന്റെ ചരിത്രത്തിൽ ഇതാദ്യം.

പൊന്നുംകുരിശു മുത്തപ്പന്റെ പൊൻമല കയറുമ്പോഴും ഇറങ്ങുമ്പോഴും ഉയർന്നു കേൾക്കാറുള്ള ശരണമന്ത്രങ്ങളില്ല. മൂകത നിറഞ്ഞ വിജനമായ അടിവാരം. വ്യഥകളുടെ ഹൃദയഭാരം ഇറക്കിവയ്ക്കാനായി, എടുത്താൽ പൊങ്ങാത്ത കുരിശുമേന്തി വ്രതശുദ്ധിയിൽ പൊൻമല ചവിട്ടാനെത്തുന്ന വിശ്വാസികളില്ല. പെസഹ വ്യാഴം മുതൽ ലക്ഷക്കണക്കിന് ജനങ്ങൾ തിങ്ങിക്കൂടി നാലും അഞ്ചും മണിക്കൂർ അനക്കമില്ലാതെ കിടക്കുന്ന വാഹനങ്ങളുടെ നീണ്ട നിരയില്ല. കല്ലുകൾ നിറഞ്ഞ വഴിയിൽ ആളും അനക്കവുമില്ലാത ഭാരമേറിയ കുരിശുകൾ മാത്രം. ഇതാണിപ്പോൾ മലയാറ്റൂർ കുരിശുമുടി, അന്താരാഷ്ട്ര തീർഥാടന കേന്ദ്രം.

വലിയനോമ്പ് തുടങ്ങി വിഭൂതി ബുധൻ കഴിഞ്ഞു വരുന്ന ആദ്യ ഞായർ മല ചവിട്ടുന്നത് മലയാറ്റൂർ സെന്റ് തോമസ് ഫൊറോനയുടെ കീഴിൽ വരുന്ന നാല് ഇടവകയിലെ വിശ്വാസികളാണ്. അത് ഇത്തവണയും മുടങ്ങിയില്ല. ഇടവകയിലെ വിശ്വാസികൾ ഒറ്റക്കെട്ടായി പ്രാർഥനാ നിർഭരമായ കുരിശിന്റെ വഴിയിലൂടെ പൊൻമല ചവിട്ടി അനുഗ്രഹം തേടി. പിന്നീടാണ് കൊറോണ വൈറസിന്റെ മുൻകരുതലിനെ തുടർന്നുള്ള നിയന്ത്രണങ്ങൾ വരുന്നതും ലോക്ക് ഡൗൺ ആകുന്നതും മലകയറ്റം പൂർണമായി നിൽക്കുന്നതും.

*കരുതലിന്റെ വഴി... കൊറോണ വൈറസ് ഭീതിയെ തുടർന്നുള്ള നിയന്ത്രണങ്ങളെ തുടർന്ന് വിജനമായ മലയാറ്റൂർ കുരിശുമുടി അന്താരാഷ്ട്ര തീർഥാടന കേന്ദ്രം. ലോക്ക്ഡൗൺ കാലത്തെ മലകയറ്റം ഒഴിവാക്കുന്നതിനായി 24 മണിക്കൂറും കാവൽ ഏർപ്പെടുത്തിയിരിക്കുകയാണ്.* മനു ഷെല്ലി

പൊൻമല ചവിട്ടിയില്ലെങ്കിലും മലചവിട്ടി കയറിയാൽ കിട്ടുന്ന വലിയ കൃപ ഇന്ന് ലോകം അനുഭവിക്കുകയാണ്. സഹോദരങ്ങളുടെ ജീവനുവേണ്ടി അനേകർ സ്വയം ജീവൻ പരിത്യജിച്ചുകൊണ്ട് ശുശ്രൂഷകൾ നടത്തുകയാണ്. പൂർണ പ്രത്യാശയോടും വിശ്വാസത്തോടു കൂടി അനേകർ ദൈവത്തെ വിളിച്ച് അപേക്ഷിക്കുകയാണ്. ഈ രണ്ടു തീർഥാടനങ്ങളാണ് മനുഷ്യജീവിതത്തിൽ എന്നും നിലനിൽക്കുന്നതും ഉണ്ടാകേണ്ടതും. ഈ ചിന്തയുടെ പിൻബലത്തിലാണ് ജനത്തിരക്കുകൾ ഇല്ലാത്ത തീർഥാടന ദിനങ്ങൾ മലയാറ്റൂർ കുരിശുമലയിൽ ആഘോഷിക്കുന്നതെന്ന് സെന്റ് തോമസ് ചർച്ച് വികാരിയും കുരിശുമുടിയുടെ അധികാരിയുമായ ഫാദർ വർഗീസ് മണവാളൻ.

ക്രിസ്തുശിഷ്യനായ തോമാശ്ലീഹയുടെ പാദസ്പർശമേറ്റ മലയാറ്റൂരിൽ അൻപത് നോമ്പിന്റെ വ്രതശുദ്ധിയിൽ പൊൻമല ചവിട്ടാനും, ദൈവാനുഗ്രഹങ്ങൾ നേടി സായൂജ്യമടയാനും, ഭീതി നിറഞ്ഞ ഈ കൊറോണക്കാലം കഴിയാൻ കാത്തിരിക്കുകയാണ് വിശ്വാസസമൂഹം. അടച്ചുപൂട്ടിയിട്ട ദേവാലയങ്ങളിൽ നിന്ന് അകലം പാലിച്ചുകൊണ്ട് അടച്ചിട്ട വീടുകളിലിരുന്ന് അവരുടെ പ്രാർഥനയും ഇത് തന്നെയാണ്. ഈ ദിനങ്ങളും കടന്നുപോകും... പ്രാർഥനാ ശക്തിയാൽ നമ്മൾ ഇതും അതിജീവിക്കും... ഉയർത്തെഴുന്നേൽക്കും...

### മെട്രൊ വാർത്ത

ദുഃഖവെള്ളിയോടനുബന്ധിച്ച് ഇന്ന് ഓഫിസിന് അവധിയായതിനാൽ നാളെ (ശനി) മെട്രൊ വാർത്ത പ്രസിദ്ധപ്പെടുത്തുന്നതല്ല.

\- എഡിറ്റർ.

സ്വർണം

| | |
|---|---|
| ഗ്രാം | - 4,050 |
| പവൻ | - 32,400 |

www.facebook.com/metrovaarthaofficial

## സാമ്പത്തിക പ്രയാസം നേരിടുന്നവർക്ക് പലിശ രഹിത ലോൺ

തേഞ്ഞിപ്പലം: കൊവിഡ് - 19 ന്റെ പശ്ചാത്തലത്തിൽ ലോക്ഡൗണിനെ തുടർന്ന് സാമ്പത്തിക പ്രയാസം നേരിടുന്നവർക്ക് പതിനായിരം രൂപ വരെ മൂന്നു മാസ കാലാവധിക്ക് പലിശരഹിത സ്വർണ വായ്പ നൽകുമെന്ന് തേഞ്ഞിപ്പലം സർവീസ് സഹകരണ ബാങ്ക് അധികൃതർ വാർത്ത കുറിപ്പിലൂടെ അറിയിച്ചു.

## ആരോഗ്യ സുരക്ഷ ഉപകരണങ്ങൾ വിതരണം ചെയ്തു

പേരാമ്പ്ര : എൻജിഒ അസോസിയേഷൻ പേരാമ്പ്ര ബ്രാഞ്ച് കമ്മിറ്റിയുടെ നേതൃത്വത്തിൽ പേരാമ്പ്ര താലൂക്ക് ആശുപത്രിയിലേക്ക് ആരോഗ്യ സുരക്ഷാ ഉപകരണങ്ങൾ വിതരണംചെയ്തു. ഉപകരണങ്ങൾ ജില്ലാ പ്രസിഡന്റ് കെ. പ്രദീപൻ മെഡിക്കൽ ഓഫീസർ ഡോ. പി.കെ. ഷാമിന് കൈമാറി. ഡോ. കെ.പി.വിനോദ് കുമാർ, അസോസിയേഷൻ സംസ്ഥാന കമ്മിറ്റി അംഗങ്ങളായ സി. കെ. സതീശൻ, കെ. ദിനേശൻ, വി. പ്രദീഷ്, എൻ.ടി. ജിതേഷ്, ബ്രാഞ്ച് പ്രസിഡന്റ് സി. സമീർ, സെക്രട്ടറി കെ.കെ. ഷിബു, ട്രഷറർ പി.എം. അനീഷ്, എച്ച് ഐ ഇ.എം. ശശീന്ദ്രകുമാർ, രാജേഷ് എന്നിവർ പങ്കെടുത്തു.

## അറിയിപ്പ്

തലശേരി: മാഹിയിലുള്ള എല്ലാ വ്യാപാരി വ്യവസായ സ്ഥാപനങ്ങളിലേയും മുഴുവൻ തൊഴിലാളികൾക്കും ലോക്ഡൗൺ പ്രഖ്യാപിച്ചതു മുതലുള്ള മുഴുവൻ ദിവസത്തെ ശമ്പളവും നൽകാൻ പുതുശ്ശേരി ലേബർ കമ്മീഷ്ണർ ഉത്തരവിട്ടതായി മാഹി ലേബർ ഓഫീസിൽ നിന്നും അറിയിച്ചു.

## ശുചീകരണം നടത്തി

പേരാമ്പ്ര : കൊവിഡ് 19 ഉം ഡെങ്കി 4 ഉം ഭീതി പടർത്തുന്നതിനിടയിൽ രണ്ടു ദിവസമായി പെയ്ത മഴയെ തുടർന്നുള്ള വ്യത്തിഹീനമായ സാഹചര്യം ഒഴിവാക്കാൻ ആവളയിൽ ബ്ലീച്ചിങ് പൗഡർ ഇട്ട് ശുചീകരണം നടത്തി. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ സഹകരണത്തോടെ ആവള ബ്രദേഴ്സ് കലാസമിതി പ്രവർത്തകരാണ് ആവളയിലെ അങ്ങാടികൾ ശുചീകരണം നടത്തിയത്. ഷാനവാസ് കൈവേലി, രജീഷ് കണ്ടോത്ത്, ശ്രീജിത്ത് ചൈത്രം, സുരേഷ് ആവള, രസിൽരാജ് എന്നിവർ നേതൃത്വം നൽകി. ആവള പ്രാഥമിക ആരോഗ്യ കേന്ദ്രം ഹെൽത്ത് ഇൻസ്പെക്ടർ ഷിജി വേണ്ട നിർദേശങ്ങൾ നൽകി.

## ക്വിസ് മത്സരം നടത്തി

മൂന്നിയൂർ : കൊവിഡ്-19 പ്രതിരോധ ഭാഗമായി എല്ലാവരും വീട്ടിലിരിക്കുമ്പോൾ ഒഴിവ് സമയത്തെ ക്രിയാത്മകമായി ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി 'ബ്രയിൻ ടെസ്റ്റ്' എന്ന പേരിൽ പടിക്കൽ ടൗൺ എം. എസ്.എഫ് കമ്മിറ്റി ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിച്ചു. എം.എസ്.എഫ് പടിക്കൽ ടൗൺ വാട്ട്സ്അപ്പ് ഗ്രൂപ്പിൽ നടന്ന ക്വിസ് മത്സരത്തിൽ എ.പി സാഹിദ് വിന്നറും എ.പി ഫുഹാദ് റണ്ണറും സി.വി അൽത്താഫ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. പഞ്ചായത്ത് എം.എസ്.എഫ് പ്രസിഡന്റ് പി.പി സഫീർ പടിക്കൽ ഓൺലൈൻ ക്വിസ് ഉദ്ഘാടനം ചെയ്തു. അനീസ് അലി പൂവ്വാട്ടിൽ ക്വിസ് മാസ്റ്ററായി.

## സഹായഹസ്തവുമായി വിമുക്തഭടന്മാരും

പേരാമ്പ്ര : ലോക് ഡൗണിനോടനുബന്ധിച്ച് കഷ്ടതയനുഭവിക്കുന്ന പാവപ്പെട്ടവരെ സഹായിക്കുന്നതിനായി പാലേരി വടക്കുമ്പാട് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി കിച്ചണിലേക്ക് ഫൈറ്റേഴ്സ് വിമുക്ത ഭട സംഘം(കെഎസ്ഇഎസ്എൽ) പാലേരിയും യൂണിറ്റും പേരാമ്പ്ര ബ്ലോക്ക് എക്സ് സർവീസ്മെൻ സൊസൈറ്റിയും പച്ചക്കറികളും, മസാല കിറ്റുകളും സംഭാവന ചെയ്തു. ഗ്രാമപഞ്ചായത്ത് അംഗം ഷൈലജ ചെറുവോട്ട്, സിഡിഎസ് ചെയർപേഴ്സൺ പി. കെ. രമ, എം. നളിനി എന്നിവർ ചേർന്ന് സൊസൈറ്റി പ്രസിഡന്റ് മേജർ കുഞ്ഞിരാമൻ (റിട്ട.), കെഎസ്ഇഎസ്എൽ പാലേരി പ്രസിഡന്റ് സുരേഷ് മാരാർ, സെക്രട്ടറി ഷാജുമോൻ എന്നിവരിൽ നിന്ന് ഏറ്റുവാങ്ങി.

## ജില്ലാ പഞ്ചായത്തിന്റെ 'സ്നേഹസ്പർശം'

കോഴിക്കോട്: കരൾ മാറ്റി വെച്ചവർക്ക് ജില്ലാ പഞ്ചായത്തിന്റെ 'സ്നേഹസ്പർശം'. ലോക്ഡൗൺ കാരണം മരുന്ന് ലഭിക്കാതെ ദുരിതത്തിലായ ഇവരെ ജില്ലാ പഞ്ചായത്തിന്റെ 'സ്നേഹസ്പർശം' പദ്ധതിയിലുൾപ്പെടുത്തി രണ്ടു മാസത്തേക്കുള്ള മരുന്ന് നൽകാൻ തീരുമാനിച്ചതായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബാബു പറശ്ശേരി പറഞ്ഞു.

# കരുതലിന്റെ കരുത്തിൽ തിരൂർ പൊന്മുണ്ടം സ്വദേശി മുസ്തഫ പുതുജീവിതത്തിലേക്ക്

## മലപ്പുറം ജില്ലയിൽ രോഗമുക്തനായ രണ്ടാമത്തെയാളും ആശുപത്രി വിട്ടു

മലപ്പുറം: കൊവിഡ് 19 എന്ന മഹാവ്യാധിക്കെതിരേ പൊരുതുന്ന സംസ്ഥാന സർക്കാറിനും ആരോഗ്യ വകുപ്പിനും വീണ്ടും അഭിമാനിക്കാം. മലപ്പുറം ജില്ലയിൽ കൊവിഡ് ബാധിച്ച് വിദഗ്ധ ചികിത്സക്കു ശേഷം രോഗമുക്തനായ തിരൂർ പൊന്മുണ്ടം പാറമ്മൽ സ്വദേശി പന്നിക്കോറ മുഹമ്മദ് മുസ്തഫ (46)യും കൊവിഡ് പ്രത്യേക ചികിത്സാ കേന്ദ്രമായ മഞ്ചേരി ഗവ. മെഡിക്കൽ കോളെജ് ആശുപത്രിയിൽ നിന്നും വീട്ടിലേക്ക് മടങ്ങി.

കൊവിഡ് 19 രോഗം ഭേദമായ തിരൂർ പൊൻമുണ്ടം സ്വദേശി മഞ്ചേരി മെഡിക്കൽ കോളെജിൽ നിന്ന് വീട്ടിലേക്ക് മടങ്ങുന്നു.

13 ദിവസം നീണ്ട വിദഗ്ധ ചികിത്സക്കും പ്രത്യേക നിരീക്ഷണത്തിനും ശേഷമാർജ്ജിച്ച കരുതലിന്റെ കരുത്തിൽ വൈറസിനെ അതിജീവിച്ച് മുസ്തഫ പുതു ജീവിതത്തിലേക്ക് ചുവടുവച്ചപ്പോൾ ആ അഭിമാന മുഹൂർത്തം ആശുപത്രി ജീവനക്കാരും സ്വീകരിക്കാനെത്തിയവരും മധുരം പങ്കിട്ട് അവിസ്മരണീയമാക്കി.

കൈവിട്ടു പോകുമെന്നു കരുതിയ ജീവിതം തിരികെ ലഭിച്ചതിന്റെ ആശ്വാസത്തിലായിരുന്നു മുസ്തഫ. ഐസൊലേഷൻ വാർഡിനു പുറത്തെത്തി സർക്കാറിന്റേയും ആരോഗ്യ വകുപ്പിന്റേയും ആശുപത്രി ജീവനക്കാരുടേയും കരുതലിനും സ്നേഹത്തിനും തനിക്കു ലഭിച്ച മികച്ച ചികിത്സക്കും പരിചരണത്തിനും നന്ദി പറയുമ്പോൾ അദ്ദേഹത്തിന്റെ കണ്ഠമിടറി. ദുബായിൽ നിന്ന് മാർച്ച് 21 ന് നാട്ടിലെത്തിയതു മുതൽ ആരോഗ്യ വകുപ്പിന്റെ മാർഗ നിർദേശങ്ങൾ പൂർണമായും പാലിച്ച് മാതൃകയായ പ്രവാസികൂടിയാണ് മുഹമ്മദ് മുസ്തഫ. ജില്ലയിലെ ആദ്യ കൊവിഡ് ബാധിത വണ്ടൂർ വാണിയമ്പലം സ്വദേശിനി മറിയക്കുട്ടിക്കു പിറകെ മുഹമ്മദ് മുസ്തഫയും രോഗമുക്തനാവുമ്പോൾ ജില്ലാ ഭരണകൂടത്തിന്റേയും ആരോഗ്യ വകുപ്പിന്റേയും നേതൃത്വത്തിൽ നടക്കുന്ന കൂട്ടായ കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ വിജയമാവുകയാണിത്.

# കോഴിക്കോട്ട് നിയന്ത്രണം തുടരേണ്ടിവരും: മന്ത്രി

കോഴിക്കോട്: ജില്ല കൊവിഡ് ഹോട്സ്പോട്ട് വിഭാഗത്തിൽ ഉൾപ്പെട്ടതിനാൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച ലോക്ഡൗൺ കാലാവധി 14ന് കഴിഞ്ഞാലും ജില്ലയിൽ നിയന്ത്രണങ്ങൾ തുടരേണ്ടി വരുമെന്ന് മന്ത്രി ടി.പി രാമകൃഷ്ണൻ. കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന കൊവിഡ് അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. നിലവിൽ ചില വിഭാഗങ്ങൾക്ക് നിയന്ത്രണങ്ങളിൽ നിന്ന് ഇളവ് വരുത്തിയിട്ടുണ്ട്. ലോക്ഡൗണിന് ശേഷമുള്ള നിയന്ത്രണങ്ങൾക്ക് അടുത്ത മന്ത്രിസഭാ യോഗത്തിൽ വ്യക്തയുണ്ടാകുമെന്നും മന്ത്രി പറഞ്ഞു.

ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിലുള്ള ജില്ലയിലെ കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ മന്ത്രി വിലയിരുത്തി. മാഹി, വയനാട് അടക്കമുള്ള ജില്ലാ അതിർത്തികളിൽ നിന്ന് പ്രധാന റോഡുകളിലൂടെയല്ലാതെ കർണാടകയിൽ നിന്നടക്കം ആളുകൾ കാൽനടയായി ജില്ലയിലേക്ക് പ്രവേശിക്കുന്നുണ്ട്. ഇവിടങ്ങളിൽ പൊലീസിന്റെ നിരീക്ഷണം ശക്തമാക്കണമെന്ന് മന്ത്രി നിർദ്ദേശിച്ചു. നിയന്ത്രണങ്ങൾ ലംഘിച്ച് ആളുകൾ അനാവശ്യമായി പുറത്തിറങ്ങുന്നതും കൂട്ടം കൂടി നിൽക്കുന്നതും ഒരിക്കലും അനുവദിക്കാൻ കഴിയില്ല. അത്തരക്കാർക്കെതിരെ കർശന നടപടി എടുക്കാൻ പൊലിസിന് മന്ത്രി നിർദേശം നൽകി.

പൂഴ്ത്തിവയ്പ്, അമിത വില ഈടാക്കൽ എന്നിവ തടയുന്നതിന് വ്യാപാര സ്ഥാപനങ്ങളിൽ സ്ക്വാഡുകളുടെ പരിശോധന ദിവസവും നടക്കുന്നുണ്ട്. കുറ്റകൃത്യം ചെയ്യുന്നവർക്കെതിരേ നിയമ നടപടി സ്വീകരിക്കുകയും പരിശോധന കർശനമാക്കും ചെയ്യും. വ്യാജവാറ്റ് നിർമാണത്തിനെതിരെ എക്സൈസും പൊലീസും പരിശോധന ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ഇത് ശക്തമായി തുടരുമെന്നും മന്ത്രി പറഞ്ഞു.

മെഡിക്കൽ കോളെജിൽ കൂടുതൽ വെന്റിലേറ്ററിന് ആവശ്യം വരുകയാണെങ്കിൽ സ്വകാര്യ ആശുപത്രികളിൽ നിന്ന് ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ ആശുപത്രികളിൽ ആവശ്യമായ ഉപകരണങ്ങൾ ഉണ്ടെന്ന് ഉറപ്പ് വരുത്തിയതായും മന്ത്രി പറഞ്ഞു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഒളവണ്ണ ഗ്രാമപഞ്ചായത്ത് നൽകിയ 50 ലക്ഷം രൂപയുടെ ചെക്ക് പഞ്ചായത്ത് പ്രസിഡന്റിൽ നിന്ന് മന്ത്രി സ്വീകരിച്ചു. നിരവധി വ്യവസായികൾ സംഭാവനകളുമായി വരുന്നുണ്ട്. സാധ്യമാകുന്ന എല്ലാ വിഭാഗം ജനങ്ങളും ഇതിന്റെ ഭാഗമാകണമെന്നും മന്ത്രി അഭ്യർഥിച്ചു. യോഗത്തിൽ ജില്ലാ കലക്റ്റർ സാംബശിവ റാവു, സിറ്റി പൊലീസ് കമ്മിഷണർ എ.വി ജോർജ്ജ്, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ജയശ്രീ.വി, വിവിധ ജില്ലാതല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

വടക്കുമ്പാട് ഹയർ സെക്കൻഡറി സ്കൂൾ എൻഎസ്എസ് യൂണിറ്റിലെ വിദ്യാർഥിനികൾ നിർമിച്ച മാസ്കുകൾ പ്രോഗ്രാം ഓഫീസർ ആർ. സീന ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. കെ. ലീലക്ക് കൈമാറുന്നു

## മാസ്ക് നിർമിച്ച് നൽകി വിദ്യാർഥിനികൾ മാതൃകയായി

പേരാമ്പ്ര : കൊവിഡ് പ്രതിരോധ പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്ന ആരോഗ്യ പ്രവർത്തകർക്കും ജനപ്രതിനിധികൾക്കും പഞ്ചായത്ത് ജീവനക്കാർക്കും മാസ്ക് ഉണ്ടാക്കി നൽകി വിദ്യാർഥിനികൾ മാതൃകയായി. വടക്കുമ്പാട് ഹയർ സെക്കൻഡറി സ്കൂൾ എൻഎസ്എസ് യൂണിറ്റിലെ വിദ്യാർഥിനികളാണ് മാസ്കുകൾ നിർമിച്ചത്. കൊവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി എൻഎസ്എസ് വൊളന്റിയർമാരായ വിദ്യാർഥിനികൾ ലോക്ഡൗണിൽ വീടുകളിൽ വെച്ച് മാസ്ക്കുകൾ നിർമിക്കുകയായിരുന്നു. ഇങ്ങനെ നിർമിച്ച 300 ഓളം മാസ്ക്കുകൾ ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് ഓഫീസ്, പ്രാഥമികാരോഗ്യ കേന്ദ്രം എന്നിവിടങ്ങളിലേക്ക് കൈമാറി. പ്രോഗ്രാം ഓഫീസർ ആർ. സീന ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.കെ. ലീലക്കും, ചങ്ങരോത്ത് മെഡിക്കൽ ഓഫീസർ ഡോ. ബിജേഷ് ഭാസ്കരനും കൈമാറി. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് മൂസ കോളെത്തമ്പ്ര, ഗ്രാമ പഞ്ചായത്തംഗം എൻ.പി. വിജയൻ, സെക്രട്ടറി കെ. കൃഷ്ണകുമാർ, ഹെൽത്ത് ഇനസ്പക്ടർ എ.ടി. പ്രമീള തുടങ്ങിയവർ സംബന്ധിച്ചു. മാസ്ക്ക് നിർമ്മാണത്തിന് എൻഎസ്എസ് വൊളന്റിയർമാരായ പി.എസ് നീലിമ, എം.അനഘ എന്നിവർ നേതൃത്വം നൽകി.

ദുരിതാശ്വാസ നിധിയിലേക്ക് കുറ്റ്യാടി സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് ടി.കെ.മോഹൻദാസ് തുക കൈമാറുന്നു.

## ദുരിതാശ്വാസ നിധിയിലേക്ക് പത്ത് ലക്ഷം കൈമാറി

കുറ്റ്യാടി: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കുറ്റ്യാടി സർവീസ് സഹകരണ ബേങ്ക് ജീവനക്കാരും ഭരണസമിതി അംഗങ്ങളും ചേർന്ന് പത്ത് ലക്ഷംരൂപ നൽകി. സംഖ്യ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്റ്റർ സി.കെ സുരേഷിന് ബാങ്ക് പ്രസിഡന്റ് ടി.കെ മോഹൻദാസ് മാസ്റ്റർ കൈമാറി. ബേങ്ക് സെക്രട്ടറി ബീന കെ. ,സൂപ്രണ്ട് ഷിജു എന്നിവർ പങ്കെടുത്തു.

## മലപ്പുറം ജില്ലയിൽ രണ്ടു പേർക്കു കൂടി കൊവിഡ്

മലപ്പുറം: ജില്ലയിൽ രണ്ടു പേർക്കു കൂടി ഇന്നലെ കൊവിഡ് 19 വൈറസ് ബാധ സ്ഥിരീകരിച്ചതായി ജില്ലാ കലക്റ്റർ ജാഫർ മലിക് അറിയിച്ചു. മമ്പുറം വെട്ടം ബസാർ സ്വദേശിനിയായ 42 കാരിയ്ക്കും തിരൂരിനടുത്ത് ഒഴൂർ കുറുവട്ടിശ്ശേരി സ്വദേശിയായ 30 കാരനുമാണ് വൈറസ് ബാധ. ഡൽഹി നിസാമുദ്ദീനിലും മുംബയിലും ഭർത്താവിനും മറ്റ് അഞ്ച് കുടുംബങ്ങൾക്കുമൊപ്പം താമസിച്ച് തിരിച്ചെത്തിയവരാണ് മമ്പുറം വെട്ടം ബസാർ സ്വദേശിനി. വൈറസ് ബാധയുള്ള സ്ത്രീ നിസാമുദ്ദീനിലെ സമ്മേളനത്തിൽ പങ്കെടുത്തിട്ടില്ല. ഒഴൂർ കുറുവട്ടിശ്ശേരി സ്വദേശി മാർച്ച് 19 ന് ദുബായിൽ നിന്നും കരിപ്പൂർ വഴി വീട്ടിലെത്തിയതാണ്. ഇതോടെ ജില്ലയിൽ നിലവിലുള്ള കൊവിഡ് ബാധിതരുടെ എണ്ണം 15 ആയി. രണ്ടു പേർ ഇതുവരെ രോഗമുക്തരായി.

ഫെബ്രുവരി 14ന് ഭർത്താവിനൊപ്പമാണ് മമ്പുറം വെട്ടം സ്വദേശിനി ഡൽഹി നിസാമുദ്ദീനിലേക്ക് യാത്രയായത്. ഏപ്രിൽ ഏഴിന് വൈറസ് ബാധ സ്ഥിരീകരിച്ച വേങ്ങര കണ്ണമംഗലം സ്വദേശിനിക്കും ഭർത്താവിനുമൊപ്പം തിരൂർ റെയിൽവെ സ്റ്റേഷനിൽ നിന്ന് രാവിലെ ജനശതാബ്ദി എക്സ്പ്രസ് തീവണ്ടിയിൽ യാത്ര തിരിച്ച് ഉച്ചയ്ക്ക് തിരുവനന്തപുരത്തെത്തി. അവിടെ നിന്നും മറ്റ് ജില്ലകളിൽ നിന്നെത്തിയ അഞ്ച് കുടുംബങ്ങളുമായി ചേർന്ന് 12 അംഗ സംഘമായി തീവണ്ടിയിൽ ഡൽഹിയിലേക്ക് യാത്രയായി. ഫെബ്രുവരി 20 ന് നിസാമുദ്ദീനിൽ നിന്ന് തീവണ്ടിയിൽ യാത്ര ആരംഭിച്ച് 21 ന് മുംബയിലെത്തി. മാർച്ച് 23 ന് മുംബയിൽ നിന്ന് എ.ഐ - 581 എയർ ഇന്ത്യ വിമാനത്തിൽ രാവിലെ 9.45ന് കരിപ്പൂർ വിമാനത്താവളത്തിലെത്തി. വിമാനത്താവളത്തിലെ നടപടികൾ പൂർത്തിയാക്കി ആരോഗ്യ വകുപ്പിന്റെ നിർദേശപ്രകാരം പൊലീസ് ഏർപ്പെടുത്തിയ ടാക്സി വാഹനത്തിൽ മമ്പുറം വെട്ടം ബസാറിലെ വീട്ടിലെത്തി സ്വയം നിരീക്ഷണം ആരംഭിച്ചു.

## ലൈബ്രറി - ഡിജിറ്റൽ റിസോർസുകൾ ഇനി വീട്ടിലെ റിമോട്ട് അക്സസിലൂടെ

**വേലായുധൻ പി. മൂന്നിയൂർ**

തേഞ്ഞിപ്പലം: കാലിക്കറ്റ് സർവകലാശാല ലൈബ്രറി ഡിജിറ്റൽ റിസോർസുകൾ ഇനി വീട്ടിലിരുന്ന് റിമോട്ട് ആക്സസിലൂടെയും ഉപയോഗപ്പെടുത്താം. ക്യാമ്പസ് നെറ്റ് വർക്കിൽ മാത്രമായ് ലഭിച്ച് കൊണ്ടിരുന്ന ഇ -ബുക്കുകളും , ഇ - ജേർണലുകളും അടങ്ങിയ റിസോർസുകളുമാണ് ലഭ്യമാകുന്നത്. സർവകലാശാല ലൈബ്രറി ' ഡിജിറ്റൽ ശേഖരത്തിലുള്ള ഏകദേശം ഒരു ലക്ഷത്തോളം ബുക്കുകളും എണ്ണായിരത്തോളം ജേർണലുകളും പുതിയ സംവിധാന ത്തിലൂടെ ക്യാമ്പസിന് പുറത്തും വിദ്യാർഥികൾക്കും അധ്യാപകർക്കും ഗവേഷകർക്കും പ്രയോജന പ്പെടുത്താൻ കഴിയും. കൊവിഡ് - 19 ന്റെ പശ്ചാത്തലത്തിലെ ലോക് ഡൗണിനെ തുടർന്ന് വിദ്യാർഥികൾക്കും അധ്യാപകർ ക്കും ഇത് ഏറെ പ്രയോജനകരമാവുമെന്ന ആത്മവിശ്വാസത്തിലാണ് സർവകലാശാലാധികൃതർ. യു ജി സി യുടെ ഇൻഫ്ളിബ് നെറ്റ് ( INFLIBNET ) സെന്ററിന്റെ സഹായത്തോടെയാണ് ഈ സംവിധാനം നടപ്പിലാക്കിയത്. ഈ സേവനം ഉപയോഗപ്പെടുത്താൻ സർവകലാശാല അധ്യാപകർക്കും ഗവേഷകർക്കും ലോഗിൻ ഐഡിയും പാസ് വേർഡും ഈ മെയിൽ വഴിയും എസ്എംഎസ് മുഖേനയും അയച്ചതായും അധികൃതർ അറിയിച്ചു. ലഭിക്കാത്തവർ chmkleuoc.ac.in എന്ന അഡ്രസിലൂടെയും https://idp.uoc.ac.in ലിങ്കിലൂടെയും സേവനം ലഭ്യമാണ്.

## വ്യത്യസ്ത പ്രവർത്തനങ്ങളുമായി ട്രോമോകെയർ പ്രവർത്തകർ

തിരൂരങ്ങാടി: മഹാമാരിയെ തുടച്ചുനീക്കുന്നതിന് വ്യത്യസ്ത പരിപാടികളുമായി രംഗത്തിറങ്ങി മാതൃകയാവുകയാണ് തിരൂരങ്ങാടി യൂണിറ്റ് ട്രോമാകെയർ പ്രവർത്തകർ തിരൂരങ്ങാടി മേഖലയിൽ കൊവിഡ് 19 സ്ഥിതീകരിച്ച സാഹചര്യത്തിൽ കക്കാട് മുതൽ കരുമ്പിൽ വരെയുള്ള പ്രദേശങ്ങളിലെ ബസ് സ്റ്റോപ്പുകൾ, റേഷൻ കടയുടെ മുൻവശം തുടങ്ങിയ പൊതു ഇടങ്ങളും അണുവിമുക്തമാക്കി. കക്കാട് റേഷൻ കടക്ക് മുന്നിൽ എത്തുന്നവർക്ക് കാല് ഉപയോഗിച്ച് ചവിട്ടിയാൽ കിട്ടുന്ന വിത്യസ്ത രീതിയിൽ കുടിവെള്ളം സ്ഥാപിക്കുകയും, റേഷൻ കടയിൽ നിന്നും അകലം പാലിച്ച് അരി വിതരണം ചെയ്യുന്നതിനു വേണ്ടി സൗകര്യം ഒരുക്കുകയും ചെയ്തു. തെങ്ങിലാൻ സിദിഖ്, ഫൈസൽ താണിക്കൽ, സി കെ ഷഫീഖ്, റഹീം വടക്കൻ, കെ സഫൽ ,ഉസ്മാൻ കൊടിമരം, സി പി അബ്ദുൽ അസീസ്, ടി ഷംസുദ്ദീൻ നേതൃത്വം നൽകി.

## ഓൺലൈൻ കോടതി വഴി ജാമ്യം അനുവദിച്ചു

തലശേരി: ജില്ലാ കോടതികൾ വഴി ജില്ലയിലെ 37കുറ്റാരോപിതർക്ക് ഓൺലൈൻ സംവിധാനം വഴി ന്യായാധിപന്മാർ ജാമ്യം അനുവദിച്ചു. ഇവരിൽ 4 പേർ ഒരു ലക്ഷത്തി 40,000 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ അടക്കണം. പണം അടക്കേണ്ടവരിൽ ചമ്പാട് ഇരട്ട ക്കൊലക്കേസ് പ്രതിയും ബി.ജെ.പി.ക്കാരനുമായ വാലിശ്ശേരി പ്രഭാകരനും കൂത്തുപറമ്പ് മാങ്ങാട്ടിത്തേ സിപിഎം പ്രവർത്തകൻ പി.കെ അർഷാദുമുണ്ട്. 1979ൽ കൊല്ലപ്പെട്ട ചമ്പാട്ടെ തടത്തിൽ ബാലൻ, യു.പി ദാമു വധക്കേസിൽ കഴിഞ്ഞ 41 വർഷങ്ങളായി മുങ്ങി ഒളിവിൽ കഴിഞ്ഞ പ്രഭാകരൻ ഇക്കഴിഞ്ഞ മാർച്ച് 10നാണ് അറസ്റ്റിലായത്. ഇയാൾക്ക് വേണ്ടി അഡ്വ.പി. പ്രേമരാജൻ നൽകിയ ഓൺലൈൻ ഹരജിയിൽ രണ്ട് ലക്ഷം രൂപ ദുരിതാശ്വാസ നിധിയിൽ നൽകണമെന്നായിരുന്നു ജില്ലാ ജഡ്ജ് ടി.ഇന്ദിര കഴിഞ്ഞ ദിവസം വിധിച്ചത്.

കുറ്റാരോപിതന് രണ്ട് ലക്ഷം അടക്കാനുള്ള സാമ്പത്തിക ശേഷി ഇല്ലെന്നും ബോധിപ്പിച്ച് നൽകിയ പുന:പരിശോധനാ ഹരജി പരിഗണിച്ച് പിഴത്തുക ഒരു ലക്ഷമായി കോടതി ഇളവ് നൽകിയിരുന്നു. മറ്റുള്ളവരിൽ ജാമ്യം അനുവദിക്കപ്പെട്ട സിപിഎം.പ്രവർത്തകൻ മാങ്ങാട്ടിടത്തെ അർഷാദ് 15,000 രൂപയാണ് ദുരിതാശ്വാസ നിധിയിൽ നൽകേണ്ടത്.പ്രസ്തുത തുകകൾ ജില്ലാ കലക്ടർ വശം നൽകി രസീത് കോടതിയിൽ ഹാജരാക്കിയാലേ കുറ്റാരോപിതർ 4 പേരും ജയിൽ മോചിതരാവുകയുള്ളൂ. ജാമ്യം ലഭിച്ചതിൽ 4 എണ്ണം പോക്സോ കേസുകളാണ്. ഇതിനിടെ ബുധനാഴ്ചയോട് കൂടി ഓൺലൈൻ ഹരജികൾ പരിഗണിക്കുന്നതും നിർത്തി. ഇനി വെക്കേഷൻ കോടതി മാത്രമേ പ്രവർത്തിക്കുകയുള്ളൂ.

## നിയമലംഘിച്ച് ചായക്കട നടത്തിയതിന് കേസ്

തേഞ്ഞിപ്പലം: വിലക്കുകൾ മറികടന്ന് അനധികൃതമായി ചായക്കട നടത്തിയ കടക്കാരനെതിരേ തേഞ്ഞിപ്പലം പൊലീസ് കേസെടുത്തു. പള്ളിക്കൽ ബസാർ പടിഞ്ഞാറെ തൊടി വീട്ടിൽ ഷബീർ (25 ) - നെതിരേയാണ് തേഞ്ഞിപ്പലം പൊലീസ് കേസെടുത്തത്. ഇന്നലെ രാവിലെ 8 - 45 ന് പള്ളിക്കൽ ബസാറിൽ കോഴിപ്പുറം എന്ന സ്ഥലത്താണ് സർക്കാർ നിർദ്ദേശം മറികടന്ന് ഹോട്ടലിൽ ചായക്കച്ചവടം നടത്തിയത്. കൊവിഡ് - 19 ൻ്റെ പശ്ചാത്തലത്തിൽ കേന്ദ്ര - സംസ്ഥാന സർക്കാറുകളുടെ നിർദ്ദേശങ്ങൾ മറികടന്ന് കൊറോണ വൈറസ് പടർന്നു പിടിക്കാനിടയാകും വിധം അശ്രദ്ധമായും അപകടകരമായും പൊതുജന സുരക്ഷിതത്വത്തിന് ഭീഷണിയാകും വിധം ചായക്കച്ചവടം നടത്തിയതിനാണ് ഇയാൾക്കെതിരേ കേസെടുത്തത്. വരും ദിവസങ്ങളിൽ പരിശോധകർശന മാക്കുമെന്നും നിയമം ലംഘിക്കുന്നവർക്കെതിരേ ശക്തമായ നടപടി തുടരുമെന്നും പൊലീസ് അറിയിച്ചു.

## സർക്കാർ പ്രഖ്യാപിച്ച സഹായം ഉടനെ നൽകണം: സിപിഎം

തലശേരി: മാഹി ലോക് ഡൗണിന്റെ സാഹചര്യത്തിൽ തൊഴിൽ ചെയ്യാനാവാതെ പട്ടിണിയിലേക്ക് പോകുന്ന സാധാരണ ജനങ്ങൾക്ക് ആശ്വാസമാകാൻ സർക്കാർ പ്രഖ്യാപിച്ച 2000 രൂപ ഉടനെ നൽകാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സിപിഎം മാഹി - പള്ളൂർ ലോക്കൽ കമ്മറ്റികൾ മുഖ്യമന്ത്രിയോടാവശ്യപ്പെട്ടു. ഇപ്പോൾ നൽകി വരുന്ന 2000 രൂപ, റേഷന് പകരം പ്രതിമാസം റേഷൻ കാർഡുടമകൾക്ക് നല്കിയിരുന്നതിന്റെ കുടിശ്ശികയാണെന്നത് വ്യക്തമാണെന്ന് സിപിഎം നേതാക്കൾ ചൂണ്ടിക്കാട്ടി. വിഷുവിനും ഈസ്റ്ററിനും മുമ്പ് കാർഡുടമകളുടെ അക്കൗണ്ടിൽ കുടിശ്ശിക തുക നിക്ഷേപിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം. ലോക് ഡെൺ നീണ്ടുപോകുന്ന സാഹചര്യത്തിൽ മാഹിയിലെ 8000-ഓളം കാർഡുടമകൾക്കും അടിയന്തരമായി വിഷു - ഈസ്റ്റർ കിറ്റ് വിതരണം ചെയ്യണമെന്നും ഇതിനായി മാഹി നഗരസഭയുടെ ഓൺ ഫണ്ട് ഉപയോഗപ്പെടുത്തി വേണ്ട നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടു. ഇത് സംബന്ധിച്ച് സെക്രട്ടറി കെ.പി.സുനിൽകുമാറും യു.ടി.സതീശനുമാണ് അഡ്മിനിസ്ട്രേറ്ററെ കണ്ട് നിവേദനം നൽകിയത്.

# പ്രവാസികളുടെ പ്രശ്നം: എം.കെ രാഘവൻ പ്രധാനമന്ത്രിക്ക് കത്തയച്ചു

കോഴിക്കോട്: കൊവിഡ് 19 പശ്ചാത്തലത്തിൽ കമ്മ്യൂണിറ്റി വെൽ ഫെയർ ഫണ്ട് വിനിയോഗിച്ച് ഗൾഫ് രാജ്യങ്ങളിലെ പ്രവാസികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്നാവശ്യപ്പെട്ട് എം.കെ രാഘവൻ എം.പി പ്രധാനമന്ത്രിക്ക് കത്തയച്ചു.

ഗൾഫ് മേഖലകളിൽ നിന്നുൾപ്പെടെ ദിവസവും കൊവിഡ് കേസുകൾ വർദ്ധിക്കുന്നതായ് റിപ്പോർട്ടുകൾ പുറത്ത് വരുന്നുണ്ട്. നിലവിൽ പ്രവാസികൾ താമസിക്കുന്ന ഇടുങ്ങിയതും ആളുകളുടെ എണ്ണം കൂടിയതുമായ ഫ്ളാറ്റുകളും മറ്റും രോഗം കൂടുതൽ പേർക്ക് പകരുന്നതിന് ഇടയാക്കും. ഒരേ ഫ്ളാറ്റുകളിൽ താമസിക്കുന്ന അംഗങ്ങൾക്കിടയിലും നിരവധി പേർക്ക് കൊവിഡ് പോസിറ്റീവ് റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായി. അവർക്കൊപ്പം 5 ഉം 10 പേരാണ് ഒരുമിച്ച് താമസിച്ചിരുന്നത്. ഇത് വിഷത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു.

വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് ഗൾഫ് രാജ്യങ്ങൾ ഇതിനകം മൂവായിരത്തോളം ഫ്ളാറ്റുകൾ ഐസൊലേഷൻ വാർഡുകൾക്കായ് നൽകിയിട്ടുണ്ട്. ഈ ഫ്ളാറ്റുകളിലേക്ക് വേണ്ട സൗകര്യങ്ങളൊരുക്കുന്നത് ഇന്ത്യൻ ബിസിനസുകാരും, മറ്റ് പ്രവാസി സംഘടനകളുമാണ്.

അതോടൊപ്പം തന്നെ വിവിധ രാജ്യങ്ങളുടെ സർക്കാരുകളുടെ കൈയിൽ നാലായിരം മുതൽ അയ്യായിരം വരെ ഫ്ളാറ്റുകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്. ഈ രാജ്യങ്ങളുമായുള്ള നല്ല ബന്ധം ഉപയോഗിച്ച് ഇന്ത്യൻ പ്രവാസികൾക്ക് കൂടുതൽ ഫ്ളാറ്റുകൾ അനുവദിച്ച് സാമൂഹ്യ അകലം പാലിക്കുന്നതിനയുള്ള സൗകര്യം ഒരുക്കണമെന്നും കത്തിൽ ആവശ്യപ്പെട്ടു.ഇത്തരത്തിൽ ക്വാറന്റൈനിൽ കഴിയുന്നവർക്ക് സൗകര്യങ്ങളൊരുക്കാൻ ഇന്ത്യൻ കമ്മ്യൂണിറ്റി വെൽഫെയർ ഫണ്ട് വിനിയോഗിക്കണമെന്നും ആവശ്യപ്പെട്ടു. ഇത് ഗൾഫ് രാജ്യങ്ങളുമായുള്ള ബന്ധം കൂടുതൽ ദൃഢപ്പെടുത്താനും ഇന്ത്യൻ പ്രവാസികൾക്ക് ആത്മവിശ്വാസം പകരുന്നതിനും ഉപകരിക്കുമെന്നും ചൂണ്ടിക്കാട്ടി. കൂടാതെ നാട്ടിലേക്ക് വരാൻ സന്നദ്ധത അറിയിക്കുന്ന പ്രവാസികളെ, ഗൾഫിൽ നിന്നും നമ്മുടെ നാട്ടിൽ നിന്നും വിദേശരജ്യങ്ങൾ അവരുടെ പൗരന്മാരെ തിരിച്ചുകൊണ്ടുപോയ പോലെ വലിയ വിമാനങ്ങളോ ക്രൂയിസ് കപ്പലുകളോ ഉപയോഗിച്ച് നാട്ടിലെത്തിച്ച് ക്വാറന്റൈൻ ചെയ്യാനുള്ള സൗകര്യങ്ങൾ ഉറപ്പുവരുത്തണമെന്നും ആവശ്യപ്പെട്ടു. കോർപ്പറേഷൻ കൗൺസിലറും കെ.പി.സി.സി ജനറൽ സെക്രട്ടറിയുമായ അഡ്വ. പി.എം. നിയാസിനോടൊപ്പമാണ് ക്യാമ്പുകൾ സന്ദർശിച്ചത്.

ലോക് ഡൗണിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഇളവ് അനുവദിച്ചതിനെ തുടർന്ന് തോണികളിൽ മീൻപിടുത്തം കഴിഞ്ഞുവരുന്ന മത്സ്യത്തൊഴിലാളികൾ. കോഴിക്കോട് ബേപ്പൂർ ഹാർബറിൽ നിന്നുള്ള ദൃശ്യം

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C. P. Rajasekharan* (Controlling Editor,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor), Vol 13, Issue No. 100 RNI No. KERMAL/ 2009/ 31365 Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Room No .17/825- B21,22, Muallim Complex, Arayidathupalam, Kozhikode - 673004, Ph: 0495 2729088. Email: info@metrovaartha.com

*പ്രാർഥനാലയം..!* കൊവിഡ് ലോക്ക് ഡൗണിനെ തുടർന്ന് പെസഹാ വ്യാഴമായ ഇന്നലെ പള്ളികളിൽ വിശ്വാസികൾ പങ്കെടുക്കുന്ന ചടങ്ങുകൾ ഒഴിവാക്കിയതിനാൽ തിരുവനന്തപുരത്ത് മുൻ മന്ത്രി അനൂപ് ജേക്കബ് എംഎൽഎയുടെ ഭാര്യ അനിലയും മക്കളായ ലിറ, ജേക്കബ് എന്നിവരും വീട്ടിൽ പ്രാർഥനയിൽ മുഴുകിയപ്പോൾ. *- കെ.ബി. ജയചന്ദ്രൻ*

# പെസഹാ ആചരിച്ച് ക്രൈസ്തവർ

കൊച്ചി: യേശുക്രിസ്തു വിശുദ്ധ കുർബാന സ്ഥാപിച്ചതും അദ്ദേഹത്തിന്റെ അന്ത്യ അത്താഴവും അനുസ്മരിച്ചു ക്രൈസ്തവർ ഇന്നലെ പെസഹ ആചരിച്ചു. വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിലുള്ള സാമൂഹ്യ നിയന്ത്രണങ്ങൾ ഉള്ളതിനാൽ സർക്കാർ നിർദേശങ്ങൾ പാലിച്ചു ജനപങ്കാളിത്തമില്ലാതെയാണ് ദേവാലയങ്ങളിൽ പെസഹാ തിരുക്കർമങ്ങൾ നടന്നത്.

എറണാകുളം സെന്റ് മേരീസ് ബസിലിക്കയിൽ സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി കാർമികത്വം വഹിച്ചു. രാവിലെ ഏഴിനായിരുന്നു ശുശ്രൂഷകൾ. ആർച്ച് ബിഷപ് മാർ ആന്റണി കരിയിൽ എറണാകുളം മേജർ ആർച്ച് ബിഷപ്സ് ഹൗസിൽ ശുശ്രൂഷകൾ നയിച്ചു. എറണാകുളം സെന്റ് ഫ്രാൻസിസ് അസീസി കത്തീഡ്രലിൽ വൈകുന്നേരം നടന്ന ശുശ്രൂഷകൾക്കു വരാപ്പുഴ ആർച്ച് ബിഷപ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ കാർമികത്വം വഹിച്ചു.

കോതമംഗലം സെന്റ് ജോർജ് കത്തീഡ്രലിൽ ശുശ്രൂഷകൾക്കു ബിഷപ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ മുഖ്യകാർമികനായി. ഫോർട്ട്കൊച്ചി ബിഷപ്സ് ഹാസ് ചാപ്പലിൽ നടന്ന പെസഹാ ശുശ്രൂഷകളിൽ കൊച്ചി ബിഷപ് ഡോ. ജോസഫ് കരിയിൽ കാർമികത്വം വഹിച്ചു.

അന്തർദേശീയ തീർഥാടന കേന്ദ്രമായ മലയാറ്റൂർ കുരിശുമുടിയിലും താഴത്തെ പള്ളിയിലും പെസഹാ തിരുക്കർമങ്ങൾ നടന്നു. കത്തീഡ്രൽ, ഇടവക ദേവാലങ്ങളിൽ നടക്കുന്ന പെസഹാ തിരുക്കർമങ്ങൾ വിശ്വാസികൾക്കായി പ്രാദേശിക ടെലിവിഷൻ ചാനലുകളിലൂടെയും യുട്യൂബിലൂടെയും തത്സമയം സംപ്രേഷണം ചെയ്തു.

## മെത്രാൻ സമിതിയുടെ ആഹ്വാനം ഏറ്റെടുത്ത് വരാപ്പുഴ അതിരൂപതയും

കൊച്ചി: ലോകമെമ്പാടുമുള്ള ക്രൈസ്തവർ ഞായറാഴ്ച യേശുവിന്റെ ഉയർപ്പ് തിരുന്നാൾ ആഘോഷിക്കുമ്പോൾ വീടുകളിലിരുന്ന് വിശ്വാസികൾ എങ്ങനെ പ്രാർഥനയിൽ പങ്കു ചേർന്ന് ഈസ്റ്റർ ആഘോഷിക്കണമെന്ന് ഭാരത കത്തോലിക്കാ മെത്രാൻ സമിതി സർക്കുലർ പുറത്തിറക്കി.

ഞായർ 12 മണിക്ക് എല്ലാ കത്തോലിക്കാ കുടുംബങ്ങളിലും അംഗങ്ങൾ ഒരുമിച്ച് ലോകം മുഴുവനുമുള്ള എല്ലാ ജനങ്ങൾക്കും വേണ്ടി പ്രാർഥിക്കണം. കൊറോണബാധയും അതുമായി ബന്ധപ്പെട്ട വിഷമിക്കുന്ന എല്ലാവരെയും പ്രത്യേകമായി പ്രാർഥനയിൽ ഓർമിക്കണം. മെത്രാൻ സമിതിയുടെ ഈ ആഹ്വാനം ഏറ്റെടുക്കാൻ വരാപ്പുഴ അതിരൂപതയിലെ വിശ്വാസികളോട് ആർച്ച് ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ ആഹ്വാനം ചെയ്തു.

# കെ.എം. മാണിക്ക് സ്മരണാഞ്ജലി

## കണ്ണീർപ്പൂക്കളർപ്പിച്ച് കുടുംബവും നേതാക്കളും പിണക്കം മറന്ന് പി.ജെ. ജോസഫും എത്തി

**ബിനീഷ് മള്ളൂശേരി**

കോട്ടയം: കേരള കോൺഗ്രസ് (എം) ചെയർമാനായിരുന്ന കെ.എം. മാണിയുടെ ഒന്നാം ചരമവാർഷികദിനത്തിൽ അദ്ദേഹത്തിന്റെ സ്മരണയ്ക്കു മുന്നിൽ കുടുംബവും പാർട്ടി പ്രവർത്തകരും അദ്ദേഹത്തെ സ്നേഹിച്ചിരുന്നവരുമായ ഒട്ടേറെ ആളുകൾ അദ്ദേഹത്തിന് സ്മരണാഞ്ജലി അർപ്പിച്ചു. ഒപ്പം ജീവകാരുണ്യ പ്രവർത്തനങ്ങളുമായി പ്രവർത്തകർ പങ്കാളികളുമായി. പാർട്ടിയിൽ അസ്വാരസ്യങ്ങൾ ഉണ്ടെങ്കിലും മാണി സാറിന്റെ കല്ലറയ്ക്കു മുന്നിലെത്തി ഓർമപ്പൂക്കൾ അർപ്പിക്കാൻ പാർട്ടി വർക്കിങ് ചെയർമാൻ പി.ജെ. ജോസഫും നേതാക്കളും എത്തിയിരുന്നു.

ലോക്ക് ഡൗണിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്താനിരുന്ന അനുസ്മരണച്ചടങ്ങുകൾ ഒഴിവാക്കി ചരമവാർഷികദിനം പാർട്ടി പ്രവർത്തകർ കാരുണ്യദിനമായാണ് ആചരിച്ചത്. മാണി സാർ സ്നേഹിച്ച ലക്ഷക്കണക്കായ ഓരോ വ്യക്തികൾക്കും വേണ്ടിയാണ് താൻ സ്മരണാഞ്ജലി അർപ്പിച്ചതെന്ന് മകനും എംപിയുമായ ജോസ് കെ. മാണി പറഞ്ഞു.

വ്യാഴാഴ്ച രാവിലെ ഏഴരയോടെ പാലാ സെന്റ് തോമസ് കത്തീഡ്രലിലെ കല്ലറയിൽ ഭാര്യ കുട്ടിയമ്മ, മകൻ ജോസ് കെ. മാണി എംപി, മരുമകൾ നിഷ ജോസ്, കൊച്ചുമക്കളായ പ്രിയങ്ക, റിതിക, കുഞ്ഞുമാണി എന്നിവരെത്തി പ്രാർഥിച്ചു മടങ്ങി. കോവിഡിന്റെ പശ്ചാത്തലത്തിൽ പാർട്ടി പ്രവർത്തകർ പാലായിലേക്ക് വരേണ്ടതില്ല എന്ന നിർദേശം തള്ളി പാലായിലെത്തിയ അനുയായികളെ കർശന നിയന്ത്രണങ്ങളോടെയാണ് പള്ളിയിലേക്ക് പ്രവേശിപ്പിച്ചത്.

തോമസ് ചാഴികാടൻ എംപി, റോഷി അഗസ്റ്റിൻ എംഎൽഎ, ഡോ. എൻ. ജയരാജ് എംഎൽഎ, ജോസഫ് എം. പുതുശേരി, സ്റ്റീഫൻ ജോർജ്, സണ്ണി തെക്കേടം, സെബാസ്റ്റ്യൻ കുളത്തുങ്കൽ, മുൻമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ എന്നിവർ പള്ളിയിലും കെ.എം. മാണിയുടെ കരിങ്ങോഴയ്ക്കൽവസതിയിലുമെത്തി.

ലോക് ഡൗണിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തുടനീളം കമ്മ്യൂണിറ്റി കിച്ചനുകളിലെ ഭക്ഷണത്തിനുള്ള സഹായം നൽകിയാണ് പാർട്ടി പ്രവർത്തകർ സ്മരണാഞ്ജലി ഒരുക്കിയത്.

കേരള കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള സഹകരണ സ്ഥാപനങ്ങൾ നിരാലംബരായ കിടപ്പുരോഗികൾക്ക് 1,000 രൂപയുടെ ധനസഹായം വിതരണം ചെയ്തു.

മോൻസ് ജോസഫ് എംഎൽഎ, മുൻ എംപി ജോയ് എബ്രഹാം, കോട്ടയം ജില്ലാ പ്രസിഡന്റ് സജി മഞ്ഞക്കടമ്പിൽ, പാലാ നഗരസഭാ വൈസ് ചെയർമാൻ കുര്യാക്കോസ് പടവൻ എന്നിവരും പി.ജെ. ജോസഫിനൊപ്പം സ്മരണാഞ്ജലി അർപ്പിക്കാൻ കബറിടത്തിൽ എത്തിയിരുന്നു.

*കെ.എം. മാണിയുടെ ഒന്നാം ചരമവാർഷിക ദിനത്തിൽ പാലാ സെന്റ് തോമസ് കത്തീഡ്രലിലെ അദ്ദേഹത്തിന്റെ കല്ലറയിലെത്തി സ്മരണാഞ്ജലി അർപ്പിച്ച ശേഷം ഛായാചിത്രത്തിൽ ചുംബിക്കുന്ന ഭാര്യ കുട്ടിയമ്മ. ജോസ് കെ. മാണി എംപി, നിഷ ജോസ് എന്നിവർ സമീപം.* *- സുരേഷ് മാമ്മൂട്*

# അതിർത്തി ഇടവഴികളിൽ പരിശോധനയും പട്രോളിങ്ങും

പാലക്കാട്: കൊവിഡ് 19 രോഗവ്യാപനം തടയുന്നതിന്റെ ഭാഗമായി ജില്ലയിലെ അതിർത്തി പ്രദേശങ്ങളോടു ചേർന്നുള്ള ഇടവഴികളിലും ഊടുവഴികളിലും പരിശോധനയും പട്രോളിങ്ങും കർശനം. അതിർത്തി ഊടു വഴികളും ഇടവഴികളിലൂടെയുള്ള വാഹന, കാൽനട യാത്ര നിരോധിച്ചിട്ടുണ്ട്. അവശ്യ സേവന വാഹനങ്ങളും ചരക്ക് വാഹനങ്ങൾക്കും തടസമില്ല.

കൊഴിഞ്ഞാമ്പാറ, മീനാക്ഷിപുരം മേഖലകളിലെ എല്ലാ ഊടുവഴികളും തിരിച്ചറിയുകയും ഈ മേഖലകളിൽ വാഹന പരിശോധന ശക്തമാക്കുകയും ചെയ്തിട്ടുണ്ട്. കർശന പരിശോധനയ്ക്കും മറ്റു നടപടികൾക്കുമായി മുട്ടിക്കുളങ്ങര ക്യാംപിൽ നിന്നുള്ള 50 അംഗ സായുധസേനയും ഐആർപി ബറ്റാലിയനിൽ നിന്നുള്ള 26 പേരടങ്ങിയ സംഘവും ജില്ലാ പൊലീസ് സംഘത്തിനൊപ്പമുണ്ട്.

ജില്ലയിലെ എല്ലാ ചെക്ക് പോസ്റ്റുകളിലും പരിശോധനയ്ക്കായി എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാരെ നിയമിച്ചു.

# ടി.വി. ബാബു അന്തരിച്ചു



തൃശൂർ: കേരള പുലയർ മഹാസഭ (കെപിഎംഎസ്) മുൻ സംസ്ഥാന പ്രസിഡന്റും ബിഡിജെഎസ് സംസ്ഥാന സെക്രട്ടറിയുമായ ടി.വി. ബാബു (63) അന്തരിച്ചു. തൃശൂർ മെഡിക്കൽ കോളെജിൽ ഇന്നലെ പുലർച്ചെ 1.40ന് ഹൃദയാഘാതത്തെ തുടർന്നായിരുന്നു അന്ത്യം. ബുധനാഴ്ച രാവിലെ 11.30 നാണ് അദ്ദേഹത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലിരിക്കെ പുലർച്ചെ അന്ത്യം സംഭവിക്കുകയായിരുന്നു. സംസ്കാരം വൈകിട്ട് ചിറയ്ക്കൽ കോട്ടം ശ്മശാനത്തിൽ നടത്തി.

തെക്കുംപാടം വേലായുധൻ - അമ്മിണി ദമ്പതികളുടെ മൂത്ത മകനാണ് ടി.വി. ബാബു. എഐവൈഎഫ്, സിപിഐ നേതാവായി രാഷ്ട്രീയ പ്രവേശം. ഏഴു തവണ കെപിഎംഎസിന്റെ സംസ്ഥാന പ്രസിഡന്റ്, മൂന്നു തവണ സംസ്ഥാന ജനറൽ സെക്രട്ടറി, ഉപദേശക സമിതി ചെയർമാൻ, 1995 - 2005 കാലത്ത് രണ്ടു തവണ ചാഴൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, 2005-2008 കാലത്ത് അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, 2015ൽ ബിഡിജെഎസ് രൂപീകരിച്ചപ്പോൾ സ്ഥാപക സെക്രട്ടറി.

2011ലും 2016ലും നാട്ടിക നിയമസഭാ മണ്ഡലത്തിലും കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ ആലത്തൂർ മണ്ഡലത്തിലും എൻഡിഎ സ്ഥാനാർഥിയായി മത്സരിച്ചിരുന്നു. മാലതിയാണ് ഭാര്യ. തമ്പാൻ, ബബിത, ബീന എന്നിവർ മക്കളാണ്. മരുമക്കൾ: അഖില, ജഗദീഷ്, സജീവ്.

പ്രധാനമന്ത്രി നരേന്ദ്ര മോദി, ആഭ്യന്തര മന്ത്രി അമിത് അടക്കമുള്ളവർ ബാബുവിന്റെ നിര്യാണത്തിൽ അനുശോചിച്ചു. "കേരളത്തിലെ താഴേക്കിടയിലുള്ളവർക്കിടയിൽ സ്തുത്യർഹ പ്രവർത്തനമാണ് ടി.വി. ബാബു കാഴ്ചവച്ചത്. പാവപ്പെട്ടവരെ സേവിക്കുന്നതിലും അവരെ സാമൂഹ്യമായി ശാക്തീകരിക്കുന്നതിലും ബാബുവിന്റെ പ്രവർത്തനം ശ്രദ്ധേയമാണ്. ഈ ദുഃഖവേളയിൽ അദ്ദേഹത്തിന്റെ കുടുംബങ്ങൾക്കും സുഹൃത്തുക്കൾക്കും ഒപ്പമാണ് എന്റെ ചിന്തകൾ"- പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.

കേരളത്തിൽ എൻഡിഎ ഘടകകക്ഷിയായ ബിഡിജെഎസിന്റെയും പുലയർ മഹാസഭയുടെയും നേതാവായ ബാബു അധഃസ്ഥിതരുടെ ഉന്നമനത്തിനായി നടത്തിയ അനേകം പ്രക്ഷോഭങ്ങളിലൂടെ സ്മരണീയനാണെന്ന് അമിത് ഷാ ട്വിറ്ററിൽ കുറിച്ചു.

ബിജെപി മുൻ അധ്യക്ഷൻ പി.കെ. കൃഷ്ണദാസ്, ഹിന്ദു ഐക്യവേദി അധ്യക്ഷ കെ.പി. ശശികല തുടങ്ങിയവരടക്കമുള്ളവർ അന്തിമോപചാരം അർപ്പിക്കാനെത്തി.

മിസോറാം ഗവർണർ അഡ്വ പി.എസ് ശ്രീധരൻ പിള്ള, മിസോറാം മുൻ ഗവർണർ കുമ്മനം രാജശേഖരൻ, കേന്ദ്രമന്ത്രി വി. മുരളീധരൻ, ബിജെപി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ, സംസ്ഥാന ജനറൽ സെക്രട്ടറി എം.ടി രമേശ്, സംഘടനാ സെക്രട്ടറി എം. ഗണേശൻ, ബിഡിജെഎസ് അധ്യക്ഷൻ തുഷാർ വെള്ളാപ്പള്ളി തുടങ്ങിയവർ അനുശോചനം രേഖപ്പെടുത്തി.

# പൊലീസുകാരെ അണുവിമുക്തരാക്കാൻ സാനിറ്റേഷൻ ബസ്

തിരുവനന്തപുരം: റോഡിൽ വിന്യസിച്ചിരിക്കുന്ന പൊലീസ് ഉദ്യോഗസ്ഥരെ അണുവിമുക്തരാക്കുന്നതിന് പുതിയ സംവിധാനം നിലവിൽ വന്നു. ഇതിന്റെ ഉദ്ഘാടനം സംസ്ഥാന പൊലീസ് മേധാവി ലോക്നാഥ് ബെഹ്റ നിർവഹിച്ചു.

ഇതിനായി മൊബൈൽ സാനിറ്റേഷൻ ബസാണ് ഉപയോഗിക്കുന്നത്. പൊലീസുകാരെ വിന്യസിച്ചിരിക്കുന്ന എല്ലാ സ്ഥലങ്ങളിലും കൃത്യമായ ഇടവേളകളിൽ എത്തുന്ന ബസിൽ അണുനാശിനി സ്പ്രേ ചെയ്യാനുള്ള സംവിധാനമുണ്ട്. പൊലീസുകാർ പിൻവാതിലിലൂടെ പ്രവേശിച്ച് ബസിനുള്ളിലൂടെ കടന്ന് മുന്നിൽ എത്തുന്ന സമയത്തിനുള്ളിൽ അവരെ പൂർണമായും അണുവിമുക്തരാക്കാൻ ഈ സംവിധാനത്തിന് കഴിയും.

എല്ലാ ജില്ലകളിലും ഈ സൗകര്യം ഉടൻ നിലവിൽ വരും. തുടർച്ചയായ ജോലിക്കിടെ പൊലീസ് ഉദ്യോഗസ്ഥരുടെ ആരോഗ്യസംരക്ഷണം ഉറപ്പാക്കാനാണ് ഈ സംവിധാനം ഏർപ്പെടുത്തിയതെന്ന് പൊലീസ് മേധാവി പറഞ്ഞു.

*പൊലീസുകാരുടെ ശരീരം സാനിറ്റൈസ് ചെയ്യുന്ന പ്രത്യേക വാഹനത്തിൽ ഡിജിപി ലോക്നാഥ് ബെഹ്റ.*

# തെറ്റ് ചൂണ്ടിക്കാട്ടുക തന്നെ ചെയ്യും: ബെന്നി ബെഹനാൻ

## ■ എൽഡിഎഫ് നീക്കം ജാള്യത മറയ്ക്കാൻ

കൊച്ചി: കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഇടതുമുന്നണിയും സർക്കാരും നടത്തുന്ന രാഷ്ട്രീയവത്ക്കരണം പുറത്തുവന്നപ്പോഴുള്ള ജാള്യത മറയ്ക്കാനാണ് പ്രതിപക്ഷ നേതാക്കളെ കടന്നാക്രമിക്കാൻ മുഖ്യമന്ത്രിയും ഇടതുമുന്നണി കൺവീനറും ശ്രമിക്കുന്നതെന്ന് യുഡിഎഫ് കൺവീനർ ബെന്നി ബെഹനാൻ എംപി.

സർക്കാർ സ്വീകരിച്ച എല്ലാ നല്ല പ്രവർത്തനങ്ങൾക്കും കലവറയില്ലാത്ത പിന്തുണയാണ് യുഡിഎഫ് നൽകിയത്. രാഷ്ട്രീയം നോക്കാതെയുള്ള സഹകരണം എല്ലാ പ്രതിപക്ഷ പാർട്ടികളും നൽകിയിട്ടുണ്ട്. എന്നാൽ സർക്കാരിന് വന്ന വീഴ്ചകളും കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ട വിഷയങ്ങളും ചൂണ്ടിക്കാട്ടുക എന്ന പ്രതിപക്ഷ ധർമമാണ് കോൺഗ്രസ്- യുഡിഎഫ് നേതാക്കൾ നിർവഹിച്ചത്.

കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കേണ്ട പണം നഷ്ടപ്പെടുത്തിയതും സർക്കാർ പ്രഖ്യാപിച്ച പാക്കെജിലെ അപാകതകളും സാലറി ചലഞ്ചിലെ ബുദ്ധിമുട്ടുകളും ചൂണ്ടിക്കാട്ടുകയുമാണ് പ്രതിപക്ഷം ചെയ്തത്. സംസ്ഥാന സർക്കാരിന്റെ 20,000 കോടിയുടെ പാക്കെജിൽ 14,000 കോടി കരാറുകാർക്ക് നൽകാനുള്ള കുടിശികയാണ്. സാമൂഹ്യക്ഷേമ പെൻഷൻ കുടിശികയും കൊവിഡിന്റെ മറവിൽ പാക്കെജ് പ്രഖ്യാപിച്ചുള്ള തട്ടിപ്പായിരുന്നു. ക്ഷേമനിധി ബോർഡുകളിൽ തൊഴിലാളികളുടെ തന്നെ വിഹിതമാണ് ആശ്വാസധനമായി പ്രഖ്യാപിച്ചത്. കൊവിഡ് പ്രതിരോധ ഫണ്ട് ഗതാഗത മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ ഓഫിസ് ശുചീകരണത്തിനായി ഉപയോഗിച്ചതും അഴിമതിയാണ്. പ്രളയദുരിതാശ്വാസ ഫണ്ടിലെ അഴിമതിയും പുറത്തുവന്നിരുന്നു. ഇത്തരം കാര്യങ്ങളാണ് പ്രതിപക്ഷ നേതാക്കൾ ചൂണ്ടിക്കാട്ടിയത്.

ഇടതു നേതാക്കൾ നടത്തുന്ന ആക്ഷേപങ്ങൾ കൊവിഡിന്റെ മറപിടിച്ചു നടക്കുന്ന തട്ടിപ്പുകളും രാഷ്ട്രീയവത്ക്കരണവും മൂടിവയ്ക്കാനുള്ള ബോധപൂർവമുള്ള ശ്രമമാണ്. ആരെതിർത്താലും വീഴ്ചകളും തെറ്റുകളും ഇനിയും തുറന്നു പറയുക തന്നെ ചെയ്യും- ബെന്നി ബെഹനാൻ മുന്നറിയിപ്പ് നൽകി.

## യുഎസ് ഇലക്ഷൻ:

# ജോസഫ് ബിഡൻ ട്രംപിന്റെ എതിരാളി

ന്യൂയോർക്ക്: നവംബറിൽ നടക്കുന്ന യുഎസ് പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ഡമോക്രാറ്റിക് പാർട്ടി സ്ഥാനാർഥിയായി ജോസഫ് ആർ ബിഡൻ മത്സരിക്കും. ബരാക് ഒബാമ പ്രസിഡന്റായിരിക്കെ വൈസ് പ്രസിഡന്റായിരുന്നു ബിഡൻ. പെൻസിൽവാനിയയിലെ സ്ക്രാൻഡൻ സ്വദേശിയും ഡെൽവെയർ സെനറ്ററുമാണ്.

ഡെമോക്രാറ്റിക് പാർട്ടി നോമിനേഷനിലേക്ക് അവസാന റൗണ്ടിൽ നടന്ന മത്സരത്തിൽ നിന്ന് വെർമൗണ്ട് സെനറ്റർ ബെർണി സാൻഡേഴ്സ് പിന്മാറിയ സാഹചര്യത്തിലാണ് ബിഡന്റെ സ്ഥാനാർഥിത്വം ഉറപ്പായത്. ആരോഗ്യ, നയതന്ത്ര കാര്യങ്ങൾ സംബന്ധിച്ച തുറന്ന സംവാദത്തിൽ സാൻഡേഴ്സ് പരാജയമായിരുന്നു. ഇപ്പോഴത്തെ പ്രസിഡന്റും റിപ്പബ്ലിക്കൻ പാർട്ടി നേതാവുമായ ഡോണൾഡ് ട്രംപ് ആണു ബിഡന്റെ മുഖ്യ എതിരാളി.

യുഎസിന്റെ നാല്പത്തേഴാമത്തെ വൈസ് പ്രസിഡന്റായിരുന്നു ബിഡൻ. പ്രസിഡന്റ് ട്രംപിനെപ്പോലെ രാഷ്ട്രീയക്കാരനായിരുന്നില്ല സാൻഡേഴ്സ്. അതുകൊണ്ടു തന്നെ കൊവിഡ്, യുഎസ് വിദേശ നയങ്ങൾ തുടങ്ങിയ സാഹചര്യങ്ങൾ എങ്ങനെ നേരിടണമെന്ന ചോദ്യങ്ങൾക്ക് അദ്ദേഹത്തിനു വ്യക്തമായ മറുപടി ഉണ്ടായിരുന്നില്ല. എന്നാൽ ജോസഫ് ബിഡൻ തികഞ്ഞ രാഷ്ട്രീയ നേതാവാണ്. കൊവിഡ് പ്രതിരോധത്തിലും വിദേശ നയങ്ങളിലും പ്രസിഡന്റ് ട്രംപിന്റെ കടുത്ത വിമർശകരിൽ പ്രധാനി.

പ്രസിഡന്റ് സ്ഥാനാർഥിത്വത്തിൽ നിന്നു സാൻഡേഴ്സ് പിന്മാറിയ സാഹചര്യത്തിൽ അദ്ദേഹത്തെ അനുകൂലിക്കുന്ന ഡമോക്രാറ്റുകൾ റിപ്പബ്ലിക്കൻ പാർട്ടിയിൽ ചേരണമെന്നു ട്രംപ് ട്വീറ്റ് ചെയ്തു. കൊറോണ വ്യാപനം ചെറുക്കുന്നതിൽ പരാജയപ്പെട്ടതിന്റെ പേരിൽ കടുത്ത വിമർശനം നേരിടുന്ന പ്രസിഡന്റ് ട്രംപിന് ആസന്നമായ തെരഞ്ഞെടുപ്പിൽ റിപ്പബ്ലിക്കൻ നേതാവ് ജോസഫ് ആർ. ബിഡന്റെ സാന്നിധ്യം വലിയ വെല്ലുവിളി ആയിരിക്കും.

# ഗാന്ധിഭവന് യൂസഫലിയുടെ 25 ലക്ഷം രൂപയുടെ സഹായം

കൊച്ചി: ഏഷ്യയിലെ ഏറ്റവും വലിയ ജീവകാരുണ്യ കുടുംബമായ കൊല്ലം ജില്ലയിലെ പത്തനാപുരം ഗാന്ധിഭവന് വീണ്ടും സഹായഹസ്തം ചൊരിഞ്ഞ് ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ. യൂസഫലി.

കൊറോണ ലോക്ക് ഡൗൺ മൂലം ഭക്ഷണം, ഔഷധം, മറ്റ് ദൈനംദിന ചെലവുകൾ എന്നിവ മുടങ്ങുകയും കടുത്ത സാമ്പത്തിക പ്രതിസന്ധികളും കടബാധ്യതകളും അലട്ടുകയും ഒട്ടും മുന്നോട്ടു പോകാൻ കഴിയാതെവരികയും ചെയ്ത അവസരത്തിലാണ് യൂസഫലി ഗാന്ധിഭവനിൽ വിളിച്ച് വിവരങ്ങൾ അന്വേഷിച്ചത്. വിവരങ്ങൾ മനസിലാക്കിയ അദ്ദേഹം 25 ലക്ഷം രൂപ നൽകുകയായിരുന്നു. അന്തേവാസികൾക്ക് പ്രതിരോധ പ്രവർത്തനങ്ങൾക്കും സാനിറ്റൈസറുകൾ, മാസ്കുകൾ തുടങ്ങിയവയ്ക്കും ഭക്ഷണം നൽകാനും തുക ചെലവഴിക്കണമെന്ന് അദ്ദേഹം ഗാന്ധിഭവൻ അധികൃതരോട് നിർദേശിച്ചു.

ഗാന്ധിഭവന്റെ പത്തനാപുരം സെന്ററിലും കൊല്ലം മുതൽ കാസർഗോഡ് വരെ ജില്ലകളിലെ 12 ശാഖകളിലുമായി 1,200ഓളം പേർ വസിക്കുന്നു. 80 ശതമാനവും വയോജനങ്ങളും മാനസിക- ശാരീരിക വൈകല്യമുള്ളവരും കിടപ്പുരോഗികളുമാണ്. കൊവിഡ് ലോക് ഡൗൺ പ്രഖ്യാപിച്ചതോടെ അതീവ പ്രതിസന്ധിയിലായി ആഹാരത്തിനു പോലും വഴിമുട്ടുന്ന സാഹചര്യത്തിലാണ് യൂസഫലിയുടെ സാന്ത്വനം വീണ്ടും എത്തിയതെന്നു ഗാന്ധിഭവൻ സെക്രട്ടറി പുനലൂർ സോമരാജൻ പറഞ്ഞു.

അന്തേവാസികൾക്ക് താമസിക്കാൻ 15 കോടിയിലേറെ രൂപ ചെലവിട്ട് യൂസഫലി സ്വന്തം മേൽനോട്ടത്തിൽ നിർമിച്ചുനൽകുന്ന ബഹുനില മന്ദിരത്തിന്റെ പണികൾ നടന്നു വരികയാണ്.

ഗാന്ധിഭവന്റെ പ്രവർത്തനങ്ങൾക്ക് താങ്ങായി നൽകുന്ന ഒരു കോടിയിലേറെ രൂപയുടെ പ്രതിവർഷ ഗ്രാന്റിന് പുറമേയാണ് ഇപ്പോൾ ലഭിച്ചിരിക്കുന്ന സഹായം.

മെട്രോ വാർത്ത

ലോകാഃ സമസ്താഃ സുഖിനോ ഭവന്തു

1195 മീനം 27 ശഅ്ബാൻ 16

2020 ഏപ്രിൽ 10 വെള്ളി

## കൂടുതൽ കാര്യക്ഷമമാകട്ടെ, ഓപ്പറേഷൻ സാഗർ റാണി

കൊറോണ ദുരിതകാലത്തും ജനങ്ങളെ എങ്ങനെ കൊള്ളയടിക്കാമെന്നു ഗവേഷണം നടത്തുന്ന ചിലരുണ്ട്. ഇതര സംസ്ഥാനങ്ങളിലുള്ള വൻകിട കച്ചവടക്കാരും കേരളത്തിലെ അവരുടെ ഇടനിലക്കാരും സഹായികളുമാണ് ഈ കൊടുംകൊള്ളയ്ക്ക് കളമൊരുക്കുന്നത്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ഈ ദിവസങ്ങളിൽ വൻതോതിൽ പിടികൂടുന്ന വിഷ മത്സ്യങ്ങൾ ഒരുദാഹരണം. കഴിഞ്ഞ ഒരാഴ്ചയ്ക്കുള്ളിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നു പിടികൂടിയത് ഭക്ഷ്യയോഗ്യമല്ലാത്ത അരലക്ഷം കിലോ മത്സ്യം. ഇത്രയും പിടികൂടിയെങ്കിൽ അതിന്റെ എത്രയോ ഇരട്ടിയായിരിക്കും വിപണിയിൽ വിറ്റുപോയിട്ടുണ്ടാവുക. തിരുവനന്തപുരം, കാസർഗോഡ് ജില്ലകളിലൊഴികെ എല്ലാ ജില്ലകളിലും വിഷമത്സ്യം പിടിച്ചെടുത്തിട്ടുണ്ട്. അതിന്റെ അർഥം സംസ്ഥാനവ്യാപകമായി ഈ ലോബിയുടെ പ്രവർത്തനം സുസജ്ജമാണെന്നു തന്നെയാണ്.

മലയാളികളുടെ ഭക്ഷണരീതിയാണ് ഈ കൊടുംകൊള്ളയ്ക്ക് അവസരമരുക്കുന്നത്. എല്ലാ വിഭാഗത്തിൽപ്പെട്ട ജനങ്ങൾക്കും മത്സ്യം ഒഴിച്ചുടാനാവാത്ത ഭക്ഷ്യവസ്തുവാണ്. അതിന്റെ ഗുണനിലവാരത്തെക്കുറിച്ച് ഒരാശങ്കയുമില്ലാതെ, ചോദിക്കുന്ന വില കൊടുത്തു വാങ്ങി ഉപയോഗിക്കുന്ന ഈ ശീലമാണു മീൻവിപണയിലെ കൊള്ളക്കാരെ തഴച്ചു വളർത്തുന്നത്. രാജ്യവ്യാപകമായി സമ്പൂർണ ലോക്ഡൗൺ പ്രഖ്യാപിച്ചിട്ട് രണ്ടാഴ്ച പിന്നിട്ടു. ഈ ദിവസങ്ങളിലൊന്നും ഒരിടത്തും മത്സ്യബന്ധനത്തിന് അനുമതി നൽകിയിട്ടില്ല. ഉൾനാടൻ മത്സ്യത്തൊഴിലാളാകൾക്കും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും നിയന്ത്രണങ്ങളോടെ ചില ഇളവുകൾ അനുവദിച്ചെങ്കിലും കേരളത്തിന്റെ ആവശ്യം നിറവേറ്റാനുള്ള മീൻ അവരിലൂടെ കിട്ടില്ല. ഈ സാഹചര്യത്തിലാണ് ഇതര സംസ്ഥാനങ്ങളിൽ നിന്നു വലിയ തോതിൽ മീൻ കൊണ്ടുവരുന്നത്. തമിഴ്നാട്, കർണാടക, ഗോവ, ആന്ധ്രപ്രദേശ്, ഗുജറാത്ത് എന്നിവിടങ്ങളിൽ നിന്ന് കൂറ്റൻ കണ്ടെയ്നറുകളിൽ അതീവ രഹസ്യമായാണ് മീൻ കൊണ്ടുവരുന്നത്. കടലിൽ നിന്നു കരയിലെത്തിക്കുന്ന മീനിനു തന്നെ ദിവസങ്ങൾ പഴക്കമുണ്ട്. കരയിലെത്തിച്ച് അതിൽ ഫോർമാലിനും അമോണിയയും കലർത്തി പായ്ക്ക് ചെയ്തു കണ്ടെയ്നറിൽ കയറ്റി ലക്ഷ്യസ്ഥാനത്തെത്തിക്കുമ്പോഴേക്കും ഒരു മാസം വരെ പഴക്കം ചെന്നിരിക്കും. ഇതാണു ഫ്രഷ് എന്ന ലേബലൊട്ടിച്ച് പൊതുവിപണിയിൽ വിറ്റഴിക്കുന്നത്.

ഫോർമാൽഡിഹൈഡ് എന്ന രാസലായനിയിൽ നിന്നാണു ഫോർമാലിൻ എന്ന വിഷവസ്തു നിർമിക്കുന്നത്. മൃതദേഹങ്ങൾ ചീഞ്ഞുപോകാതെ സൂക്ഷിക്കുന്നതിനാണു പ്രധാനമായും ഈ രാസലായനി ഉപയോഗിക്കുന്നത്. ചത്ത മത്സ്യത്തിന്റെയും അറവു മാംസത്തിന്റെയും മുകളിൽ അമിതമായ അളവിൽ സ്പ്രേ ചെയ്ത് അവ കേടുകൂടാതെ സൂക്ഷിക്കുന്നു. ഫോർമാൽഡിഹൈഡ് എന്ന രാസവസ്തു കാർസിനോജൻ വിഭാഗത്തിൽപ്പെട്ടതാണ്. മനുഷ്യശരീരത്തിൽ അതിവേഗം ക്യാൻസർ കോശങ്ങളുണ്ടാക്കുന്നതാണ് കാർസിനോജനുകൾ. മനുഷ്യകോശങ്ങളിൽ കയറിപ്പറ്റി പ്രതിപ്രവർത്തിക്കുന്ന ഇവയെ പെട്ടെന്നു നശിപ്പിക്കാൻ കഴിയില്ല. അതിന്റെ ആധിക്യമാണു ക്യാൻസറിനു കാരണമാകുന്നത്. കേരളത്തിൽ സർവസാധാരണമായ ആമാശയ ക്യാൻസറിനു പിന്നിൽ വിഷാംശം കലർന്ന ഭക്ഷ്യവസ്തുക്കളും അതിന്റെ അമിതോപയോഗവുമാണെന്നു കണ്ടെത്തിയിട്ടുണ്ട്.

ഫോർമാൽഡിഹൈഡിനു പുറമേ, അമോണിയ ലായനിയും മത്സ്യം കേടുകൂടാതെ സൂക്ഷിക്കാൻ ഉപയോഗിക്കുന്നു. മീൻ പായ്ക്കറ്റുകളിൽ ഉപയോഗിക്കുന്ന ഐസ് കഷണങ്ങൾ ഉരുകിപ്പോകാതിരിക്കാനാണ് അമോണിയ വിതറുന്നത്. എന്നാൽ ഇതും കാർസിനോജനാണ് നൽകുന്നത്. ഈ രണ്ടു വസ്തുക്കളും വളരെ കുറഞ്ഞ അളവിൽ കലർത്തിയാൽപ്പോലും ഹാനികരമാണ്. എന്നാൽ വില്പനയ്ക്കെത്തിക്കുന്ന മത്സ്യം മാസങ്ങൾ കേടുകൂടാതിരിക്കാൻ വളരെ ഉയർന്ന അളവിലാണ് കച്ചവടക്കാർ ഇവ ഉപയോഗിക്കുന്നത്. കഴിഞ്ഞ ദിവസം കൊല്ലം ജില്ലയിലെ ആര്യങ്കാവ് ചെക്ക് പോസ്റ്റിൽ നിന്നു പിടികൂടിയ 7,600 ടൺ ചെമ്മീനിന് ഒരു മാസത്തിലേറെ പഴക്കമുണ്ടായിരുന്നു. തൂത്തുക്കുടിയിൽ നിന്നാണ് ഇതു കൊല്ലത്തേക്കു കൊണ്ടുവന്നത്.

മത്സ്യത്തിൽ വിഷം കലർത്തുന്നതു തടയാനും അത്തരം മത്സ്യം പിടിച്ചെടുക്കാനും 2018ൽ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച "ഓപ്പറേഷൻ സാഗർ റാണി" പദ്ധതിയും പരിശോധനാ വിഭാഗവും നിലവിൽ വന്ന ശേഷവും വിഷമത്സ്യ വിപണനം വ്യാപകമാണ്. കൊച്ചിയിലെ സെൻട്രൽ ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിഷറീസിൽ അടുത്ത കാലത്തു വികസിപ്പിച്ചെടുത്ത റാപ്പിഡ് ഡിറ്റക്ഷൻ കിറ്റുകൾ മത്സ്യത്തിലെ വിഷവസ്തുക്കൾ വളരെ വേഗം കണ്ടെത്താൻ സഹായിക്കും. എന്നാൽ മത്സ്യമാർക്കറ്റിലെ വൻകിട റാക്കറ്റുകൾ ഇത്തരം പരിശോധനകളെല്ലാം മറികടക്കാൻ കഴിവുള്ളവരാണ്. റോഡ് മാർഗമുള്ള വിഷമത്സ്യക്കടത്ത് വലിയതോതിൽ പിടികൂടിത്തുടങ്ങിയതോടെ, കടൽ വഴിയുള്ള കടത്തും സജീവമായിട്ടുണ്ട്.

കര വഴിയായാലും കടൽ വഴിയായാലുമുള്ള വിഷക്കടത്ത് അടിയന്തിരമായി അവസാനിപ്പിച്ചേ പറ്റൂ. കൊവിഡ് കാല പരിശോധനകൾ കർക്കശമായതാണ് ഇപ്പോൾ വിഷ മത്സ്യം പിടികൂടാൻ കാരണം. എന്നാൽ മൂന്നു കോടിയിലധികം ജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുകയെന്ന വലിയ ലക്ഷ്യത്തിലൂന്നി, ഓപ്പറേഷൻ സാഗർ റാണി അടക്കമുള്ള സുരക്ഷാ പരിശോധനകൾ എക്കാലവും ഏറ്റവും കർക്കശമാക്കുക തന്നെ വേണം. കുറ്റക്കാർക്കു കർക്കശ ശിക്ഷയും ഉറപ്പാക്കണം. എന്തും വാങ്ങി ഭക്ഷിക്കുമെന്ന മലയാളികളുടെ മനോഭാവത്തിലുമുണ്ടാകണം, കാതലായ മാറ്റം.

# സഹനത്തിന്റെ സ്നേഹപാതയിലൂടെ നടക്കാം

ആർച്ച്ബിഷപ്പ്
ഡോ. ജോസഫ് കളത്തിപറമ്പിൽ
വരാപ്പുഴ അതിരൂപത

നാം നമ്മുടെ പാപങ്ങൾ മൂലം നഷ്ടപ്പെടുത്തിയ ദൈവകൃപ തന്റെ പീഡാസഹന മരണ ഉത്ഥാനത്തിലൂടെ നമുക്കായി വീണ്ടും നേടിത്തന്ന ക്രിസ്തുവിന്റെ കുരിശുമരണം നാം ഇന്ന് ധ്യാനിക്കുന്നു. വില നൽകാതെ നമുക്ക് ഒന്നും സ്വന്തമാക്കാനാവില്ല. ക്രിസ്തു നമ്മെ സ്വന്തമാക്കാനായി, നമുക്ക് സ്വർഗം സ്വന്തമാക്കാനായി നൽകിയ വിലയാണ് തന്റെ ജീവൻ.

വി. യോഹന്നാൻ പറയുന്നു, നമ്മുടെ പാപങ്ങൾ ചുമന്നുകൊണ്ട് സഹനങ്ങളുടെ കടലിലൂടെയാണ് അവിടുന്ന് സഞ്ചരിച്ചത്. സഹന കടലിലൂടെ അവിടുന്ന് സഞ്ചരിച്ച തോണി ഞാൻ കണ്ടു. ആ തോണിയുടെ പേരാണ് സ്നേഹം. സ്നേഹിതനു വേണ്ടി ജീവൻ ബലികഴിക്കുന്നതിനെക്കാൾ വലിയ സ്നേഹമില്ലെന്ന് പഠിപ്പിച്ച നാഥൻ ജീവൻ നൽകി നമ്മെ സ്നേഹിച്ചു. സ്നേഹിക്കുന്നവന് സകലതും സാധ്യമാണ്. വി. പൗലോസ് അപ്പോസ്തോലൻ കോറിന്തോസുകാർക്ക് എഴുതിയ ഒന്നാം ലേഖനം പതിമൂന്നാം അദ്ധ്യായത്തിൽ നാം വായിക്കുന്നു; സ്നേഹം സകലതും സഹിക്കുന്നു;. മനുഷ്യന് സങ്കൽപ്പിക്കാൻ കഴിയാത്ത സഹനങ്ങളിലൂടെ കടന്നുപോകാൻ യേശുവിനു സാധിച്ചത് നമ്മോടുൾള തീവ്ര സ്നേഹമാണ്. സഹനത്തിന്റെ പാനപാത്രം യേശു നിരസിച്ചില്ല. ഏശയ്യാ പ്രവാചകന്റെ പുസ്തകം അമ്പതാം അദ്ധ്യായം ആറാം വാക്യത്തിൽ നാം വായിക്കുന്നു: അടിക്കുന്നവർക്ക് ഞാൻ എന്റെ മുതുകും താടിരോമം പറിക്കുന്നവർക്ക് എന്റെ കവിളും ഞാൻ കാണിച്ചുകൊടുത്തു. എന്റെ മുഖം നിന്ദയിൽ നിന്നും തുപ്പലിൽ നിന്നും മറച്ചുമില്ല ഏശയ്യാ അമ്പത്തിമൂന്നാം അദ്ധ്യായം മൂന്നാം വാക്യത്തിൽ നാം വീണ്ടും വായിക്കുന്നു:; അവൻ വേദനയും ദു:ഖവും നിറഞ്ഞവനായിരുന്നു.

അവനെ കണ്ടവർ മുഖം തിരിച്ചു കളഞ്ഞു.

വി. ജോസ് മരിയ എസ്ക്രൈവ പറയുന്നു:; സഹോദരർക്കായി പ്രാർത്ഥിക്കുകയും സഹിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവൻ ഈ ഭൂമിയിൽ ശ്രദ്ധിക്കപ്പെട്ടില്ലെങ്കിൽ പോലും സ്വർഗരാജ്യത്തിൽ ശോഭയേറിയ കിരീടം അവർ ധരിക്കും. സഹന ശുശ്രൂഷ സ്വർഗത്തിൽ ഏറ്റവും അനുഗ്രഹിക്കപ്പെട്ടതാണ്. ഇന്നു ലോകം മുഴുവൻ സങ്കടം തളംകെട്ടിനിൽക്കുകയാണ്. കോവിഡ് 19 എന്ന മഹാമാരിക്ക് മുമ്പിൽ ലോകം ഭയന്ന് വിറങ്ങലിച്ചു നിൽക്കുന്നു. കന്യകാമറിയം ഫാത്തിമയിൽ ദർശനം നൽകിയ മൂന്നു കുഞ്ഞുങ്ങളിൽ ഒരാളായ സി. ലൂസി എഴുതിയ പുസ്തകമാണ് " Fathima in Lucia's onwords" ഫാത്തിമായിലെ ഓർമ്മകുറിപ്പുകൾ അടങ്ങിയ ഈ പുസ്തകത്തിൽ ബാല്യകാലത്തിൽ തന്നെ ഇഹലോകവാസം വെടിയേണ്ടിവന്ന തന്റെ പ്രിയ സുഹൃത്തുക്കളെക്കുറിച്ച് പരാമർശിക്കുന്നു. നിങ്ങളെ ഞാൻ നേരത്തെ സ്വർഗത്തിലേക്ക് വിളിക്കുമെന്ന് കന്യകാമറിയം ഫ്രാൻസീസ്കോയോടും ജസീന്തയോടും മുൻകൂട്ടി അരുളിച്ചെയ്തിരുന്നു. 1919 - 1920 വർഷങ്ങളിലാണ് വി.ഫ്രാൻസീസ്കോയും വി. ജസീന്തയും യഥാക്രമം മരിക്കുന്നത്. ഇന്നത്തെ ഈ മഹാമാരിക്ക് ഒരു നൂറ്റാണ്ടു മുൻപ് പൊട്ടിപുറപ്പെട്ട സ്പാനിഷ് ഫ്ളൂ എന്ന മഹാമാരിയുടെ ഇരകളായിരുന്നു ഇരുവരും. കന്യകാമറിയവും വി. ജസീന്തയും തമ്മിലുള്ള സംഭാഷണങ്ങൾ ഈ പുസ്തകത്തിൽ വിവരിക്കുന്നു.

പാപികളുടെ മാനസന്തരത്തിനായി കുറച്ചു കൂടി സഹനങ്ങൾ എനിക്ക് തരിക എന്ന് കന്യകാമറിയത്തോട് അപേക്ഷിക്കുന്ന വി. ജസീന്തയെ, സി. ലൂസി അനുസ്മരിക്കുന്നു. സഹനത്തിന്റെ രക്ഷാകരമൂൽയം തിരിച്ചറിഞ്ഞതു കൊണ്ടാണ് ചെറുപ്രായത്തിലും സഹനങ്ങളെ പുൽകുവാൻ വിശുദ്ധയെ പ്രേരിപ്പിച്ചത്.

ഈ കഴിഞ്ഞ മാർച്ച് 28-ാം തീയതി Urbi et Orbi ആശീർവാദ സമയത്ത് പരിശുദ്ധ പാപ്പാ നമ്മോട് പറഞ്ഞു ;കടലിൽപ്പെട്ട ശിഷ്യരെപോലെ അപ്രതീക്ഷിതമായ ഒരു കൊടുങ്കാറ്റിൽ നാം പെട്ടിരിക്കുന്നു. നാം ഒന്നിച്ചു തുഴയുകയും പരസ്പരം ആശ്വസിപ്പിക്കുകയും ചെയ്യണം. നാം തിരിച്ചറിയുന്നു, നമ്മെക്കുറിച്ച് മാത്രം ചിന്തിച്ച് നമുക്ക് മുന്നോട്ടു പോകാനാവില്ല, ഒരുമിച്ചല്ലാതെ നമുക്ക് രക്ഷനേടാനാവില്ല. ക്രിസ്തുവിനുവേണ്ടിയും മറ്റുൾളവർക്ക് വേണ്ടിയും ജീവിതം തിരഞ്ഞെടുക്കാനുൾള സമയമാണിത്. നമ്മുടെ ജീവിതമാകുന്ന തോണിയിലേക്ക് യേശുവിനെ ക്ഷണിക്കാം. നമ്മുടെ ജീവിതത്തിൽ

സംഭവിക്കുന്ന തിന്മകൾ പോലും നന്മയ്ക്കായി പരിണമിപ്പിക്കുവാൻ അവിടുത്തേക്ക് സാധിക്കും. ഈ കലുഷിതമായ നേരത്ത് എല്ലാം തകരുന്നു എന്നു തോന്നുന്ന നേരത്ത് കർത്താവ് നമ്മോട് ആവശ്യപ്പെടുന്നത് പരസ്പരം പിന്തുണ നൽകാനാണ്. സമാനമായ വാക്കുകൾ വിശുദ്ധ പാദ്രെപിയോയും പറയുന്നുണ്ട്; കൊടുങ്കാറ്റ് വരട്ടെ,

കർത്താവ് നിങ്ങളെ ഇരുത്തിയിരിക്കുന്ന തോണിയിൽ തന്നെ ഇരിക്കുവിൻ, നിങ്ങൾ നശിക്കുകയില്ല. കർ ത്താവ് ഉറങ്ങുന്നതായാണ് കാണുന്നത് അങ്ങനെ തന്നെ ആയിക്കൊള്ളട്ടെ ഉറങ്ങുകയാണെങ്കിലും അവിടുന്ന് ശ്രദ്ധയോടെ നിങ്ങളെ നോക്കിക്കൊണ്ടിരിക്കുന്നു. ക്രൂശിതനെപോലെ മനസിൽ സ്നേഹം നിറച്ചുകൊണ്ട് വേണം ഈ സഹനകടൽ നാം കടക്കേണ്ടത്. സ്നേഹം ഉള്ളിൽ ഉണ്ടെങ്കിൽ മാത്രമേ നമുക്ക് ചുറ്റുമുള്ള ചെറിയവരെ കാണാനും അവരുടെ ആവശ്യങ്ങൾ അറിഞ്ഞ് അവരെ സഹായിക്കാനും നമുക്ക് സാധിക്കുകയുള്ളൂ. നമ്മുടെ മനസുകളിൽ സ്വാർത്ഥത വെടിഞ്ഞ് ക്രൂശിതനെ പോലെ സ്വയം മറന്ന് മറ്റുള്ളവർക്കായി നമ്മുടെ ജീവിതം അർപ്പിക്കാം സ്വയം മറന്ന് സഹോദരങ്ങളുടെ ഭാരം പേറി നടക്കുമ്പോൾ മാത്രമാണ് നാം ക്രൂശിതന്റെ പിന്നാലെ നടക്കുന്നത്.

വിശുദ്ധ അഗസ്തീനോസ് ചോദിക്കുന്നു; സ്നേഹത്തിന്റെ രൂപമെന്താണ്? സഹോദരനെ സഹായിക്കാനുള്ള കരങ്ങൾ അതിനുണ്ട്. പാവപ്പെട്ടവരിലേക്കും ആവശ്യമുള്ളവരിലേക്കും എത്തിച്ചേരാനുള്ള പാദങ്ങൾ അതിനുണ്ട്. ആവശ്യങ്ങളും കഷ്ടതകളും കാണുവാനുള്ള കണ്ണുകൾ അതിനുണ്ട്. മനുഷ്യരുടെ നെടുവീർപ്പും കരച്ചിലും കേൾക്കാനുള്ള കാതുകൾ അതിനുണ്ട്. ഇതാണ് സ്നേഹത്തിന്റെ രൂപം. ഈ സ്നേഹരൂപം നാം ദർശിക്കുന്നത് ക്രൂശിതനായ യേശുക്രിസ്തുവിലാണ്. പിതാവിനോടും പിതാവിന്റെ ഹൃദയത്തോടുമുള്ള സ്നേഹം. നമ്മോടുൾള സ്നേഹം ഇതാണ് യേശുവിനെ മുന്നോട്ടു നയിച്ചത്.

മാനവരാശിയെ ആകെ ബാധിച്ചിരിക്കുന്ന ഈ പ്രതിസന്ധിയെ നാം അതിജീവിക്കും. ക്രൂശിതൻ കാണിച്ചു തന്ന സ്നേഹപാതയിലൂടെ സഞ്ചരിച്ചുകൊണ്ട്. അസ്സീസിയിലെ വിശുദ്ധ ക്ലാരയുടെ വാക്കുകൾ ഇപ്രകാരമാണ്: 'അവനോടു കൂടെ സഹിച്ചാൽ അവനോടു കൂടെ നാം വാഴും; അവനോടുകൂടെ കരഞ്ഞാൽ അവനോടുകൂടെ സന്തോഷിക്കും.

സഹനങ്ങളുടെ കുരിശിൽ അവനോടു കൂടെ മരിച്ചാൽ നിത്യമായ വാസസ്ഥലത്ത് വിശുദ്ധരുടെ ശോഭയിലേക്ക് നാം പ്രവേശിക്കും, നമ്മുടെ പേരുകൾ ജീവന്റെ പുസ്തകത്തിൽ എഴുതപ്പെടും, മനുഷ്യരുടെ ഇടയിൽ മഹത്വീകരിക്കും. സഹനത്തിന്റെ സ്നേഹപാതയിലൂടെ നടക്കാൻ ക്രൂശിതൻ നമ്മെ സഹായിക്കട്ടെ!

# ആശ്വാസതീരത്ത്, ജാഗ്രത വിടാതെ

ഫിഷ് ഐ

ഇ.ആർ. വാരിയർ

സമാധാനിക്കാനും അഭിമാനം കൊള്ളാനും സമയമായിട്ടില്ല. നാലുപാടും അപകടാവസ്ഥയുണ്ട്. അതീവ ജാഗ്രത തുടരുക തന്നെ വേണം. ഒരൊറ്റ അബദ്ധമോ ശ്രദ്ധക്കുറവോ മതി വീണ്ടും കുഴഞ്ഞുമറിയാൻ. എങ്കിലും പറയാതെ വയ്യ, ആരോഗ്യ രംഗത്തെ കേരള മോഡൽ ഒരിക്കൽക്കൂടി ശ്രദ്ധയാകർഷിക്കുകയാണ്. ജാതി മത, കക്ഷി രാഷ്ട്രീയ ഭേദങ്ങളില്ലാതെ ഓരോ മലയാളിയും അതുൾക്കൊള്ളുക എന്നതാണ് അടുത്ത ഘട്ടത്തിലും നമുക്ക് അത്യാവശ്യമായിട്ടുള്ളത്. നാം സൂക്ഷിക്കും, എല്ലാ കരുതലുമെടുക്കും എന്നു സ്വയം തീരുമാനിച്ചാൽ ഇപ്പോഴത്തെ ഈ വിജയം കൊവിഡിൽ നിന്നുള്ള സ്ഥിരം മോചനത്തിനു വഴി തുറക്കും. അതു നമുക്കും കുടുംബത്തിനും സമൂഹത്തിനും സംസ്ഥാനത്തിനും രാജ്യത്തിനും നേട്ടമാകും. വെൽഡൺ കേരള എന്നു ലോകത്തെക്കൊണ്ടു പറയിക്കാൻ കേരളത്തിനു കഴിയും, കഴിയണം. അതിന് ഇനിയുമേറെ ദൂരം മുന്നോട്ടുപോകാനുണ്ട്.

കൊവിഡ് വ്യാപനം ഇത്രവരെ തടയാൻ, രാജ്യത്തിനു മാതൃകയാകാൻ പ്രതിജ്ഞാബദ്ധമായ ശക്തമായ നേതൃത്വങ്ങൾ ഓരോ തലത്തിലുമുണ്ട്. മുഖ്യമന്ത്രിയും ആരോഗ്യ മന്ത്രിയും മുന്നിൽ നിന്നു നയിക്കുന്നു. പ്രതിപക്ഷം ക്രിയാത്മക പിന്തുണ നൽകുന്നു. അതങ്ങനെ തന്നെ തുടരാൻ, രാഷ്ട്രീയം പറയാനുള്ള സമയം ഇതല്ല എന്ന തിരിച്ചറിവ് ആവർത്തിച്ച് ഊട്ടിയുറപ്പിക്കേണ്ടിയിരിക്കുന്നു. ആരോഗ്യ പ്രവർത്തകർ പ്രശംസനീയമായ പ്രതിജ്ഞാബദ്ധത കാണിക്കുന്നു. പൊലീസ് സമർപ്പിത സേവനം നടത്തുന്നു. മത, സാമൂഹിക നേതാക്കൾ കാര്യഗൗരവം ഉൾക്കൊള്ളാനുള്ള തികഞ്ഞ പക്വത കാണിക്കുന്നു. കുടുംബബന്ധങ്ങളിലെ ആഴം കൊണ്ടു തന്നെയാകാം മറ്റു പലയിടങ്ങളിലെയും പോലെ യുവാക്കൾ രോഗസാഹചര്യത്തെ നിസാരവത്കരിക്കുന്നില്ല. കൊവിഡ് പരിശോധനകൾ നെഗറ്റീവാക്കിക്കൊണ്ടിരിക്കുന്ന പോസിറ്റീവ് ഘടകങ്ങൾ ഇതൊക്കെയാണ്. മറ്റു പലയിടങ്ങളുമായും താരതമ്യം ചെയ്യുമ്പോഴാണ് കേരളത്തിന്റെ ഈ അച്ചടക്കം നമ്മുടെ സ്വയം ബോധ്യത്തിനു വേണ്ടിയെങ്കിലും ഓർക്കേണ്ടിവരുന്നത്.

കൊവിഡ് വ്യാപനത്തിന്റെ ഒരു ഘട്ടത്തിൽ രാജ്യത്ത് ഏറ്റവും കൂടുതൽ രോഗികളുള്ള സംസ്ഥാനമായിരുന്നു കേരളം. അതിനു കാരണവുമുണ്ട്. പ്രവാസികൾ ഏറെയുള്ള സംസ്ഥാനമാണല്ലോ ഇത്. രാജ്യത്തു തന്നെ ആദ്യം രോഗം സ്ഥിരീകരിച്ചത് കേരളത്തിലാണ്. കൊവിഡ് 19 ലോകത്ത് ആദ്യമായി പൊട്ടിപ്പുറപ്പെട്ട വുഹാനിൽ നിന്ന് എത്തിയ വിദ്യാർഥികൾക്ക്. ജനുവരി അവസാനമായിരുന്നു അത്. ഇവരിൽ നിന്ന് മറ്റാർക്കും രോഗം പടരാതെ നോക്കാൻ നമുക്കായി. ഇറ്റലിയിൽ നിന്നെത്തിയ കുടുംബത്തിൽ തുടങ്ങി വിദേശ രാജ്യങ്ങളിൽ നിന്നു നാട്ടിൽ വന്നവരിലൂടെ രണ്ടാം ഘട്ടം. റൂട്ട് മാപ്പ് തയാറാക്കലും ഐസൊലേഷനും ക്വാറന്റൈനുമെല്ലാം ഭഗീരഥ പ്രയത്നമായ നാളുകൾ. ഇതിലൊക്കെ കാണിച്ച പ്രതിബദ്ധതയാണ് ഇപ്പോൾ കേരളത്തെ പ്രതിരോധ പ്രവർത്തനങ്ങളിൽ ഒന്നാം സ്ഥാനത്തു നിർത്തുന്നത്. മറ്റു പല സംസ്ഥാനങ്ങളിലും രോഗികളുടെ എണ്ണം വർധിക്കുമ്പോൾ കേരളത്തിൽ സ്ഥിതിഗതികൾ ആശ്വസിക്കാവുന്ന നിലയിലാണിപ്പോൾ.

**കൂടുതൽ പേർ രോഗവിമുക്തി നേടിയ സംസ്ഥാനം, മരണനിരക്ക് ഏറ്റവും കുറവുള്ള സംസ്ഥാനം, രോഗവ്യാപനം കുറഞ്ഞ സംസ്ഥാനം. സമ്പർക്കത്തിലൂടെ രോഗം പടർന്നവരുടെ നിരക്ക് നോക്കിയാലും കുറവാണു കേരളത്തിൽ**

കൂടുതൽ പേർ രോഗവിമുക്തി നേടിയ സംസ്ഥാനം, മരണനിരക്ക് ഏറ്റവും കുറവുള്ള സംസ്ഥാനം, രോഗവ്യാപനം കുറഞ്ഞ സംസ്ഥാനം. സമ്പർക്കത്തിലൂടെ രോഗം പടർന്നവരുടെ നിരക്ക് നോക്കിയാലും കുറവാണു കേരളത്തിൽ. വിദേശത്തു നിന്നു വന്നവരെ ക്വാറന്റൈനിലാക്കുന്നതിൽ ശ്രദ്ധിച്ചതുകൊണ്ടുണ്ടായ നേട്ടമാണിതെന്നു ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. കേന്ദ്ര സർക്കാർ ദേശീയ ലോക്ക്ഡൗൺ പ്രഖ്യാപിക്കുന്നതിനു മുൻപു ലോക്ക് ഡൗൺ പ്രഖ്യാപിച്ച സംസ്ഥാനങ്ങളിലൊന്നും കേരളമായിരുന്നു. രാജ്യത്തു തന്നെ ഏറ്റവും പ്രായമുള്ളവർ രോഗവിമുക്തി നേടിയ സംസ്ഥാനവും കേരളം. ഏറെ ആശങ്ക ഉയർത്തിയ സംസ്ഥാനത്തിന്റെ വടക്കേയറ്റത്ത് അതിവേഗം സ്ഥിതിഗതികൾ നിയന്ത്രണ വിധേയമാക്കാൻ കഴിഞ്ഞു എന്നത് എടുത്തു പറയണം.

അതിർത്തി ജില്ലകളിൽ അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ളവരുടെ വരവ്, ലോക്ക്ഡൗണിനു ശേഷം പുറത്തുനിന്നുള്ളവർ നാട്ടിലെത്തുമ്പോഴുണ്ടാകാവുന്ന പ്രശ്നങ്ങൾ തുടങ്ങി നേരിടേണ്ട സാഹചര്യങ്ങൾ പലതുണ്ട് ഇനിയും. ഇനി ആശങ്കപ്പെടാനൊന്നുമില്ല എന്ന ചിന്താഗതിയിൽ ലോക്ക്ഡൗണിനു ശേഷം സാമൂഹിക അകലം സംബന്ധിച്ച മാനദണ്ഡങ്ങളൊക്കെ ലംഘിക്കപ്പെട്ടാലും അപകടമാവും. ലോക്ക് ഡൗണിനു ശേഷമുള്ള ക്രമീകരണങ്ങൾ അതുകൊണ്ടു തന്നെ അതീവ ഗൗരവത്തിൽ കാണേണ്ടിവരും.

കൊറോണ സൃഷ്ടിക്കുന്ന സാമ്പത്തിക പ്രശ്നങ്ങൾ വളരെ വലുതാണെന്ന് എല്ലാവർക്കും അറിയാം. രണ്ടാം ലോക മഹായുദ്ധത്തിനു ശേഷമുള്ള ഏറ്റവും വലിയ ആഗോള പ്രതിസന്ധിയാണു കൊവിഡ് സ-ഷ്ടിക്കുകയെന്നാണ് അന്താരാഷ്ട്ര തൊഴിൽ സംഘടന(ഐഎൽഒ)യുടെ കഴിഞ്ഞദിവസം പുറത്തുവന്ന റിപ്പോർട്ട്. പറഞ്ഞു കേട്ടതിന്റെ ഓർമകളെ 1940കളുടെ തുടക്കത്തിലേക്ക് കൊണ്ടുപോകുന്നുണ്ട് ഇത്. പൊന്നുകൊടുത്താലും ഉരിയരി പോലും കിട്ടാനില്ലാത്ത ക്ഷാമകാലം.

അസംഘടിത മേഖലയിലുള്ള 40 കോടിയോളം ഇന്ത്യക്കാർ പട്ടിണിയിലാവാനുള്ള സാധ്യതയാണ് ഐഎൽഒയുടെ റിപ്പോർട്ടിൽ പറയുന്നത്. 21 ദിവസത്തെ ലോക്ക്ഡൗൺ പ്രഖ്യാപിച്ചപ്പോൾ തന്നെ മഹാനഗരത്തിൽ ജീവിച്ചുപോകാനാവില്ലെന്ന പേടിയിൽ നൂറുകണക്കിനു കിലോമീറ്റർ നടന്നു ഗ്രാമങ്ങളിലെത്താൻ റോഡിലിറങ്ങിയ ആയിരങ്ങളെ നമ്മൾ കണ്ടതാണ്. കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്കു മുന്നിലുള്ള വെല്ലുവിളി ഒട്ടും ചെറുതല്ല എന്നു സാരം. സാമ്പത്തിക മേഖലയുടെ പുനരെടുപ്പ് വികസിത രാജ്യങ്ങൾക്കു പോലും വലിയ വിഷയമാവും. അതൊക്കെ കേരളത്തെയും ബാധിക്കാതിരിക്കില്ല; ഇതര സംസ്ഥാനങ്ങളിലും വിദേശങ്ങളിലുമായി ലക്ഷക്കണക്കിനു മലയാളികളുള്ളപ്പോൾ പ്രത്യേകിച്ചും. എന്നാൽ, അതൊന്നും ആലോചിക്കാനുള്ള സമയമല്ല ഇത്. മനുഷ്യ ജീവനാണല്ലോ ഏറ്റവും വിലപ്പെട്ടത്. അതു പിടിച്ചുനിർത്തുന്നതിലും വലിയ വിജയ

# ക്യൂബൻ ആരോഗ്യവും ഡോ. ചെഗുവേരയും

പ്രത്യേക ലേഖകൻ

**ബൊളിവായിലെ കുഗ്രാമത്തിലെ ഒരു സ്കൂളിൽ, വെടിവച്ച് വധശിക്ഷ നടപ്പാക്കുവാൻ വന്നയാളോട് പറഞ്ഞത് ' ഭീരു, നിങ്ങൾ ഒരു മനുഷ്യനെ മാത്രമാണ് കൊല്ലുന്നത് '. ആ മറുപടയിലുണ്ട് ഇന്ന് വൈറസിനോട് പൊരുതുന്ന ഡോക്റ്റർമാർ മരുന്നുകൾക്ക് വേണ്ടി ഗവേഷണം നടത്തുന്നതും. അത് കൊള്ളലാഭം കൊയ്യാതെ ലോകത്തിന് സമ്മാനിക്കുന്നതും ചെ യുടെ കരുത്തിൽ നിന്നാണ്.**

ഇന്ന് ക്യൂബ ലോകത്തിൽ ശ്രദ്ധിക്കപ്പെടുന്നതിന് കൊറോണയ്ക്കെതിരേ പൊരുതുന്ന ആരോഗ്യ രംഗമുള്ള അവരുടെ പബ്ലിക് ഹെൽത്ത് സംവിധാനവും അതിൽ നിന്നുള്ള ഡോക്റ്റർമാരും ആരോഗ്യ പ്രവർത്തകരും ലോകത്തു വിവധ രാജ്യങ്ങളിൽ ചെയ്യുന്ന സേവനവുമാണ്. അതിനു പിന്നിൽ ഒരു പ്രയത്നമുണ്ട്. ലോകം അധികം ചർച്ച ചെയ്യാത്ത ഒരു വലിയ വിപ്ലവത്തിന്റെ മുഖം.

ഡോ. ഏണസ്റ്റോ ചെഗുവേര എന്ന ഡോക്റ്ററെ എത്രപേർക്ക് അറിയാം. എന്നതാണ് ഇങ്ങനെ ഒരു ക്യൂബയോ എന്ന് മൂക്കത്ത് വിരൽ വയ്ക്കുന്നവരോടുള്ള മറുചോദ്യം. കാരണം അവിടെ നിന്ന് തുടങ്ങുന്നതാണ് ആ ചെറിയ രാജ്യത്തിന്റെ ആരോഗ്യ പരിപാലന ചരിത്രം.

1959 ലെ വിപ്ലവത്തിന് ശേഷം ക്യൂബ എന്ന രാജ്യത്ത് പുതിയ പബ്ലിക് പോളിസി രൂപരേഖ യുണ്ടാക്കിയതിൽ ഫിഡൽ കാസ്ട്രോയോടൊപ്പം ചെ ഗുവേര ആയിരിന്നു പ്രധാനം. അവിടെ ധനകാര്യമന്ത്രിയും, വ്യവസായ മന്ത്രിയും, അന്തരാഷ്ട്ര പ്രതിനിധിയുമൊക്കെയാ ചെ ചെയ്ത രണ്ടു വിപ്ലവങ്ങൾ സാക്ഷരത യജ്ഞം -പൊതു വിദ്യാഭാസവും പൊതു ജനാരോഗ്യവുമാണ്.

ഏണസ്റ്റോ ചെഗുവരെ ഇരുപത്തിമൂന്നു വയസുള്ള മെഡിക്കൽ വിദ്യാർഥി ആയിരിക്കുമ്പോഴാണ് അർജന്റീനിയൻ തലസ്ഥാനമായ ബ്യുനെസ് അയേഴ്സിൽ നിന്നും യാത്ര തിരിച്ചത്. അതു തുടങ്ങിയത് 1952ജനുവരി 4 തീയതിയാണ്. കൂട്ടിന് ആൽബർട്ടോ ഗ്രനടോയുമുണ്ടായിരുന്നു. ഇരുപത്തി ഒമ്പതുകാരനായ ഗ്രനോഡോ ബയോകെമിസ്റ്റായിരുന്നു. പതിമൂന്നു കൊല്ലം പഴക്കമുള്ള 500 സി സി മോട്ടോർ സൈക്കിളിൽ ആയിരുന്നു യാത്ര.

തെക്കേ അമെരിക്ക മുഴുവൻ മോട്ടോർ സൈക്കിളിൽ സഞ്ചരിച്ചു ജനജീവിതവുംചരിത്രവും ഭൂപ്രകൃതിയുമൊക്കെ ഉൾതൊട്ടറിയാനുള്ള യാത്ര.

ആ യാത്ര ചെ യെ മാത്രമല്ല മാറ്റിയത് ചരിത്രം തന്നെ മാറ്റി. ചെയുടെ യാത്ര അർജന്റീന, ചിലി, പെറു, ഇക്വഡോർ, കോളിമ്പിയ, വെനുസ്വല, പനാമ ഒക്കെ കഴിഞ്ഞു മിയാമിയിൽ എത്തി. ഈ യാത്രയിൽ എല്ലാം ചെ ചെയ്ത ഒരു പ്രധാന കാര്യം എല്ലാവരും തള്ളി സമൂഹത്തിന് പുറത്തു താമസിക്കുന്ന കുഷ്ടരോഗികളുടെ കോളനികൾ സന്ദർശിക്കുക എന്നതായിരുന്നു. മെഡിക്കൽ വിദ്യാർഥിയായിരുന്ന ചെ അങ്ങനെയുള്ളിടത്തു വൊലന്റിയറായി അവരോടൊപ്പം ജോലി ചെയ്തു.

സാധാരണ രാവിലെ ബോട്ടിൽ നദി കടന്ന് വൈകുന്നേരം ഇക്കരക്ക് തിരിച്ചുവരികയാണ് അവിടെ ജോലി ചെയ്തു ഡോക്റ്റർമാർ ചെയ്തിരുന്നത്.

ഒരു ദിവസം വൈകുന്നേരം ചെ തീരുമാനം എടുത്തു. കുഷ്ടരോഗികളോടൊപ്പം അത്താഴം കഴിച്ചു അവിടെ രാത്രി കഴിക്കണമെന്ന്. എല്ലാവരുടെയും ഉപദേശങ്ങളെ വകവയ്ക്കാതെ നിലാവുള്ള ആ രാത്രിയിൽ ഊക്കോടെ ഒഴുകുന്ന ആമസോൺ നദിയിലെക്ക് ചെ എടുത്ത് ചാടി. അക്കരെയുള്ള കുഷ്ടരോഗ കോളനിയെ ലക്ഷ്യമാക്കി നീന്തി. ലോകത്തെ ഏറ്റവും വലിയ നദികളിൽ ഒന്നായ ആമോസോണിലെ ഒഴുക്ക് മുറിച്ചു നാലു കിലോമീറ്റർ നീന്തി അക്കരെ പുറന്തള്ളപ്പട്ടവരെ ആശ്ലേഷിച്ച് അവർക്കൊക്കം കഴിഞ്ഞു. യാത്രകൾക്കിടയിൽ മെഡിക്കൽ ബിരുദം നേടിയ ചെ മെക്സിക്കോ സിറ്റിയിലെ ജനറൽ ആശുപത്രിയിൽ ജോലി ചെയ്യുമ്പൊഴാണ് റാവുൾ കാസ്ട്രോയെ പരിചയപെട്ടത്. റാവുൾ കാസ്ട്രോയാണ് അദ്ദേഹത്തത്തിന്റെ സഹോദരൻ ഫിഡലിനെ പരിചയപ്പെടുത്തിയത്.

അങ്ങനെയാണ് ക്യൂബ്യിലെ ബറ്റിസ്റ്റാ ഏകാധിപത്യ പട്ടാള ഭരണത്തിനെതിരായ ഗറില്ല യുദ്ധത്തിൽ ഒരു ഡോക്റ്ററായി അവരെ സഹായിക്കുവാൻ കൂട്ടിയത്. ക്യൂബൻ പട്ടാളത്തിനെതിരായ ഒളിയുദ്ധത്തിനൊടുവിൽ ചെഗുവേര ക്യൂബയിലെ ജനങ്ങളുടെ ഹൃദയ നായകനായി.

ഡോക്റ്ററിൽ നിന്നും വിട്ടുവീഴ്ച്ചയില്ലാത്ത ഗറില്ല യുദ്ധ കമാണ്ടറിലെക്കും വിപ്ലകാരിയിലേക്കും ഭരണാധികാരിയിലെക്കും അന്താരാഷ്ട്ര ഡിപ്ലോമാറ്റിലേക്കും മാറിയെങ്കിലും മനസിൽ ഒരു ഡോക്റ്റർ തന്നെ ലയിരുന്നു.

വിപ്ലവാനന്തര ക്യൂബയിൽ ഫിദലിന്റെ വലകൈയായി മാറിയ ചെ 1959 മുതൽ ക്യൂബയുടെ അന്തരാഷ്ട്ര വക്താവായി ലോകമെങ്ങും സഞ്ചരിച്ചു. ലാറ്റിൻ അമെരിക്കയിലെ യാത്രകൾക്കൊപ്പം കൂടുതൽ യാത്ര ചെയ്തത് ഏഷ്യയിലും ആഫ്രിക്കയിലുമാണ്. കുഷ്ടരോഗികൾക്ക് ആശ്വാസമാകാനാണ് ചെ അർജന്റീനയിലും പിന്നീട് ലാറ്റിനമെരിക്കയിലും നടത്തിയ യാത്രകൾ. ആസ്തമ രോഗം അലട്ടിയപ്പോഴും ചെ യാത്ര തുടർന്നു. എന്തോ ഒരു നിയോഗം പോലെ. അവിടെ നിന്നാണ് സാധാരണക്കാക്ക് വേണ്ടിയുള്ള രോഗപരിപാലനം ക്യൂബയിൽ നടപ്പിലാക്കുന്നതര.

ബൊളിവായിലെ കുഗ്രാമത്തിലെ ഒരു സ്കൂളിൽ, വെടിവച്ച് വധശിക്ഷ നടപ്പാക്കുവാൻ വന്നയാളോട് പറഞ്ഞത് ' ഭീരു, നിങ്ങൾ ഒരു മനുഷ്യനെ മാത്രമാണ് കൊല്ലുന്നത് '. ആ മറുപടയിലുണ്ട് ഇന്ന് വൈറസിനോട് പൊരുതുന്ന ഡോക്റ്റർമാർ മരുന്നുകൾക്ക് വേണ്ടി ഗവേഷണം നടത്തുന്നതും. അത് കൊള്ളലാഭം കൊയ്യാതെ ലോകത്തിന് സമ്മാനിക്കുന്നതും ചെ യുടെ കരുത്തിൽ നിന്നാണ്.

## മെട്രോ ക്വിസ്



1. ഭൂമിയും സൂര്യനും തമ്മിലുള്ള അകലം ഏറ്റവും കൂടിയിരിക്കുന്ന ദിവസം?
2. ഭൂവൽക്കത്തിൽ വൻകര ഭാഗങ്ങളുടെ മുകൾത്തട്ട് അറിയപ്പെടുന്നത്?
3. വടക്കേ അമേരിക്കയിൽ കാണുന്ന പ്രധാന പുൽമേട്?
4. പർവ്വതങ്ങളെക്കുറിച്ചുള്ള പഠനം?
5. ലോകത്തിലെ ഏറ്റവും വലിയ ദ്വീപ സമുദ്രം?
6. എൽനിനോ എന്ന വാക്കിന്റെ അർത്ഥം?
7. ലോക ഒസോൺ ദിനം?
8. ആഫ്രിക്കയേയും യൂറോപ്പിനേയും വേർതിരിക്കുന്ന കടലിടുക്ക്?

### ഉത്തരങ്ങൾ

1. ജൂലൈ 4
2. [illegible]
3. പ്രയറി
4. ഓറോളജി
5. [illegible]
6. ഉണ്ണിയേശു
7. സെപ്റ്റംബർ 16
8. ജിബ്രാൾട്ടർ

# ആനകൾക്കും 'സാമൂഹ്യ അകലം' വേണമെന്ന് നിർദേശം

**പ്രത്യേക ലേഖകൻ**

കോട്ടയം: കൊവിഡ് 19 ന്യൂയോർക്ക് മൃഗശാലയിലെ കടുവയിലേക്കും പകർന്നുവെന്ന റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ നാട്ടാനകൾക്ക് സാമൂഹിക അകലം നിർദേശിച്ച് ഉടമകൾ. കേരള എലിഫെന്റ് ഓണേഴ്സ് ഫെഡറേഷൻ ജനറൽ സെക്രട്ടറി പി. ശശികുമാറും എലിഫെന്റ് ഓണേഴ്സ് അസോസിയേഷൻ പ്രസിഡന്റ് ജി. കൃഷ്ണപ്രസാദുമാണ് ഉടമകൾക്ക് ഇതു സംബന്ധിച്ച മാർഗനിർദേശങ്ങൾ നൽകിയത്. കപ്രിക്കാട്, കോട്ടൂർ, കോന്നി, മുത്തങ്ങ തുടങ്ങി വനംവകുപ്പിനു കീഴിലുള്ള ആന സംരക്ഷണ കേന്ദ്രങ്ങളിൽ കേന്ദ്ര മൃഗശാലാ അഥോറിറ്റിയുടെ നിർദേശ പ്രകാരം ഇതിനകം നിയന്ത്രണങ്ങൾ നിലവിൽ വന്നു.

പാപ്പാന്മാരല്ലാതെ മറ്റാരും ആനകളുടെ അടുത്തു പോകരുതെന്നും ആനകളെ കെട്ടിയിരിക്കുന്ന ഇടങ്ങളിൽ സന്ദർശകരെ അനുവദിക്കേണ്ടതില്ലെന്നുമാണ് ഉടമാ സംഘടനകൾ നൽകിയിരിക്കുന്ന നിർദേശം.

ആന ഉടമകൾ, പരിചാരകർ, ആനത്തൊഴിലാളികൾ, തുടങ്ങി ആനകളുമായി അടുത്ത് ഇടപഴകുന്നവർക്ക് പനിയുൾപ്പെടെ രോഗങ്ങളില്ലെന്ന് ഉറപ്പാക്കുക, രോഗലക്ഷണങ്ങളുള്ളവർ ആനകളുടെ അടുത്തു പോകുന്നത് ഒഴിവാക്കുക, ആനകൾക്ക് ഭക്ഷണം പരമാവധി ഒരാൾ തന്നെ എല്ലാ ശുചിത്വവും പാലിച്ച് നൽകുക, ആനകൾക്ക് രോഗങ്ങൾ കണ്ടാൽ ഉടൻ ഡോക്ടറെ അറിയിക്കുക, ആന നിൽക്കുന്ന ഇടം അണുവിമുക്തമാക്കുക, പാപ്പാന്മാർ മാസ്ക് ധരിക്കുക തുടങ്ങിയ നിർദേശങ്ങളാണ് ഉടമാ സംഘടനകൾ നൽകിയിരിക്കുന്നത്.

ആനകളിലേക്കു രോഗം പകരുമെന്നു നിലവിൽ കണ്ടെത്തിയിട്ടില്ലെങ്കിലും ഉടമകൾ മുൻകരുതലുകൾ സ്വീകരിക്കുന്നുണ്ടെന്നു എലിഫെന്റ് സ്ക്വാഡ് അംഗവും ഗജ ചികിത്സകനുമായ ഡോ. സാബു സി. ഐസക്ക് പറഞ്ഞു.

# കൊവിഡിന്റെ മറവിൽ നീചരാഷ്ട്രീയം: കെ. സുരേന്ദ്രൻ

തിരുവനന്തപുരം: കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നടക്കുമ്പോഴും നീചമായ രാഷ്ട്രീയ പ്രചരണത്തിനാണ് സിപിഎം ശ്രമിക്കുന്നതെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ കുറ്റപ്പെടുത്തി. അന്ധമായ കേന്ദ്രവിരുദ്ധ പ്രചരണങ്ങളാണ് സിപിഎം നടത്തുന്നത്. അസത്യം പ്രചരിപ്പിച്ച് ജനങ്ങളെ തെറ്റിധരിപ്പിക്കുകയാണ് ലക്ഷ്യം.

കേന്ദ്രം കേരളത്തെ അവഗണിക്കുന്നു എന്ന തുടർച്ചയായ പ്രചരണമാണ് സിപിഎമ്മും മുഖ്യമന്ത്രിയും ധനമന്ത്രിയും നടത്തുന്നത്. പ്രളയകാലത്തും ഇതു തന്നെയാണ് നടന്നതെന്ന് സുരേന്ദ്രൻ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

എസ്ഡിആർഎഫിലേയ്ക്ക് 151 കോടി രൂപ മാത്രമാണ് അനുവദിച്ചതെന്നാണ് ധനമന്ത്രി പറഞ്ഞുകൊണ്ടിരിക്കുന്നത്. റവന്യൂ ചെലവ് വർധിക്കുന്നതിലെ നഷ്ടം നികത്താൻ 1,277 കോടി രൂപ കേരളത്തിന് കേന്ദ്രം കൊടുത്തു. അതിനെക്കുറിച്ച് ധനമന്ത്രി ഒന്നും പറയുന്നില്ല. റവന്യൂ ചെലവ് വർധിക്കുന്നത് കേന്ദ്രത്തിന്റെ കുറ്റമല്ല, കേരള സർക്കാരിന്റെ പിടിപ്പുകേടാണ്.

കഴിഞ്ഞ ഏഴിന് തൊഴിലുറപ്പ് പദ്ധതിക്കായി 1,064 കോടി രൂപ കേന്ദ്രം അനുവദിച്ചു. ഇതിൽ ചരിത്രത്തിൽ ആദ്യമായി 238 കോടി രൂപ മുൻകൂറായി അനുവദിച്ചു. കൊറോണ കാലത്ത് സംസ്ഥാന സർക്കാരിന്റെ അഭ്യർഥന മാനിച്ചാണ് മുൻകൂറായി അനുവദിച്ചത്. 667.5 കോടി രൂപ തൊഴിലാളികൾക്ക് നേരിട്ട് ശമ്പളം കൊടുക്കാനും 396 കോടി രൂപ സാധന സാമഗ്രികൾ വാങ്ങുന്നതിനും വേണ്ടിയാണ്.

എന്നാൽ ധനമന്ത്രി തോമസ് ഐസക് അത് ട്രഷറിയിലേയ്ക്ക് വകമാറ്റി. കേന്ദ്രം പണം കൊടുക്കുന്നില്ല എന്ന വ്യാജ പ്രചരണം നടത്തുകയും കേന്ദ്രം നൽകുന്ന പണം വിനിയോഗിക്കാതിരിക്കുകയും ചെയ്യുന്ന പ്രവണതയാണ് കാണുന്നതെന്ന് സുരേന്ദ്രൻ പറഞ്ഞു.

## സപ്ലൈകോ കിറ്റുവിതരണം തുടങ്ങി

കൊച്ചി: കൊവിഡ് 19ന്റെ ഭാഗമായി സംസ്ഥാന സർക്കാർ റേഷൻ കാർഡുടമകൾക്ക് നൽകാൻ നിശ്ചയിച്ച സൗജന്യ ഭക്ഷ്യവസ്തുക്കളുടെ കിറ്റ് വിതരണം ആരംഭിച്ചു. ഇന്നലെ ഉച്ചയ്ക്ക് രണ്ടു മണി മുതൽ ആദ്യഘട്ടമായി പട്ടിക വർഗക്കാർക്ക് കിറ്റുകൾ വിതരണം ചെയ്തതായി സപ്ലൈകോ സിഎംഡി പിഎം അലി അസ്ഗർ പാഷ അറിയിച്ചു.

15,0000 കിറ്റുകളാണ് ആദ്യഘട്ടത്തിൽ വിതരണം ചെയ്യുന്നത്. എഎവൈ കാർഡുടമകൾക്കുള്ള കിറ്റ് വിതരണം നാളെ രാവിലെ മുതൽ ആരംഭിക്കും. 13 ന് പൂർത്തിയാക്കുമെന്നും അദ്ദേഹം അറിയിച്ചു.17 ഇന ഭക്ഷ്യവസ്തുക്കളടങ്ങുന്ന കിറ്റാണ് വിതരണം ചെയ്യുന്നത്.

# ആശ്വാസകിരണം: ₹20.47 കോടി അനുവദിച്ചു

തിരുവനന്തപുരം: മുഴുവൻസമയ പരിചരണം ആവശ്യമുള്ളവർക്ക് സഹായകരമായി പ്രതിമാസം ധനസഹായം നൽകുന്ന സാമൂഹ്യ സുരക്ഷാ മിഷന്റെ ആശ്വാസ കിരണം പദ്ധതിയ്ക്ക് 20.47 കോടി രൂപയുടെ ഭരണാനുമതി നൽകിയതായി മന്ത്രി കെ.കെ. ശൈലജ.

ഒരു മുഴുവൻസമയ പരിചാരകന്റെ സേവനം ആവശ്യമാകുന്ന കിടപ്പിലായ രോഗികളെയും മാനസിക, ശാരീരിക വെല്ലുവിളി നേരിടുന്നവരെയും ഗുരുതര രോഗങ്ങളുള്ളവരെയും പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 63,544 ഗുണഭോക്താക്കൾ ആയിരുന്നത് ഈ സർക്കാർ വന്നതിനു ശേഷം 1,13,713 ആയി വർധിച്ചു.

പ്രതിമാസം 600 രൂപ അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം. ഇതനുസരിച്ച് മൂന്ന് മാസത്തേയ്ക്കുള്ള തുകയാണ് ഇപ്പോൾ അനുവദിച്ചിട്ടുള്ളത്.ആശ്വാസകിരണം ധനസഹായത്തിന് അർഹതയുള്ളവർക്ക് മറ്റു പെൻഷനുകൾ ലഭിക്കുന്നതിന് തടസമില്ല. മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം അനുവദിക്കുന്നത്.

ക്യാൻസർ, പക്ഷാഘാതം, മറ്റ് നാഡീരോഗങ്ങൾ എന്നിവ മൂലം ഒരു മുഴുവൻസമയ പരിചാരകന്റെ സേവനം ആവശ്യമുള്ളവിധം കിടപ്പിലായ രോഗികൾ, ശാരീരിക- മാനസിക വൈകല്യമുള്ളവർ, പ്രായധിക്യം മൂലം കിടപ്പിലായവർ, പൂർണ അന്ധത ബാധിച്ചവർ, തീവ്രമാനസിക രോഗമുള്ളവർ, ഓട്ടിസം, സെറിബ്രൽ പാൾസി മുതലായ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ, ക്യാൻസർ രോഗികൾ, എൻഡോസൾഫാൻ ബാധിച്ച് പൂർണമായും ദുർബലപ്പെട്ടവർ തുടങ്ങിയ വിഭാഗത്തിൽപ്പെട്ടവരെ പരിചരിക്കുന്നവർക്കാണ് പദ്ധതിയിലൂടെ ധനസഹായം നൽകുന്നത്.

# യുദ്ധമുഖത്തെ ഭക്ഷണസാമഗ്രികൾ കേരളത്തിന് ലഭ്യമാക്കി ഡിആർഡിഒ

കൊച്ചി: കൊവിഡ് 19 രോഗ പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ആരോഗ്യ പ്രവർത്തകർക്ക് സൈനികാവശ്യത്തിനായി വികസിപ്പിച്ചെടുത്ത ഭക്ഷണം ഡിഫൻസ് റിസർച്ച് ആൻഡ് ഡവലപ്മെന്റ് ഓർഗനൈസേഷൻ (ഡിആർഡിഒ) ലഭ്യമാക്കി. നാലായിരം റെഡി ടു ഈറ്റ് ഭക്ഷണ പായ്ക്കറ്റുകളാണ് ഡിആർഡിഒയ്ക്ക് കീഴിലുള്ള കാക്കനാട്ടെ നേവൽ ഫിസിക്കൽ ആൻഡ് ഒഷ്യനോഗ്രാഫിക് ലാബറട്ടറി (എൻപിഒഎൽ) ജില്ലയിൽ വിതരണത്തിനായി നൽകിയത്.

തൃക്കാക്കര എൻപിഒഎൽ സന്ദർശിച്ച മന്ത്രി വി.എസ്. സുനിൽകുമാറിന് ഡിആർഡിഒ അധികൃതർ ഭക്ഷണ പായ്ക്കറ്റുകൾ കൈമാറി. അതിവേഗം ഊർജം ലഭ്യമാക്കുന്ന പോഷകസമൃദ്ധമായ ഭക്ഷണ വിഭവങ്ങളാണിവ. വെജ് ബിരിയാണി, വെജ് പുലാവ്, സൂചി ഹൽവ, ടൊമാറ്റോ റൈസ് എന്നിവയ്ക്ക് പുറമേ വിവിധതരം ജൂസുകളും മധുരവിഭവങ്ങളും ഇവയിൽ ഉൾപ്പെടുന്നു. ഭക്ഷണ പായ്ക്കറ്റുകൾക്ക് പുറമേ ഡിആർഡിഒ. നിർമിച്ച ഹാൻഡ് സാനിറ്റൈസറുകളും മന്ത്രിക്ക് കൈമാറി.

ഡിആർഡിഒയുടെ മൈസൂരിലുള്ള ഡിഫൻസ് ഫുഡ് റിസർച്ച് ലബോറട്ടറിയിൽ വികസിപ്പിച്ചെടുത്തവയാണിവ. 12 മാസം വരെ കേടുകൂടാതെ സൂക്ഷിക്കാവുന്ന പായ്ക്കറ്റുകളിൽ കെമിക്കൽ പദാർഥങ്ങൾ ഉപയോഗിക്കുന്നില്ല. ഭക്ഷണ പായ്ക്കറ്റുകളുടെ ഉപയോഗരീതി ശാസ്ത്രജ്ഞരായ സമീർ അബ്ദുൾ അസീസ്, പി. ആനന്ദ്, വി.പി. ഷാൻ എന്നിവർ വിശദീകരിച്ചു. ജില്ലയിലെ കൊവിഡ് ട്രീറ്റ്മെന്റ് സെന്ററുകളിൽ ഇവ വിതരണം ചെയ്യും.

## സ്കോളർഷിപ്പ് പുതുക്കൽ: തിയതി നീട്ടി

തിരുവനന്തപുരം: കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടപ്പിലാക്കിവരുന്ന ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പുതുക്കുന്നതിനുള്ള തീയതി ഏപ്രിൽ 30 വരെ നീട്ടി. കൊവിഡ് 19ന്റെ പശ്ചാത്തലത്തിൽ യഥാസമയം പുതുക്കൽ നടപടികൾ പൂർത്തീകരിക്കാൻ കഴിയാതിരുന്ന വിദ്യാർഥികൾക്കായാണ് വീണ്ടും പുതുക്കുന്നതിനുള്ള അവസരമൊരുക്കിയിരിക്കുന്നത്. ഓൺലൈനായാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. വിശദവിവരങ്ങൾ കൗൺസിൽ വെബ്സൈറ്റിൽ (www.kshec.gov.in) ലഭ്യമാണ് .

*ഭാരതീയ ചികിത്സാ വകുപ്പ് ജോയിന്റ് ഡയറക്റ്റർ ഡോ. അനിൽ കുമാർ ആയുർവേദ ഔഷധങ്ങൾ എഡിജിപി മനോജ് എബ്രഹാമിന് കൈമാറുന്നു.*

# പൊലീസിന്റെ സുരക്ഷയ്ക്ക് ആയുർവേദം

തിരുവനന്തപുരം: പൊലീസ് സേനയ്ക്ക് സുരക്ഷയൊരുക്കാൻ ആയുർവേദ മരുന്നുകളുമായി ഭാരതീയ ചികിത്സാ വകുപ്പ്. പകർച്ചവ്യാധികൾ തടയുന്നതിന് ഏറ്റവും അത്യാവശ്യം പ്രതിരോധശേഷി വർധിപ്പിക്കലാണ്. വളരെ പ്രതികൂല സാഹചര്യങ്ങളിൽ തൊഴിലെടുക്കുന്ന സേനയ്ക്ക് അത്ര എളുപ്പവുമല്ല.

അതിനു പരിഹാരമായാണ് ആയുർവേദ പ്രതിരോധ ഔഷധങ്ങൾ ഓഫിസിലെ ജീവനക്കാർക്കും മൊത്തം പോലീസ് സേനയ്ക്കും ലഭ്യമാക്കാമെന്ന സർക്കുലർ നൽകാമെന്ന് എഡിജിപി മനോജ് എബ്രഹാം അറിയിച്ചത്. ഭാരതീയ ചികിത്സാ വകുപ്പ് ജോയിന്റ് ഡയറക്റ്റർ ഡോ. അനിൽകുമാർ, സ്റ്റേറ്റ് പ്രോഗ്രാം മാനെജർ ഡോ. എം. സുഭാഷ്, തിരുവനന്തപുരം ഡിഎംഒ ഡോ. റോബർട്ട് രാജ് എന്നിവരുടെ നേതൃത്വത്തിലാണ് ഔഷധവിതരണം ആരംഭിച്ചത്.

ഡോ. ശിവകുമാരി, ഡോ. ഷിജി വത്സൻ എന്നിവരും പങ്കെടുത്തു.

# സമൂഹവ്യാപന ആശങ്കയിൽ നിന്നൊഴിഞ്ഞ് പോത്തൻകോട്

തിരുവനന്തപുരം: കൊവിഡ് ബാധിച്ച് ഒരാൾ മരിച്ചതോടെ ആശങ്കയിലായ തിരുവനന്തപുരം പോത്തൻകോട് നിന്ന് ആശ്വാസ വാർത്തകൾ. കൊവിഡ് ബാധിച്ച് പോത്തൻകോട് സ്വദേശി അബ്ദുൽ അസീസ് മരിച്ചതോടെയാണ് ആ മേഖലയാകെ ആശങ്കയിലായത്. സാമൂഹവ്യാപന സംശയിച്ചിരുന്ന പോത്തൻകോട് സംബന്ധിച്ച് ഇനി ആശങ്ക വേണ്ടെന്നു മന്ത്രി കടകംപള്ളി സുരേന്ദ്രൻ.

മരണം, വിവാഹം, ആരാധനാലയങ്ങളിലെ പ്രാർഥന ചടങ്ങുകൾ എന്നിവയിലെല്ലാം പങ്കെടുത്ത അസീസിൽ നിന്നും എത്ര പേർക്ക് പകർന്നിരിക്കാമെന്നും സംശയമുയർന്നിരുന്നു.

ഇതെ തുടർന്ന് 215 പേരുടെ സാംപിളുകളാണ് ഈ മേഖലയിൽ നിന്നും പരിശോധിച്ചത്. അസീസിന്റെ കുടുംബാംഗങ്ങൾക്ക് രോഗമില്ലെന്ന് ആദ്യമേ കണ്ടെത്തി. കിട്ടാനുണ്ടായിരുന്ന 61 ഫലം കൂടി നെഗറ്റീവ് ആണെന്ന് തെളിഞ്ഞതോടെ പോത്തൻകോടിന് പൂർണ ആശ്വാസം. എന്നാൽ അസീസിന്റെ വൈറസ് ബാധയുടെ ഉറവിടം ഇതുവരെ കണ്ടെത്തിയിട്ടില്ലെന്നതു ആരോഗ്യവകുപ്പിനെ ഇപ്പോഴും കുഴയ്ക്കുന്നുണ്ട്.

# ഭരണ പരിഷ്ക്കാര കമ്മിഷൻ പിരിച്ചുവിടണം: ചെന്നിത്തല

തിരുവനന്തപുരം: കൊവിഡ് പ്രതിരോധത്തിന് തുക കണ്ടെത്തുന്നതിനായി സംസ്ഥാന സർക്കാർ ചെലവ് ചുരുക്കുന്നതിന് 15 ഇന നിർദേശങ്ങൾ മുന്നോട്ട് വച്ച് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല മുഖ്യമന്ത്രിക്ക് കത്ത് നൽകി. അധികമായി അനുവദിച്ച ക്യാബിനറ്റ് പദവിക്ക് തുല്യമായ എല്ലാ തസ്തികകളും ഒഴിവാക്കുക,

വൻ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്ന മുഖ്യമന്ത്രിയുടെ ഉപദേശകരെയെല്ലാം ഒഴിവാക്കുകയോ അല്ലെങ്കിൽ പ്രതിഫലം കൂടാതെ വഹിക്കുന്ന തസ്തികകളിൽ തുടരാൻ അനുവദിക്കുകയോ ചെയ്യുക, ഭരണ പരിഷ്ക്കാര കമ്മീഷൻ പിരിച്ചുവിടുക, പവൻഹാൻസിൽ നിന്നും മാസവാടകയ്ക്ക് എടുത്ത ഹെലികോപ്റ്റർ സർവീസ് അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച കത്താണു നൽകിയത്.

# ഭിന്നശേഷി വിദ്യാർഥികൾക്ക് പ്രൊവിഷൻസി അവാർഡ് ബാങ്കിലെത്തി

തിരുവനന്തപുരം: എസ്എസ്എൽസി, പ്ലസ് ടു ഉന്നത വിജയം നേടിയ 300 ഭിന്നശേഷി വിദ്യാർഥികൾക്ക് സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ വഴി നൽകുന്ന പ്രൊവിഷൻസി അവാർഡ് തുകയായ 5,000 രൂപ വീതം ഇവരുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചതായി ആരോഗ്യ മന്ത്രി കെ.കെ. ശൈലജ.

ഇതിനായി 15 ലക്ഷം രൂപയാണ് സാമൂഹ്യനീതി വകുപ്പ് അനുവദിച്ചത്. എസ്എസ്എൽസി ജനറൽ വിഭാഗത്തിൽ 101 പേർക്കും മാനസിക വെല്ലുവിളി നേരിടുന്ന വിഭാഗത്തിൽ 48 പേർക്കും പ്ലസ് ടു ജനറൽ വിഭാഗത്തിൽ 114 പേർക്കും ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന വിഭാഗത്തിൽ 37 പേർക്കുമാണ് ബാങ്ക് അക്കൗണ്ടിലേക്ക് തുക അനുവദിച്ചത്.

എസ്എസ്എൽസി, പ്ലസ്ടു വിഭാഗത്തിൽ ബി ഗ്രേഡോ അതിനു മുകളിലോ നേടി വിജയിക്കുന്നവർക്ക് 2,500 രൂപ വീതമാണ് പ്രതിവർഷം നൽകിവന്നിരുന്നത്. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഈ തുക 5,000 രൂപയായി വർധിപ്പിക്കുകയും മാനസിക വെല്ലുവിളി നേരിടുന്നവരുടെ മാർക്ക് നിബന്ധന എടുത്തുകളയുകയും ചെയ്തു.

ഇതിനുപുറമേ ഡിഗ്രി തലം മുതൽ പഠിക്കുന്ന വിദ്യാർഥികൾക്ക് വികലാംഗ ക്ഷേമ കോർപറേഷൻ നാലുലക്ഷം രൂപ വരെ ഈടില്ലാതെയും 20 ലക്ഷം രൂപ വരെ ഈടോടു കൂടിയും വിവിധ കോഴ്സുകൾ പഠിക്കുന്നതിന് നാമമാത്രമായ പലിശ നിരക്കിൽ വിദ്യാഭ്യാസ ലോണും ലഭ്യമാക്കിയിട്ടുണ്ട്.

# സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ധനസഹായം

തിരുവനന്തപുരം: സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ 2020 ഫെബ്രുവരി 29 വരെ അംഗത്വത്തിന് അപേക്ഷ നൽകിയിട്ടുള്ളവർക്ക് അടിയന്തര ധനസഹായം അനുവദിച്ചു.

കനറാ ബാങ്ക് അല്ലെങ്കിൽ മറ്റേതെങ്കിലും ദേശസാത്കൃത ബാങ്കിന്റെ അക്കൗണ്ട് നമ്പർ, ബ്രാഞ്ച്, ഐഎഫ്എസ്സി കോഡ് എന്നിവ അടങ്ങുന്ന പാസ്ബുക്കിന്റെ പകർപ്പ് സാംസ്കാരിക ക്ഷേമനിധി ബോർഡ് ഓഫിസ്, രാധാ നിവാസ്, ടിസി 22/2031, ശ്രീരാമകൃഷ്ണ മിഷൻ ആശുപത്രി റോഡ്, ശാസ്തമംഗലം, തിരുവനന്തപുരം- 695010 എന്ന വിലാസത്തിൽ രജിസ്ട്രേഷൻ നമ്പർ ഉൾപ്പെടെ അയക്കണമെന്ന് ബോർഡ് ചെയർമാൻ അറിയിച്ചു.

## ഇന്നു നിങ്ങൾക്ക്

**ബ്രഹ്മശ്രീ കാണിപ്പയ്യൂർ നാരായണൻ നമ്പൂതിരിപ്പാട്**

■ അശ്വതി : പുതിയ നിയമനങ്ങൾ നിർത്തിവെക്കും. ഗൃഹനിർമാണപ്രവർത്തനങ്ങൾ പുനരാരംഭിക്കും. മാതാപിതാക്കളുടെ ആഗ്രഹങ്ങൾക്കനുസരിച്ച് പ്രവർത്തിക്കും.

■ ഭരണി : സ്വാർഥ താല്പര്യങ്ങൾക്കായി അന്യരെ ഉപദ്രവിക്കരുത്. വിശ്വസ്തരായ പ്രധാന ഉദ്യോഗസ്ഥരെ കൂടുതൽ സൂക്ഷിക്കണം. സദുദേശപ്രവർത്തനങ്ങൾ വിപരീതമായി ത്തീരും.

■ കാർത്തിക : വ്യവസ്ഥകൾ പാലിക്കാത്ത ജോലിക്കാരെ പിരിച്ചുവിടും. ഉദ്യോഗത്തിനോടനുബന്ധമായി ഉപരിപഠനത്തിനു ചേരും. ഔദ്യോഗികമായി അർഹമായ സ്ഥാനമാനങ്ങൾ ലഭിക്കുവാൻ നിയമസഹായം തേടും.

■ രോഹിണി : സൗമ്യസമീപനത്താൽ പ്രതികൂലസാഹചര്യങ്ങളെ അതിജീവിക്കും. അവ്യക്തമായ പണമിടപാടിൽ നിന്നു പിന്മാറും. മുടങ്ങിക്കിടപ്പുള്ള വഴിപാടുകൾ ചെയ്തു തീർക്കും. ആശയവിനിമയങ്ങളിൽ ശ്രദ്ധിക്കണം.

■ മകയിരം : കൂട്ടുകച്ചവടത്തിൽ നിന്നും പിന്മാറും. പ്രയത്നങ്ങൾക്ക് ഫലം കുറയും. ഒന്നും പൂർണതയുണ്ടാവുകയില്ല. അവസരവാദം കുടുംബകലഹത്തിനു വഴിയൊരുക്കും. കടം കൊടുക്കരുത്, ജാമ്യം നിൽക്കരുത്.

■ തിരുവാതിര : വിദേശ ഉദ്യോഗത്തിനു നിയമനാനുമതി ലഭിക്കും. കുടുംബസമേതം വി ദേശയാത്രക്ക് അനുമതിക്ക് അപേക്ഷ നൽകും. ധർമപ്രവൃത്തികൾക്കും പുണ്യപ്രവൃത്തികൾക്കും സർവാത്മനാ സഹകരിക്കും.

■ പുണർതം : സുരക്ഷിതമായ വ്യാപാരത്തിൽ പണം മുടക്കും. സൗഖ്യവും സമാധാനവും ദാമ്പത്യ ഐക്യവും കുടുംബത്തിലുണ്ടാകും. സൗമ്യസമീപനം സർവകാര്യവിജയത്തിനു വഴിയൊരുക്കും.

■ പൂയം : ശത്രുതാ മനോഭാവത്തിലായിരുന്നവർ മിത്രങ്ങളായിത്തീരും. സഹൃദയസദസിൽ പങ്കെടുക്കുവാനവസരമുണ്ടാകും. ആഗ്രഹിക്കുന്ന കാര്യങ്ങൾ നിഷ്പ്രയാസം സാധി ക്കും.

■ ആയില്യം : അഗ്നി, ആയുധം, ധനം, വാഹനം തുടങ്ങിയവ ഉപയോഗിക്കുമ്പോൾ കൂടുതൽ ശ്രദ്ധ വേണം. ചികിത്സക്ക് കൂടുതൽ പണം ചെലവാകും. ബാദ്ധ്യതകൾ തീർക്കുവാൻ ഭൂമിവില്ക്കുവാൻ ധാരണയാകും.

■ മകം : പുത്രന്റെ ആഗ്രഹപ്രകാരം ഗൃഹനിർമ്മാണത്തിനു ഭൂമിവാങ്ങും. സ്വതന്ത്രചിന്തകൾക്കായി ഗ്രാമപ്രദേശത്തേക്ക് താമസം മാറ്റും. അവധിയെടുത്ത് ആരാധനാലയദർശനം നടത്തുവാനിടവരും. ആത്മവിശ്വാസവും കാര്യനിർവഹണശക്തിയും വർദ്ധിക്കും.

■ പൂരം : വിദേശയാത്രാനുമതി ലഭിക്കും. ഗൃഹനിർമാണം പൂർത്തീകരിക്കുവാൻ ഭൂമി വില്ക്കാൻ തയാറാകും. പുതിയ തൊഴിലവസരങ്ങൾ വന്നുചേരും. വർധിച്ചുവരുന്ന ചുമതലകൾ ഏറ്റെടുക്കും.

■ ഉത്രം : കൂടുതൽ പണം കൊടുത്ത് മറ്റൊരു പാഠ്യപദ്ധതിക്കു ചേരും. വാക്കും പ്രവൃത്തിയും ഫലപ്രദമാകും. സംഘനേതൃത്വസ്ഥാനം ഏറ്റെടുക്കും. പുതിയ കരാറുജോലിക ൾ ഏറ്റെടുക്കും.

■ അത്തം : വിട്ടുവീഴ്ചാ മനോഭാവത്താൽ ദാമ്പത്യസൗഖ്യമുണ്ടാകും. പരിഭ്രമം ഉപേക്ഷിക്കണം. കടം കൊടുത്ത സംഖ്യക്ക് രേഖകൾ വാങ്ങണം. ചെലവ് വർധിക്കും.

■ ചിത്ര : ആരോഗ്യം തൃപ്തികരമായിരിക്കും. ആഗ്രഹസാഫല്യമുണ്ടാകും. മനസ്സംതൃപ്തിയുണ്ടാകും. വ്യവസ്ഥകൾ പാലിക്കും. പുതിയ പ്രവർത്തനമേഖലകളെപ്പറ്റി ധാരണയാകും. കാര്യനിർവഹണശക്തി വർധിക്കും.

■ ചോതി : മാതാവിന് അസുഖം വർധിക്കും. ഉദ്ദേശിച്ച വില ലഭിച്ചതിനാൽ ഭൂമിവില്ക്കു വാൻ തയാറാകും. വഞ്ചനിൽ അകപ്പെടാതെ സൂക്ഷിക്കണം. ഓർമശക്തി കുറയും. മിഥ്യാഭ്രമം ഉണ്ടാകും.

■ വിശാഖം : പുതിയ ഭരണസംവിധാനം ഏറ്റെടുക്കും. ആഗ്രഹങ്ങൾ സഫലമാകും. ചികിത്സഫലിക്കും. ചർച്ചകൾ വിജയിക്കും. വ്യവസ്ഥകൾ പാലിക്കും. കുടുംബത്തിൽ സമാധാനമുണ്ടാകും.

■ അനിഴം : അവ്യക്തമായ പണമിടപാടിൽ നിന്നും പിന്മാറും. കർമ്മമേഖലയിൽ പുതിയ ആശയങ്ങൾ ഉത്ഭവിക്കും. പണം കടം കൊടുക്കരുത്. ജാമ്യം നിൽക്കരുത്. സഹോദര സുഹൃത് സഹായമുണ്ടാകും.

■ തൃക്കേട്ട : അപ്രതീക്ഷിതമായി സ്ഥാനക്കയറ്റമുണ്ടാകും. ഗൗരവമായ വിഷയങ്ങൾ ലാഘവത്തോടുകൂടി ലക്ഷ്യപ്രാപ്തിയിലെത്തിക്കും. സംഘനേതൃത്വസ്ഥാനം ഏറ്റെടുക്കും. ഔദ്യോഗികമായി യാത്രവേണ്ടിവരും.

■ മൂലം : പരിസരവാസികളുടെ ഉപദ്രവത്താൽ മാറിതാമസിക്കും. അനാവശ്യമായ ആധി ഒഴിവാക്കണം. ചെയ്യാത്ത കുറ്റത്തിന് അപരാധം കേൾക്കും. അവ്യക്തമായ പണമിടപാടിൽ നിന്നും പിന്മാറും.

■ പൂരാടം : വിട്ടുമാറാത്ത അസുഖത്തിന് ആയുർവ്വേദ-പ്രകൃതിചികിത്സകൾ തുടങ്ങും. ഊഹക്കച്ചവടത്തിൽ ലാഭമുണ്ടാകും. വ്യവസ്ഥകൾ പാലിക്കും. വിശ്വസ്തസേവനത്തിനു പ്രശസ്തിപത്രം ലഭിക്കും.

■ ഉത്രാടം : നല്ലകാര്യങ്ങൾക്ക് പൊതുജന പിന്തുണ ലഭിക്കും. ക്രയവിക്രയങ്ങളിൽ സജീവമാകും. സുതാര്യതയുള്ള പ്രവർത്തനങ്ങളാൽ അപകീർത്തി ഒഴിവാകും.

■ തിരുവോണം : അസുഖങ്ങളാൽ വിദേശയാത്രമാറ്റിവെക്കും. ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കും. മനസ്സംതൃപ്തിതോന്നും. വ്യവസ്ഥകൾ പാലിക്കും. സുപരിചിതമായ മേഖലകളിൽ പണം മുടക്കും.

■ അവിട്ടം : പുതിയ ഉദ്യോഗാവസരം വന്നുചേരും. വരവ് വർദ്ധിക്കും. സന്താനസൗഖ്യമുണ്ടാകും. ആഗ്രഹങ്ങൾ സഫലമാകും. വിജ്ഞാനങ്ങൾ പങ്കുവെക്കുവാനവസരമു ണ്ടാകും.

■ ചതയം : കുടുംബത്തിലെ അനൈക്യതകളാൽ മാറിതാമസിക്കും. ഉപകാരം ചെയ്തുകൊടുത്തവരിൽ നിന്നും വിപരീതപ്രതികരണങ്ങൾ വന്നുചേരും. ബന്ധുവിന്റെ അകാല വിയോഗത്തിൽ അതീവദുഃഖമനുഭവപ്പെടും.

■ പൂരോരുട്ടാതി : സ്ഥലകാലബോധമില്ലാത്തെ സംസാരിച്ചാൽ അബദ്ധമാകും. വർഷങ്ങൾക്കു മുമ്പ് ജാമ്യം നിന്ന വകയിൽ പണം കൊടുക്കേണ്ടതായിവരും. സ്വസ്ഥത കുറയും.

■ ഉത്രട്ടാതി : ഗൃഹനിർമ്മാണം പുനരാരംഭിക്കും. ജീവിതപങ്കാളിയുടെ ആവശ്യങ്ങൾ പ രിഗണിക്കും. സമ്മാനപദ്ധതികളിൽ വിജയിക്കും. മാതാപിതാക്കളുടെ ആഗ്രഹങ്ങൾ സാധിപ്പിക്കും.

■ രേവതി : പുത്രപൗത്രാദികളോടൊപ്പം താമസിക്കുവാൻ വിദേശയാത്ര പുറപ്പെടും. സ്വയംഭരണാധികാരം ലഭിക്കും. മംഗളകർമ്മങ്ങൾക്ക് നേതൃത്വം നൽകും. പൊതുവേദിയി ൽ ആശംസകൾ കേൾക്കുവാനിടവരും.

## CLASSIFIEDS


Largest collection of Wedding Cards & Printing
VALAVI & CO.
Near Market Bridge, Broadway, Ernakulam Ph:2353765, 2374985
Shop 119, 2nd Floor, Attukal Shopping Complex East Fort, Trivandrum Ph: 0471 2571105
Kalliath Royal Square, 1st Floor, Palace Road Trichur-20 Ph:0487 2322182

സാമ്പത്തികം
ധനകാര്യ സ്ഥാപനങ്ങളിൽ പണയം നൽകിയ സ്വർണ്ണം, പ്രോപ്പർട്ടി മുതലായവ തിരിച്ചെടുക്കുന്നതിനും പുതുക്കി വെയ്ക്കുന്നതിനും മാറ്റി വെയ്ക്കുന്നതിനും ബന്ധപ്പെടുക.
Kmass Agency
9895057618

Pest Control
ചിതൽ നിയന്ത്രണം കെട്ടിടം പണിക്ക് മുൻപും പിൻപും, പാറ്റ, ഉറുമ്പ്, ചെള്ള്, ഫംഗസ്, മൂട്ട, തേനീച്ച, കടന്നൽ എല്ലാ കീടങ്ങളുടെയും നിയന്ത്രണത്തിന്
9496565984

FOR SALE
ബിൽഡിങ് മെറ്റീരിയൽസ്
ഗ്രാനൈറ്റ് സ്ലാബുകൾ Sqft 65 രൂപയ്ക്ക് കേരളത്തിൽ എവിടെയും എത്തിച്ചു കൊടുക്കുന്നു.
9562355991, 8553187507

സാരസ്വതാരിഷ്ടം
സാരസ്യതാമൃത രസായനം ഓർമ്മശക്തി വർദ്ധിപ്പിക്കുന്നു കുട്ടികളിലെ പഠന വൈകല്യങ്ങൾ മാറുന്നു.
പ്രായത്തിന് അനുസരിച്ച് തടിയിലും തൂക്കത്തിലും വ്യത്യാസം വരുത്തി ശരീരം അഴകുള്ള താക്കി മാറ്റുന്നു.
എസ്.എൻ ആയൂർവേദ ഔഷധശാല ഉല്പന്നം
Ph- 6282228687

ഈ പേജിൽ പരസ്യം ചെയ്യാൻ ബന്ധപ്പെടുക.
9387590005
8589003187
9020531400
9048854547

# നമ്മൾ ഒന്നിച്ചു ജയിക്കും: ട്രംപിനോടു മോദി

ന്യൂഡൽഹി: കൊവിഡിനെതിരായ പോരാട്ടത്തിൽ ലോകത്തെ സഹായിക്കാൻ കഴിയുന്നതെല്ലാം ഇന്ത്യ ചെയ്യുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഹൈഡ്രോക്സി ക്ലോറോകിൻ മരുന്ന് നൽകാനുള്ള തീരുമാനത്തിനു നന്ദി അറിയിച്ച യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിനു മറുപടി പറയുകയായിരുന്നു മോദി. നമ്മൾ ഒന്നിച്ചു പോരാട്ടം ജയിക്കും- ട്രംപിന്റെ ടീറ്റിന് മോദിയുടെ പ്രതികരണം ഇങ്ങനെ.

" പ്രസിഡന്റ് ട്രംപ്, താങ്കളോടു പൂർണമായി യോജിക്കുന്നു. ഇതുപോലുള്ള സമയങ്ങളിലാണ് സുഹൃത്തുക്കൾ കൂടുതൽ അടുക്കുന്നത്. ഇന്ത്യ-യുഎസ് പങ്കാളിത്തം മറ്റെന്നത്തേക്കാൾ ശക്തമായിട്ടുണ്ട്. കൊവിഡിനെതിരായ മനുഷ്യരാശിയുടെ പോരാട്ടത്തിൽ കഴിയുന്ന എല്ലാ സഹായവും ഇന്ത്യ ചെയ്യും"- മോദി പറഞ്ഞു.

നേരത്തേ, തന്റെ ടീറ്റിൽ ട്രംപ് ഇന്ത്യയ്ക്കും ഇന്ത്യൻ ജനതയ്ക്കും നന്ദി പറഞ്ഞു. ഈ ഉപകാരം ഒരിക്കലും മറക്കില്ലെന്നും അദ്ദേഹം. മോദിയുടെ കരുത്തുറ്റ നേതൃത്വം ഇന്ത്യയ്ക്കു മാത്രമല്ല മനുഷ്യരാശിക്കു മുഴുവൻ സഹായകരമാണെന്നും ട്രംപ്. യുഎസിന് മരുന്ന് അനുവദിക്കുക വഴി മോദി വളരെ വലിയ കാര്യമാണു ചെയ്തതെന്ന് വൈറ്റ്ഹൗസിലെ പതിവു വാർത്താസമ്മേളനത്തിലും ട്രംപ് പറഞ്ഞു. അമെരിക്ക അത് ഓർത്തിരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# കൊവിഡിനെതിരായ സ്ട്രാറ്റജി ഫലിക്കുന്നു: ട്രംപ്

വാഷിങ്ടൺ: കൊവിഡിനെതിരായ അമെരിക്കയുടെ പോരാട്ട സ്ട്രാറ്റജി ഫലം കണ്ടുതുടങ്ങിയെന്ന് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. രോഗവ്യാപനത്തിന്റെ വേഗം കുറയ്ക്കാനുള്ള ശ്രമത്തിൽ പുരോഗതിയുണ്ട്. പുതിയ കേസുകളുടെ എണ്ണത്തിൽ വർധനയില്ല. അക്കങ്ങൾക്കു മാറ്റം വരുന്നുണ്ട്. അതിവേഗം നമ്മൾ ശരിയായ പാതയിലെത്തും- അദ്ദേഹം മാധ്യമപ്രവർത്തകരോടു പറഞ്ഞു.

യുഎസിൽ രോഗബാധിതർ നാലരലക്ഷത്തോട് അടുക്കുകയാണ്. മരണം പതിനയ്യായിരത്തിലേക്ക് അടുക്കുന്നു. കഴിഞ്ഞ ഒരൊറ്റ ദിവസം തന്നെ 1900 പേരാണു മരിച്ചത്. ന്യൂയോർക്കിൽ മാത്രം ഒന്നരലക്ഷം രോഗികളുണ്ട്. അവിടെ മരണം 6,200. ഓരോ ദിവസത്തെയും പുതിയ രോഗികളുടെ എണ്ണത്തിൽ പഴയതുപോലെ വർധനയില്ല എന്നാണു പ്രസിഡന്റ് ചൂണ്ടിക്കാട്ടുന്നത്. ആശുപത്രികളിൽ ആവശ്യത്തിനു ബെഡുകളുണ്ടെന്നും ട്രംപ് അവകാശപ്പെട്ടു.

എന്നാൽ, 'ഭീകര ദിനങ്ങൾ' അവസാനിച്ചിട്ടില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അമെരിക്കയിൽ ഒരു ലക്ഷത്തിനും രണ്ടു ലക്ഷത്തിനും ഇടയിൽ ആളുകൾ മരിക്കുമെന്നാണ് ആദ്യം ഭയപ്പെട്ടിരുന്നത്. എന്നാൽ, അതിനെക്കാളൊക്കെ വളരെ കുറഞ്ഞ മരണനിരക്കേ ഉണ്ടാകൂ എന്നാണു ഇപ്പോഴത്തെ നിഗമനമെന്നും അദ്ദേഹം.

# ഇന്ത്യയ്ക്കു നന്ദി പറഞ്ഞ് ബ്രസീലിയൻ പ്രസിഡന്റ്

ന്യൂഡൽഹി: ഹൈഡ്രോക്സി ക്ലോറോകിൻ മരുന്ന് നിർമിക്കാനുള്ള അസംസ്കൃത പദാർഥങ്ങൾ നൽകാമെന്നു സമ്മതിച്ച ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് നന്ദി പറഞ്ഞ് ബ്രസീലിയൻ പ്രസിഡന്റ് ജയിർ ബൊൽസനാരോ. ശനിയാഴ്ച ഈ പദാർഥങ്ങൾ ബ്രസീലിനു കിട്ടുമെന്ന് രാഷ്ട്രത്തിനു നൽകിയ സന്ദേശത്തിൽ അദ്ദേഹം പറഞ്ഞു. സമയത്ത് സഹായിച്ചതിന് മോദിയോടു നന്ദിയുണ്ടെന്നും അദ്ദേഹം.

നമുക്ക് കൂടുതൽ നല്ല വാർത്തകളുണ്ട്. ഇന്ത്യൻ പ്രധാനമന്ത്രിയുമായി ഞാൻ സംസാരിച്ചിരുന്നു. ഹൈഡ്രോക്സി ക്ലോറോകിൻ മരുന്ന് നിർമിക്കാനുള്ള അസംസ്കൃത പദാർഥങ്ങൾ ശനിയാഴ്ചയോടെ നമുക്കു കിട്ടും. അതുവച്ച് നമ്മുടെ മരുന്ന് ഉത്പാദനം തുടരും. പ്രധാനമന്ത്രി നരേന്ദ്ര മോദിക്കും ഇന്ത്യയിലെ ജനങ്ങൾക്കും ഞാൻ നന്ദി പറയുകയാണ്, സമയത്തു സഹായിച്ചതിന്- അദ്ദേഹം പറഞ്ഞു.

ഏപ്രിൽ നാലിനാണ് മോദിയും ബൊൽസനാരോയും ടെലിഫോണിൽ സംസാരിച്ചത്. ഇന്ത്യയിൽ നിന്ന് മരുന്നും അസംസ്കൃത പദാർഥങ്ങളും കയറ്റിഅയക്കാൻ അനുവദിക്കണമെന്ന് ഇതിൽ ബ്രസീലിയൻ പ്രസിഡന്റ് അഭ്യർഥിച്ചിരുന്നു. ബ്രസീലിലെ രണ്ടു ലബോറട്ടറികൾ ഇന്ത്യയിൽ നിന്ന് അസംസ്കൃത പദാർഥങ്ങൾ ഇറക്കുമതി ചെയ്ത് വർഷങ്ങളായി ഹൈഡ്രോക്സി ക്ലോറോകിൻ ഗുളിക നിർമിക്കുന്നുണ്ടെന്ന് ചൊവ്വാഴ്ച മോദിക്ക് അയച്ച കത്തിലും പ്രസിഡന്റ് ചൂണ്ടിക്കാണിച്ചിരുന്നു.

# ഇറ്റലിയിൽ മരിച്ചത് 100ലേറെ ഡോക്റ്റർമാർ

റോം: ഇറ്റലിയിൽ കൊവിഡ് 19 ബാധിച്ചു മരിച്ചത് നൂറിലേറെ ഡോക്റ്റർമാർ. ഡോക്റ്റർമാരുടെ സംഘടന തന്നെയാണ് ഇക്കാര്യം വെളിപ്പെടുത്തിയത്. രാജ്യത്ത് ആരോഗ്യ പ്രവർത്തകർ കടുത്ത വെല്ലുവിളിയാണു നേരിടുന്നത്. വേണ്ടത്ര സുരക്ഷാ സംവിധാനങ്ങളില്ലാതെയാണ് ഇവർ രോഗികളെ പരിചരിക്കുന്നതെന്നും സംഘടന.

എറണാകുളം റെയ്ൽവേ മാർഷിലിങ് യാർഡിലെ കോച്ച് ഡിപ്പോയിൽ തയാറായ ഐസൊലേഷൻ വാർഡ്.

# ട്രെയ്നുകളിൽ ഐസൊലേഷൻ വാർഡുകൾ ഒരുങ്ങി

കൊച്ചി: കൊവിഡ് 19 നിയന്ത്രണ നടപടികളുടെ ഭാഗമായി ട്രെയ്ൻ കോച്ചുകൾ ഐസൊലേഷൻ വാർഡുകളാക്കി മാറ്റാനുള്ള റെയ്ൽവേ തീരുമാന പ്രകാരം തിരുവനന്തപുരം ഡിവിഷനിൽ പരിവർത്തന നടപടികൾ പൂർത്തിയായി. ഡിവിഷന് കീഴിലുള്ള അറുപതോളം ത്രീ ടയർ, ജനറൽ കോച്ചുകളാണ് ഐസൊലേഷൻ വാർഡുകളാക്കി മാറ്റിയത്.

മധ്യത്തിലുള്ള ബെർത്ത് ഒഴിവാക്കിയാണ് പുനഃക്രമീകരണം. ഓരോ കോച്ചിലും എട്ട് ഐസൊലേഷൻ വാർഡുകളാണുള്ളത്. ആകെ 480 ബെഡുകൾ. മെഡിക്കൽ, ആക്സിലറി സ്റ്റാഫുകളെ ഉൾക്കൊള്ളാൻ പ്രത്യേക മെഡിക്കൽ ക്യാബിനുണ്ട്. കൊതുകുകളുടെ പ്രവേശനം തടയാൻ എല്ലാ ജാലകങ്ങളും വല ഉപയോഗിച്ച് അടച്ചു. ശുചിത്വ അന്തരീക്ഷം ഉറപ്പാക്കുന്നതിന് ഇൻസുലേഷൻ വാർഡിന്റെ പ്രവേശന ഭാഗത്ത് കർട്ടനും സ്ഥാപിച്ചു. മെഡിക്കൽ വേസ്റ്റുകൾ നിക്ഷേപിക്കാൻ ഓരോ ബെഡിന് കീഴിലും പ്രത്യേക ഡസ്റ്റ്ബിൻ. ഓരോ കോച്ചിലും രണ്ടു ഓക്സിജൻ സിലിണ്ടർ ബ്രാക്കറ്റുകൾ, അഗ്നിശമന ഉപകരണം.

ഓരോ കോച്ചിലെയും ഒരു ടോയ്‌ലറ്റ് കുളിമുറിയാക്കി മാറ്റി. ടോയ്‌ലറ്റുകളിലും ബാത്ത്റൂമുകളിലും സോപ്പ് ഡിസ്പെൻസറുകളും നൽകി. ടാപ്പുകൾ എളുപ്പത്തിൽ ഉപയോഗിക്കാനാവും വിധം പരിഷ്ക്കരിക്കുകയും ഇന്റീരിയറുകൾ പെയിന്റിങ്ങിലൂടെ നവീകരിക്കുകയും ചെയ്തു. അധിക ഹാങ്ങറുകൾ, ബോട്ടിൽ ഹോൾഡറുകൾ തുടങ്ങിയവയും സ്ഥാപിച്ചിട്ടുണ്ട്.

പരിവർത്തന നടപടികൾ ഇന്നത്തോടെ പൂർത്തീകരിക്കാനായിരുന്നു തിരുവനന്തപുരം ഡിവിഷനുള്ള നിർദേശം. സമയബന്ധിതമായി പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിഞ്ഞതിന്റെ ചാരിതാർഥ്യത്തിലാണ് ജീവനക്കാർ. രാജ്യമൊട്ടാകെ 5,000 ട്രെയ്ൻ കോച്ചുകളാണ് (40,000 കിടക്കകൾ) ഇത്തരത്തിൽ വാർഡുകളാക്കി ക്രമീകരിക്കുന്നത്. ഇതിന്റെ പകുതിയിലധികം പ്രവർത്തനങ്ങളും പൂർത്തിയായി.

## രോഗപ്പകർച്ചയ്ക്ക് തടയിടാൻ

# അണുനാശക തുരങ്കം

ന്യൂഡൽഹി: രാജ്യത്തെ കൊവിഡ് 19 ഹോട്ട്സ്പോട്ടുകളിലൊന്നായ നോയിഡയിൽ ആളുകളെ അണുവിമുക്തമാക്കാൻ 'തുരങ്ക സംവിധാനം'. നോയിഡ അഥോറിറ്റിയിലെത്തുന്ന ജീവനക്കാർക്കും മറ്റ് ആളുകൾക്കും വേണ്ടിയാണ് അണുനാശക തുരങ്കം.

ഓഫിസിലെത്തുന്ന എല്ലാവരും അണുനാശകതുരങ്കത്തിലൂടെ നടക്കണം. അപ്പോൾ തുരങ്കത്തിനു മുകളിൽ സ്ഥാപിച്ച ഉപകരണത്തിലൂടെ അണുനാശിനി നിങ്ങളുടെ തല മുതൽ കാൽ വരെ ശരീരമാസകലം സ്പ്രേ ചെയ്യും. തുരങ്കത്തിൽ എല്ലാവരും കൂടി ഒരുമിച്ചു കയററുത്. ഒരു മീറ്റർ അകലെ നിൽക്കുക- അധികൃതർ പറഞ്ഞു. എന്നാൽ, ഇതുകൊണ്ടും കൊറോണ വൈറസിനെ പൂർണമായി തുരത്തിയെന്ന അർഥമില്ല. ഇതിനുശേഷം കൈകൾ സാനിറ്റൈസറോ ഹാൻഡ് വാഷോ ഉപയോഗിച്ചു കഴുകണം. ഓഫിസിൽ ഒരു മീറ്റർ അകലം പാലിക്കണമെന്നും അധികൃതർ.

കഴിഞ്ഞ ഫെബ്രുവരിയിൽ ചോങ്കിങ് നഗരത്തിൽ അണുനാശകതുരങ്കം സ്ഥാപിച്ചിരുന്നു. ഇതിനു സമാനമാണു നോയിഡയിലെയും തുരങ്കം. നോയിഡ ഉൾപ്പെട്ട ഗൗതമബുദ്ധ നഗർ ജില്ലയിൽ കടുത്ത നിയന്ത്രണങ്ങളാണു യുപി സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളത്.

### അണുനാശക തുരങ്കം

അണുനാശിനിയായും ബ്ലീച്ചിങ് ഏജന്റായും ഉപയോഗിക്കുന്ന ക്ലോറിൻ സംയുക്തം ഹൈഡ്രോക്ലോറൈറ്റ് ലായനിയാണ് അണുനാശക തുരങ്കത്തിൽ ഉപയോഗിക്കുന്നത്. കുടിവെള്ളം ശുദ്ധീകരിക്കാനും മലിനജല ശുദ്ധീകരണത്തിനും നീന്തൽക്കുളങ്ങൾ അണുവിമുക്തമാക്കാനും ഉപയോഗിക്കുന്നതാണ് ഈ രാസസംയുക്തം. വെള്ളത്തിൽ 0.5 ശതമാനം സംയുക്തം എന്ന അനുപാതത്തിൽ ചേർത്താണ് അണുനാശിനിയുണ്ടാക്കുന്നത്. രാജ്യത്ത് തുരങ്കങ്ങളിൽ ഇപ്പോൾത്തന്നെ ഇതുപയോഗിക്കുന്നുണ്ട്. തമിഴ്നാട്ടിലെ തിരുപ്പൂർ ചന്തയിൽ ശുചീകരണത്തിന് അടുത്തിടെ ഈ സംവിധാനം ഏർപ്പെടുത്തി. അവിടെ ഒരു ശതമാനം വീര്യമുള്ള ലായനിയാണ് ഉപയോഗിക്കുന്നത്.

വ്യത്യസ്ത ആകൃതിയിലും വലുപ്പത്തിലുമുള്ള തുരങ്കങ്ങളിൽ 10,000 മുതൽ 25 ലക്ഷം വരെ രൂപ ചെലവിൽ ഇത്തരം സ്പ്രേയർ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. സെൻസറുകളും കൺവെയർ ബെൽറ്റുകളും ട്രാഫിക് ലൈറ്റുകളുമെല്ലാം ചേർന്നതാണു സംവിധാനം.

മഹാരാഷ്ട്രയിലെ ഭുസവലിൽ ഇന്ത്യൻ റെയ്ൽവേ ലോക്കോ ഷെഡ് വികസിപ്പിച്ച അണുനാശക തുരങ്കത്തിന് 10,000 രൂപ വിലവരും. കടന്നുപോകുന്ന മുഴുവൻ പേരുടെയും ശരീരത്തിലേക്ക് മൂന്നു മുതൽ അഞ്ചുവരെ സെക്കൻഡ് സോഡിയം ഹൈപ്പോക്ലോറൈറ്റ് ലായനി സ്പ്രേ ചെയ്യാൻ ശേഷിയുള്ളതാണ് ഈ സംവിധാനം. 500 ലിറ്ററിന്റെ ടാങ്കിൽ സംയുക്തം നിറച്ചാൽ 15 മണിക്കൂർ തുടർച്ചയായി പ്രവർത്തിക്കും. മനുഷ്യർക്ക് ആരോഗ്യപ്രശ്നങ്ങളൊന്നുമുണ്ടാക്കാത്ത സ്പ്രേ കൊവിഡ് 19 വൈറസിനെ നശിപ്പിക്കാൻ ശേഷിയുള്ളതെന്ന് പറയുന്നു റെയ്ൽവേ അധികൃതർ. എന്നാൽ, മറ്റ് വൈറസുകളുടെ കാര്യത്തിൽ തീർച്ചയില്ല.

### മുംബൈയിൽ വരുന്നു, പുകയുള്ള തുരങ്കം

മുംബൈയിലെ തിരക്കേറിയ ചന്തകൾ, റെയ്ൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റോപ്പുകൾ എന്നിവിടങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് കെമിക്കൽ ടെക്നോളജി (ഐസിടി)യുടെ സഹായത്തോടെ അണുനാശക തുരങ്കങ്ങൾ സ്ഥാപിക്കാനുള്ള തയാറെടുപ്പിലാണു മഹാരാഷ്ട്ര സർക്കാർ. ഇവിടെ അണുനാശിനി ലായനിയായല്ല, പുകയായാവും പ്രയോഗിക്കുക. പുതിയ സംവിധാനം അടുത്തയാഴ്ച പ്രവർത്തന സജ്ജമാകുമെന്നു മഹാരാഷ്ട്ര സർക്കാർ. ഇതിലൂടെ കയറുന്ന ആളുകളെയും വാഹനങ്ങളെയും 98 ശതമാനം അണുവിമുക്തമാക്കാനാവുമെന്നാണ് വിലയിരുത്തൽ.

### കൊവിഡിനുശേഷം...

കൊവിഡ് 19നു ശേഷമുള്ള കാലത്ത് രാജ്യത്തെ തെരുവുകളിൽ ഈ സംവിധാനം പതിവാകുമെന്നാണു കരുതുന്നത്. നിലവിൽ ഡൽഹി, കർണാടക, തമിഴ്നാട് സംസ്ഥാനങ്ങളിലും റെയ്ൽവേ സ്റ്റേഷനുകളിലും തുടക്കമിട്ടുകഴിഞ്ഞു. ഭാവിയിൽ മറ്റു സംസ്ഥാനങ്ങളും ഈ മാർഗത്തിലേക്കു തിരിയും. മാളുകളിലും സൂപ്പർമാർക്കറ്റുകളിലും തിയറ്ററുകളിലുമൊക്കെ കവാടം അണുനാശക തുരങ്കമായി മാറാൻ അധികകാലം വേണ്ടിവരില്ലെന്നാണു കണക്കുകൂട്ടൽ.

കൈകഴുകാൻ മറക്കരുത്

തുരങ്കത്തിലൂടെ കയറിയതുകൊണ്ടു മാത്രമായില്ലെന്ന് ഓർമിപ്പിക്കുന്നു ആരോഗ്യ വിദഗ്ധർ. കൈകഴുകലും മാസ്ക് ധരിക്കലും സാമൂഹിക അകലം പാലിക്കലുമൊക്കെ തുടരുക തന്നെ വേണം. സോഡിയം ഹൈപ്പോക്ലോറൈറ്റ് കണ്ണിൽ വീഴുന്നതും ഒഴിവാക്കണം. ഇതു ശരീരത്തിൽ പറ്റിയാൽ ചിലർക്ക് അലർജിയുമുണ്ടാകാം.

നോർത്ത് റെയിൽവേ സ്റ്റേഷന് സമീപം അഗതികൾക്ക് പൊലീസുകാരൻ പഴം നൽകുന്നു.

# എട്ട് വിദേശികളെയും കേരളം രക്ഷിച്ചു

തിരുവനന്തപുരം: കൊവിഡ് 19 ബാധിച്ച് അതീവ ഗുരുതരാവസ്ഥയില്ലുള്ളവരുൾപ്പെടെഎട്ട് വിദേശികളുടേയും ജീവൻ രക്ഷിച്ച് കേരളം. എറണാകുളം ജില്ലയിൽ ചികിത്സയിൽ കഴിഞ്ഞ നാലുപേരുടെ പരിശോധനാ ഫലം കഴിഞ്ഞ ദിവസം നെഗറ്റീവായതോടെയാണ് എല്ലാവരും രോഗമുക്തി നേടിയത്.

ഇറ്റലിയിൽ നിന്നുള്ള റോബർട്ടോ ടൊണോസോ (57), യുകെയിൽ നിന്നുള്ള ലാൻസൺ (76), എലിസബത്ത് ലാൻസ് (76), ബ്രയാൻ നെയിൽ (57), ജാനറ്റ് ലൈ (83), സ്റ്റീവൻ ഹാൻകോക്ക് (61), ആനി വിൽസൺ (61), ജാൻ ജാക്സൺ (63) എന്നിവരാണ് രോഗമുക്തി നേടി സന്തോഷത്തോടെ സ്വദേശത്തേക്ക് പോകാനൊരുങ്ങുന്നത്. രോഗം കുറഞ്ഞതിനെ തുടർന്ന് ഇവരിൽ അവസാനത്തെ നാല് രോഗികളെ അവസാന ദിവസങ്ങളിൽ അവരുടെ നിർദേശ പ്രകാരം കൊച്ചിയിലെ ഒരു സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സ്വന്തം രാജ്യത്ത് ലഭിക്കുന്നതിനേക്കാൾ മികച്ച ചികിത്സ കേരളത്തിൽ നിന്നും ലഭിച്ചുവെന്നാണ് ഇവർ പറയുന്നത്. കേരളത്തിന് അഭിമാനകരമായ പ്രവർത്തനം നടത്തിയ തിരുവനന്തപുരം, എറണാകുളം മെഡിക്കൽ കോളേജുകളിലെ മുഴുവൻ ആരോഗ്യ പ്രവർത്തകരേയും ആരോഗ്യ മന്ത്രി കെ.കെ. ശൈലജ അഭിനന്ദിച്ചു.

അറുപതിന് മുകളിലുള്ളവരെ ലോകത്തുതന്നെ ഹൈ റിസ്ക് വിഭാഗത്തിൽ പെടുത്തുമ്പോഴാണ് ഇത്രയേറെ പേരെ അതും വിദേശ പൗരന്മാരെ മികച്ച ചികിത്സയിലൂടെ ജീവൻ രക്ഷിച്ചെടുത്തത്. റോബർട്ടോ ടൊണോയ്ക്ക് തിരുവനന്തപുരം മെഡിക്കൽ കോളെജിലും ബാക്കിയുള്ളവർക്ക് എറണാകുളം മെഡിക്കൽ കോളെജിലുമാണ് ചികിത്സ നൽകിയത്. ഇവരിൽ ഹൈ റിസ്കിലുള്ള എല്ലാവരും എറണാകുളം സർക്കാർ മെഡിക്കൽ കോളെജിൽ ചികിത്സയിലായിരുന്നു. ഇതുകൂടാതെയാണ് അതീവ ഗുരുതരാവസ്ഥയിലായിരുന്ന 57 വയസുള്ള യുകെ പൗരനായ ബ്രയാൻ നെയിലിനെ പ്രത്യേക ചികിത്സയിലൂടെ രോഗം ഭേദമാക്കിയത്.

മാർച്ച് 13ന് വർക്കലയിൽ നിന്നാണ് ഒരു വിദേശിക്ക് ആദ്യമായി കേരളത്തിൽ രോഗം സ്ഥിരീകരിച്ചത്. ഇറ്റലി സ്വദേശി റോബർട്ടോ ടൊണോസോയെ ഉടൻ തന്നെ തിരുവനന്തപുരം മെഡിക്കൽ കോളെജ് ഐസൊലേഷൻ വാർഡിൽ പ്രവേശിപ്പിച്ചു. ഇദ്ദേഹത്തിന്റെ സഞ്ചാരപാത കണ്ടെത്തുകയും അവരെ നിരീക്ഷണത്തിലാക്കി. ഇദ്ദേഹത്തെ ഹോട്ടലിൽ താമസിപ്പിച്ചാൽ വീണ്ടും പുറത്തുപോകാൻ സാധ്യതയുള്ളതിനാൽ നെടുമങ്ങാട് ജില്ലാ ആശുപത്രിയിലെ പ്രത്യേക മുറിയിൽ നിരീക്ഷണത്തിക്കി.

കൊവിഡ് രോഗബാധയെ തുടർന്ന് മൂന്നാറിൽ നിരീക്ഷണത്തിൽ കഴിഞ്ഞിരുന്ന ബ്രിട്ടീഷ് പൗരനായ ബ്രയാൻ നെയിൽ അടങ്ങിയ 19 അംഗ സംഘം മാർച്ച് 15ന് വിമാനത്തിൽ കയറി പോകാൻ ശ്രമിച്ചിരുന്നു. ബ്രയാനെ എറണാകുളം മെഡിക്കൽ കോളെജിൽ പ്രവേശിപ്പിക്കുകയും മറ്റുള്ളവരെ നിരീക്ഷണത്തിലാക്കുകയും ചെയ്തു. തുടർന്ന് ബ്രയാൻ ഉൾപ്പെടെ ഏഴുപേർക്ക് രോഗം സ്ഥിരീകരിച്ചു. ഏറ്റവും ഗുരുതരാവസ്ഥയിലായിരുന്നു 57 വയസുള്ള ബ്രയാൻ. എച്ച്ഐവിക്ക് ഉപയോഗിക്കുന്ന പ്രത്യേക ചികിത്സയിലൂടെ ഇദ്ദേഹത്തിന്റെ രണ്ട് സാംപിളുകളും നെഗറ്റീവ് ആകുകയും ഡിസ്ചാർജ് ചെയ്യുകയും ചെയ്തു. ഇതുകൂടാതെയാണ് 76 വയസുള്ള രണ്ട് പേരേയും 83 വയസുള്ള ഒരാളേയും ചികിത്സിച്ച് ഭേദമാക്കിയത്.

# ധാരാവിക്കു പ്രത്യേക പദ്ധതി, മുംബൈ രോഗത്തോടു പൊരുതുന്നു

മുംബൈ: ഏഷ്യയിലെ ഏറ്റവും വലിയ ചേരിയായ ധാരാവിയിലെ കൊവിഡ് രോഗവ്യാപനം തടയാൻ പ്രത്യേക പദ്ധതിയുമായി സംസ്ഥാന സർക്കാർ. എല്ലാ വീടുകളിലും കയറിയിറങ്ങി പരിശോധന നടത്തുന്നതടക്കമുള്ള പദ്ധതിയാണു തയാറായിരിക്കുന്നത്. 150 ഡോക്റ്റർമാരുടെ സഹായത്തോടെ മഹാരാഷ്ട്ര മെഡിക്കൽ കൗൺസിൽ പദ്ധതിക്കു മേൽനോട്ടം വഹിക്കും. മുംബൈ മുനിസിപ്പൽ കോർപ്പറേഷൻ ജീവനക്കാരും സഹായത്തിനുണ്ടാവും.

പഴുതടച്ചുള്ള പ്രവർത്തനങ്ങൾ നടത്തിയില്ലെങ്കിൽ അതീവ ഗുരുതരമായ സാഹചര്യമാവും നേരിടേണ്ടിവരുകയെന്ന് സർക്കാരിനും ആരോഗ്യ മേഖലയ്ക്കും ബോധ്യമായിട്ടുണ്ട്. ഇന്നലെ തുടർച്ചയായി രണ്ടാം ദിവസവും ധാരാവിയിൽ കൊവിഡ് മരണമുണ്ടായി. കല്യാൺവാഡിയിൽ നിന്നുള്ള എഴുപതുകാരിയാണു മരിച്ചത്. ഒരാഴ്ചക്കിടെ ധാരാവിയിലെ മൂന്നാമത്തെ കൊവിഡ് മരണമാണിത്. ഒരു ഡസനിലേറെ പേർക്ക് രോഗം സ്ഥിരീകരിച്ചിട്ടുണ്ട്. ഇവരുമായി നേരിട്ടു സമ്പർക്കം പുലർത്തിയവരെ രാജീവ് ഗാന്ധി സ്പോർട്സ് കോംപ്ലക്സിൽ ക്വാറന്റൈൻ ചെയ്തിട്ടുണ്ടെന്ന് അധികൃതർ പറയുന്നു.

കൊവിഡ് ബാധയിൽ രാജ്യത്ത് ഒന്നാം സ്ഥാനത്തു നിൽക്കുന്ന മഹാരാഷ്ട്രയിൽ ഇന്നലെ രാവിലെ 162 പുതിയ കേസുകൾ കൂടി സ്ഥിരീകരിച്ചു. ഒരു ദിവസം ഉണ്ടാകുന്ന ഏറ്റവും വലിയ വർധനയാണിത്. ഇതോടെ സംസ്ഥാനത്തെ കൊവിഡ് രോഗികൾ 1297 ആയി ഉയർന്നു.

പുതിയ കേസുകളിൽ 143ഉം മുംബൈയിലാണ്. കല്യാൺ-ഡോംബിവിലിയിൽ നാലും പൂനെയിലും ഔറംഗാബാദിലും മൂന്നു വീതവും പുതിയ രോഗികളുണ്ട്. പൂനെയിൽ മൂന്നു പേർ കൂടി രോഗം ബാധിച്ചു മരിച്ചു. ഇതോടെ പൂനെയിൽ മാത്രം മരണം ഇരുപത്തൊന്നായി. ബുധനാഴ്ച വരെ സംസ്ഥാനത്ത് 72 മരണങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു.

മുംബൈയിൽ കൊറോണ ബാധിതരുമായി ബന്ധം പുലർത്തിയവരെ നിരീക്ഷിക്കുക വലിയ ദൗത്യമായിരിക്കുകയാണ്. വോർളിയിലെ നാഷണൽ സ്പോർട്സ് ക്ലബ് സ്റ്റേഡിയം നിരീക്ഷണത്തിന് സജ്ജമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൊറോണ ഹോട്ട്സ്പോട്ടായ വോർളി കോലിവാഡയ്ക്ക് അടുത്താണ് ഈ സ്റ്റേഡിയം. പ്രത്യേക കൊവിഡ് നിരീക്ഷണ സോണാക്കി ഇതിനെ മാറ്റും. മുംബൈയിൽ മാത്രം എണ്ണൂറോളം കൊറോണ കേസുകളുണ്ട്. നാൽപ്പതിലേറെ മരണങ്ങളും ഇവിടെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മുംബൈയിലെ മൂന്ന് ആശുപത്രികൾ കൊറോണ ചികിത്സയ്ക്കുള്ള സെന്ററുകളാക്കി മാറ്റി. രാജേശ്വരി ട്രൂമ കെയർ ഹോസ്പിറ്റൽ, രാജവാഡി ഹോസ്പിറ്റൽ, കുർള ഭാഭ ഹോസ്പിറ്റൽ എന്നിവയാണിവ.

## ട്രെയ്ൻ സർവീസ് 15ന് തുടങ്ങില്ല: റെയ്ൽവേ

ന്യൂഡൽഹി: ഈ മാസം പതിനഞ്ചോടെ ട്രെയ്ൻ സർവീസ് പുനഃരാരംഭിക്കുമെന്ന വാർത്തകൾ തള്ളി ഇന്ത്യൻ റെയ്ൽവേ. ഇതിനു വേണ്ടി കർമപദ്ധതി തയാറാക്കിയെന്ന റിപ്പോർട്ടുകളും റെയ്ൽ അധികൃതർ തള്ളി. അടച്ചുപൂട്ടൽ 14-ന് അവസാനിക്കുന്നതോടെ ട്രെയ്ൻസർവീസുകൾ പുനഃസ്ഥാപിക്കുമെന്നായിരുന്നു ചില മാധ്യമങ്ങളുടെ റിപ്പോർട്ട്.

സർവീസുകൾ പുനഃസ്ഥാപിച്ചാൽ പുതിയ പ്രോട്ടോകോൾ പ്രകാരമാണ് യാത്ര ചെയ്യേണ്ടതെന്ന വാർത്തകളും റെയ്ൽ അധികൃതർ തള്ളി.

15ന് സർവീസ് പുനരാരംഭിക്കുമ്പോൾ യാത്രക്കാർ ട്രെയ്ൻ പുറപ്പെടുന്നതിന് നാല് മണിക്കൂർ മുൻപേ സ്റ്റേഷനിലെത്തണം, തെർമൽ സ്ക്രീനിങ്ങിനു ശേഷമേ മാത്രമേ ട്രെയ്നിൽ യാത്ര ചെയ്യാൻ അനുവദിക്കൂ എന്നിങ്ങനെയായിരുന്നു റിപ്പോർട്ട്. എന്നാൽ, ഇവയെല്ലാം വസ്തുതാ വിരുദ്ധമാണെന്നും യാത്രയുടെ മാനദണ്ഡങ്ങളെക്കുറിച്ച് തെറ്റിദ്ധാരണ പരത്തുന്നത് അപകടമാണെന്നും റെയ്ൽവേ അറിയിച്ചു.

## ബോറിസ് ജോൺസന്റെ നില മെച്ചപ്പെടുന്നു

ലണ്ടൻ: കൊവിഡ് 19 ബാധിച്ചതിനെത്തുടർന്നു തീവ്രപരിചര വിഭാഗത്തിൽ കഴിയുന്ന ബ്രിട്ടിഷ് പ്രധാനമന്ത്രി ബോറിസ് ജോൺസന്റെ നില മെച്ചപ്പെട്ടതായി ആശുപത്രി അധികൃതർ. നാലു ദിവസമായി ലണ്ടനിലെ സെന്റ് തോമസ് ആശുപത്രിയിൽ ചികിത്സയിലാണ് അമ്പത്തഞ്ചുകാരൻ ജോൺസൺ. സാധാരണ ശ്വസന സഹായി ഉപയോഗിച്ചാണു ശ്വസനം. എന്നാൽ, വെന്റിലേറ്റർ വേണ്ടിവന്നിട്ടില്ല. ന്യുമോണിയ ബാധിച്ചിട്ടില്ലെന്നും ആശുപത്രി അധികൃതർ.

### ഇന്ത്യ

രോഗബാധിതർ 5865
മരണം 169
ഭേദമായവർ 478

ആദ്യ 15 സംസ്ഥാനങ്ങൾ

| | | | |
|---|---|---|---|
| മഹാരാഷ്ട്ര | 1135 | മധ്യപ്രദേശ് | 229 |
| തമിഴ്നാട് | 738 | കർണാടകം | 181 |
| ഡൽഹി | 669 | ഗുജറാത്ത് | 179 |
| തെലങ്കാന | 427 | ഹരിയാന | 147 |
| യു പി | 361 | ജമ്മു കശ്മീർ | 158 |
| കേരളം | 345 | ബംഗാൾ | 103 |
| രാജസ്ഥാൻ | 381 | പഞ്ചാബ് | 101 |
| ആന്ധ്ര | 348 | | |

### ലോകം

രോഗബാധിതർ 15,36,094
മരണം 88,877
ഭേദമായവർ 3,40,176

യുഎസ്എ
രോഗബാധിതർ 4,35,167
മരണം 14,797

ഇറ്റലി
രോഗബാധിതർ 1,39,422
മരണം 17,669

# ഇത് താൻഡാ പൊലീസ്..!

## ഒറ്റക്കെട്ടായി 60,000 സേനാംഗങ്ങൾ

എ. പ്രേമാനന്ദ്

കൊച്ചി: ലോക്ക്ഡൗൺ പ്രഖ്യാപനം വന്ന് മണിക്കൂറുകൾ ആകുന്നതേയുള്ളൂ. അപ്പോഴേയ്ക്കും ആലുവയിലെ റൂറൽ ജില്ലാ പൊലീസ് മേധാവി കെ. കാർത്തിക്കിന്റെ ഔദ്യോഗിക മൊബൈൽ ഫോൺ നമ്പരിലേക്ക് ചെന്നൈയിൽ നിന്ന് ഒരു കോൾ. പരിഭ്രാന്തി കലർന്ന പുരുഷ ശബ്ദം: "സർ, ഞങ്ങൾ ചെന്നൈയിൽ സെറ്റിൽഡാണ്. ഭാര്യയുടെ മാതാപിതാക്കൾ തൃപ്പൂണിത്തുറയിൽ ഫ്ലാറ്റിൽ തനിച്ചാണ് താമസം. ലോക്ക്ഡൗൺ തുടങ്ങുന്നതോടെ സെർവന്റിന് വരാൻ പറ്റില്ല. അമ്മായിയപ്പന് 90 വയസുണ്ട്. അമ്മയ്ക്ക് 87. അവർക്ക് ഭക്ഷണം എത്തിച്ചു കൊടുക്കാൻ സഹായിക്കണം..." എറണാകുളം സിറ്റി പൊലീസ് കമ്മിഷണറുടെ പരിധിയിലാണ് തൃപ്പൂണിത്തുറയെങ്കിലും വേണ്ടത് ചെയ്യാമെന്ന് കാർത്തിക് ആശ്വസിപ്പിച്ചു. വിവരങ്ങൾ സിറ്റി ഡെപ്യൂട്ടി കമ്മിഷണർ പൂങ്കുഴലിക്ക് കൈമാറി.

ആ ഫോൺ കോൾ സംസ്ഥാന പൊലീസ് സേനയ്ക്കുള്ള ഉണർത്തുപാട്ടായിരുന്നു. ലോക്ക്ഡൗണിൽ ഒറ്റപ്പെട്ടു പോകുന്ന പ്രായമായവരും അഗതികളും തെരുവിന്റെ മക്കളും പൊലീസിന് മുന്നിൽ വലിയൊരു ചോദ്യചിഹ്നമായി. ക്രമസമാധാനപാലനം മാത്രമല്ല ചുമതലകളെന്നു സേന തിരിച്ചറിഞ്ഞ നിമിഷം. രണ്ടാഴ്ചയിലേറെയായി കാർത്തിക്കിനെ പോലെയുള്ള ഐപിഎസുകാരും താഴേത്തട്ടിലുള്ള സിവിൽ പൊലീസ് ഓഫിസർമാരും (സിപിഒ) ഉൾപ്പെടെ പതിനായിരക്കണക്കിനു പൊലീസുകാർ 24 മണിക്കൂറും സേവനനിരതരായി നിരത്തുകളിലുണ്ട്. എഎസ്ഐമാരും എസ്ഐമാരും സിഐമാരും ഡിവൈഎസ്പിമാരും റാങ്കും നക്ഷത്രങ്ങളും നോക്കാതെ കൈകോർത്ത്, ഒറ്റമനസോടെ കർത്തവ്യത്തിലാണ്. ആംഡ് റിസർവ് ക്യാംപുകളിലേതുൾപ്പെടെ അറുപതിനായിരമാണു സംസ്ഥാന പൊലീസ് സേനയുടെ അംഗസംഖ്യ. എല്ലാവരും കൊവിഡ് ഡ്യൂട്ടിയിൽ.

മക്കളും ബന്ധുക്കളും നോക്കാനില്ലാതെ വീടുകളിൽ ഒറ്റപ്പെട്ടു പോയ വൃദ്ധർക്കും ശാരീരിക അവശത നേരിടുന്നവർക്കും തെരുവോരങ്ങളിൽ അലഞ്ഞു തിരിയുന്നവർക്കും ഭക്ഷണം എത്തിച്ചു കൊടുക്കുന്നതാണു പൊലീസ് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. പൊലീസിന്റെ ചുമതലയല്ലാതിരുന്നിട്ടു പോലും വിശപ്പിന്റെ വിളി കണ്ടില്ലെന്നു നടിക്കാൻ അവർക്കു സാധിച്ചില്ല. ലോക്ക്ഡൗണിന്റെ ആദ്യദിനങ്ങളിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അഗതികൾക്ക് സാമൂഹ്യ-സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ഭക്ഷണം എത്തിച്ചതു പൊലീസാണ്. സർക്കാർ പോലും സമൂഹ അടുക്കളകൾ തുടങ്ങിയതു ദിവസങ്ങൾ കഴിഞ്ഞാണ്. ഇതര സംസ്ഥാന തൊഴിലാളികളെ സഹായിക്കാനും ലോക്കൽ പൊലീസ് സജീവമായി രംഗത്തുണ്ട്. ദീർഘദൂര ട്രക്കുകൾ രാവിലെയും ഉച്ചയ്ക്കും വൈകിട്ടും തടഞ്ഞു നിർത്തി ഡ്രൈവർമാരോട് ഭക്ഷണം കഴിച്ചോ എന്നന്വേഷിക്കുന്ന പൊലീസുകാരെപ്പറ്റി കേരളത്തിനു പുറത്തും പെരുമ.

*എസ്പി കാർത്തിക് ഭക്ഷണം വിതരണം ചെയ്യുന്നു*

" പൊലീസ് ഓഫിസേഴ്സ് എന്നതിനപ്പുറം ജീവിതത്തിൽ ചില കാര്യങ്ങളുണ്ട്"- ജില്ലാ പൊലീസ് മേധാവി കാർത്തിക് സാധാരണക്കാരന്റെ ഭാഷയിൽ പറയുന്നതിൽ കാര്യങ്ങളുണ്ട്: "മനുഷ്യരാശി വലിയൊരു പ്രതിസന്ധി നേരിടുകയാണ്. ഇതിനെ പൊലീസിങ് ആയി മാത്രം കാണാതെ ജീവൽ പ്രശ്നമായി കണ്ട് നമുക്ക് സാധിക്കാവുന്നതിന്റെ പരമാവധി ചെയ്യണം..". എല്ലാ പൊലീസ് ഉദ്യോഗസ്ഥരുടെയും ഫോണുകളിൽ ദിവസവും സഹായമഭ്യർഥിച്ചു കോളുകൾ വരുന്നുണ്ട്. ചിലർക്ക് ഭക്ഷണം, മറ്റു ചിലർക്ക് വൈദ്യസഹായം, കുടിവെള്ളം, വളർത്തുമൃഗങ്ങൾക്ക് ഭക്ഷണം, ഇതര ദേശങ്ങളിൽ കുടുങ്ങിപ്പോയ ഉറ്റവർക്ക് എപ്പോൾ തിരിച്ചെത്താൻ സാധിക്കുമെന്ന് അറിയാൻ അന്വേഷണം, ചുറ്റുവട്ടത്തുള്ള ആർക്കെങ്കിലും കൊറോണയുണ്ടോ എന്നറിയാൻ ആകാംഷ....

ലോക്ക്ഡൗണിൽ അനാവശ്യമായി പുറത്തിറങ്ങുന്നവരെ പിന്തിരിപ്പിക്കുന്നതും ആൾക്കാർ ഒത്തുകൂടുന്നത് തടയുന്നതും ഉൾപ്പെടെ ശ്രമകരമായ ജോലിയാണ് പൊലീസ് അഭിമുഖീകരിക്കുന്നത്. ഇതോടൊപ്പമാണ് സാമൂഹിക സേവനം. ഇതിനിടെ രോഗം സ്വയം ബാധിക്കാതെ നോക്കേണ്ട ബാധ്യതയുമുണ്ട്. ഇതിനനുസൃതമായി കൊവിഡ് കാലയളവിൽ സംസ്ഥാന വ്യാപകമായി പൊലീസുകാരുടെ ജോലി സമയം മൂന്നായി ക്രമീകരിച്ചു. രാവിലെ ആറു മുതൽ പകൽ ഒന്നു വരെ, ഒന്നു മുതൽ രാത്രി ഒൻപതു വരെ. വൈകിട്ട് ആറു മുതൽ രാവിലെ രാവിലെ ആറുവരെ നൈറ്റ് പെട്രോളിങ്. എല്ലാ പ്രധാന നിരത്തുകളിലും ജംക്ഷനുകളിലും പൊലീസ് സാന്നിധ്യം ഉറപ്പാക്കിയിട്ടുണ്ട്.

പൊലീസുകാർക്ക് സ്വയം പ്രതിരോധത്തിന് ആവശ്യമായ മാസ്കുകളും സാനിറ്റൈസറുകളും സർക്കാർ തലത്തിൽ നിന്ന് ആവശ്യത്തിനു ലഭ്യമാക്കുന്നില്ല. വ്യക്തികളും സംഘടനകളുമാണ് ഇവിടെ സഹായഹസ്തവുമായി എത്തിയത്. പൊലീസിന്റെ സേവനങ്ങൾക്ക് പൊതുജനങ്ങളിൽ നിന്നു വലിയ പിന്തുണയും പ്രതികരണവും കിട്ടുന്നതായി എറണാകുളം സിറ്റിയിൽ ഏറ്റവും തിരക്കുള്ള നോർത്ത് കസബ സ്റ്റേഷനിലെ പ്രിൻസിപ്പൽ എസ്ഐ അനസ് പറയുന്നതു വെറുതെയല്ല. പലയിടത്തും ഡ്യൂട്ടിയിലുള്ള പൊലീസുകാർക്ക് സമീപ വീടുകളിലെ താമസക്കാരാണ് അവർ ആവശ്യപ്പെടാതെ തന്നെ ഭക്ഷണം എത്തിച്ചു കൊടുക്കുന്നത്.

കേരള പൊലീസിന്റെ പ്രവർത്തനങ്ങൾക്ക് അർഹിക്കുന്ന അംഗീകാരം കിട്ടിത്തുടങ്ങിയിട്ടുണ്ട്. കൊവിഡിനെ പിടിച്ചു കെട്ടാൻ സമൂഹമാധ്യമങ്ങളിൽ പൊലീസ് പോസ്റ്റ് ചെയ്ത ബോധവത്കരണ സംഗീതദൃശ്യം രാജ്യാന്തരതലത്തിൽ ശ്രദ്ധ നേടി. വ്യക്തിശുചിത്വത്തിന്റെ പ്രാധാന്യം വിളിച്ചോതുന്ന ഒരു പറ്റം പൊലീസുകാരുടെ ദൃശ്യവിഷ്കരണമാണിത്. 'തുരത്തണം കൊറോണയെ' എന്ന് വനിതാ സിവിൽ പൊലീസ് ഓഫിസറും സഹപ്രവർത്തകരും ആലപിച്ച ഗാനവും ഹിറ്റായി. പൊലീസിന്റെ ഔദ്യോഗിക ഫെയ്സ്ബുക്കും വളരെ സജീവമായി രംഗത്തുണ്ട്. ലാത്തിയടിയും ലോക്കപ്പ് മർദനവും ഹെൽമറ്റ് വേട്ടയിലെ അതിക്രമങ്ങളും പൊലീസിന് നൽകിയ ദുഷ്പേര് കൊറോണ മാറ്റുകയാണ്..!

## തത്കാലം രാഷ്ട്രീയം വേണ്ട; ട്രംപിനോട് ലോകാരോഗ്യ സംഘടന

ജനീവ: കൊവിഡ് വ്യാപനം ലോകത്തെ ഭീതിയിലാഴ്ത്തിയിരിക്കെ രാഷ്ട്രീയക്കളി വേണ്ടെന്ന് യുഎസിനോടു ലോകാരോഗ്യ സംഘടന. സംഘടനയ്ക്കെതിരേ യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് നടത്തിയ വിമർശനമാണു പ്രതികരണത്തിന് അടിസ്ഥാനം.

ലോകാരോഗ്യ സംഘടനയ്ക്ക് ആരോടും പ്രത്യേക താത്പര്യങ്ങൾ ഇല്ല. എല്ലാ രാജ്യങ്ങളും ഒരുപോലെയാണ്, ദേശീയ- അന്തർദേശിയ തലങ്ങളിൽ ഒരുമയും ഐക്യപ്പെടലുമെല്ലാം വേണ്ട സമയമാണിത്, മറ്റ് രാഷ്ട്രീയക്കളികളെ നമുക്ക് തത്കാലം ക്വാറന്റൈൻ ചെയ്യാം- സംഘടനാ ഡയറക്റ്റർ ജനറൽ ടെഡ്റോസ് അധാനോം ഗബ്രിയൂസസ് പറഞ്ഞു.

ലോകാരോഗ്യ സംഘടനയ്ക്ക് ചൈനയോട് പ്രത്യേക താത്പര്യമുണ്ടെന്ന് കഴിഞ്ഞദിവസം ട്രംപ് ആരോപിച്ചിരുന്നു.

അതേസമയം, യുഎസ് പ്രസിഡന്റ് നിലപാടിൽ ഉറച്ചുനിൽക്കുകയാണ്. ചൈനയോടു സംഘടനയ്ക്കുള്ള താത്പര്യത്തെക്കുറിച്ചു പരിശോധന തുടരുകയാണെന്നും കൃത്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ സംഘടനയ്ക്ക് എല്ലാ വർഷവും നൽകുന്ന ഫണ്ട് സംബന്ധിച്ചു തീരുമാനമെടുക്കുമെന്നും ട്രംപ്. 5.8 കോടി ഡോളറാണ് പ്രതിവർഷം യുഎസ് ലോകാരോഗ്യ സംഘടനയ്ക്കു നൽകുന്നത്. വിദേശകാര്യ സെക്രട്ടറി മൈക്ക് പോംപിയോയും ഇതേ അഭിപ്രായമാണ് പങ്കുവച്ചത്. കാര്യങ്ങളേക്കുറിച്ച് വ്യക്തമായി പഠിക്കുമെന്നും ഇനി ഫണ്ട് നൽകേണ്ടെന്നാണ് ഇപ്പോഴത്തെ തീരുമാനമെന്നും പോംപിയോ.

## കർണാടക മന്ത്രിമാർ 30 ശതമാനം ശമ്പളം നൽകും

ബംഗളൂരു: കർണാടകയിലെ മുഴുവൻ മന്ത്രിമാരും എംഎൽഎമാരും ശമ്പളത്തിന്റെയും ബത്തകളുടെയും 30 ശതമാനം തുക ഒരു വർഷത്തേക്ക് കൊവിഡ് 19 പ്രതിരോധ ഫണ്ടിലേക്കു നൽകും.

ഇതു സംബന്ധിച്ച ഓർഡിനൻസ് മന്ത്രിസഭ അംഗീകരിച്ചതായി മുഖ്യമന്ത്രി ബി.എസ്. യെദിയൂരപ്പ അറിയിച്ചു. ഏപ്രിൽ ഒന്നു മുതലാണിതിനു പ്രാബല്യം. 15.36 കോടി രൂപ ഈയിനത്തിൽ ശേഖരിക്കാനാവുമെന്ന് പാർലമെന്ററികാര്യ മന്ത്രി ജെ.സി. മധുസ്വാമി. മുഖ്യമന്ത്രി യെദിയൂരപ്പ നേരത്തേ രണ്ടുവർഷത്തെ ശമ്പളം പൂർണമായി കൊവിഡ് ഫണ്ടിലേക്കു നൽകിയിരുന്നു.

## ആപത്തിൽ ഉപേക്ഷിക്കുന്നത് സംസ്കാരമല്ല: അരുൺജിത്ത്

വുഹാൻ: "ഒരു പ്രതിസന്ധി ഉണ്ടാകുമ്പോൾ എല്ലാം ഇട്ടെറിഞ്ഞുപോകുന്നതല്ല നല്ല രീതി. അതല്ല നമ്മുടെ സംസ്കാരം. അന്ന് ഞാൻ നാട്ടിൽ വന്നിരുന്നെങ്കിൽ അൻപതു വയസിലേറെ പ്രായമുള്ള മാതാപിതാക്കൾ, എന്റെ ഭാര്യ, മകൻ, അടുത്ത ബന്ധുക്കൾ, നാട്ടുകാർ എന്നിവരൊക്കെ വലിയ കുഴപ്പത്തിലാകുമായിരുന്നു. അവരെ ഓർത്തപ്പോൾ ഇവിടെ നിൽക്കുന്നതാണു നല്ലതെന്നു തോന്നി. 76 ദിവസത്തെ ഏകാന്ത വാസത്തിനു ശേഷം ഇന്നലെയാണു പുറത്തിറങ്ങിയത്. ഇതുവരെ ഒരു ഒറ്റമുറിക്കുള്ളിൽ തനിച്ചു താമസിച്ചു. ഇത്രയും ദിവസം ഒരാളോടു പോലും മിണ്ടാൻ പറ്റിയില്ല. എല്ലാവരും ക്വാറന്റൈനിൽ സ്വയം ഒറ്റപ്പെട്ടു കഴിയുകയായിരുന്നു. അതുകൊണ്ട് സംസാരിക്കാനാണ് ഇപ്പോൾ ഏറെ വിഷമിക്കുന്നത്." കൊവിഡ് 19 വ്യാപനത്തിന്റെ പ്രഭവകേന്ദ്രമെന്നു കരുതുന്ന ചൈനയിലെ വുഹാനിൽ താമസിക്കുന്ന മലയാളി ആരുൺജിത്ത് ടി. സത്രജിത്ത് തന്റെ അനുഭവങ്ങൾ വാർത്താ ഏജൻസിയായ പിടിഐയോടു പങ്കുവച്ചു.

വുഹാനിൽ ഹൈഡ്രോളജിസ്റ്റായിരുന്നു അരുൺജിത്. ഇപ്പോൾ സർക്കാർ വകുപ്പിൽ മൈക്രോളജിസ്റ്റ്. കൊവിഡ് വ്യാപനത്തെത്തുടർന്ന് പൂർണമായും ലോക്ക് ഡൗണിലായ വുഹാനിൽ കുടുങ്ങിപ്പോയ അപൂർവം ഇന്ത്യക്കാരിൽ ഒരാൾ. ഒരുപക്ഷേ, ഏക മലയാളി. അവിടെ നിന്നു കേരളത്തിൽ തിരിച്ചെത്തിയ മൂന്ന് മെഡിക്കൽ വിദ്യാർഥികളിലാണ് ഇന്ത്യയിൽ ആദ്യമായി കൊവിഡ് 19 സ്ഥിരീകരിക്കപ്പെട്ടത്. പിന്നീട് ആയിരക്കണക്കിന് ഇന്ത്യക്കാർ ചൈനയിൽ നിന്നു രക്ഷപ്പെട്ടു. വുഹാനിൽ എഴുനൂറോളം പേർ കുടങ്ങി. ഇവരെ പിന്നീട് എയർ ഇന്ത്യയുടെ പ്രത്യേക വിമാനത്തിൽ ഡൽഹിയിലെത്തിച്ചു. അവർക്കൊപ്പം നാട്ടിലേക്കു തിരിക്കാൻ അരുൺജിത്തിനും അവസരം കിട്ടിയതായിരുന്നു. പക്ഷേ, അദ്ദേഹം അതു വേണ്ടെന്നു വച്ചു.

അങ്ങനെ ചിന്തിക്കാൻ രണ്ടായിരുന്നു കാരണങ്ങളെന്ന് ഈ യുവാവ് പറയുന്നു. ഒന്ന്: കൊവിഡിന്റെ പ്രത്യേകതയും അപകടവും നന്നായി മനസിലാക്കിയിരുന്നു. കൊവിഡ് ബാധിത പ്രദേശത്തു നിന്നു വരുന്നവർക്കു രോഗലക്ഷണമില്ലെങ്കിൽപ്പോലും രോഗം പടർത്താൻ കഴിയും. പരിപൂർണമായ ലോക്ക് ഡൗൺ മാത്രമാണു രോഗവ്യാപനം തടയാനുള്ള ഏകവഴി. രണ്ട്: വ്യക്തികൾ ക്വാറന്റൈനിലേക്കു നിർബന്ധമായും മാറണണം. സോഷ്യൽ ഡിസ്റ്റൻസിങ്ങിലൂടെ സ്വയം ഒറ്റപ്പെടുകയല്ലാതെ വേറേ നിവൃത്തിയില്ല. ചൈനയിൽ പൊതുവിലും വുഹാനിൽ പ്രത്യേകിച്ചും വളരെ കർശനമായി ഇതു നടപ്പാക്കി. അതുകൊണ്ടാണ് രോഗം പൊട്ടിപ്പുറപ്പെട്ടെങ്കിലും ചൈനയക്ക് വളരെ വേഗത്തിൽ അതിജീവിക്കാൻ കഴിഞ്ഞത്.

# മുപ്പതുകൾക്കു ശേഷമുള്ള ഏറ്റവും വലിയ മാന്ദ്യം വരുന്നു: ഐഎംഎഫ്

വാഷിങ്ടൺ: 1930കൾക്കു ശേഷമുള്ള ഏറ്റവും കടുത്ത സാമ്പത്തിക മാന്ദ്യമാണ് ഈ വർഷം ലോകത്തുണ്ടാവുകയെന്ന് ഐഎംഎഫ്. 170ൽ ഏറെ രാജ്യങ്ങളിൽ നെഗറ്റീവ് വളർച്ചയായിരിക്കും. കൊവിഡ് വൈറസ് അത്രയേറെ വിനാശകരമാവും- ഐഎംഎഫ് മാനെജിങ് ഡയറക്റ്റർ ക്രിസ്റ്റലീന ജോർജീവ പറഞ്ഞു.

താരതമ്യമില്ലാത്ത പ്രതിസന്ധിയിലാണ് ഇന്നു ലോകം. സാമൂഹിക, സാമ്പത്തിക ക്രമം കൊവിഡ് മിന്നൽ വേഗത്തിൽ തകർക്കുന്നു. ഓർമയിലില്ലാത്ത തോതിലാണു നാശനഷ്ടങ്ങൾ. വൈറസ് നിരവധി പേരുടെ ജീവനെടുക്കുന്നു. രോഗവ്യാപനം തടയാൻ ലോക്ഡൗൺ മാത്രമാണു മാർഗം. ഏതാനും ആഴ്ചകൾക്കു മുൻപ് സാധാരണ രീതിയിൽ നടന്നിരുന്ന പ്രവർത്തനങ്ങളൊക്കെ നിലച്ചു. അസാധാരണ അനിശ്ചിതത്വമാണിപ്പോൾ. ആഗോള സാമ്പത്തിക വളർച്ച തലകുത്തി വീഴുമെന്ന് ഉറപ്പാണ്- അവർ പറഞ്ഞു.

1929ൽ അമെരിക്കയിൽ തുടങ്ങി ലോകവ്യാപകമായ മഹാമാന്ദ്യം പത്തു വർഷത്തോളം നീണ്ടു നിന്നിരുന്നു. അതിനു തുല്യമായ സാഹചര്യം ഉരുത്തിരിയുന്നു എന്നാണ് ഐഎംഎഫ് കരുതുന്നത്. വൈറസിനെ തടയാൻ സാമ്പത്തിക രംഗം നോക്കാതെ പ്രവർത്തിച്ചേ തീരൂ.

സ്വയം തൊഴിൽ കണ്ടെത്തിയവരും ചെറുകിട- ഇടത്തരം വ്യവസായങ്ങളിൽ ജോലിചെയ്യുന്നവരുമാണ് ലോകത്തെ ജോലിക്കാരിൽ ഏറെയും. ഈ ബിസിനസുകാരും ജീവനക്കാരും വലിയ പ്രതിസന്ധിയിലാവും. ആഫ്രിക്ക, ലാറ്റിൻ അമെരിക്ക, ഏഷ്യയിലെ പല രാജ്യങ്ങൾ ഉയർന്ന റിസ്ക്കിലാണ്. പലയിടത്തും മോശമായ ആരോഗ്യ രക്ഷാസംവിധാനങ്ങളാണുള്ളത്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന നഗരങ്ങളും ദാരിദ്ര്യം നിറഞ്ഞ ചേരികളും. അവിടെയൊക്കെ സാമൂഹിക അകലം പാലിക്കുന്നത് വലിയ പ്രശ്നമാവും. സാമ്പത്തിക പ്രതിസന്ധിയും അവരെ ഗുരുതരമായി ബാധിക്കും. പലരും താങ്ങാനാവാത്ത കടക്കെണിയിലാവും- അവർ അഭിപ്രായപ്പെട്ടു.

## ഹിന്ദു വയോധികരുടെ മൃതദേഹം ചുമലിലേറ്റി മുസ്‌ലിം സുഹൃത്തുക്കൾ

മാൾഡ, മുംബൈ: കൂട്ടം ചേരുന്നതിൽ നിന്നു മനുഷ്യരെ അകറ്റിയ കൊറോണക്കാലം മാനവികതയുടെ പുതിയ അധ്യായങ്ങൾ രചിച്ചപ്പോൾ ഹിന്ദുക്കളായ രണ്ടു പേരുടെ സംസ്കാരത്തിന് രാമനാമം ജപിച്ചു കൂടെ നിന്നതു മുസ്‌ലിംകളായ അയൽക്കാർ. പശ്ചിമ ബംഗാളിലെ മാൾഡയിലും മഹാരാഷ്ട്ര തലസ്ഥാനമായ മുംബൈയിലുമാണ് ആപത്തുകാലത്ത് മതമല്ല, അയൽബന്ധങ്ങൾ തന്നെയാണു തുണയെന്ന് വീണ്ടും തെളിയിച്ചത്. കഴിഞ്ഞദിവസം മുംബൈയിൽ കൊവിഡ് ബാധിച്ചു മരിച്ച മുസ്‌ലിം വയോധികന്റെ മൃതദേഹം സംസ്കരിക്കാൻ പള്ളി അധികൃതർ വിസമ്മതിച്ചപ്പോൾ സമീപത്തെ ഹിന്ദു ശ്മശാന അധികൃതർ ഏറ്റെടുത്തു സംസ്കരിച്ചിരുന്നു. ഇതിനു പിന്നാലെയാണു വീണ്ടും മതത്തിനപ്പുറമുള്ള മാനവികതയുടെ കഥകൾ.

പശ്ചിമ ബംഗാളിലെ മാൾഡ സ്വദേശി ബിനയ് സാഹയുടെയും ബാന്ദ്രയിലെ ഗരീബ് നഗർ സ്വദേശി പ്രേമചന്ദ്ര ബുദ്ധലാൽ മഹാവീറിന്റെയും സംസ്കാരത്തിനാണു മുസ്‌ലിംകളായ അയൽക്കാർ പങ്കെടുത്തത്. ബിനയ് സാഹ മരിക്കുമ്പോൾ മക്കളായ കമലും ശ്യാമളും വീട്ടിലുണ്ടായിരുന്നു. എന്നാൽ, ഗ്രാമത്തിലെ ഏക ഹിന്ദു വീടാണ് ഇവരുടേത്. ബന്ധുക്കൾ ദൂരെ. ആർക്കും എത്താനാവില്ല. സങ്കടക്കടലിലായ സഹോദരങ്ങളെ ചേർത്തുപിടിച്ച് ആശ്വസിപ്പിച്ചത് അയൽക്കാരൻ സദ്ദാം ഷെയ്ഖ്. ഗ്രാമത്തിലെ മറ്റുള്ളവരും കൂടി ചേർന്നതോടെ മൃതദേഹം ആചാരപ്രകാരം സംസ്കരിച്ചു. വിശ്വാസമേതായാലും തങ്ങളെല്ലാം ഒന്നാണെന്നും അഭിമാനമുണ്ടെന്നും പഞ്ചായത്ത് പ്രസിഡന്റ് റസിയ ബീവി.

ബുദ്ധലാൽ മഹാവീർ മരിക്കുമ്പോൾ വീട്ടിൽ ഒപ്പമുണ്ടായിരുന്നതു മകൻ മോഹൻ മാത്രം. മൂത്ത സഹോദരങ്ങൾ കിലോമീറ്ററുകൾ അകലെ പാൽഘറിൽ. അമ്മാവൻ രാജസ്ഥാനിൽ. ആർക്കും എത്താനാവില്ല. ഇതിനിടെ യൂസഫ് സിദ്ദിഖ് ഷെയ്ഖ് എത്തി സംസ്കാരത്തിനു വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുകയായിരുന്നു. ബുദ്ധലാൽ മഹാവീറും കുടുംബവുമായി തനിക്ക് പതിറ്റാണ്ടുകളുടെ അടുപ്പമുണ്ടെന്നും തങ്ങൾക്കിടയിൽ ഇന്നേവരെ മതം കടന്നുവന്നിട്ടില്ലെന്നും യൂസഫ് സിദ്ദിഖ് ഷെയ്ഖ് പറഞ്ഞു.

# ലോക അത്‌ലറ്റിക്സ് ചാംപ്യൻഷിപ്പ് 2022ൽ

ലണ്ടൻ: 2021ൽ നടക്കാനിരുന്ന ലോക അത്‌ലറ്റിക്സ് ചാംപ്യൻഷിപ്പ് 2022ലേക്കു മാറ്റി വച്ചു. കൊറോണ വൈറസ് ഭീഷണിയെ തുടർന്നു ഈ വർഷം നടക്കാനിരുന്ന ടോക്കിയോ ഒളിംപിക്സ് 2021ലേക്കു മാറ്റിയിരുന്നു. ഒളിംപിക്സും അത്‌ലറ്റിക്സ് ചാംപ്യൻഷിപ്പും ഒരു വർഷം വരുമ്പോഴുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ ഒഴിവാക്കാനാണ് ഒരു വർഷം നീട്ടിയത്. അമേരിക്കയിൽ 2022 ജൂലൈ 15 മുതൽ 24 വരെയായിരിക്കും ലോക ചാംപ്യൻഷിപ്പ് നടക്കുക.

ചാംപ്യൻഷിപ്പിന്റെ പുതുക്കിയ തീയതി ലോക അത്‌ലറ്റിക്സ് കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. 2022ൽ നടക്കാനിരിക്കുന്ന കോമൺവെൽത്ത് ഗെയിംസ്, മ്യൂണിക്ക് വേദിയാവുന്ന യൂറോപ്യൻ ചാംപ്യൻഷിപ്പ് എന്നിവരുടെ സംഘാടകരുമായും ചർച്ച ചെയ്ത ശേഷമാണ് പുതുക്കിയ തീയതി പ്രഖ്യാപിച്ചതെന്നു ലോക അത്‌ലറ്റിക്സ് വാർത്താക്കുറിപ്പിൽ അറിയിച്ചു. കോമൺവെൽത്ത് ഗെയിംസ്, യൂറോപ്യൻ ചാംപ്യൻഷിപ്പ് എന്നിവയെ ബാധിക്കാത്ത രീതിയിലാണ് പുതിയ ഷെഡ്യൂൾ തയ്യാറാക്കിയത്. മൂന്നു ചാംപ്യൻഷിപ്പുകളിലും അത്‌ലറ്റുകൾക്കു മൽസരിക്കാൻ സാധിക്കുന്ന തരത്തിലാണ് ഷെഡ്യൂളെന്നും വാർത്താക്കുറിപ്പിൽ പറയുന്നു.

2021 ഓഗസ്റ്റ് ആറു മുതൽ 15 വരെയായിരുന്നു നേരത്തേ ലോക ചാംപ്യൻഷിപ്പ് നടത്താൻ തീരുമാനിച്ചിരുന്നത്. എന്നാൽ കൊറോണ വൈറസ് ബാധയെ തുടർന്ന് ഈ വർഷത്തെ ഒളിംപിക്സ് 2021 ജൂലൈ 23 മുതൽ ഓഗസ്റ്റ് എട്ട് വരെ നടത്താൻ നിശ്ചയിച്ചതിനാൽ ലോക ചാംപ്യൻഷിപ്പ് മാറ്റാൻ അധികൃതർ നിർബന്ധിതരാവുകയായിരുന്നു. 2022 ജൂലൈ 27 മുതൽ ഓഗസ്റ്റ് ഏഴു വരെയയാണ് ഇംഗ്ലണ്ടിലെ ബെർമിങ്ഹാമിൽ കോമൺവെൽത്ത് ഗെയിംസ് അരങ്ങേറുന്നത്. യൂറോപ്യൻ ചാംപ്യൻഷിപ്പ് 2022 ഓഗസ്റ്റ് 11 മുതൽ 21 വരെ ജർമനിയിലെ മ്യൂണിക്കിലാണ്.

# വിംബിൾഡൺ നടന്നില്ലെങ്കിലും സംഘാടകർക്ക് പണം ലഭിക്കും

മുംബൈ: കൊറോണ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഗ്രാൻസ്‌ലാം ടെന്നിസ് ടൂർണമെന്റായ വിംബിൾഡൻ റദ്ദാക്കിയതോടെ സംഘാടകർക്ക് ഇൻഷുറൻസ് തുകയായി 1075 കോടി രൂപ ലഭിക്കും. പകർച്ചവ്യാധി ഇൻഷുറൻസ് തുകയെന്ന നിലയിലാണ് ഇത്രയധികം രൂപ വിംബിൾഡൻ സംഘാടകർക്കു ലഭിക്കുക.

വിംബിൾഡൻ സംഘാടകരുടെ ദീർഘവീക്ഷണത്തിനു ലഭിക്കുന്ന തുകയാണ് 141 ദശലക്ഷം യുഎസ് ഡോളർ (ഏതാണ്ട് 1075 കോടി രൂപ) എന്ന് അർഥം. 2003ലെ സാർസ് വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിലാണ് വിംബിൾഡൻ സംഘാടകർ ഇൻഷുറൻസ് പരിധിയിൽ 'പകർച്ചവ്യാധി' കൂടി കൂട്ടിച്ചേർത്തത്. ആ വർഷത്തെ വിംബിൾഡൻ ടൂർണമെന്റിനെ സാർസ് ബാധിച്ചില്ലെങ്കിലും ഇത്തരം പ്രതിസന്ധി ഭാവിയിലുണ്ടാക്കിയേക്കാവുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ചാണ് സംഘാടകരായ 'ദ ഓൾ ഇംഗ്ലണ്ട് ലോൺ ടെന്നിസ് ക്ലബ്' പകർച്ചവ്യാധി ഇൻഷുറൻസ് പരിരക്ഷ കൂടി ടൂർണമെന്റിന് നൽകിയത്.

വിംബിൾഡൻ വക്താവിനെ ഉദ്ധരിച്ച് സ്പോർട്സ് ബിസിനസ് റിപ്പോർട്ടറായ ഡാരൻ റോവലാണ് വിംബിൾഡൻ സംഘാടകർക്കു ലഭിക്കുന്ന ഭീമമായ ഇൻഷുറൻസ് തുകയെക്കുറിച്ച് വെളിപ്പെടുത്തിയത്. ഈ പണം പക്ഷേ, അവർക്കു വെറുതെ ലഭിക്കുന്നതല്ലെന്ന് റോവൽ ചൂണ്ടിക്കാട്ടുന്നു. കഴിഞ്ഞ 17 വർഷമായി വിംബിൾഡൻ സംഘാടകർ പകർച്ചവ്യാധി ഇൻഷുറൻസെന്ന നിലയിൽ രണ്ടു മില്യൺ യുഎസ് ഡോളർ (15 കോടിയോളം ഇന്ത്യൻ രൂപ) വീതമാണ് ഇൻഷുറൻസ് കമ്പനിക്കു നൽകുന്നത്. കൊറോണ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ലഭിക്കാൻ പോകുന്നത് 1075 കോടിയോളം രൂപ. ഏതാണ്ട് 750 കോടിയോളം രൂപ ലാഭം!

# ബ്രസീലിലുണ്ടൊരു ജപ്പാൻ

## ജപ്പാൻ കഴിഞ്ഞാൽ ലോകത്തിലേറ്റവും കൂടുതൽ ജപ്പാൻകാരുള്ള ബ്രസീലിലെ ജാപ്പനീസ് ടൗണായ ലിബർഡാഡോയിലേക്ക്

സി.കെ. രാജേഷ്കുമാർ

കൊറിന്ത്യൻസ് അരീനയിൽവച്ചാണ് സബ്രിന സാത്തോ എന്ന ജാപ്പനീസ് പത്രപ്രവർത്തകയെ പരിചയപ്പെട്ടത്. സ്വന്തം രാജ്യത്തെ സ്നേഹിക്കുന്നതുപോലെതന്നെയാണ് സബ്രിന ബ്രസീലിനെയും സ്നേഹിക്കുന്നത്. ജാപ്പനീസ് ഭാഷപോലെതന്നെയാണ് അവർ പോർച്ചുഗീസും സംസാരിക്കുന്നത്. എന്താണിത്ര ബ്രസീൽ പ്രേമം എന്നന്വേഷിച്ചപ്പോൾ അവരുടെ മുതുമുത്തച്ഛന്മാർ ബ്രസീലിൽ ഉണ്ടായിരുന്നു എന്നു വെളിപ്പെടുത്തി. ബ്രസീലിൽ കുടിയേറിപ്പാർത്തവരിൽ വളരെയധികം ആൾക്കാർ ജപ്പാനിൽനിന്നുള്ളവരാണെന്നു മനസിലാക്കാൻ സാധിച്ചിട്ടുണ്ട്. ഈ സംശയം സബ്രിനയുടെ മുന്നിൽവച്ചപ്പോഴാണ് ബ്രസീലിലെ ജാപ്പനീസ് ടൗണിനെക്കുറിച്ച് അവർ പറഞ്ഞത്. അതെ, ബ്രസീലിലുണ്ടൊരു ജാപ്പനീസ് നഗരം. ജപ്പാനിലെ ഭക്ഷണവും വസ്ത്രവും ഒക്കെ ലഭിക്കുന്ന ഒരു കോളനി. സാവോപോളോയിലെ അറൂഷയിൽനിന്ന് ഏതാണ്ട് നാലു കിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്ന ചെറിയ കോളനിയാണിത്.

*സാവോപോളോയ്ക്കടുത്തുള്ള ജാപ്പനീസ് കോളനി. -സി.കെ. രാജേഷ്കുമാർ*

ലോകകപ്പിന്റെ ആവേശം നിറയുന്ന സാവോപോളോ നഗരത്തിലൂടെ ജാപ്പനീസ് കോളനിയിലേക്ക്. റിപ്പബ്ലിക്ക എന്ന സ്ഥലത്തുനിന്ന് മെട്രോ റെയിലിലേറിയാണ് ജാപ്പനീസ് ടൗൺ സ്ഥിതിചെയ്യുന്ന ലിബർഡാഡോയിലെത്തേണ്ടത്. സാവോപോളോയിൽ സമയം ഉച്ചകഴിഞ്ഞ് രണ്ടുമണി. റിപ്പബ്ലിക്ക സ്റ്റേഷനിൽനിന്ന് ബ്ലൂലൈൻ മെട്രോയിൽ സേ എന്ന മറ്റൊരു സ്റ്റേഷനിലേക്ക്. അവിടെനിന്ന് ബ്ലൂലൈനിൽ കയറിവേണം ലിബർഡാഡോയിലെത്താൻ. സേയിൽനിന്ന് നിരവധി ജപ്പാൻകാർ ട്രെയിനിലേറി. ടോക്കിയോ നഗരത്തിലെ ഏതെങ്കിലും ട്രെയിനിൽ കയറിയപ്പോഴുള്ള അവസ്ഥ. നിരവധി ജാപ്പനീസ് വംശജർ ട്രെയിനിലുണ്ട്. 10 മിനിറ്റു നേരത്തെ യാത്രയ്ക്കുശേഷം ലിബർഡാഡോയിലെത്തി. മെട്രോയിൽനിന്ന് ഇറങ്ങി നേരേ ചെല്ലുന്നത് ജാപ്പനീസ് ടൗണിലേക്കാണ്. ശരിക്കുമൊരു ജപ്പാൻ തന്നെ. ജാപ്പനീസ് സ്വദേശികൾ അവരുടെ നഗരത്തിലേക്ക് സ്വാഗതം ചെയ്തു. വെൽകം ടു ജപ്പാൻ. ഇവിടത്തെ ബാനറുകളിൽ ജാപ്പനീസ് ഭാഷ രേഖപ്പെടുത്തിയിരിക്കുന്നു. ഇകേസകായി എന്ന ഹോട്ടലിൽ നല്ല ഒന്നാംതരം ജാപ്പനീസ് ഭക്ഷണം ലഭിക്കും. നിരത്തുകളിൽ ജാപ്പനീസ് തുണിത്തരങ്ങൾ നിരവധി. ലോകകപ്പിന്റെ ആവേശത്തിലേക്ക് ഈ ടൗണും എത്തിക്കഴിഞ്ഞു. ജപ്പാനെ പിന്തുണയ്ക്കുന്നതിൽക്കൂടുതൽ അവർ ബ്രസീലിനെ പിന്തുണയ്ക്കുന്നു. പൗളോ നകാമുറയെന്നയാൾ വലിയ ഫുട്ബോൾ ആരാധകനാണ്. ജപ്പാൻ തോൽക്കുന്ന നിമിഷം തങ്ങൾ ബ്രസീലിനുവേണ്ടി ജയ്‌വിളിക്കും. ഇതായിരുന്നു അദ്ദേഹം പറഞ്ഞത്.

ലോകത്തിൽ ഏറ്റവും കൂടുതൽ ജപ്പാൻ കുടിയേറ്റക്കാരുള്ള സ്ഥലമാണ് ബ്രസീൽ. അതുപോലെ ഏറ്റവും കൂടുതൽ കുടിയേറ്റക്കാർ ജീവിക്കുന്ന സ്ഥലമാണ് സാവോപോളോ. ഒരു കോടി നാലരലക്ഷം പേർ അധിവസിക്കുന്ന സാവോപോളോയിൽ 21 ലക്ഷത്തിലേറെ ജനങ്ങൾ കുടിയേറ്റക്കാരാണ്. ഇതിൽത്തന്നെ 10 ലക്ഷത്തിലേറെ ജനങ്ങൾ ജപ്പാൻ വംശജരാണ്.

19-ാം നൂറ്റാണ്ടിന്റെ അവസാനവും 20-ാം നൂറ്റാണ്ടിന്റെ ആദ്യവും ബ്രസീലിലേക്ക് നിരവധി ആൾക്കാരെത്തി. കാപ്പിയായിരുന്നു ബ്രസീലിന്റെ പ്രധാന കയറ്റുമതി ഉത്പന്നം. കാപ്പിത്തോട്ടങ്ങളിലെ ജോലിക്കായി ആഫ്രിക്കൻ അടിമകളെ ഇവിടെ എത്തിച്ചിരുന്നു. എന്നാൽ, 1850ൽ അടിമകളെ എത്തിക്കുന്നത് സർക്കാർ വിലക്കി. ഇതോടെ കാപ്പിത്തോട്ടങ്ങളിൽ ജോലിക്ക് ആളെ കിട്ടാതായി. ഇക്കാലയളവിൽ ബ്രസീലിലേക്കുള്ള കുടിയേറ്റം കൂടി.

1907ൽ ബ്രസീൽ-ജാപ്പനീസ് സർക്കാരുകൾ ഒപ്പിട്ട കരാറിന്റെ ബലത്തിൽ നിരവധി ജാപ്പനീസ് കർഷകർ ജപ്പാനിലേക്കു കുടിയേറി. ജപ്പാനിലെ പട്ടിണിയും ദാരിദ്ര്യവും ഇതിനു കാരണമായി. 1908ൽ 709 അംഗ ജാപ്പനീസ് സംഘം ബ്രസീലിലെത്തി. അവരിൽ ഭൂരഭാഗവും കർഷകരായിരുന്നു. അവരിവിടെയെത്തി കുന്നിൻ ചെരിവുകളിലും തരിശുഭൂമിയിലും പൊന്നു വിളയിച്ചു. അതോടെ ബ്രസീലിയൻ ജനതയുടെ ഭാഗമായി ഇവരും. ആദ്യ ഏഴു വർഷം ബ്രസീലിലെത്തിയ ജപ്പാൻകാർ 3434 ജാപ്പനീസ് കുടുംബങ്ങളായിരുന്നുവെങ്കിൽ ലോകമഹായുദ്ധം തുടങ്ങിയതോടെ ജപ്പാൻകാർ ബ്രസീലിലേക്കൊഴുകി. 1917നും 1940നും മധ്യേ ഒന്നരലക്ഷത്തിലേറെ പേർ ജപ്പാനിൽനിന്ന് ബ്രസീലിലെത്തി. ബ്രസീലിലെ ജാപ്പനീസ് വംശജരിൽ 75ശതമാനവും സാവോപോളോയിലാണ്. ജപ്പാന്റെ സാംസ്കാരികത്തനിമ വിളിച്ചോതുന്ന ദൃശ്യങ്ങൾ അനവധി കണ്ട് ജാപ്പനീസ് ടൗൺവിടുമ്പോൾ സമയം സന്ധ്യയോടടുത്തു.

# ഇന്ത്യക്ക് തത്കാലം ക്രിക്കറ്റിലൂടെ പണം വേണ്ട; അക്തറിനോട് കപിൽ ദേവ്

ന്യൂഡൽഹി: കൊറോണ വൈറസിനെതിരേയുള്ള പോരാട്ടത്തിൽ ധനശേഖരണം നടത്തുന്നതിനായി ഇന്ത്യ- പാക്കിസ്ഥാൻ പരമ്പര വേണമെന്ന പാക് മുൻ താരം ഷോയ്ബ് അക്തറിന്റെ നിർദേശത്തോടു പ്രതികരിച്ച് മുൻ ഇതിഹാസം കപിൽ ദേവ്. അടച്ചിട്ട സ്റ്റേഡിയത്തിൽ, നിഷ്പക്ഷ വേദിയിൽ ഇന്ത്യയും പാക്കിസ്ഥാനും തമ്മിൽ മൂന്നു മൽസരങ്ങളുടെ പരമ്പര കളിക്കണമെന്നും ഇതിലൂടെ ലഭിക്കുന്ന വരുമാനം ഇരുരാജ്യങ്ങളും തുല്യമായി പങ്കിടണമെന്നുമായിരുന്നു അക്തറിന്റെ അഭിപ്രായം. എന്നാൽ താൻ ഇതിനോടു യോജിക്കുന്നില്ലെന്നു കപിൽ ദേവ് വ്യക്തമാക്കി.

ഇന്ത്യക്കു പണം ആവശ്യമില്ലെന്നും ക്രിക്കറ്റ് മത്സരത്തിന്റെ പേരിൽ ആരുടെയും ജീവൻ അപകടത്തിലാക്കുന്നത് ശരിയല്ലെന്നും കപിൽ തുറന്നടിച്ചു. അക്തർ അദ്ദേഹത്തിന്റെ അഭിപ്രായം പറഞ്ഞു. എന്നാൽ ഇന്ത്യക്കു ഇപ്പോൾ

പണം ആവശ്യമില്ല. ആവശ്യത്തിനു പണം നമുക്കുണ്ട്. ഇന്ത്യയെ സംബന്ധിച്ച് ഏറ്റവും പ്രധാനം ഈ പ്രതിസന്ധി മറികടക്കാൻ എല്ലാ സർക്കാർ വകുപ്പുകളും ആരോഗ്യ, സന്നദ്ധപ്രവർത്തകരും ഒറ്റക്കെട്ടായി പ്രവർത്തിക്കുകയെന്നതാണ്. ഇപ്പോഴും രാഷ്ട്രീയക്കാർ ടെലിവിഷനിൽ പരസ്പരം പഴി ചാരുന്നതാണ് കാണുന്നത്. അതു നിർത്തണമെന്നും കപിൽ ആവശ്യപ്പെട്ടു.

ബിസിസിഐ ഇതിനകം സർക്കാരിന് 51 കോടി രൂപ സംഭാവന ചെയ്തു കഴിഞ്ഞു. ആവശ്യമെങ്കിൽ ഇനിയും തുക സംഭാവന നൽകാൻ ബിസിസിഐയ്ക്കാവും. അതിനായി ധനശേഖരണം നടത്തേണ്ട ആവശ്യമില്ല. എല്ലാം സാധാരണ ഗതിയിലേക്ക് ഉടനൊന്നും മടങ്ങി വരുമെന്ന് കരുതുന്നില്ല. ഈ ഘട്ടത്തിൽ ക്രിക്കറ്റ് മൽസരം സംഘടിപ്പിക്കുകയെന്നത് നമ്മുടെ താരങ്ങളുടെ ജീവൻ പോലും ഭീഷണിയിലാക്കുന്ന കാര്യമാണ്. അതുകൊണ്ടു തന്നെ ഇതു ചെയ്യാൻ പാടില്ലെന്നും കപിൽ ചൂണ്ടിക്കാട്ടി.

ഇന്ത്യയും പാക്കിസ്ഥാനും റിസ്കെടുത്ത് ഒരു പരമ്പര കളിച്ചാൽ കാര്യമുണ്ടാവുമെന്നു തോന്നുന്നില്ല. മൂന്നു മൽസരങ്ങളുടെ പരമ്പരയിൽ നിന്നും എത്ര പണം ലഭിക്കുമെന്നാണ് കരുതുന്നത്? അടുത്ത അഞ്ചോ, ആറോ മാസത്തേക്കു ക്രിക്കറ്റിനെക്കുറിച്ച് ചിന്തിക്കാൻ പോലും കഴിയില്ലെന്നാണ് തന്റെ അഭിപ്രായം. ഈ ഘട്ടത്തിൽ ജനങ്ങളുടെ ജീവൻ രക്ഷിക്കുകയെന്നതാണ് മുഖ്യം. ലോക്ക്ഡൗൺ വന്നതോടെ ദാരിദ്ര്യത്തിലായ പാവപ്പെട്ടവരെ സഹായിക്കുകയെന്നതും പ്രധാനമാണെന്നു കപിൽ വിശദമാക്കി.

SENSEX: 31,159.60 (+1265.66)

NIFTY: 9,111.90 (+363.15)

### വിനിമയ നിരക്ക്

| | |
|---|---|
| ഡോളർ | 76.39 |
| യൂറോ | 82.90 |
| പൗണ്ട് | 94.82 |
| സ്വിസ്ഫ്രാങ്ക് | 78.76 |
| സിംഗപ്പൂർ ഡോളർ | 53.62 |
| ഓസ്ട്രേലിയൻ | 47.59 |
| കനേഡിയൻ | 54.38 |
| ബഹറിൻ ദിനാർ | 202.41 |
| കുവൈറ്റ് ദിനാർ | 245.67 |
| ഒമാനി റിയാൽ | 198.21 |
| സൗദി റിയാൽ | 20.29 |
| യു എ ഇ ദിർഹം | 20.76 |
| ഖത്തർ | 20.83 |

# ഓഹരി വിപണി കുതിച്ചു

മുംബൈ: ചാഞ്ചാട്ടത്തിനൊടുവിൽ വീണ്ടും ഓഹരി വിപണിയിൽ ഉണർവ്. മൂന്നാം ആഴ്ചത്തെ ഏറ്റവും വലിയ ഉയർച്ചയിലാണ് ഇന്നലെ ഓഹരി ക്ലോസ് ചെയ്തത്. സെൻസെക്സ് 1,265.66 പോയിന്റ് അതായത് 4.23 ശതമാനം ഉയർന്ന് 31,159.60ലും നിഫ്റ്റി 363.15 പോയിന്റ് നേട്ടത്തിൽ അതായത് 4.15 ശതമാനം ഉയർന്ന് 9,111.90ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്.

1836 കമ്പനികളുടെ ഓഹരികൾ നേട്ടത്തിലും 540 ഓഹരികൾ നഷ്ടത്തിലുമായിരുന്നു. 170 ഓഹരികൾക്ക് മാറ്റമില്ല. ബിഎസ്ഇയിൽ ഏറ്റവും കൂടുതൽ നേട്ടമുണ്ടാക്കിയത് എം ആൻഡ് എം കമ്പനിയാണ്. മാരുതി സുസുക്കി, ടൈറ്റൻ, ഹീറോ മോട്ടോകോർപ്പ്, ബജാജ് ഫിനാൻസ്, എച്ച്ഡിഎഫ്സി, ബജാജ് ഓട്ടൊ, കൊടക് മഹീന്ദ്ര ബാങ്ക്, ഐസിഐസിഐ ബാങ്ക്, ആക്സിസ് ബാങ്ക്, ഭാരതി എയർടെൽ, സൺ ഫാർമ എന്നിവയാണ് നേട്ടമുണ്ടാക്കിയ മറ്റു കമ്പനികൾ.

# ലോക്ഡൗൺ: കെഎസ്ഇബിക്ക് ഇരുട്ടടി

കൊച്ചി: ലോക്ഡൗൺ പ്രഖ്യാപിച്ച ശേഷം ഇതുവരെ വൈദ്യുതി ബോർഡിന്റെ നഷ്ടം 225 കോടി രൂപയായി. വൈദ്യുതി ഉപയോഗത്തിലെ ഗണ്യമായ കുറവാണ് കാരണം. വൈദ്യുതി ബിൽതുക അടയ്ക്കാൻ സാവകാശം നൽകിയതോടെ ദൈനംദിന വരുമാനത്തിൽ 40 കോടി രൂപ കുറഞ്ഞു. കേന്ദ്ര സർക്കാരിന്റെ കൊവിഡ് പാക്കെജിൽ വൈദ്യുതി പ്രസരണ വിതരണ കമ്പനികളെയും ഉൾപ്പെടുത്തണമെന്ന ആവശ്യം ഉയർന്നുകഴിഞ്ഞു.

വൻതോതിൽ വൈദ്യുതി ഉപയോഗിക്കുകയും ഉയർന്ന നിരക്ക് നൽകുകയും ചെയ്തിരുന്ന വൻഷോപ്പിങ് മാളുകൾ ഉൾപ്പടെയുള്ള വാണിജ്യ സ്ഥാപനങ്ങളും വ്യവസായസ്ഥാപനങ്ങളും അടച്ചിട്ടതോടെ വൈദ്യുതി ഉപയോഗം ഗണ്യമായി കുറഞ്ഞു.

മാർച്ച് 25ന് രാജ്യം മുഴുവൻ നിശ്ചലമായതോടെ വൈദ്യുതി ഉപയോഗം ഗണ്യമായി കുറഞ്ഞു. മാർച്ച് 26ന് 65.64 ദശലക്ഷം യൂണിറ്റാണ് കേരളം ഉപയോഗിച്ചത്. ശരാശരി ഉപയോഗം 67 ദശലക്ഷം യൂണിറ്റായി മാറി.

കഴിഞ്ഞവർഷം ലോക്ഡൗണിനു ശേഷമുള്ള ദിവസങ്ങളിലെ ഉപയോഗം 88 ദശലക്ഷം യൂണിറ്റായിരുന്നു. വൈദ്യുതി ഉപയോഗത്തിലെ കുറവ് 18.12 ശതമാനമാണ്. ദൈനംദിന ഉപയോഗത്തിൽ കുറവ് വന്നത് 18.12 ശതമാനമാണ്. കഴിഞ്ഞവർഷം മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ശരാശരി 88 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉപയോഗം എത്തിയിരുന്നു. ഈ വർഷം അത് 67.58 ദശലക്ഷം യൂണിറ്റായി കുറഞ്ഞു. ഉത്സവങ്ങളും ആഘോഷങ്ങളും ഇല്ലാതായതാണ് മറ്റൊരു കാരണം. വൈദ്യുതി വിൽപ്പനകുറഞ്ഞതോടെ ദിനം പ്രതി ശരാശരി 14 കോടി രൂപയാണ് നഷ്ടം. വൈദ്യുതി ബിൽ ഇനത്തിലും മറ്റും 45 കോടി രൂപയാണ് വൈദ്യുതി ബോർഡിന് ദിവസവും കിട്ടിക്കൊണ്ടിരുന്നത്. അത് ഇപ്പോൾ 5 കോടി രൂപയായി കുറഞ്ഞു.

ലോക്ഡൗൺ ഏർപ്പെടുത്തി 20 ദിവസമാകുമ്പോൾ വൈദ്യുതി വിൽക്കാത്തതുമൂലം മാത്രം കെഎസ്ഇബിക്കുവരുന്ന നഷ്ടം 280 കോടി രൂപയാകും. ഇത് നികത്താൻ കേന്ദ്ര ഇടപെടൽ കൂടിയേ മതിയാകൂ എന്നാണ് വിലയിരുത്തൽ. ദീർഘകാല കരാറുകളിലൂടെ വാങ്ങുന്ന വൈദ്യുതി കേരളത്തിന്റെ ആവശ്യം കഴിഞ്ഞാൽ ഇതര സംസ്ഥാനങ്ങൾക്ക് വിൽക്കുന്നതിലൂടെയും നിശ്ചിത വരുമാനം കിട്ടിയിരുന്നു. ഇതുംപാടെ ഇല്ലാതായി. ചുരുക്കത്തിൽ മുമ്പൊരിക്കലും ഉണ്ടാകാത്ത അസാധാരണ പ്രതിസന്ധി നേരിടുകയാണ് കെഎസ്ഇബി.

KSEB കേരളത്തിന്റെ ഊർജ്ജം

**ലോക്ഡൗണിന് മുൻപുള്ള ഉപയോഗം ദശലക്ഷം യൂണിറ്റിൽ**

മാർച്ച് 15 - 73.38
മാർച്ച് 16 - 82.83
മാർച്ച് 17 - 84.28
മാർച്ച് 18 - 84.58
മാർച്ച് 19 - 85.12
മാർച്ച് 20 - 84.12
മാർച്ച് 21 - 81.37
ശരാശരി ഉപയോഗം - 82.53

**ലോക്ഡൗണിന് ശേഷമുള്ള ഉപയോഗം ദശലക്ഷം യൂണിറ്റിൽ**

മാർച്ച് 25 - 66.50
മാർച്ച് 26 - 65.64
മാർച്ച് 27 - 66.53
മാർച്ച് 28 - 67.33
മാർച്ച് 29 - 67.61
മാർച്ച് 30 - 69.35
മാർച്ച് 31 - 70.09
ശരാശരി ഉപയോഗം - 67.58

# എസ്ബിഐ വായ്പ നിരക്ക് കുറച്ചു

മുംബൈ: സ്റ്റേറ്റ് ബാങ്ക് ഒഫ് ഇന്ത്യ(എസ്ബിഐ) എല്ലാ വായ്പകളുടേയും എംസിഎൽആർ നിരക്കുകൾ 0.35 ശതമാനം വെട്ടിക്കുറച്ചു. ഇതോടെ ഒരു വർഷത്തെ എംസിഎൽആർ നിരക്ക് 7.75 ശതമാനത്തിൽനിന്ന് 7.40 ശതമാനമായി കുറയും. എംസിഎൽആറുമായി ലിങ്ക് ചെയ്തിട്ടുള്ള 30 വർഷത്തേക്കുള്ള ഭവന വായ്പകളുടെ ഇഎംഐയിൽ ഒരു ലക്ഷത്തിന് 24 രൂപ കുറയുമെന്ന് എസ്ബിഐ അറിയിച്ചു.

സേവിങ്സ് ഡെപ്പോസിറ്റുകളുടെ പലിശയും ബാങ്ക് കുറച്ചു. ഒരു ലക്ഷം രൂപ വരെയുള്ള നിക്ഷേപങ്ങളുടെയും ഇതിനു മുകളിലുള്ള നിക്ഷേപങ്ങളുടെയും പലിശ നിരക്ക് മൂന്നു ശതമാനത്തിൽനിന്ന് കാൽ ശതമാനം കുറച്ച് 2.75 ശതമാനമാക്കി. ഈ മാസം 15 മുതൽ പുതിയ നിരക്ക് പ്രാബല്യത്തിൽ വരും. ഈ മാസം 11ന് നിക്ഷേപ പലിശ 25 ബേസിസ് പോയിന്റ് കുറച്ചിരുന്നു.

# സൗദി വിസ സൗജന്യമായി പുതുക്കാം

റിയാദ്: സൗദിയിലെ വിദേശികളുടെ എക്സിറ്റ് / റീ എൻട്രി വിസ (പുറത്തുപോകാനും തിരിച്ചുവരാനുള്ള അനുമതി) കാലാവധി മൂന്ന് മാസത്തേക്ക് സൗജന്യമായി പുതുക്കാൻ ഭരണാധികാരി സൽമാൻ രാജാവ് ഉത്തരവിട്ടു. ഫെബ്രുവരി 25 മുതൽ മേയ് 24 വരെ തിയതികളിൽ കാലാവധി അവസാനിക്കുന്നവ അടുത്ത മൂന്ന് മാസത്തേക്കു നീട്ടി നൽകാനാണ് ഉത്തരവ്. ഈ കാലയളവിനിടയിൽ അനുവദിച്ച എല്ലാ വിസകളും ഫീസോ നടപടിക്രമങ്ങളോ ഇല്ലാതെ പുതുക്കി നൽകും. ഇതിനായി ജവാസാത്തിനെ സമീപിക്കേണ്ടതില്ല. അബ്ഷിർ പോർട്ടലിൽ നിന്ന് വിസ പുതുക്കിയോ എന്നറിയാം.

# ഇന്ത്യയുടെ വളർച്ചാനിരക്കിലെ താഴ്ച ആശങ്കാജനകമെന്ന് റിപ്പോർട്ട്

കൊച്ചി: ഇന്ത്യയുടെ വളർച്ചാ നിരക്ക് ആശങ്കാജനകമാം വിധം താഴുകയാണെന്ന നീരീക്ഷണവുമായി യു എസ് നിക്ഷേപ ബാങ്ക് ഗോൾഡ്മാൻ സാക്സ്. 2020-2021 സാമ്പത്തിക വർഷം വളർച്ചാ നിരക്ക് 1.6 ശതമാനമേ ഉണ്ടാകൂവെന്നാണ് ഏറ്റവും പുതിയ നിഗമനം. പതിറ്റാണ്ടുകൾക്കു ശേഷമുള്ള ഏറ്റവും കുറഞ്ഞ നിരക്കിലാണ് ഇപ്പോൾ രാജ്യമെന്നും ആഗോള അംഗീകാരമുള്ള റേറ്റിങ് ഏജൻസി ചൂണ്ടിക്കാണിക്കുന്നു.

വളർച്ചാ പ്രവചനം 3.3 ശതമാനത്തിൽ നിന്നാണ് ഗോൾഡ്മാൻ സാക്സ് വെട്ടിത്താഴ്ത്തിയിരിക്കുന്നത്. 400 ബേസിക് പോയിന്റിന്റെ കുറവാണ് ഉണ്ടാകുകയെന്ന് ഇതു സംബന്ധിച്ച റിപ്പോർട്ടിൽ പറയുന്നു. ജിഡിപിയുടെ 60 ശതമാനത്തിൽ വരുന്ന ഉപഭോക്തൃ മേഖല ഏറെക്കുറെ നിശ്ചലമായതിന്റെ ആഘാതം വളരെ വലുതാണ്. സാമ്പത്തിക വർഷത്തെ ആദ്യത്തെ രണ്ട് പാദം വെല്ലുവിളി രൂക്ഷമായിരിക്കും. എന്നാൽ മൂന്നാം പാദം മുതൽ ഇന്ത്യ കൊറോണ സൃഷ്ടിച്ച പ്രശ്നങ്ങളിൽ നിന്ന് കരകയറുമെന്ന നിരീക്ഷണവും റിപ്പോർട്ടിലുണ്ട്.

രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് ശക്തിയേകുന്ന പ്രവർത്തനങ്ങൾ മിക്കതും തന്നെ നിലച്ചിരിക്കുകയാണ്. ഇതാണ് ബേസിക് പോയിന്റിൽ 220 പോയിന്റ് കുറയാൻ കാരണമായത്. മാർച്ച് 25 മുതൽ രാജ്യവ്യാപകമായുള്ള ലോക്ക്ഡൗൺ, സാമൂഹിക അകലം പാലിക്കൽ നടപടികൾ, ഉപഭോക്താക്കളുടെയും ബിസിനസുകളുടെയും ഭയം എന്നിവയെല്ലാം ഇതിനു വഴി തെളിച്ചു. രാജ്യാന്തര വളർച്ചയിൽ ഇടിവ് ഉണ്ടായത് മൂലം 150 പോയിന്റ് കുറവും ഇന്ത്യയുടെ വളർച്ചാ നിരക്കിൽ ഗോൾഡ്മാൻ സാക്സ് കണക്കാക്കുന്നു. മറ്റൊരു 50 ബേസിക് പോയിന്റ് കുറവിനു കാരണം ആർബിഐ പലിശ നിരക്കിൽ ഉണ്ടായ താഴ്ചയാണ്.

# കൊവിഡ്-19: ഔഷധി 50 ലക്ഷം നൽകി

തൃശൂർ: ആയുർവേദ മരുന്നുനിർമാണത്തിനായി പ്രവർത്തിക്കുന്ന കേരളത്തിലെ പൊതുമേഖല സ്ഥാപനമായ ഔഷധി കൊവിഡ്-19 പ്രതിരോധത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് 50 ലക്ഷം രൂപ നൽകി.

കൂടാതെ ഔഷധി മാനെജിങ് ഡയറക്റ്റർ കെ.വി. ഉത്തമൻ ഐഎഫ്എസ് തന്റെ ഒരു മാസത്തെ ശമ്പളവും ഔഷധി ചെയർമാൻ ഡോ. കെ.ആർ. വിശ്വംഭരൻ ഐഎഎസ് (റിട്ട.) തന്റെ ഒരു മാസത്തെ ഹോണറേറിയവും സംഭാവനയായി നൽകി.

# സ്വർണം 32,400

| | | | |
|---|---|---|---|
| വെളിച്ചെണ്ണ : മില്ലിങ് | 16,900 | മുതിര | 4000 |
| വെളിച്ചെണ്ണ | 15,500 | എള്ള് | 14,000- 15,000 |
| കൊപ്ര | 10,390-11,200 | മല്ലി | 7600-19,000 |
| പിണ്ണാക്ക് എക്സ്പെല്ലർ | 2400 | പച്ചരി നമ്പർ 2 | 2600-3400 |
| പിണ്ണാക്ക് റോട്ടറി | 3100 | പുഴുക്കലരി (ജയ) | 3400- 3500 |
| കുരുമുളക് അൺഗാർബിൾഡ് | 29,800 | | |
| പുതിയ കുരുമുളക് | 28,800 | ജാതിക്ക തൊണ്ടൻ (കിലോ) | 200-240 |
| കുരുമുളക് ഗാർബിൾഡ് | 31,800 | ജാതിക്ക തൊണ്ടില്ലാത്തത് (കിലോ) | |
| ചുക്ക് മീഡിയം | 26,500 | | 400-450 |
| ചുക്ക് ബെസ്റ്റ് | 27,500 | ജാതിപത്രി മഞ്ഞ-ചുവപ്പ് (കിലോ) | |
| മഞ്ഞൾ നാടൻ | ഇല്ല | | 1000- 1300 |
| സേലം - ഈറോഡ് | 7200-7600 | ഗ്രാമ്പൂ (കിലോ) | 550 |
| കാഞ്ഞിരക്കുരു | 1850 | | |
| അടയ്ക്ക ന്യൂ | 24,000- 25,000 | റബർആർ എസ് എസ് 5 ഗ്രേഡ് | |
| അടയ്ക്ക ഓൾഡ് | 25,000- 26,000 | | 11,200-11,700 |
| പഞ്ചസാര | 3620 | റബർആർ എസ് എസ് 4 ഗ്രേഡ് | 12,000 |
| മുളക് | 15,000-27,000 | ഒട്ടുപാൽ | 7500 |
| ഉഴുന്ന് | 9,000-10,000 | ലാറ്റക്സ് | 7,500 |
| ചെറുപയർ | 9500-10,500 | സ്വർണം | 32,400 |
| കടല | 5100-6300 | പാം ഓയിൽ | 7450 |

**സയ്യിദ്**

തലശേരി: സിപിഎം ചേറ്റംകുന്ന് ബ്രാഞ്ച് അംഗം ചേറ്റംകുന്ന് 'ആസ്കി'ൽ ഓലിയത്ത് സയ്യിദ് (60) അന്തരിച്ചു. ഡിവൈഎഫ്ഐ പ്രഥമ തലശേരി മുനിസിപ്പൽ കമ്മിറ്റി അംഗവും ബിയാട്രീസ് സ്പോർട്സ് ക്ലബ് സ്ഥാപക സെക്രട്ടറിയുമാണ്. അറിയപ്പെടുന്ന ഹോക്കി, ക്രിക്കറ്റ് കളിക്കാരനും ദേശാഭിമാനി സ്റ്റഡി സർക്കിൾ ആദ്യകാല പ്രവർത്തകനുമാണ്.

പരേതരായ ഉമ്മർഹാജിയുടെയും ഓലിയത്ത് സഫിയയുടെയും മകനാണ്. ഭാര്യ: എ.പി.എം. ആയിഷ സബീന (സിപിഎം കോടതി ബ്രാഞ്ചംഗം). മക്കൾ: ഖദീജ സഫിയ, ഖലീൽ ഉമ്മർ. സഹോദരങ്ങൾ: ഓലിയത്ത് അബ്ദുള്ള, സത്താർ, സുഹറ, സുബൈദ, ഫസൽ, പരേതനായ ഓലിയത്ത് നാസർ. ഓലിയത്ത് സയ്യിദിന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായിവിജയൻ, സിപിഎം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ എന്നിവർ അനുശോചിച്ചു. എ.എൻ ഷംസീർ എംഎൽഎ വീട്ടിലെത്തി അന്തിമോപചാരമർപ്പിച്ചു.



**അമ്മാളു**

പേരാമ്പ്ര: മുതുവണ്ണാച്ച നാറാണത്ത് കണ്ടി പരേതനായ കുഞ്ഞിരാമൻ നായരുടെ ഭാര്യ അമ്മാളു അമ്മ (86) അന്തരിച്ചു. മക്കൾ രാഘവൻ നമ്പ്യാർ, ദേവി അമ്മ, ദാക്ഷായണിഅമ്മ. മരുമക്കൾ: മീനാക്ഷി, കുഞ്ഞിക്കണ്ണൻ നായർ (ചങ്ങരോത്ത്), പരേതനായ ശ്രീധരൻ നായർ (മുതുവണ്ണാച്ച).

**തുളസി**

വൈപ്പിൻ: എടവനക്കാട് അറക്കത്തറ സത്യൻ ഭാര്യ തുളസി (52) അന്തരിച്ചു. മക്കൾ: സഗിൻ, ശ്രീലക്ഷ്മി.

**മുഹമ്മദ് ഷാഫി**

മുഹമ്മ: മണ്ണഞ്ചേരി പഞ്ചായത്ത് 23-ാം വാർഡ് വളവനാട് വലിയവീട്ടിൽ പരേതനായ കുഞ്ഞുണ്ണിയുടെ മകൻ മുഹമ്മദ് ഷാഫി (56) അന്തരിച്ചു. ഭാര്യ: ആയിഷ. മക്കൾ: ഷാനവാസ്, ഷംനാസ്, ഷംനാദ്. മരുമക്കൾ: സജിന, ശരണ.

**പാത്തുമ്മു ഹജ്ജുമ്മ**

എ ആർ നഗർ: ചെണ്ടപ്പുറായ സയ്യിദാബാദ് കൂളിപ്പിലാക്കൽ പള്ളിയാളി പരേതനായ കുട്ടൂസ്സ എന്നവരുടെ മകൾ പാത്തുമ്മു ഹജ്ജുമ്മ (67) അന്തരിച്ചു. സഹോദരങ്ങൾ: പരേതനായ മുഹമ്മദ് കുട്ടി, അബ്ദുറഹ്മാൻ.

**ഭാർഗവിയമ്മ**

ഓച്ചിറ:മേമന മാത്തിച്ചിനേത്ത് വീട്ടിൽ പരേതനായ രാഘവൻ പിള്ളയുടെ ഭാര്യ ഭാർഗവിയമ്മ (92) അന്തരിച്ചു. മക്കൾ: ശോഭ, രാധാകൃഷ്ണപിള്ള, തുളസി.

**ചാത്തു**

കുറ്റ്യാടി: വടയം കൊല്ലിയിൽ ചാത്തു (78) അന്തരിച്ചു. ഭാര്യ: ദേവു മംഗലശ്ശേരി. മക്കൾ: സിന്ധു, സീന. മരുമക്കൾ: ബാലകൃഷ്ണൻ (ഊരത്ത്), രാജേഷ് എടലോട്ട് (നിട്ടൂർ). സഹോദരങ്ങൾ കുമാരൻ, ദേവു, പരേതരായ കൃഷ്ണൻ, പാറു.

**കൊച്ചുമാത്തു**

കുറ്റിക്കാട്: മണവാളൻ പരിയാടൻ കൊച്ചുമാത്തു (92) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: കരിപ്പായി റോസക്കുട്ടി. മക്കൾ: ജോസ്, ഡേവിസ്, റോസിലി, ഫ്രാൻസിസ്, പോളി, മേഴ്സി, ഷാജു, ഷൈജു, ജേക്കബ്, തോമസ്, ഷീജു, ജിൻസി, ജോഷി. മരുമക്കൾ: ജെസി, റോസി, റൂബി, മോളി, ജോസ് മൂത്തേടൻ പാലപ്പിള്ളി, ജിനി, ഷിജി, റോമി, ക്രിസ്റ്റീന, ബിൻസി, ജിജോ വേരംപിലാവ്, സിൻസി, പരേതനായ ഇട്ടീര ഐരൂക്കാരൻ തിരുമുടിക്കുന്ന്.

**ബി.സുരേന്ദ്രൻ**

കരുനാഗപ്പള്ളി: മൈനാഗപ്പള്ളി ജിഎൽപിഎസ് റിട്ട. എച്ച്എം അയണിവേലിക്കുളങ്ങര വടക്ക് സുചീഷ് ഭവനത്തിൽ ബി.സുരേന്ദ്രൻ (72) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: ചന്ദ്രമതി (റിട്ട. എച്ച്എം എസ്കെവി യുപിഎസ് മുഴങ്ങോട്ടുവിള). മക്കൾ: സുചീഷ് (ദേവസ്വം ബോർഡ്), പരേതനായ സുജിത്ത് കുമാർ. മരുമകൾ: ധന്യ സഹദേവൻ.

**സി. കൃഷ്ണൻകുട്ടി**

മലയിൻകീഴ്: മലയിൻകീഴ് വലിയകട വീട്ടിൽ സി. കൃഷ്ണൻകുട്ടി (82,വിമുക്തഭടൻ) അന്തരിച്ചു. ഭാര്യ: കോമളവല്ലിഅമ്മ. മക്കൾ: ജയകുമാർ, ജയന്തി, സന്തോഷ്കുമാർ. മരുമക്കൾ: ശ്രീജ, രാജേന്ദ്രൻ, ജയകുമാരി. സംസ്കാരം ഇന്ന് രാവിലെ 10 ന് ശാന്തികവാടത്തിൽ.

**ഇ.പി. ശിവപ്രസാദ്**

വൈപ്പിൻ: നായരമ്പലം എടക്കാട്ട് പഴനി മകൻ ഇ.പി. ശിവപ്രസാദ് (60) അന്തരിച്ചു. കെഎസ്ഇബി എംപ്ലോയീസ് ജില്ലാ സഹകരണ സംഘം മുൻ ജീവനക്കാരനാണ്. എസ്എൻഡിപി നായരമ്പലം സൗത്ത് ശാഖാ സെക്രട്ടറിയും ശ്രീനാരായണ പെൻഷനേഴ്സ് സമിതി വൈപ്പിൻ യൂണിയൻ വൈസ് പ്രസിഡന്റുമാണ്. ഭാര്യ: ഷീബ. മക്കൾ: പ്രണവ്, നിരഞ്ജൻ.

**ഗോപിനാഥൻ നായർ**

പോത്തൻകോട്: വാവറ കൃഷ്ണ നിവാസിൽ ഗോപിനാഥൻ നായർ (55) അന്തരിച്ചു. ഭാര്യ: ഷൈജ. മക്കൾ: കൃഷ്ണ. എസ്. നായർ, അനന്തു. സംസ്കാരം ഇന്ന് രാവിലെ 10.30 ന്.

**ജയകുമാർ**

കരകുളം: ഏണിക്കര നിലമി സായി ഭവനിൽ ജയകുമാർ(52) അന്തരിച്ചു. ഭാര്യ: ലതാകുമാരി. മക്കൾ: സൗമ്യ, രേഷ്മ. മരുമക്കൾ: മണിക്കുട്ടൻ, അഭിലാഷ്.

**എം.ടി.സൗമിനി**

തലശേരി: കൊടുവള്ളി ചിറക്കക്കാവ് ക്ഷേത്രത്തിനടുത്തുള്ള ചാലിൽ പറമ്പത്ത് വീട്ടിൽ എം.ടി. സൗമിനി (82) അന്തരിച്ചു. ഭർത്താവ് പരേതനായ കെ.പി. രാഘവൻ വൈദ്യർ. മക്കൾ: എം.പി.വിനോദ് (എൽഐസി ഏജന്റ്), വിനിത. മരുമക്കൾ: സതീഷ്, രജിത. സഹോദരങ്ങൾ: രാധ (ടീച്ചർ), പരേതരായ കമലാക്ഷി, രേവതി, നാരായണൻ.

**ഓമന**

തിരുവനന്തപുരം: ആറ്റുകാൽ വലിയവിളാകത്തിൽ, ടിസി 22/151-1, പരേതനായ കേശവൻ നായരുടെ ഭാര്യ ഓമന (81) അന്തരിച്ചു. മക്കൾ: ജനാർദ്ദനൻ, കാഞ്ചന, ബേബി. മരുമക്കൾ: ബേബി, ചന്ദ്രൻ, പരേതനായ ശേഖരൻ.

**ഷിബു**

കടയ്ക്കൽ:മലയാള മനോരമ ഏജന്റ് ചിതറ തൂറ്റിക്കൽ ബിലാൽ മൻസിലിൽ ഷിബു (45) അന്തരിച്ചു.

**ശങ്കുണ്ണി നായർ**

വടക്കാഞ്ചേരി: വെള്ളറക്കാട് കൊങ്ങത്ത് ശങ്കുണ്ണി നായർ (കെ.എസ്. നായർ -69) അന്തരിച്ചു. ഭാര്യ: ശോഭന. മക്കൾ: സുജിത് കുമാർ, പ്രതാപ് കുമാർ, ആശ. മരുമക്കൾ: ശ്രീധന്യ, ഹരിപ്രിയ, അനൂപ്.

**കൃഷ്ണൻകുട്ടി**

അന്തിക്കാട്: കെ.കെ. മേനോൻ ഷെഡിന് പടിഞ്ഞാറ് കാരണത്ത് (പനമ്പുള്ളി) കൃഷ്ണൻകുട്ടി (85) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: പരേതയായ വത്സല. മക്കൾ: സാംബശിവൻ, സോമൻ, ഉണ്ണികൃഷ്ണൻ, രാജേഷ്, സദാനന്ദൻ, ശോഭ. മരുമക്കൾ: ഇന്ദിര, സുനിത, ഷീജ, മായ, ബിജി, രഘുനാഥൻ.

**അലവിക്കുട്ടി**

മഞ്ചേരി: വള്ളിക്കാപ്പറ്റ കാഞ്ഞമണ്ണ സ്വദേശി പരേതനായ എടക്കൊടമ്പൻ മുഹമ്മദ് മകൻ അലവിക്കുട്ടി (62) അന്തരിച്ചു. ഭാര്യ: മറിയുമ്മ പുല്ലഞ്ചേരി. മക്കൾ: ബുഷ്റ, അർഷാദ്. മരുമകൻ: മുനീർ പുതുശ്ശേരി മഠത്തിൽ തുറക്കൽ.

**എൽ.ശോഭനാകുമാരി**

പുത്തൂർ: ശോഭാ ഭവനിൽ (പാറയ്ക്കൽ) പരേതനായ മഹാദേവൻപിള്ളയുടെ ഭാര്യ എൽ. ശോഭനാകുമാരി (67) അന്തരിച്ചു. മക്കൾ: ധന്യ മഹാദേവൻ, എം.എസ്.ദിവ്യാദേവൻ (യുഎസ്).

മരുമക്കൾ: എബി മുരളി, പ്രവീൺ പ്രഭ (യുഎസ്).

**പ്രേംകുമാർ**

ഉള്ളൂർ: കൊല്ലംതറട്ടയിൽ വീട്ടിൽ പ്രേംകുമാർ (ബിജു-49) അന്തരിച്ചു. ഭാര്യ: ലീന. സഹോദരങ്ങൾ: പ്രേംലാൽ, പ്രിയ സുരേഷ്.

**ശോഭ**

പേരാമ്പ്ര: ചേനോളി കുണ്ടുങ്ങൽതാഴ കളത്ത് പൊയിൽ ഗംഗാധരന്റെ ഭാര്യ ശോഭ (40) അന്തരിച്ചു. പിതാവ്: പരേതനായ അരുറങ്ങോട്ട് ഗോപാലൻ നായർ. മാതാവ്: പാർവതി അമ്മ. മകൾ: ശരണ്യ (ഇഎംഎസ് ഹോസ്പിറ്റൽ പേരാമ്പ്ര). സഹോദരങ്ങൾ: ഗീത, രമ, രതി.

**ചന്ദ്രൻ**

വടക്കാഞ്ചേരി: എരുമപ്പെട്ടി സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിനു മുൻവശം സ്നേഹജ്വല്ലറി ഉടമ ചേന്നാട്ട് വേലപ്പന്റെ മകൻ ചന്ദ്രൻ (53) അന്തരിച്ചു. സംസ്ക്കാരം നടത്തി. ഭാര്യ: ഷീബ. മക്കൾ: ഐശ്വര്യ, അശ്വനി, അമൽ ചന്ദ്രൻ.

**ഭവാനി**

തിരുമല്ലവാരം: വെട്ടംപറമ്പത്തു വീട്ടിൽ പരേതനായ ഗോപാലന്റെ ഭാര്യ ഭവാനി(94) അന്തരിച്ചു മക്കൾ: ഓമന, അരവിന്ദാക്ഷൻ, മല്ലിക, സുരേന്ദ്രൻ, ജയൻ, അനിരുദ്ധൻ, അംബിക, സജീവൻ, പ്രമീള, മായ.

*സംഭവ സ്ഥലത്ത് പൊലീസ്-ഫൊറൻസിക് വിഭാഗം ഉദ്യോഗസ്ഥർ പരിശോധന നടത്തിയപ്പോൾ*

## കരുവാറ്റായിൽ പുരുഷന്റേതെന്നു സംശയിക്കുന്ന അസ്ഥികൂടം കണ്ടെത്തി

ഹരിപ്പാട്: ദേശീയപാതയിൽ കൊട്ടാരവളവ് വെള്ളക്കെട്ടിനു കിഴക്കു വശം വിസ്തൃതമായ വേലഞ്ചിറ തോപ്പിലെ ആളൊഴിഞ്ഞ ഭാഗത്ത് ഒരു വർഷത്തിലേറെ പഴക്കം തോന്നിക്കുന്ന മനുഷ്യ അസ്ഥികൂടം കണ്ടെത്തി. കാട് പിടിച്ചു കിടന്ന ഇവിടെ ദിവസങ്ങൾക്ക് മുമ്പ് തീ വെച്ച് കാട് നശിപ്പിച്ചിരുന്നു. സമീപത്തെ തോട്ടിൽ ചൂണ്ടയിട്ട് മീൻപിടിക്കാൻ എത്തിയ കുട്ടികൾ ബുധനാഴ്ച വൈകുന്നേരമാണ് അസ്ഥികൂടം കണ്ടത്.

കുട്ടികൾ വീട്ടിൽ വിവരമറിയിച്ചതിനെ തുടർന്ന് നാട്ടുകാരും കുടുംബശ്രീ പ്രവർത്തകരും ഉടൻ തന്നെ ഹരിപ്പാട് പൊലീസിൽ വിവരമറിയിച്ചു. രാത്രി തന്നെ സ്ഥലത്തെത്തിയ പൊലീസ് സ്ഥലം സീൽ ചെയ്തു. ഇന്നലെ രാവിലെ 10 മണിയോടെ കായംകുളം ഡിവൈഎസ്പി ആർ. ബിനുവിന്റെ നേതൃത്വത്തിൽ ഇൻക്വസ്റ്റ് തയാറാക്കി. ആലപ്പുഴയിൽ നിന്നും സയന്റിഫിക് ഓഫീസറും വിരലടയാള വിദഗ്ദരും അടങ്ങുന്ന സംഘം പരിശോധനക്ക് എത്തിയിരുന്നു. അസ്ഥികൂടത്തിന്റെ തലയോട് ഉൾപ്പെടെയുള്ള ഭാഗങ്ങൾ പലയിടത്ത് ചിതറി കിടക്കുകയായിരുന്നു. സമീപത്ത് നിന്നും ഷർട്ടിന്റെ ഭാഗം കിട്ടിയതിനാൽ പുരുഷന്റെ അസ്ഥികൂടമാണെന്ന് സംശയിക്കുന്നു. പകുതി കത്തി കരിഞ്ഞ നിലയിൽ കീടനാശിനി കുപ്പിയും, പകുതികരിഞ്ഞ കുടയും സമീപത്ത് നിന്നും ലഭിച്ചിട്ടുണ്ട്. ഉച്ചക്ക് 12 മണിയോടെ അസ്ഥികൂടം പോസ്റ്റ്മോർട്ടത്തിനായി ആലപ്പുഴക്ക് കൊണ്ടുപോയി.

## കുളിക്കുന്നതിനിടെ വെള്ളം നിറച്ച ടാങ്ക് ദേഹത്തുവീണ് വീട്ടമ്മ മരിച്ചു

അമ്പലപ്പുഴ: പുന്നപ്ര വടക്ക് പഞ്ചായത്ത് 14-ാം വാർഡ് വാടക്കൽ തയ്യിൽ കിഴക്കേതിൽ പരേതനായ രാഘവന്റെ ഭാര്യ തങ്കമ്മ (67) ആണ് മരിച്ചത്. വ്യാഴാഴ്ച രാവിലെ 9.15 ഓടെ ഇവർ വാടകക്കു താമസിക്കുന്ന തൈവെളിയിൽ വീട്ടിലായിരുന്നു അപകടം. കുളിമുറിയുടെ ഷീറ്റുമേഞ്ഞ മേൽക്കൂരക്ക് മുകളിൽ വെള്ളം നിറച്ചിരുന്ന പ്ലാസ്റ്റിക് ടാങ്ക് ഷീറ്റു തകർന്ന് തങ്കമ്മയുടെ ദേഹത്ത് വീഴുകയായിരുന്നു. ഉടൻ 108 ആമ്പുലൻസിൽ വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാൻ സാധിച്ചില്ല.

**ഖദീജക്കുട്ടി**

കരുനാഗപ്പള്ളി:ആദിനാട് തെക്ക് തോപ്പിൽ വീട്ടിൽ പരേതനായ ഹൈദ്രോസ്കുഞ്ഞിന്റെ ഭാര്യ ഖദീജക്കുട്ടി (87) അന്തരിച്ചു. മക്കൾ: ആയിഷ ബീവി, ലൈല ബീവി, അബ്ദുൽ സലാം. മരുമക്കൾ: മുഹമ്മദ്കുഞ്ഞ്, ഷംസുദീൻ, തസ്നി.

**കെ.എം.ഫിലിപ്പ്**

കുളത്തൂപ്പുഴ: റിട്ട. എയർ ഫോഴ്സ് ഉദ്യോഗസ്ഥൻ തിങ്കൾക്കരിക്കം മുളയറ വീട്ടിൽ കെ.എം.ഫിലിപ്പ് (ബാബു-72) അന്തരിച്ചു.

ഭാര്യ: ചണ്ണപ്പേട്ട ആലക്കുന്നിൽ കുടുംബാംഗം മറിയാമ്മ.

**എസ്.മോഹനൻ**

നെടുവത്തൂർ: കേരളാ സ്റ്റേറ്റ് ബവ്റിജസ് കോർപ്പറേഷൻ ഉദ്യോഗസ്ഥൻ നീലേശ്വരം കാർത്തികയിൽ എസ്.മോഹനൻ (58) അന്തരിച്ചു.

ഭാര്യ: മിനി. മക്കൾ: മഹിമ മോഹൻ, മിഥുൻ മോഹൻ.

## ജനറൽ വാർത്തകൾ

## തടവുകാരുടെ എണ്ണം വീണ്ടും കുറക്കാനുള്ള നീക്കവുമായി ജയിൽ വകുപ്പ്

തിരുവനന്തപുരം: കൊവിഡ് ആശങ്കയിൽ തടവുകാരുടെ എണ്ണം വീണ്ടും കുറക്കാനുള്ള നീക്കവുമായി ജയിൽ വകുപ്പ്. ഇതിന്റെ ഭാഗമായി മുതിർന്ന പൗരൻമാർക്ക് പരോൾ നൽകാനും ശിക്ഷയുടെ മൂന്നിൽ രണ്ട് കാലാവധി പൂർത്തിയാക്കിയവരെ വിട്ടയയ്ക്കാനും ജയിൽ വകുപ്പ് സർക്കാരിന്റെ അനുമതി തേടി. 60ന് മുകളിൽ പ്രായമുള്ള പുരുഷൻമാർക്കും 50ന് മുകളിലുള്ള സ്ത്രീകൾക്കും 45 ദിവസത്തെ അടിയന്തര പരോൾ നൽകുക, ശിക്ഷയുടെ മൂന്നിൽ രണ്ട് കാലാവധി പൂർത്തിയാക്കിയവരെ പൂർണമായും വിട്ടയക്കുക, മുൻപ് പരോൾ കാലത്ത് പ്രശ്നമുണ്ടാക്കാതെ തിരിച്ചെത്തിയവർക്ക് 45 ദിവസം കൂടി പരോൾ അനുവദിക്കുക എന്നീ ശുപാർശകളാണ് ജയിൽ ഡിജിപി ആഭ്യന്തര സെക്രട്ടറിക്ക് നൽകിയത്. അറുപതിന് മുകളിൽ പ്രായമുള്ള പുരുഷൻമാരും 50 വയസിന് മുകളിലുള്ള സ്ത്രീകളും ഉൾപ്പെടെ നൂറോളം പേരും ശിക്ഷയുടെ മൂന്നിൽ രണ്ട് കാലാവധി പൂർത്തിയാക്കിയ 350 പേരും വിവിധ ജയിലുകളിലുണ്ട്. ജയിൽ വകുപ്പിന്റെ ശുപാർശ സർക്കാർ അംഗീകരിച്ചാൽ അറുന്നൂറോളം പേർക്ക് ഉടൻ ജയിലിൽ നിന്ന് പുറത്തിറങ്ങാം. നേരത്തെ ഹൈക്കോടതി ഉത്തരവ് പ്രകാരം 560 വിചാരണ തടവുകാരെ വിട്ടയക്കുകയും സർക്കാർ അനുമതിയോടെ 857 പേർക്ക് പരോൾ നൽകുകയും ചെയ്തിരുന്നു. തടവുകാർ തിങ്ങിക്കൂടി താമസിക്കുമ്പോൾ രോഗവ്യാപന സാധ്യത കൂടുമെന്ന് വിശദീകരണം മുൻ നിർത്തിയാണ് ജയിൽ വകുപ്പ് പരോളിന് ശുപാർശ നൽകിയിരിക്കുന്നത്.

**ജയിൽ വകുപ്പിന്റെ ശുപാർശ സർക്കാർ അംഗീകരിച്ചാൽ അറുന്നൂറോളം പേർക്ക് ഉടൻ ജയിലിൽ നിന്ന് പുറത്തിറങ്ങാം**

## ഓപ്പറേഷൻ സാഗർ റാണി
# 7754 കിലോഗ്രാം മത്സ്യം പിടിച്ചെടുത്ത് നശിപ്പിച്ചു

**ഇതുവരെ പിടികൂടിയത് 50,836 കിലോഗ്രാം മത്സ്യം**

**ശക്തമായ നടപടിയിലേക്ക്: 5 ലക്ഷം രൂപ പിഴയും ആറുമാസം വരെ തടവും**

തിരുവനന്തപുരം: ഓപ്പറേഷൻ സാഗർ റാണിയുടെ ഭാഗമായി നടന്ന പരിശോധനകളിൽ ഉപയോഗ ശൂന്യമായ 7754.5 കിലോഗ്രാം മത്സ്യം പിടികൂടി നശിപ്പിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി കെ.കെ. ശൈലജ അറിയിച്ചു. സംസ്ഥാനത്താകെ 211 കേന്ദ്രങ്ങളിലാണ് ഇന്നലെ പരിശോധന നടത്തിയത്. 20 വ്യക്തികൾക്ക് നോട്ടീസ് നൽകുകയും ചെയ്തു. ശനിയാഴ്ച ആരംഭിച്ച ഓപ്പറേഷൻ സാഗർ റാണിയിൽ ശനിയാഴ്ച 2865 കിലോഗ്രാം മത്സ്യവും തിങ്കളാഴ്ച 15641 കിലോഗ്രാം മത്സ്യവും ചൊവ്വാഴ്ച 17,018 കിലോഗ്രാം മത്സ്യവും ബുധനാഴ്ച 7557.5 കിലോഗ്രാം മത്സ്യവും ഇന്ന് 7754.5 കിലോഗ്രാം മത്സ്യവും പിടിച്ചെടുത്തിരുന്നു. ഇതോടെ ഓപ്പറേഷൻ സാഗർ റാണിയിലൂടെ ഈ സീസണിൽ 50,836 കിലോഗ്രാം മത്സ്യമാണ് പിടികൂടിയത്.

തിരുവനന്തപുരം 13, കൊല്ലം 8, പത്തനംതിട്ട 8, ആലപ്പുഴ 38, കോട്ടയം 24, ഇടുക്കി 4, എറണാകുളം 28, തൃശൂർ 23, പാലക്കാട് 5, മലപ്പുറം 23, കോഴിക്കോട് 17, വയനാട് 5, കണ്ണൂർ 8 കാസർഗോഡ് 6 എന്നിങ്ങനെയാണ് വിവിധ കേന്ദ്രങ്ങളിൽ പരിശോധനകൾ നടത്തിയത്. തമിഴ്നാട്ടിൽ നിന്നും തിരുവനന്തപുരത്തേയ്ക്ക് കൊണ്ടുവന്ന 26 ടൺ കേടായ മത്സ്യമാണ് പിടിച്ചത്. കൊല്ലത്ത് നിന്നും 4700 കിലോഗ്രാം കേടായ മത്സ്യവും കോട്ടയത്തു നിന്നും 2555 കിലോഗ്രാം കേടായ മത്സ്യവും പിടിച്ചെടുത്തു. ഇത്തരത്തിൽ മത്സ്യം കൊണ്ടു വരുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാൻ ഭക്ഷ്യ സുരക്ഷാ കമ്മീഷണർ നിർദേശം നൽകിയിട്ടുണ്ടെന്ന് ആരോഗ്യ വകുപ്പ് മന്ത്രി കെ.കെ. ശൈലജ അറിയിച്ചു. ഭക്ഷ്യയോഗ്യമല്ലാത്ത മത്സ്യം സംസ്ഥാനത്ത് കൊണ്ടുവരുന്നതും സംഭരിക്കുന്നതും വിൽക്കുന്നതും ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുസരിച്ച് 5 ലക്ഷം രൂപ പിഴയും ആറുമാസം വരെ തടവും ഒരു ലക്ഷം രൂപ പിഴയും ലഭിക്കുന്ന ക്രിമിനൽ കുറ്റവുമാണ്. മത്സ്യം കയറ്റി വരുന്ന വാഹനങ്ങൾക്ക് ഭക്ഷ്യ സുരക്ഷ ലൈസൻസ് നിർബന്ധമാണ്.

അതിലുപയോഗിക്കുന്ന പെട്ടികൾ അണുവിമുക്തമാക്കിയിരിക്കണം. മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് ഉപയോഗിക്കുന്ന ഐസ് ശുദ്ധ ജലത്തിലുള്ളതായിരിക്കണം. മത്സ്യം കേടാകാതെ സൂക്ഷിക്കുന്നതിന് രാസവസ്തുക്കൾ ഉപയോഗിക്കുന്നത് ഗുരുര കുറ്റമാണ്. ഇത്തരക്കാർക്കെതിരെ കർശന നടപടിയെടുക്കാൻ അതത് ജില്ലകളിലെ അസി. ഭക്ഷ്യസുരക്ഷ കമ്മീഷണർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പൊതുജനാരോഗ്യത്തിന് ഹാനീകരമാകുന്ന മത്സ്യം കണ്ടെത്തിയാൽ ഭക്ഷ്യ സുരക്ഷാ നിയമ പ്രകാരം നടപടികൾ സ്വീകരിക്കുന്നതിനും നിയമാനുസൃതം അത് നശിപ്പിച്ചു കളയുന്നതിനും അതത് അധികാര പരിധിയിലെ ഭക്ഷ്യ സുരക്ഷാ ഓഫീസർമാരേയും ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

## സൂം വീഡിയോ കോൺഫറൻസുകൾ: സർക്കാരിനു കൊവിഡ് 19 വിവരങ്ങൾ വിരൽത്തുമ്പിൽ

തിരുവനന്തപുരം: രാജ്യത്ത് ആദ്യ കൊവിഡ് രോഗബാധ കണ്ടെത്തിയ കേരളത്തിലെ പൊതുജനാരോഗ്യ സംവിധാനം തടസങ്ങളില്ലാതെ വിവരങ്ങൾ കൈമാറുന്നതിനും പിഴവുകളില്ലാതെ സേവനങ്ങൾ നൽകുന്നതിനും ഇപ്പോൾ ആശ്രയിക്കുന്നത് പരസ്പരം കൂട്ടി യോജിപ്പിച്ച ഒരൊറ്റ വിതരണ ശൃംഖലയെ. രോഗാണു വ്യാപനം തടയുന്നതിന് മികച്ച രീതി രൂപപ്പെടുത്തിയ സംസ്ഥാന ആരോഗ്യ വകുപ്പിന്റെ പ്രതിദിന സൂം വീഡിയോ കോൺഫറൻസുകൾക്കു നന്ദി.

ആരോഗ്യ മന്ത്രി കെ.കെ. ശൈലജയും ഉന്നത ഉദ്യോഗസ്ഥരും താഴേത്തട്ടിൽ പ്രവർത്തിക്കുന്ന മെഡിക്കൽ, പാരാമെഡിക്കൽ ജീവനക്കാരുമായി എല്ലാ ദിവസവും സൂം ആപ്പ് മുഖേന നടത്തുന്ന വീഡിയോ കോൺഫറൻസുകൾ ഇപ്പോഴത്തെ സാഹചര്യത്തിൽ സർക്കാരിന്റെ ഫലപ്രദമായ ഇടപെടലുകളിൽ നിർണായക പങ്കാണ് വഹിക്കുന്നത്. ജനങ്ങളുടെ ഉത്കണ്ഠകൾ അറിയുന്നതു മുതൽ ഫലപ്രദമായ പ്രതികരണ സംവിധാനം ഒരുക്കുന്നതിൽ വരെ ഈ യോഗങ്ങൾ വഹിക്കുന്ന പ്രാധാന്യം വളരെ വലുതാണ്.

ആരോഗ്യ പ്രിൻസിപ്പൽ സെക്രട്ടറി ഡോ. എൻ രാജൻ ഖൊബ്രഗഡെ, ദേശീയ ആരോഗ്യ മിഷന്റെ സംസ്ഥാന മിഷൻ ഡയറക്ടർ ഡോ. രത്തൻ യു കേൽക്കർ, ആരോഗ്യ വകുപ്പ് ഡയറക്റ്റർ ഡോ സരിത, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്റ്റർ ഡോ റംലാ ബീവി എന്നിവരാണ് മന്ത്രിക്കൊപ്പം പങ്കെടുക്കുന്നത്.

ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, ഗവൺമെന്റ് മെഡിക്കൽ കോളജ് ആശുപത്രികൾ എന്നിവ ഉൾപ്പെട്ടതാണ് രോഗവ്യാപനവുമായി ബന്ധപ്പെട്ട യഥാർത്ഥ സ്ഥിതിഗതികൾ താഴേത്തട്ടിൽ നിന്ന് ലഭ്യമാക്കുന്ന ഈ വീഡിയോ കോൺഫറൻസുകളിലെ രണ്ടാം നിര. കൊവിഡ് 19മായി ബന്ധപ്പെട്ട മുഴുവൻ വിവരങ്ങളും അടങ്ങിയ ഒരു ടാബ് കൈവശമുണ്ടെങ്കിൽ കേരളത്തിന്റെ ലോകശ്രദ്ധ നേടിയ ആരോഗ്യ ചികിൽസാ സംവിധാനത്തെ എണ്ണയിട്ട യന്ത്രം പോലെ ചലിപ്പിക്കുന്നതാക്കാൻ കഴിയുന്ന നിലയിലേക്കാണ് ഈ മാറ്റം.

ഓരോ ദിവസത്തെയും ആസൂത്രണത്തിന് ആവശ്യമായ അവശ്യ വിവരങ്ങൾ ശേഖരിക്കുന്നത് ഈ ആശയ വിനിമയത്തിലാണ് എന്ന് ഡോ. ഖൊബ്രഗഡെ വ്യക്തമാക്കി. 'രോഗികളുടെയും ക്വാറന്റൈനിൽ കഴിയുന്നവരുടെയും ആശുപത്രി വിട്ടവരുടെയും വിവരങ്ങൾ, പരിശോധനാ ഫലങ്ങൾ, ഉപകരണങ്ങളും പരിശോധനാ കിറ്റുകളും മരുന്നുകളും വ്യക്തിഗത സുരക്ഷാ ഉപകരണങ്ങളും (പിപിഇ) ഉൾപ്പെടെ ആശുപത്രികളിലെ സ്ഥിതി വിവരം എന്നിവയെല്ലാം ഈ യോഗങ്ങളിലാണ് വിശദീകരിക്കുന്നത്'.

രണ്ടു തരത്തിലുള്ള ആശയ വിനിമയമാണ് ഇതിലൂടെ നടക്കുന്നത് അദ്ദേഹം പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ സാഹചര്യങ്ങൾക്കനുസരിച്ച് മാറ്റം വേണമെങ്കിൽ നിർദേശിക്കാനും കഴിയുന്നു. കേരളം മുഴുവൻ രാപ്പകലില്ലാതെ ജോലി ചെയ്യുന്നവർക്ക് അവർ അഭിമുഖീകരിക്കുന്ന അടിയന്തര ആവശ്യങ്ങൾ ഏതു സമയത്തും അറിയിക്കാനും സാധിക്കുന്നു.

സാമൂഹിക അകലം പാലിച്ചുകൊണ്ട് തങ്ങൾക്ക് ഓരോരുത്തർക്കും സ്വന്തം മുറിയിൽ ഇരുന്നുകൊണ്ടുതന്നെ രോഗവ്യാപനത്തിന് എതിരായ സുപ്രധാന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നതാണ് ഈ സാങ്കേതിക വിദ്യ.

## സമൂഹ അടുക്കള നടത്താൻ തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ വിഹിതം നൽകണം: ഉമ്മൻ ചാണ്ടി

തിരുവനന്തപുരം: സമൂഹ അടുക്കളയും ഭക്ഷണ വിതരണവും തുടർന്നുകൊണ്ടു പോകുവാനുള്ള ഭാരിച്ച സാമ്പത്തിക ബാധ്യത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ മാത്രം ഏൽപിക്കാതെ സർക്കാരിന്റെ ഒരു വിഹിതം ഇതിനായി അനുവദിക്കണമെന്ന് മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിക്കു നൽകിയ കത്തിൽ ആവശ്യപ്പെട്ടു. സമൂഹ അടുക്കളയുടെ നടത്തിപ്പിന് സ്വമേധയാ സാമൂഹ്യ സേവനത്തിന് വരുന്നവരെ നിരുത്സാഹപ്പെടുത്തുന്നതും കുറ്റവാളികളായി കാണുന്നതും ശരിയല്ല. സമൂഹ അടുക്കളയിൽ ഉച്ചഭക്ഷണത്തിന് പുറമെ പ്രഭാത ഭക്ഷണവും വൈകുന്നേരത്തെ ഭക്ഷണവും സന്നദ്ധ സംഘടനകൾ നൽകുന്നത് പരിഗണിക്കണമെന്ന് ഉമ്മൻ ചാണ്ടി നിർദേശിച്ചു.

കാർഷിക വായ്പ ഉൾപ്പെടെ സഹകരണ ബാങ്കിന്റെയും വാണിജ്യ ബാങ്കുകളിലെയും എല്ലാ വായ്പകൾക്കും ഒരുവർഷത്തെ മൊറട്ടോറിയവും ആ കാലത്തെ പലിശ ഇളവും നല്കിയാലേ കർഷകർക്കും സാധാരണക്കാർക്കും സാമ്പത്തിക ആശ്വാസം ലഭിക്കുകയുള്ളൂ. ഇപ്പോൾ ബാങ്കുകൾ അനുവദിച്ചിട്ടുള്ള മൂന്ന് മാസത്തെ മൊറട്ടോറിയം സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം ആകില്ല. യാത്രാ നിയന്ത്രണങ്ങൾ മാറുമ്പോൾ മടങ്ങിയെത്തുന്ന പ്രവാസികൾക്ക് വേണ്ട സൗകര്യം നല്കാൻ ഇപ്പോൾ തന്നെ മുൻകരുതൽ എടുക്കണം. വിവിധ രാജ്യങ്ങളിലെ മലയാളി സമൂഹത്തിന് കോവിഡ് മൂലമുള്ള പ്രശ്നങ്ങൾ ഉന്നയിക്കാൻ നോർക്കയിൽ ടോൾഫ്രീ നമ്പർ ഉൾപ്പെടെ സംവിധാനം വേണം.

ലോക്ക്ഡൗൺ മൂലം കടലിൽ പോകുവാൻ കഴിയാതെ പട്ടിണിയുടെ വക്കിലായ മത്സ്യതൊഴിലാളികൾക്ക് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണമെന്നും ഉമ്മൻ ചാണ്ടി ആവശ്യപ്പെട്ടു

## മത്സ്യത്തൊഴിലാളികൾക്ക് രണ്ടായിരം രൂപ വീതം

തിരുവനന്തപുരം:സംസ്താനത്തെ ഒന്നര ലക്ഷത്തോളം മത്സ്യത്തൊഴിലാളികൾക്ക് രണ്ടായിരം രൂപ വീതം സഹായം നൽകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. കേരള തയ്യൽത്തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള സ്റ്റേറ്റ് ഈറ്റ, കാട്ടുവള്ളി-തഴ തൊഴിലാളിക്ഷേമനിധി ബോർഡ്, കേരള അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ തൊഴിലാളികൾക്ക് ആയിരം രൂപ വീതം നൽകും.കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ പെൻഷൻ ലഭിക്കാത്ത 1,30,000 തൊഴിലാളികൾ, അമ്പതിനായിരത്തോളം ലോട്ടറി തൊഴിലാളികൾ എന്നിവർക്കും ആയിരം രൂപ വീതം നൽകുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

വടക്കൻ കേരളത്തിൽ ബീഡി മേഖലയിലെ ഔട്ട്‌വർക്ക് സമ്പ്രദായത്തിന് ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം സാധനങ്ങൾ കൊണ്ടുപോകുന്നതിന് അനുവദിക്കും. നഗരസഭകളിൽ ഒഴിഞ്ഞുകിടന്ന 321 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികകളിലേക്കുള്ള നിയമന ഉത്തരവ് നൽകിയതായും മുഖ്യമന്ത്രി അറിയിച്ചു.

## ഇന്നും മഴയ്ക്ക് സാധ്യത

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നും ഇടിമിന്നലോട് കൂടിയ വേനൽ മഴക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ തുടങ്ങി 10 ജില്ലകളിലാണ് പ്രധാനമായും മഴ ലഭിക്കാൻ സാധ്യത. വേനൽമഴയിൽ കുറവുണ്ടാകുമെന്നും അടുത്ത ദിവസങ്ങളിൽ കാര്യമായ മഴയുണ്ടാവില്ലെന്ന വിലയിരുത്തലിലാണ് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം. മഴയ്ക്കൊപ്പം മണിക്കൂറിൽ 30 മുതൽ 40 കിലോമീറ്റർ വരെ വേഗതയോടെ കാറ്റ് വീശാൻ സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും ദുരന്തനിവാരണ അഥോറിറ്റിയും മുന്നറിയിപ്പ് നൽകുന്നു.

## കുഞ്ഞാപ്പുവും കുട്ടി ദിനോസറും

# ടിവി വാർത്തയിൽ ടോമയ്യ

അമ്മയുടെ വിളി കേട്ടാണ് കുഞ്ഞാപ്പു കഥയുടെ രസത്തിൽ നിന്ന് ഞെട്ടി എഴുന്നേറ്റത്.

'അമ്മ വിളിക്കുന്നു, ടോമയ്യ കട്ടിലിനടിയിലേക്ക് കയറിക്കോ എങ്ങാനും കണ്ടാൽ പിന്നെ പ്രശ്നമാവും'.

കുഞ്ഞാപ്പു മുറിയിൽ നിന്ന് പെട്ടെന്നിറങ്ങി അടുക്കളയിലേക്കോടി. അച്ഛനും അമ്മയും സംയുക്തമായി ചില കുക്കിങ് കലാപരിപാടികളാണ്.

വീട്ടിലിരിപ്പു തുടങ്ങിയതിൽ പിന്നെ സമയ ക്ലിപ്തതയൊന്നുമില്ല. എപ്പൊഴെങ്കിലുമൊക്കെയായി ഭക്ഷണം.

ചേട്ടന് കോളെജ് ഇല്ലെങ്കിലും ഓൺലൈൻ ക്ലാസ് നടക്കുന്നുണ്ട്. പിന്നെയുള്ള സമയം കൂട്ടുകാരുമായി മീറ്റിംഗിലാണ്. ചേച്ചിയും എന്തൊക്കെയോ മൊബൈലിൽ കുത്തിയിരുന്നു ചെയ്യുന്നുണ്ട്. കൂട്ടുകാരുമായി ടിക് ടോക് ആണ്.

ടോമയ്യ വന്നത് തന്നെ സംബന്ധിച്ചിടത്തോളം ഒരാശ്വാസമാണ്. എന്നാൽ ഒരു സമാധാനക്കേടുമുണ്ട്. എത്ര നാളെന്നുവച്ചാണ് ഈ ഒളിച്ചുകളി.

ഒരു പകൽ അങ്ങനെയും തള്ളി നീക്കി. വൈകിട്ട് മിക്കവാറും അച്ഛനും അമ്മയും ടിവി യുടെ മുന്നിലായിരിക്കും. പുതിയ വാർത്തകൾ പലതും അറിയുന്നത് അപ്പോഴാണ്. അധിക സമയം സ്വന്തം മുറിയിൽ തങ്ങിയാൽ അമ്മയോ മറ്റോ വരാൻ സാധ്യത കൂടുതലാണ്. അതുകൊണ്ട് പുറത്തൊക്കെ ചുറ്റിപ്പറ്റി നിന്നു.

ടിവി ന്യൂസ് വച്ച് അച്ഛൻ സോഫയിൽ ചാഞ്ഞുകിടന്നു. കൊറോണാ വൈറസ് തന്നെ പ്രധാന വാർത്ത. പെട്ടെന്നാണ് ഞെട്ടിപ്പിക്കുന്ന ആ ദൃശ്യം ടിവി യിൽ തെളിഞ്ഞത് -

ടോമയ്യ റോഡിലൂടെ നടക്കുന്ന ദൃശ്യം ടിവിയിൽ.

'നഗരത്തെ ഭീതിയിലാക്കി ഒരു ദിനോസർ രൂപം പ്രത്യക്ഷപ്പെട്ടിരിക്കുന്നു'- വാർത്ത ശ്രദ്ധിച്ച് അച്ഛൻ ഒന്നെഴുന്നേറ്റിരുന്നു.

'ദേ നമ്മുടെ ടൗണിലാണല്ലോ, വന്നു നോക്ക്യേ' - അച്ഛൻ വളരെ ഉച്ചത്തിൽ അമ്മയെ വിളിച്ചു.

ഇതു കേട്ട് ചേട്ടനും ചേച്ചിയും പാഞ്ഞെത്തി.

എല്ലാവരും ടിവി യുടെ മുന്നിൽ കണ്ണും കാതും കൂർപ്പിച്ച് ഇരിക്കുകയാണ്.

നഗരത്തിലെ സിസിടിവിയിലാണ് ഈ രൂപം പ്രത്യക്ഷപ്പെട്ടത്. ഇതാരോ വേഷം കെട്ടി നടത്തിയതാണെന്ന് സംശയിക്കുന്നു. ഒരു പ്രാവശ്യം പൊലീസ് ജീപ്പിനു മുന്നിൽ പെട്ടെങ്കിലും ഓടി മറഞ്ഞു. ലോക് ഡൗണിന്റെ മറവിൽ വേഷം മാറി നടന്ന് ജനത്തെ ഭയപ്പെടുത്താനുള്ള ബോധപൂർവമായ ശ്രമമാണെന്ന് പോലീസ് പറഞ്ഞു. എങ്കിലും സമീപവാസികൾ ജാഗരൂഗരായിരിക്കണമെന്നും പോലീസ് മുന്നറിയിപ്പു നൽകി.

ടിവിയിൽ ടോമയ്യയുടെ ദൃശ്യം പലതവണ കാണിച്ചു കൊണ്ടേയിരുന്നു.

കുഞ്ഞാപ്പു ശരിക്കും പെട്ടു എന്നു തന്നെ പറയാം.

ഇതിനിടെ അച്ഛനും ചേട്ടനും തമ്മിൽ വിഷയത്തിൽ പിടിച്ച് ചർച്ചയായി.

'ഇതാരോ വേഷം കെട്ടിയിറങ്ങിയതാവാനേ വഴിയുള്ളു. അല്ലാതെ ഇക്കാലത്ത് ഇങ്ങനെയൊരു ജീവിയുണ്ടാവുമോ?'- ചേട്ടൻ ഉറപ്പിച്ചു.

'ഇതിനു പിന്നിൽ ചില തട്ടിപ്പു സംഘങ്ങളാവാനേ വഴിയുള്ളു. എല്ലാവരും വീട്ടിൽ ഒതുങ്ങിയിരിക്കുമ്പോൾ വല്ല ഏടാകൂടം ഒപ്പിക്കാനുള്ള ശ്രമമാണ്' - അച്ഛൻ ചർച്ച കടുപ്പിക്കുകയാണ്.

'സ്പെയിനിൽ ഇതുപോലെ വേഷം കെട്ടിയിറങ്ങിയ ആളെ പോലീസ് പിടികൂടിയത് ഓൺലൈനിലൊക്കെ വന്നതാണ്'. - ചേട്ടൻ തന്റെ അറിവ് വിളമ്പി.

അമ്മയും ചേച്ചിയും ഒന്നും പറയുന്നില്ല.

'അല്ല, അച്ഛാ ചിലപ്പോ ഇതുപോലെ ചില ജീവിയെങ്ങാനും വന്നതായാലോ?'- കുഞ്ഞാപ്പു ഒരു സംശയം മനപ്പൂർവ്വം എടുത്തിട്ടു.

പക്ഷെ അതാരും കേട്ടതായി ഭാവിച്ചില്ല. എല്ലാവരും ടിവിയിൽ തന്നെ നോക്കിയിരിക്കുകയാണ്.

കുഞ്ഞാപ്പു തന്റെ മുറിയുടെ വാതിൽക്കലേക്ക് നീങ്ങി.

**(നാളെ: വിചിത്ര ജീവിയുടെ വേഷംകെട്ടിയവനെ പോലീസ് തെരയുന്നു)**

### ഇന്നലെത്തെ ചോദ്യത്തിന് ശരിയായ ഉത്തരം അയച്ചവരിൽ നിന്ന് നറുക്കെടുപ്പിലൂടെ തെരെഞ്ഞെടുത്തത്.

NIDHI PILLAI, Std-6,
Nazareth convent High School
Mumbai

**ചോദ്യം ഇതായിരുന്നു :**
ഏതു വർഷമാണ് ജൂറാസിക് പാർക്ക് പ്രദർശനത്തിനു വന്നത്?

**ഉത്തരം: 1993**

**ഇന്നത്തെ ചോദ്യം:**
ജുറാസിക് പാർക്ക് ചിത്രീകരിച്ച സ്ഥലത്തിന്റെ പേര് എന്താണ്? എവിടെയാണ്?

**ഉത്തരം അയക്കേണ്ട വാട്ട്സ് ആപ് നമ്പർ:**
**7304041234**

## ഹോം കുക്കിങ്

# ബ്രഡ് പോപ്കോൺ

### വേണ്ടത്

ബ്രെഡ് - 4 എണ്ണം
പഞ്ചസാര - 3 1/2 ടേബിൾസ്പൂൺ
വെണ്ണ/നെയ്യ് - 1 ടേബിൾസ്പൂൺ

### തയാറാക്കേണ്ടത്

ഫ്രൈ പാൻ ചൂടാക്കി അതിലേക്ക് ബ്രെഡ് ഇട്ട് വറുത്തെടുത്ത് മാറ്റുക. ശേഷം ഫ്രൈ പാനിൽ 3 1/2 ടേബിൾസ്പൂൺ പഞ്ചസാര ഇടുക അതിലേക്ക് കുറച്ച് വെള്ളം ഒഴിച്ചുകൊടുക്കുക. പഞ്ചസാര അലിഞ്ഞ് ബ്രൗൺ കളറായി കഴിയുമ്പോൾ അതിലേക്ക് 1 ടേബിൾസ്പൂൺ വെണ്ണ അല്ലെങ്കിൽ നെയ്യ് ഒഴിച്ച് ഇളക്കി തീ ഓഫ് ചെയ്യുക. ശേഷം ബ്രെഡ് കഷണങ്ങൾ ഇട്ട് നന്നായി ഇളക്കുക. തുടർന്ന് സ്റ്റീൽ പാത്രത്തിലേക്ക് മാറ്റിവയ്ക്കുക. ബ്രെഡ് പോപ്കോൺ റെഡി....

# ലോക്ഡൗണിലും ശബരീനാഥന് കുടുംബകാര്യം തന്നെ നാട്ടുകാര്യം

**പി.ബി. ബിച്ചു**

ലോക്ഡൗൺ കാലത്തേക്കായി സർക്കാർ വാഗ്ദാനം ചെയ്ത പലവ്യഞ്ജന കിറ്റുകളുടെ വിതരണം നടക്കുകയാണ് കോട്ടൂരിൽ. പദ്ധതിയുടെ ഉദ്ഘാടനമായതിനാൽ തന്നെ ഭക്ഷ്യ-സിവിൽ സപ്ലൈസ് മന്ത്രി പി. തിലോത്തമനൊപ്പം എംഎൽഎ കെ.എസ്. ശബരീനാഥനും വിവിധ വകുപ്പു മേധാവികളുമൊക്കെയുണ്ട്. സാമൂഹ്യ അകലം പാലിച്ച് നടത്തിയ പരിപാടിയുടെ തിരക്കുകൾക്ക് ശേഷം ലോക്ക്ഡൗൺ വിശേഷങ്ങളുമായി എംഎൽഎ ശബരീനാഥൻ മെട്രോവാർത്തയ്ക്കൊപ്പം ചേരുകയാണ്- കോവിഡ് പ്രതിരോധത്തിനായി പ്രധാനമന്ത്രി ലോക്ക്ഡൗൺ പ്രഖ്യാപിച്ച ശേഷം എല്ലാവരും വീട്ടിനുള്ളിലാണെങ്കിലും ഒരു ജനപ്രതിനിധിയായ തനിക്കോ ഭാര്യ ദിവ്യയ്ക്കോ ഇതുവരെ ഒരു ദിവസം വീട്ടിലിരിക്കാനുള്ള അവസരം ഉണ്ടായിട്ടില്ല.

തൊഴിലുറപ്പ് പദ്ധതിയുടെ സംസ്ഥാന മിഷൻ ഡയറക്റ്ററാണ് ദിവ്യയെങ്കിലും സിവിൽ സപ്ലൈസ് വകുപ്പിന്റെ ചുമതലയും കൂടിയുള്ളതിനാൽ റേഷൻവിതരണത്തിന്റെ ഭാഗമായുള്ള തിരക്കുകളിലാണിപ്പോൾ. ഞങ്ങൾ രാവിലെ ഏകദേശം ഒരേസമയത്താണ് വീട്ടിൽ നിന്നും ഇറങ്ങുന്നതെങ്കിലും മണ്ഡലത്തിലെ വിവിധ കമ്യൂണിറ്റി കിച്ചൺ സന്ദർശനവും മറ്റ് യോഗങ്ങളുമൊക്കെ കഴിഞ്ഞ് ഉച്ചയ്ക്ക് ശേഷം ഞാൻ വീട്ടിലെത്തും. ഇതിനിടെ പഞ്ചായത്തുകളിൽ നിന്നും വേണ്ട കണക്കുകളും മറ്റും ശേഖരിക്കുന്നതിനൊപ്പം പിഎച്ച്സികളിലും സന്ദർശനം നടത്താറുണ്ട്. വൈകുന്നേരത്തോടെ കോവിഡുമായി ബന്ധപ്പെട്ട് അന്നന്നത്തെ നിരീക്ഷണത്തിലുള്ളവരുടെ കണക്കുകൾ തയാറാക്കലും ആരോഗ്യപ്രവർത്തകർക്ക് വേണ്ട സൗകര്യങ്ങൾ വിലയിരുത്തുകയുമെല്ലാം ചെയ്യുന്നതാണ് ശേഷമുള്ള പരിപാടി.

തിരുവനന്തപുരത്ത് മന്ത്രിമാരുടെയോ കലക്റ്ററുടെയോ യോഗങ്ങളും മറ്റും ഉള്ളദിവസളിൽ ഇത് അൽപം വൈകുമെന്ന് മാത്രം. കോവിഡ് കണക്കുകളിൽ മണ്ഡലത്തിന്റെ പൂർണ ചിത്രം വൈകുന്നേരത്തോടെ ഫെയ്സ്ബുക്ക് പേജിൽ അപ്ലോഡ് ചെയ്യാറുണ്ട്. ആശുപത്രിയിലും വീടുകളിലുമായി എത്രപേർ നിരീക്ഷണത്തിലുണ്ടെന്നതടക്കമുള്ള വിവരങ്ങൾ ഇതിൽ ഉൾക്കൊള്ളിക്കും. ഇതിനിടയിലും സഹായം തേടിയെത്തുന്ന എല്ലാ കോളുകൾക്കും മറുപടി നൽകി വേണ്ട സഹായം ഏർപ്പെടുത്തിയുമാണ് ഓരോ ദിവസവും ഉറങ്ങാൻപോകുന്നത്. യൂത്ത് കോൺഗ്രസുമായി ബന്ധപ്പെട്ട് നടക്കുന്ന സന്നദ്ധ പ്രവർത്തനങ്ങളും പാർട്ടിയുമായി ബന്ധപ്പെട്ട കാര്യങ്ങളുമൊക്കെ ഇതിനിടയിൽ നടക്കുന്നുണ്ട്. പൂർണ സമയം വീട്ടിലിരിക്കേണ്ടിവരുന്നവർക്ക് സഹായത്തിനും കൗൺസിലിങ് അടക്കമുള്ള കാര്യങ്ങൾക്കും ഒരു പ്രത്യേക ടീമിനെ വച്ച് കാര്യങ്ങൾ നടത്തുന്നുണ്ട്. അത്തരം കാര്യങ്ങളുടെ അവലോകനവും പലപ്പോഴും ഉച്ചയ്ക്ക് ശേഷമാണ് നടക്കുന്നത്. പിന്നെ പൊതുപരിപാടികളൊന്നും ഇല്ലാത്തതിനാൽ മകൻ മൽഹാറിനൊപ്പം വൈകുന്നേരങ്ങൾ ചെലവഴിക്കാൻ കഴിയുന്നുണ്ടെന്നും ശബരീനാഥൻ പറയുന്നു.

മോൻ നല്ല ഹാപ്പിയാണ്. ജോലിത്തിരക്കായതിനാൽ തന്നെ ദിവ്യ വൈകിട്ട് 7 മണിയോടെയാണ് എത്തുന്നത്. പകൽ സമയങ്ങളിൽ കുഞ്ഞിനൊപ്പം എന്റെ അമ്മയും ദിവ്യയുടെ മാതാപിതാക്കളും ഉള്ളത് വലിയൊരാശ്വാസമാണ്. തിരക്കിനിടയിലും കിട്ടുന്ന സമയങ്ങളിൽ ഞങ്ങൾ രണ്ടു പേരും മകനൊപ്പം ചെലവഴിക്കാനാണ് ശ്രമിക്കുന്നത്. അവന് ഒരുവയസ് തികഞ്ഞിട്ടേയുള്ളു. രണ്ട് പേരും സർക്കാരിന്റെ ഭാഗമാണെന്ന് അവനറിയില്ലല്ലോ... ഇവിടെയിപ്പോൾ ചടങ്ങുകൾ കഴിഞ്ഞു. ഇനി മണ്ഡലത്തിലെ പതിവു പരിപാടികളിലേക്കു ഞാനും തിരിയുകയാണ്. എല്ലാവരും വീടുകളിൽ തന്നെ കഴിയുക, സർക്കാർ നിർദേശങ്ങൾ പാലിക്കുക. നമ്മൾ അതിജീവിക്കും- ശബരീനാഥ് പറഞ്ഞവസാനിപ്പിച്ചു.

ജി.കാർത്തികേയന്റെ മകനും അരുവിക്കര എംഎൽഎയായ ശബരീനാഥനും ദിവ്യ എസ് അയ്യർ യും ഏറെ നാളത്തെ പ്രണയത്തിനുശേഷമാണ് വിവാഹിതരായത്. രാഷ്ട്രീയ ജീവിതം ആരംഭിച്ച കാലത്ത് തന്നെയാണ് ശബരീനാഥന് കൂട്ടായി ദിവ്യ ഐഎഎസ് എത്തിയത്. ടാറ്റയിൽ ഉന്നത ഉദ്യോഗസ്ഥനായിരുന്ന ശബരീനാഥൻ അച്ഛന്റെ മരണ ശേഷമാണ് രാഷ്ട്രീയത്തിലേക്കെത്തിയത്. ശേഷം രണ്ടാം തവണയും അരുവിക്കരക്കാർ ശബരീനാഥനെ തന്നെയാണ് തങ്ങളുടെ എംഎൽഎയായി നിയമസഭയിലേക്കയച്ചത്.

# പൊലീസിനെ പ്രശംസിച്ച് അജയ് ദേവ് ഗൺ

കൊറോണ പ്രതിസന്ധികൾക്കിടയിൽ മുംബൈ പൊലീസിന്റെ സേവനത്തെ പ്രശംസിച്ച് ബോളിവുഡ് നടൻ അജയ് ദേവ്ഗൺ. ടീറ്റിന് പൊലീസ് നൽകിയ മറുപടിയാണ് സോഷ്യൽ മീഡിയയിൽ ട്രെൻഡിംഗ് ആവുന്നത്. മുംബൈ പൊലീസിന്റെ സേവനത്തെ കുറിച്ചുള്ള പ്രൊമോഷണൽ വീഡിയോയാണ് അജയ് പങ്കുവച്ചിരിക്കുന്നത്.

അജയ്യുടെ സിനിമകളുടെ പേര് പരാമർശിച്ചാണ് പൊലീസ് മറുപടി കൊടുത്തിരിക്കുന്നത്. 'പ്രിയപ്പെട്ട 'സിങ്കം', 'കാക്കി' എന്തൊക്കെ ചെയ്യണമോ അത് മാത്രമാണ് ചെയ്യുന്നത്. 'വൺസ് അപ്പോൺ എ ടൈം' കാര്യങ്ങൾ എങ്ങനെയായിരുന്നു എന്ന് ഉറപ്പാക്കുകയാണ് ' എന്നാണ് മുംബൈ പൊലീസിന്റെ ടീറ്റ്.

നടൻ സുനിൽ ഷെട്ടിക്കും അദ്ദേഹത്തിന്റെ 'ധട്കൻ' എന്ന ചിത്രത്തെ പരാമർശിച്ചാണ് മറുപടി നൽകിയിരിക്കുന്നത്. മുംബൈ പൊലീസിന്റെ മറുപടി ഏറ്റെടുത്തിരിക്കുകയാണ് സോഷ്യൽ മീഡിയ. കൂടാതെ പൊലീസിന്റെ സേവനത്തിനും സോഷ്യൽ മീഡിയ നന്ദി പറയുന്നുണ്ട്.

# നന്ദി പറഞ്ഞ് പത്മകുമാർ

മകൻ കൊവിഡിൽ നിന്നും മുക്തനായതിൽ സർക്കാരിനും ആരോഗ്യപ്രവർത്തകർക്കും നന്ദി പറഞ്ഞ് സംവിധായകൻ എം പത്മകുമാർ. കളമശേരി മെഡിക്കൽ കോളെജിലായിരുന്നു പത്മകുമാറിന്റെ മകനും സുഹൃത്തും ചികിത്സയിൽ കഴിഞ്ഞത്. പാരീസിൽ നിന്നും മടങ്ങി എത്തിയതായിരുന്നു ഇരുവരും.

പാരീസിൽ വച്ച് രോഗിയുമായി സമ്പർക്കമുണ്ടായെന്ന സംശയത്തിൽ നാട്ടിലെത്തിയ ശേഷം ചികിത്സ തേടുകയായിരുന്നു ഇരുവരും. കോവിഡ് 19 ചികിത്സയിൽ കഴിഞ്ഞിരുന്ന എന്റെ മകൻ ആകാശും അവന്റെ സഹപ്രവർത്തകൻ എൽദോയും കളമശേരി മെഡിക്കൽ കോളെജിൽ നിന്നും ഡിസ്ചാർജായി. ഡോക്റ്റർമാർക്കും നഴ്സുമാർക്കും ആരോഗ്യ പ്രവർത്തകർക്കും നന്ദിയും സ്നേഹവും അറിയിക്കുന്നുവെന്ന് പത്മകുമാർ ഫെയ്സ്ബുക്കിലൂടെ പറഞ്ഞു.

ടീമിന്റെ ക്യാപ്റ്റൻ പിണറായി വിജയനും ആരോഗ്യ മന്ത്രി കെ.കെ. ശൈലജ ടീച്ചർക്കും ജില്ലാ കലക്റ്റർ സുഹാസിനും നന്ദി പറയുന്നതായും അദ്ദേഹം പറഞ്ഞു. നന്ദി മാത്രമല്ല, തന്റെ സർക്കാരിനേയും സംസ്ഥാനത്തേയും ഓർത്ത് അഭിമാനിക്കുന്നതായും അദ്ദേഹം പറയുന്നു.

# ഹോട്ടൽ വിട്ടു നൽകി സോനു സൂദ്

കൊറോണ പ്രതിസന്ധികൾക്കിടെ ആരോഗ്യപ്രവർത്തകരെ സഹായിക്കാൻ സന്നദ്ധത അറിയിച്ച് നടൻ സോനു സൂദ്. കോവിഡ് രോഗികളെ പരിചരിക്കുന്ന ഡോക്റ്റർമാർക്കും നഴ്സുമാർക്കും താമസിക്കാനായി ജുഹുവിലെ ആറു നിലയുള്ള ഹോട്ടൽ വിട്ടു നൽകുമെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ് താരം.

'ആളുകളുടെ ജീവൻ രക്ഷിക്കാൻ രാവും പകലും അധ്വാനിക്കുന്ന നമ്മുടെ രാജ്യത്തെ ഡോക്റ്റർമാർക്കും നഴ്സുമാർക്കും പാരാ മെഡിക്കൽ സ്റ്റാഫുകൾക്കുമായി എന്തെങ്കിലും ചെയ്യുക എന്നത് എനിക്ക് ലഭിച്ച ബഹുമതിയാണ്. മുംബൈയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവർക്ക് താമസിക്കാൻ ഒരു സ്ഥലം ആവശ്യമാണ്. മുനിസിപ്പാലിറ്റിയിലും, ആശുപത്രികളിലും ഈ സൗകര്യത്തെക്കുറിച്ച് ഞങ്ങൾ അറിയിച്ചിട്ടുണ്ട്'- സോനു പറയുന്നു.

*ലോകർക്കായി ഏകനായ്....ചേർത്തല തങ്കി പള്ളിയിലെ അത്ഭുത പീഡാനുഭവ കല്ലറയ്ക്ക് മുന്നിൽ വികാരി ഫാ.ടോമി പനക്കൽ സ്നേഹ ദീപക്കാഴ്ച തെളിച്ച് നിർവഹിക്കുന്നു*

# ആഘോഷങ്ങളില്ലാതെ പെസഹാദിനാചരണം

ചേർത്തല: ലോകം മുഴുവൻ കൊറോണ വൈറസ് ഭീതിയിനിന്ന് സുഖം പകരണമെ എന്ന്പ്രാർത്ഥിച്ചു കൊണ്ട്പ്രസിദ്ധ തീർത്ഥാടന കേന്ദ്രമായ ചേർത്തല തങ്കി സെന്റ് മേരീസ് ഫൊറോനാ പള്ളിയിൽ കർത്താവിന്റെ അൽഭുത തിരുസ്വരൂപ നടയിൽ വികാരി ഫാ. ടോമി പനയ്ക്കൽ ഏകനായ് നിന്ന് സ്നേഹദീപം തെളിച്ചു.

എല്ലാ വർഷവും പെസഹാ വ്യാഴാഴ്ച സന്ധ്യക്ക് നാനാ ജാതി മതസ്ഥർ ചേർന്നാണ് ഇവിടെ ദീപക്കാഴ്ച നടത്തുന്നത്. എന്നാൽ മഹാമാരിയുടെ പശ്ചാത്തലവും ഗവൺമെന്റ് നിർദ്ദേശങ്ങളും കണക്കിലെടുത്ത് വിശ്വാസികളെ പങ്കെടുപ്പിക്കാതെയാണ് ഇത്തവണ ചടങ്ങുകൾ സംഘടിപ്പിച്ചത്. ദീപക്കാഴ്ചയ്ക്ക് മുമ്പായി വിശ്വാസികളുടെയും തീർത്ഥാടകരുടെയും അ സാന്നിതൃത്തിൽ ദേവാലയത്തിനകത്ത്-തിരുവത്താഴപൂജയും നടത്തി.

ഇന്ന് വൈകിട്ട് 3ന് പീഢാനുഭവ ശുശ്രൂഷകളും കുരിശ് വന്ദനവും നടക്കും.വൈകിട്ട് 5ന് പതിവായ് നടക്കുന്ന നഗരി കാണിക്കൽ ചടങ്ങിന്റെ സമയത്ത് എല്ലാ ഭവനങ്ങളിലും മരമണി മുഴക്കി ഭക്തിയും ആദരവും പ്രകടിപ്പിക്കും. എല്ലാവരും ലോക് ഡൗൺ നിയമങ്ങൾ പാലിക്കണമെന്നും തിരുക്കർമ്മങ്ങൾ തങ്കി പള്ളിയുടെ ഫേസ് ബുക്ക് അക്കൗണ്ട് വഴിയും പ്രാദേശിക ചാനൽ വഴിയും തൽസമയം പങ്കെടുക്കുവാനുള്ള അവസരം ഒരുക്കിയിട്ടുണ്ടെന്ന് വികാരി അറിയിച്ചു.

# പഴകിയ മത്സ്യം പിടികൂടി

അമ്പലപ്പുഴ. രണ്ടിടങ്ങളിൽ നടത്തിയ പരിശോധനയിൽ വീണ്ടും പഴകിയ മത്സ്യം പിടികൂടി. ഇരട്ടക്കുളങ്ങര, കാക്കാഴം വ്യാസാ ജംഗ്ഷൻ എന്നിവിടങ്ങളിൽ ഫിഷറീസ്, ഭക്ഷ്യ സുരക്ഷാ വിഭാഗം ഉദ്യോഗസ്ഥർ നടത്തിയ പരിശോധനയിൽ 105 കിലോ പഴകിയ മത്സ്യം പിടികൂടി നശിപ്പിച്ചു.

ലോക്ക് ഡൗൺ പ്രഖ്യാപിച്ചതിനു ശേഷം മത്സ്യ വ്യാപാരികൾ വൻ തോതിൽ മത്സ്യം ശേഖരിക്കുന്നുവെന്ന രഹസ്യ വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇവിടങ്ങളിൽ പരിശോധന നടത്തിയത്.ഇതിൽ കഴിഞ്ഞ രണ്ട് ദിവസം മുൻപ് വളഞ്ഞ വഴിയിൽ നിന്ന് പിടികൂടിയ ഓലത്തള വിഭാഗത്തിൽപ്പെട്ട മത്സ്യമാണ് ഇവിടെ നിന്നും പിടികൂടിയത്. ഫോർമാലിൻ കലർത്തിയ മത്സ്യത്തിന് രണ്ട് മാസത്തിലേറെ പഴക്കമുണ്ടെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു.

## ആശ്വാസകിരണം: കുടിശിക നൽകണമെന്ന് മനുഷ്യാവകാശ കമ്മീഷൻ

ആലപ്പുഴ : ആശ്വാസകിരണം പദ്ധതിയുടെ കുടിശിക ഉൾപ്പെടെ ഉടൻ നൽകണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ കേരള സാമൂഹിക സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയക്ടർക്കാണ് കമ്മീഷൻ ജുഡീഷ്യൽ അംഗം പി. മോഹനദാസ് നിർദ്ദേശം നൽകിയത്.

35 വയസ് കഴിഞ്ഞ 60 ശതമാനം വികലാംഗയായ മകളെ പരിചരിക്കുന്ന കുത്തിയതോട് സ്വദേശിനിയായ അമ്മ പി. കെ. ലളിത നൽകിയ പരാതിയിലാണ് നടപടി. 2018 ഡിസംബർ മുതൽ 2020 മാർച്ച് വരെ കുടിശികയുണ്ട്. കൊറോണ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ മറ്റ് ക്ഷേമ പെൻഷനുകൾ കുടിശിക സഹിതം നൽകിയിട്ടും ആശ്വാസകിരണം പദ്ധതിയെ പരിഗണിച്ചില്ലെന്ന് പരാതിയിൽ പറയുന്നു.

കുടിശിക നൽകിയ ശേഷം 30 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു. റിപ്പോർട്ട് ലഭിച്ച ശേഷം കേസ് ആലപ്പുഴയിൽ പരിഗണിക്കും.

*വാഴപ്പള്ളി പഞ്ചായത്ത് ചീരംചിറയിൽ ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചനിൽ ഭക്ഷണം പായ്ക്ക് ചെയ്യുന്ന പഞ്ചായത്ത് മെമ്പർമാർ*

## അശരണർക്ക് ആശ്രയമായി വാഴപ്പള്ളി പഞ്ചായത്ത് കമ്മ്യൂണിറ്റി കിച്ചൻ

ചങ്ങനാശേരി: കോവിഡ് 19 എന്ന മഹാമാരിയേ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സർക്കാർ ലോക്ക് ഡൗൺ പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ പഞ്ചായത്തിലെ അശരണർക്ക് ആശ്രയമായി വാഴപ്പള്ളി പഞ്ചായത്ത് കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനം തുടരുന്നു. കുടുംബശ്രീ യൂണിറ്റുകളുടെ സജീവ സഹകരണത്തോടെ മാർച്ച് 27നാണ് സർക്കാർ നിർദ്ദേശപ്രകാരം കമ്മ്യൂണിറ്റി കിച്ചൻ ആരംഭിച്ചത്.

വാഴപ്പള്ളി പഞ്ചായത്തിലെ 21 വാർഡുകളിലും ആവശ്യക്കാർക്ക് ഭക്ഷണം എത്തിക്കുക എന്ന ഉദ്ദേശത്തോടെയാണ് ചീരം ചിറ സ്കൂളിൽ പഞ്ചായത്ത് കമ്മ്യൂണിറ്റി കിച്ചൻ ആരംഭിച്ചത്.ഭക്ഷണം കിട്ടേണ്ട അർഹരായവരുടെ ലിസ്റ്റ് അതാത് വാർഡ് മെമ്പർമാരാണ് തയ്യാറാക്കുന്നത്. അതിഥി തൊഴിലാളികൾക്കും അർഹരായവർക്കും സൗജന്യമായാണ് ഭക്ഷണം നൽകുന്നത്.കമ്മ്യൂണിറ്റി കിച്ചനിൽ നിന്നും 25 രൂപക്ക് ആർക്കും ഭക്ഷണം വാങ്ങാവുന്നതാണ്. ഭക്ഷണം വിതരണം ചെയ്യുന്നതിനായി ഓരോ വാർഡിലും സന്നദ്ധസേനാ പ്രവർത്തകരുണ്ട്. ഇവർ ദിവസവും ഉച്ചക്കും വൈകിട്ടും ആവശ്യക്കാർക്ക് ഭക്ഷണം എത്തിച്ചു നൽകും.

കേവലം രാഷ്ട്രീയ നേട്ടത്തിനായി സർക്കാർ നിർദ്ദേശം കാറ്റിൽപ്പറത്തി സമാന്തരമായി കമ്മ്യൂണിറ്റി കിച്ചൻ ചില രാഷ്ട്രീയകക്ഷികളുടെ നേതൃത്വത്തിൽ പഞ്ചായത്തിൽ നടത്തുന്നതായും ചില വാർഡ് മെമ്പർമ്മാർ ആക്ഷേപം ഉന്നയിച്ചു

### മയക്കുമരുന്ന് സംഘം ഗ്രാമസേവകനെയും മാതാപിതാക്കളെയും ആക്രമിച്ചു

മുഹമ്മ: മയക്കുമരുന്ന് സംഘം ആര്യാട് ബ്ലോക്കിലെ ഗ്രാമസേവകനെയും മാതാപിതാക്കളെയും വീട് കയറി ആക്രമിച്ചു.മണ്ണഞ്ചേരി പഞ്ചായത്ത് 19-ാം വാർഡിൽ കിഴക്കേ ചുഴാട് വീട്ടിൽ അനീഷും മാതാ പിതാക്കളുമാണ് ആക്രമിക്കപ്പെട്ടത്.കഴിഞ്ഞ ദിവസം രാത്രി 7.30 ഓടെയായിരുന്നു ആക്രമണം ആർക്കും സാരമായി പരിക്കേറ്റിട്ടില്ല. പ്രദേശത്ത് വർദ്ധിച്ചു വരുന്ന മയക്കുമരുന്ന് -കഞ്ചാവ് ഉപയോഗത്തെ സംബന്ധിച്ച് പരാതിപ്പെട്ടതാണ് ആക്രമണത്തിന് കാരണമെന്ന് അനീഷ് മണ്ണഞ്ചേരി പൊലീസിൽ നൽകിയ പരാതിയിൽ പറയുന്നു.

ആക്രമണ സമയം അനീഷിന്റെ മാതാപിതാക്കളായ പുഷ്പാംഗദൻ, ആനന്ദവല്ലി ,ഭാര്യ രമ്യ, മക്കളായ അളകനന്ദ, അഭിനന്ദ എന്നിവരായിരുന്നു വീട്ടിലുണ്ടായിരുന്നത്. ആക്രമണം നടക്കാൻ സാദ്ധ്യതയുണ്ടെന്ന തിരിച്ചറിവിൽ നാട്ടുകാർ സംഘടിച്ച് സംരക്ഷണം തീർത്തതിനാൽ ആക്രമികൾക്ക് ഏറെ നേരം ഇവിടെ നിൽക്കാനായില്ല. ഈ സമയം പൊലീസ് പട്രോളിംഗും ശക്തമാക്കിയിരുന്നു. ജോലി കഴിഞ്ഞ് വരുകയായിരുന്ന അനീഷിനെ പട്ടാട്ട് പ്രദേശത്തെ പാലത്തിനടുത്ത് വെച്ച് സംഘത്തിൽപ്പെട്ട ചിലർ ഏതാനും ദിവസം മുമ്പ്തടഞ്ഞിരുന്നു.. നിരവധി കഞ്ചാവ് കേസുകളിൽ പ്രതികളായ പന്ത്രണ്ടോളം പേരാണ് സംഘത്തിലുള്ളതെന്നാണ് സൂചന. ഈ സംഘം പട്ടാട്ട്കാരി കണ്ടത്തിലാണ് കേന്ദ്രികരിക്കുന്നതെന്നും നാട്ടുകാർ പറയുന്നു

### പോത്തുകുട്ടികളുമായി ആന്ധ്രയിൽ കുടുങ്ങി

ഹരിപ്പാട്: ചിങ്ങോലി പഞ്ചായത്തിൽ വിതരണം ചെയ്യാനായി പോത്തുകുട്ടികളെ വാങ്ങാൻപോയ സംഘം ലോക്ക് ഡൗണിനെ തുടർന്ന് ആന്ധ്രയിൽ കുടുങ്ങി. ചിങ്ങോലി അഞ്ചാം വാർഡ് ശാലിനി ഭാവനിൽ ശ്യാംകുമാർ, അച്ഛരൻ ശാന്തപ്പൻ, സഹായി വിദ്യാഭവനിൽ വാമൻ എന്നിവരാണ് ഗുണ്ടൂർ പേട്ടയിൽ കുടുങ്ങിയത്.

മാർച്ച് 16നാണ് ഇവർപോയത്. 28ന് തിരികെവരാൻ ശ്രമിക്കുന്നതിനിടെയാണ് ഗതാഗത നിയന്ത്രണം വന്നത്. പോത്തുകുട്ടികൾക്ക് മതിയായ അളവിൽ വെള്ളം പോലും ലഭിക്കാത്ത സ്ഥിതിയാണുള്ളതെന്നാണ് വിവരം.

സമീപത്തെ ചന്തയിൽനിന്ന് വൈക്കോൽ മാത്രമാണ് ലഭിക്കുന്നത്. ആകെ 86പോത്തുകുട്ടികളുണ്ട്. ഇതിൽ മൂന്നെണ്ണം ചത്തു. നാട്ടിലെത്താൻ നടപടിയില്ലെങ്കിൽ വലിയ ദുരന്തം നേരിടേണ്ടിവരുമെന്ന് ശ്യാംകുമാർ പറഞ്ഞു.

### നിവേദനം നൽകി

.തുറവൂർ: കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ ലോക്ഡൗൺ മൂലം പീലിംഗ് തൊഴിലാളികൾ ദുരിതത്തിലാണ്.അരൂർ മണ്ഡലത്തിലെ പ്രധാന തൊഴിൽ മേഖലയായ ചെമ്മീൻ പീലിംഗ് മേഖലയിലെ തൊഴിലാളികൾക്ക് യാതൊരു വിധ ആശ്വാസവും ഇതുവരെ ലഭിച്ചിട്ടില്ല. ആയതിനാൽ സാമ്പത്തിക മുൾപ്പടെയുള്ള സഹായങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് മുഖ്യമന്ത്രിക്കും തൊഴിൽമന്ത്രിക്കും ജില്ലാ കളക്ടർക്കും പീലിംഗ് ഷെഡ് ഓണേഴ്സ് അസോസിയേഷനും കേരള മൽസ്യ സംസ്കരണ തൊഴിലാളി യൂണിയൻ (കെ എം എസ് ടി യു) നിവേദനം നൽകിയതായി മേഖലാ പ്രസിഡന്റ് ജീനാജോസഫ് സെക്രട്ടറി കെ . പ്രതാപൻ എന്നിവർ അറിയിച്ചു.

### പച്ചക്കറികൾ നൽകി

തുറവൂർ.മുൻ മന്ത്രികെ എം മാണിയുടെ ചരമവാർഷികത്തിൽകമ്യൂണിറ്റികിച്ചണിലേയ്ക്ക് പച്ചക്കറികൾ നൽകി. കേരളാ കോൺഗ്രസ് എം ജോസഫ് വിഭാഗം അരൂർ നിയോജക മണ്ഡലം കമ്മറ്റിയുടെ നേതൃത്വത്തിലാണ് വിതരണം നടത്തിയത്.

**സർക്കാർ സംവിധാനങ്ങൾക്കൊപ്പം യുവജനസംഘടനകളും പങ്കെടുത്തു**

# കോവിഡ് പോസിറ്റീവ് കേന്ദ്രങ്ങളിൽ ശക്തമായ പ്രതിരോധ പ്രവർത്തനങ്ങളുമായി തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത്

ചേർത്തല:തണ്ണിർമുക്കത്ത് കോവിഡ് ടെസ്റ്റിൽ പോസിറ്റീവ് ആയി റിപ്പോർട്ട് ചെയ്ത ഹോട്ട് സ്പോട്ടുകളിൽ ഗ്രാമ പഞ്ചായത്തിന്റെയും സാമുഹ്യ ആരോഗ്യ കേന്ദ്രത്തിന്റെയും ആയുർവ്വേദവകുപ്പിന്റെയും അഗ്നിശമന സേന വകുപ്പിന്റെയും യുവജന സംഘടനകളുടെയും നേതൃത്വത്തിൽ ശക്തമായ പ്രതിരോധ പ്രവർത്തനമാണ് സംഘടിപ്പിച്ചത്.

പല ബാച്ചുകളായ് തിരിഞ്ഞ് വാർഡുകളിൽ യുവജനങ്ങൾ അണുവിമുക്ത മരുന്ന് തളിച്ചപ്പാൾ പൊതുസ്ഥലങ്ങളും സ്ഥാപനങ്ങളിലും അഗ്നിശമന സേനയും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തി .ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ.പി.എസ്.ജ്യോതിസിന്റെ നേതൃത്വത്തിൽ ഡോക്ടർമാരായ അമ്പിളി, ജ്യോതി എന്നിവർ വിടുകളിൽ നേരിട്ട് എത്തി ആത്മവിശ്വാസം നൽകിയത്തോടൊപ്പം ബോധവത്ക്കരണവും നടത്തി. പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമവാസികൾ ആവശ്യയപെട്ട പ്രകാരം ആദ്യമായ് ആയുർവ്വേദ മരുന്നുകളും ഹോമിയോ മരുന്നുകളും സൗജന്യമായ് നൽകി.പ്രദേശത്ത ആശങ്ക മാറ്റാൻ കഴിയുന്ന വിധത്തിൽ ലഘുലേഖകൾ വിതരണം ചെയ്തു.

ബോധവത്ക്കരണ ക്യാമ്പയിനിൽ ഗ്രാമ പഞ്ചായത്ത് ആരോഗ്യസ്ഥിരം സമിതി ചെയർപേഴ്സൺ ബിനിത മനോജ് ഗ്രാമപഞ്ചായത്തംഗങ്ങളായ സുനിമോൾ, എൻ.വി.ഷാജീ എന്നിവരും പഞ്ചായത്ത് സെക്രട്ടറി പി.സി.സേവ്യർ എച്ച്.ഐ. ഹരി ലാൽ, സോണി' തോമസ്, ജതി രാജ് എന്നിവർ നേതൃത്വം നൽകി

*തണ്ണിർമുക്കത്ത് കോവിഡ് ടെസ്റ്റിൽ പോസിറ്റീവ് ആയി റിപ്പോർട്ട് ചെയ്ത ഹോട്ട് സ്പോട്ടുകളിൽ അണുനാശിനി തളിക്കുന്നു*

*മെഡിക്കൽ കോളജാശുപത്രി വളപ്പിൽ നിർത്തിയിട്ടിരുന്ന ആൾട്ടോ കാറിന് തീപിടിച്ചപ്പോൾ*

# നിർത്തിയിട്ടിരുന്ന കാർ കത്തി നശിച്ചു

അമ്പലപ്പുഴ: ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ മോർച്ചറിക്കു സമീപം പാർക്ക് ചെയ്തിരുന്ന മാരുതി ആൾട്ടോ കാറാണ് ഇന്നലെ രാവിലെ 11-10 ഓടെ അഗ്നിക്കിരയായത്.

എടത്വ ജൂബിലി ആശുപത്രിയിൽ നിന്നും കഴിഞ്ഞ ദിവസം ഹൃദയാഘാതം മൂലം മരണപ്പെട്ട തായങ്കരി സ്വദേശി മനോജ് (39) ന്റെ മൃതദേഹം പോസ്റ്റുമാർട്ടം ചെയ്യുവാനായി ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലെ മോർച്ചറിയിൽ എത്തിയ സംഘത്തോടൊപ്പം വന്നവർ പാർക്ക് ചെയ്തിട്ട് മോർച്ചറിയിലേക്ക് പോകുമ്പോഴായിരുന്നു കാറിൻറെ എൻജിൻ ഭാഗത്തു നിന്നും പുകയും, തീയും ഉയരുന്നത് കണ്ടത്.വിവരമറിഞ്ഞ് ആശുപത്രിയിലെ സുരക്ഷാ ജീവനക്കാരും, എയ്ഡ് പോസ്റ്റ് പൊലീസും സംഭവസ്ഥലത്തെത്തി തീ അണക്കാനുള്ള ശ്രമങ്ങൾ നടത്തവെ ആലപ്പുഴയിൽ നിന്നും ഒരു യൂണിറ്റ് അഗ്നിശമന സേനയും സ്ഥലത്തെത്തി തീയണച്ചു.

കാർ പൂർണമായും കത്തി നശിച്ചു.മരിച്ച മനോജിൻറെ കോട്ടയം സ്വദേശിയായ സഹോദരീ ഭർത്താവിൻറെ ഉടമസ്ഥതയിലുള്ള താണ് കത്തിനശിച്ച മാരുതി ആൾട്ടോ കാർ. എന്ത് സംഭവിച്ചതാണെന്ന് അറിയില്ലെന്ന് കാർ ഓടിച്ചിരുന്ന എടത്വ സ്വദേശി ഗണേഷ് പറഞ്ഞു.

ഉണങ്ങിയ പുൽത്തകിടിയിലാണ് കാർ പാർക്കു ചെയ്തിരുന്നത്. ചൂടായിരുന്ന കാറിൻറെ ഭാഗങ്ങളിൽ ഷോർട്ട് സർക്യൂട്ട് ഉണ്ടായി പുല്ലിന് തീപിടിച്ച് കാറിൽ പടർന്നതാണെന്നാണ് പൊലീസിൻറെ പ്രാഥമിക നിഗമനം

## കാർട്ടൺ കവറിൽ വിസ്മയം തീർത്ത് സിദ്ധാർത്ഥ്

*കാർട്ടൺ കവറിൽ തേര് നിർമ്മിക്കുന്ന സിദ്ധാർത്ഥ്*

ചെങ്ങന്നൂർ: കൊറോണ വ്യാപനത്തെത്തുടർന്നുള്ളലോക് ഡൗണിൽ വീട്ടിലിരിക്കുന്ന കുട്ടികളുടെ മാനസിക പിരിമുറുക്കത്തിൽ, മൊബൈൽ ഗയിം എന്നീ ഇൻറർനെറ്റുകളിലും, ടെലിവിഷൻ, വീഡിയോ ഗയിം തുടങ്ങിയവയിൽ മുഴുകി കഴിയുമ്പോൾ അതിൽ നിന്നും

വ്യത്യസ്തനാവുകയാണ് സിദ്ധാർത്ഥ് എസ്.പിള്ള. കാർട്ടൺ കവറും ,വെള്ളപേപ്പറും, തടിക്കഷണങ്ങളും ഉപയോഗിച്ച് തേര് ഒരുക്കിയാണ് സിദ്ധാർത്ഥ് വ്യത്യസ്തനായത്..

ജ്യേഷ്ഠൻ സൗരവ് ചെട്ടികുളങ്ങര ദേവീ ക്ഷേത്രത്തിലെ മീനഭരണി മഹോത്സവുമായ അശ്വതി കെട്ടുകാഴ്ചയുമായി ബന്ധപെട്ട് മുൻ വർഷങ്ങളിൽ ചെറിയതേര് നിർമ്മിച്ച് കാഴ്ച വയ്ക്കുമായിരുന്നു. ഇത്തവണ ഉത്സവം ഇല്ലാത്തതിനാൽ അതിൽ നിന്നും പിൻമാറി .

ലോക് ഡൗൺപ്രഖ്യാപിച്ചതോടു കൂടി സിദ്ധാർത്ഥ് ഒരാഗ്രഹത്തിന്റെ പേരിൽ തുടക്കമിട്ടതാണ്. ഇതിന്റെ നിർമ്മാണത്തിനുള്ള അസംസ്കൃത സാധനങ്ങൾ ഫാൻസി കടകളിൽ ലഭിക്കുമെങ്കിലും കടകൾ തുറക്കാത്തത് ബുദ്ധിമുട്ടിലാക്കി.ഇതിനു പരിഹാരമായി വീട്ടിലുള്ള കാർട്ടൺ ബോക്സിന്റെ കവറും ,വെള്ളപേപ്പറും, തടിക്കഷണങ്ങളും മറ്റും ഉപയോഗിക്കുവാൻ തയ്യാറായിസിദ്ധാർത്ഥ് തേര് നിർമ്മാണം പൂർത്തീകരിച്ചത്. വണ്ടി കൂട്ടിന് മാത്രമാണ് തടിയുപയോഗിച്ചത്, മേൽക്കൂടാരം, രണ്ട് ചരിവു തട്ട്, ആറ് തട്ട്, അച്ചുതണ്ട് ,എന്നിവ കാർട്ടൺ കവറും ,നാമ്പ് പെൻസിലു കൊണ്ട് നിർമ്മിച്ചു.തേരിന്റെ ഏറ്റവുംഭംഗിയേറി ഭാഗമാണ് വൈരക്കൊടിയും ,തൂക്കും അത് വെള്ള പേപ്പറിൽ വരച്ച ഡിസൈൻ ചെയ്ത ശേഷം അതിൽ സ്കെച്ച് ഉപയോഗിച്ച് കളർ കൊടുത്ത് വെട്ടി ഒട്ടിക്കുകയായിരുന്നു. രണ്ട് അടി ഉയരുള്ള തേര് ഉണ്ടാക്കാൻ 15 ദിവസമാണ് സിദ്ധാർത്ഥിന് വേണ്ടി വന്നത്. റവന്യു ജില്ലാ ശാസ്ത്ര പ്രവൃത്തി പരിചയമേളയിൽ പങ്കെടുത്ത് നിരവധി സമ്മാനങ്ങൾ നേടിയിട്ടുണ്ട്.

കരവിരുതിന് പ്രോത്സാഹനമായി അമ്മ സുമ ഒപ്പമുണ്ട്.

തട്ടാരമ്പലം മറ്റം വടക്ക് ചാങ്ങയിൽ വിഷ്ണുഭവനത്തിൽ സതീഷ് കുമാർ - സുമ ദമ്പതികളുടെ മകനും മറ്റം സെന്റ് ജോൺസ് ഹയർ സെക്കണ്ടറി സ്കൂളിൽ ആറാം ക്ലാസ് വിദ്യാർത്ഥിയുമാണ് സിദ്ധാർത്ഥ് .സഹോദരൻ സൗരവ് എസ്. പിള്ള പ്ലസ് വൺ വിദ്ധ്യാർത്ഥി (ഗവ. ബോയ്സ് എച്ച്.എസ്.എസ് മാവേലിക്കര).

*എസ് എൻഡിപി യോഗം കണിച്ചുകുളങ്ങര യൂണിയന്റെ നേതൃത്വത്തിൽ പൊലീസിന് ദാഹമകറ്റാനുള്ള കണിച്ചുകുളങ്ങര യൂണിയൻ പ്രസിഡന്റ് വി എം പുരുഷോത്തമൻ ജില്ലാ പൊലീസ് മേധാവി ജയിംസ് ജോസഫിന് കൈമാറുന്നു*

## കണിച്ചുകുളങ്ങര യൂണിയൻ കുപ്പിവെള്ളം കൈമാറി

ചേർത്തല:കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുഇടങ്ങളിൽ പരിശോധന നടത്തുന്ന പൊലീസ് ഉദ്യോഗസ്ഥർക്കായി എസ് എൻഡിപി യോഗം കണിച്ചുകുളങ്ങര യൂണിയന്റെ നേതൃത്വത്തിൽപൊലീസിന് ദാഹമകറ്റാൻ കുടിവെള്ളവുമായി എസ്എൻഡിപി യോഗം കണിച്ചുകുളങ്ങര യൂണിയൻ കുപ്പിവെള്ളം കൈമാറി.

ജില്ലാ പൊലീസ് മേധാവി ജയിംസ് ജോസഫിന് നൽകി യൂണിയൻ പ്രസിഡന്റ് വി.എം. പുരുഷോത്തമൻ കൈമാറി. യൂണിയൻ വൈസ് പ്രസിഡന്റ് പി.കെ.ധനേശൻ പൊഴിക്കൽ,സെക്രട്ടറി കെ.കെ.മഹേശൻ,യോഗം കൗൺസിലർ പി.എസ്.എൻ.ബാബു എന്നിവർ പങ്കെടുത്തു.കണിച്ചുകുളങ്ങര യൂണിയന്റെ നേതൃത്വത്തിൽ യൂണിയൻ അതിർത്തിയിൽ കൊറന്റയിനിൽ കഴിയുന്നവർക്കും നിർദ്ദനരായ പാവപ്പെട്ടവർക്കും വീടുകളിൽ ഉച്ചഭക്ഷണം എത്തിച്ചു നൽകുന്ന പദ്ധതി ദിവസങ്ങളായി തുടരുകയാണ്.

പ്രദേശത്തെ പൊലീസുകാർക്കും ആരോഗ്യ പ്രവർത്തകർക്കും എൻ 95 മാസ്കും സാനിറ്റൈസറും യൂണിയന്റെ നേതൃത്വത്തിൽ വിതരണം ചെയ്തിരുന്നു.

# കമ്മ്യൂണിറ്റി കിച്ചണിൽ നിന്നും കതിർ മണ്ഡപത്തിലേക്ക് വധൂവരന്മാർ

ചേർത്തല : യൂത്ത് കോൺഗ്രസ്സ് ജില്ലാ ജനറൽ സെക്രട്ടറി കെ ആർ രൂപേഷിന്റെ വിവാഹയാത്രയാണ് യൂത്ത് കോൺഗ്രസ്സ് കമ്മൂണിറ്റി കിച്ചണിൽ നിന്നും ആരംഭിച്ചത് .ചേർത്തല മുൻസിപ്പാലിറ്റി എട്ടാം വാർഡിൽ കളമ്പുകാട്ട് വീട്ടിൽ രാജു സുജാത ദമ്പതികളുടെ മകൻ കെ ആർ രൂപേഷും തൈക്കാട്ടുശ്ശേരി പഞ്ചായത്ത് മിലന്തി ഭവനിൽ പുരുഷോത്തമൻ മിലന്തി ദമ്പതികളുടെ മകളായ ഡോക്ടർ ഹേമയും തമ്മിലാണ് വ്യാഴാഴ്ച വിവാഹിതരായത് .

*വധൂവരൻമാർ കമ്മ്യൂണിറ്റി കിച്ചനിൽ എത്തിയപ്പോൾ*

വിവാഹ സൽക്കാരങ്ങളൊഴിവാക്കി ആ തുക യൂത്ത് കെയർ കിച്ചണിൽ നിന്നുമുള്ള ഭക്ഷണ വിതരണത്തിനായി വിനിയോഗിക്കാൻ തീരുമാനിക്കുകയായിരുന്നു യൂത്ത് കോൺഗ്രസ്സ് യൂത്ത് കെയർ പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന യൂത്ത് കെയർ കിച്ചണിലെ സ്ഥിരാംഗമായ രൂപേഷ് വിവാഹ ദിവസവും പതിവ് തെറ്റിച്ചില്ല .പുലർച്ചെ തന്നെ വിവാഹവേഷത്തിൽ കിച്ചണിലെത്തിയ വധൂവരന്മാരെ ഫുഡ് കാൾ പ്രോഗ്രാം കോഡിനേറ്റർ എസ്.ശരത്, യൂത്ത് കോൺഗ്രസ് നിയോജക മണ്ഡലം പ്രസിഡൻ്റ് വി മൽ, ജില്ലാ സെക്രട്ടറി അരുൺ കുറ്റിക്കാട്ട്, പഞ്ചായത്തംഗം ജോബിൻ ജോസഫ്എന്നിവർ ചേർന്ന് സ്വീകരിച്ചു. തുടർന്ന് സഹ പ്രവർത്തകരോടൊത്ത്

അവിടെ തയ്യാറാക്കിയ ഭക്ഷണം പാക്ക് ചെയ്ത് വിവിധ പ്രദേശങ്ങളിൽ വിതരണം ചെയ്ത ശേഷമാണ് കല്യാണ മണ്ഡപത്തിലേക്ക് പുറപ്പെട്ടത്, രക്ഷകർത്താക്കൾ മാത്രം ഉൾപ്പെടുന്ന ലളിതമായ ചടങ്ങിലായിരുന്നു വിവാഹം നടത്തിയത്. ആരോഗ്യ പ്രവർത്തകർ പോലീസ് സേനാംഗങ്ങൾ തുടങ്ങി നിരാലംബരും സാധാരണക്കാർക്കു മടക്കം 528 ഓളം പേർക്ക് പ്രഭാത ഭക്ഷണം വിതരണം ചെയ്തതായി ഫുഡ് കോൾ പദ്ധതി ഭാരവാഹികൾ പറഞ്ഞു യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡൻ്റ് ജോബിൻ ജോസഫിന്റെ ചാലി പള്ളിക്ക് സമീപമുള്ള കാറ്ററിംഗ് സെന്ററിൽ ആണ് കഴിഞ്ഞ 15 ദിവസമായി യൂത്ത് കോൺഗ്രസ് കമ്യൂണിറ്റി കിച്ചൻ ആയി പ്രവർത്തിക്കുന്നത്

*മുഹമ്മ കാവുങ്കൽ വടക്കേ തറ മൂടിനു സമീപം പ്രവർത്തിക്കുന്ന സബ്ബ് സെന്റർ സാമൂഹിക വിരുദ്ധർ താഴിട്ട് പൂട്ടിയ നിലയിൽ .*

## സബ് സെന്റർ സാമൂഹ്യ വിരുദ്ധർ താഴിട്ട് പൂട്ടി

മുഹമ്മ: മുഹമ്മ സാമൂഹ്യാരോഗ്യ കേന്ദ്രം സബ് സെന്റർ സാമൂഹ്യ വിരുദ്ധർ താഴിട്ട് പൂട്ടി. മുഹമ്മ ഗ്രാമപഞ്ചായത്ത് 10-ാം വാർഡിൽ കാവുങ്കൽ വടക്കേതറമൂടിന് സമീപം പ്രവർത്തിച്ചു വരുന്ന പെരുത്തുരുത്ത് സബ് സെന്ററിന്റെ ഗേറ്റാണ് സാമൂഹ്യ വിരുദ്ധർ ബുധനാഴ്ച രാത്രിയിൽ താഴിട്ട്പൂട്ടിയത് വ്യാഴാഴ്ച രാവിലെ ജോലിക്കെത്തിയ ജെ.പി.എച്ച് നേഴ്സ് തിരിച്ച് പോകേണ്ടി വന്നു. നേരത്തേ ഡ്യൂട്ടിയിലുണ്ടായിരുന്നയാൾ സ്ഥലം മാറിപ്പോയപ്പോൾ താഴും താക്കോലും കൈമാറാതിരുന്നതു കൊണ്ട്കുറച്ച്നാളുകളായി ഗേറ്റ്പൂട്ടുന്നില്ലായിരുന്നു. കൊറോണയുടെ പശ്ചാത്തലത്തിൽ ഈ സെന്ററിന്റെ പ്രവർത്തനം ഏറ്റവും അത്യാവശ്യമായ സമയത്താണ് ഗേറ്റ്പൂട്ടി തടസ്സം സൃഷ്ടിച്ചിരിക്കുന്നത്. കുറ്റവാളികൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് പ്രദേശവാസികൾ ആവശ്യപ്പെട്ടു.

Edited, Printed and Published by K.S.Sasikumar , Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R.Gopikrishnan (Chief Editor), C.P. Rajasekharan* (Controlling Editor,* responsible for selection of news under PRB Act), E.Rudran Warrier (Executive Editor), Vol. 3, Issue No. 109 .RNI No.KERMAL/2018/76414 Printed at M/s S.T. Reddiar & Sons, Veekshanam Road, Kochi- 682035 and Published from Vaartha News Network Pvt.Ltd No. 33 / 758, Vijis Complex, Kallupalam, Iron Bridge P.O., Alappuzha - 688011. Phone - 0477 2252534, E-mail: info@metrovaartha.com

## മൊബൈൽ ഫോട്ടോഗ്രാഫി മത്സരം

ചോറ്റാനിക്കര: ലോക്ക്ഡൗൺ കാലം വിഷയമാക്കി ചോറ്റാനിക്കര പബ്ലിക് ലൈബ്രറി യുവതയുടെ നേതൃത്വത്തിൽ മൊബൈൽ ഫോട്ടോഗ്രാഫി മത്സരം സംഘടിപ്പിച്ചു. ലോക്ക്ഡൗൺ പ്രോട്ടോക്കോൾ പാലിച്ചുകൊണ്ടായിരുന്നു മത്സരം. അമ്പത്തിയെട്ടോളം മത്സരാർഥികൾ പങ്കെടുത്തു. വീഡിയോ ഗ്രാഫി, സംഗീത മത്സരം, അടിക്കുറിപ്പ് മത്സരം, പാചക കുറിപ്പ് തുടങ്ങിയ മത്സരങ്ങളും ലൈബ്രറി സംഘടിപ്പിക്കുന്നുണ്ട്. വിശദ വിവരങ്ങൾക്ക്. 9349277066, 956779 1951.

## പലവ്യഞ്ജനങ്ങൾ സംഭാവന ചെയ്തു

മുളന്തുരുത്തി: ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് ഒന്നാം വാർഡ് വി വൺ റസിഡൻസ് അസോസിയേഷന്റെ നേതൃത്വത്തിൽ കമ്യൂണിറ്റി കിച്ചണിലേക്ക് പല വ്യഞ്ജനങ്ങൾ, ജൈവ പച്ചക്കറികൾ എന്നിവ സംഭാവന ചെയ്തു. ഇതോടൊപ്പം മാസ്ക്കുകളും പഞ്ചായത്തിന് കൈമാറി.

## ഹെൽപ്പ് ഡെസ്ക് തുടങ്ങി

പറവൂർ: കോവിഡ് 19 പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി നഗരസഭയിൽ ഹെൽപ് ഡെസ്ക് തുടങ്ങി. വയോജനങ്ങൾ, ചികിത്സയിലിരിക്കുന്നവർ, ആശ്രയമില്ലാത്ത കിടപ്പുരോഗികൾ എന്നിവർക്കു പരിരക്ഷ ഉറപ്പാക്കുകയാണു ലക്ഷ്യം. 9847444946, 9847699076.

## മാസ്കുകൾ നൽകി

പറവൂർ: കോവിഡ് 19 പ്രതിരോധിക്കാൻ പറവൂർ നഗരസഭ ഒൻപതാം വാർഡിലെ എല്ലാ വീടുകളിലേയും കുടുംബാംഗങ്ങൾക്ക് മാസ്ക് നൽകി. വാർഡ് കൗൺസിലർ നേതൃത്വത്തിലാണു മാസ്കുകൾ നൽകിയത്. വിതരണോദ്ഘാടനം കൗൺസിലർ കെ. ജി. ഹരിദാസ്, പറവൂത്തറ കുമാരമംഗലം വാദ്ധ്യാരുപറമ്പിൽ തങ്കന് നൽകി നിർവഹിച്ചു. കെ.വി. ജിനൻ, ഷീല തങ്കൻ തുടങ്ങിയവർ പങ്കെടുത്തു.

## കെട്ടിട നികുതി ഇളവ്

പറവൂർ: കോവിഡ് 19 വ്യാപനം തടയുന്നതിന് ലോക്ക്ഡൗൺ എർപ്പെടുത്തിയ സാഹചര്യത്തിൽ കെട്ടിട ഉടമകൾക്ക് ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങൾ നികുതി ഇളവ് ലഭിക്കുന്നതിന് യഥാസമയം അപേക്ഷ സമർപ്പിക്കാൻ കഴിയാത്തവർക്ക് വസ്തു നികുതിയിലും സർചാർജിലും ഇളവ് ലഭിക്കുന്നതിനായി 2020 -2 1 വർഷ ത്തെ ഒന്നാം അർദ്ധ വർഷത്തെ ഇളവിന് അപേക്ഷ സമർപ്പിക്കുവാനുള്ള പരിധി ജൂൺ 30 വരെ ദീർഘിപ്പിച്ചതായി നഗരസഭാ ചെയർമാൻ ഡി.രാജ് കുമാർ അറിയിച്ചു.

## കമ്യൂണിറ്റി കിച്ചനിലേക്ക് ഭക്ഷ്യവസ്തുക്കൾ

പറവൂർ: ഏഴിക്കര കമ്മ്യൂണിറ്റി കിച്ചനിലേക്കുള്ള വി.ഡി. സതീശൻ എംഎൽഎ ഭക്ഷ്യവസ്തുക്കൾ നല്കി. ഏഴിക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഗീത പ്രതാപൻ ഭക്ഷ്യ സാധനങ്ങൾ ഏറ്റു വാങ്ങി.ടി.ഡി. ജോസഫ്, ഏഴിക്കര മണ്ഡലം കോൺഗ്രസ് പ്രസിഡന്റ് എം.എ.നസീർ ,എം.എസ് രതീഷ് എന്നിവർ സംസാരിച്ചു.

## തൊഴിലാളികൾക്ക് ധനസഹായം വേണം

പറവൂർ: വർക്ക്ഷോപ്പുകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കു സർക്കാർ ധനസഹായം നൽകണമെന്നാവശ്യപ്പെട്ടു ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് യേശുദാസ് പറപ്പിള്ളി മന്ത്രിക്കു നിവേദനം നൽകി. ലോക്ഡൗണിന്റെ സാഹചര്യത്തിൽ

സർക്കാർ തൊഴിലാളികൾക്കു ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ, വർക്ക്ഷോപ്പുകളിൽ പണിയെടുക്കുന്നവർക്ക് ഇതു ലഭിക്കില്ല.ആഴ്ചയിൽ 2 ദിവസം തുറന്നാലും തൊഴിലാളികൾക്കു വരുമാനം ഉറപ്പില്ലാത്തതിനാൽ ധനസഹായം നൽകണമെന്നു നിവേദനത്തിൽ പറയുന്നു. കെട്ടിട നികുതിയിലിളവിനായി അപേക്ഷിയ്ക്കാനുള്ള തിയ്യതി ജൂൺ 30 വരെയാക്കി.

## ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തു

പറവൂർ: നഗരസഭാ പരിധിയിലെ വിവിധ അന്യ സംസ്ഥാന തൊഴിലാളികളുടെ ക്യാംപുകളിൽ നഗരസഭാ ചെയർമാൻ ഡി.രാജ് കുമാറിന്റെ നേതൃത്വത്തിൽ പറവൂർ മെട്രോ പൊളിറ്റൻ ക്ളബിന്റെ സഹകരണത്തോടെ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തു. വൈസ് ചെയർപെഴ്സൺ ജെസി രാജു, കൗൺസിലർ , സജി നമ്പിയത്ത്, നബീസ ബാവ, കെ.ജി ഹരിദാസൻ , ക്ളബ് പ്രസിഡന്റ് എം.എ. ജോബ്, സെക്രട്ടറി പി. പ്രവീൺ, ജോയിന്റ് സെക്രട്ടറി സെൽവിൻ തൈക്കൂട്ടത്തിൽ, ചടങ്ങുകളിൽ പങ്കെടുത്തു.

# കൊച്ചിയിൽ വ്യാജവാറ്റ് സജീവമെന്ന് ഇന്റലിജൻസ്

കെ.ബി.സലാം

മട്ടാഞ്ചേരി: ലോക്ക് ഡൗണിനെ തുടർന്ന് ബിവറേജസ് കോർപ്പറേഷന്റെ മദ്യ വിൽപന ശാലകൾ അടച്ചതോടെ കൊച്ചിയിൽ വ്യാജ വാറ്റ് സംഘം സജീവമായി.കൊച്ചിയിലെ പലയിടങ്ങളിലും വ്യാജ വാറ്റ് സജീവമായതായാണ് രഹസ്യന്വേഷണ വിഭാഗത്തിന് ലഭിച്ച വിവരം. ഡ്രോൺ കാമറകൾ സജീവമായതോടെ ഇപ്പോൾ ഒഴിഞ്ഞ പറമ്പുകളിൽ നിന്ന് മാറി വീടിനകത്തും ഷെഡുകളിലുമാണ് വാറ്റ് നടക്കുന്നത്.മദ്യം വിൽപനയല്ല ഇത്തരക്കാരുടെ ലക്ഷ്യം, മറിച്ച് ഉപഭോഗമാണ്.താൽക്കാലികമായി കുടിക്കുന്നതിനുള്ള മദ്യമുണ്ടാക്കുകയെന്നതാണ് ലക്ഷ്യം.പൊലിസും എക്സൈസും നിരീക്ഷണം ശക്തമാക്കിയതോടെ കഴിഞ്ഞ ദിവസം ഇടക്കൊച്ചിയിൽ നിന്ന് വാറ്റുപകരണങ്ങൾ എക്സൈസ് പിടികൂടിയിരുന്നു. വാറ്റിയ ആയൾ എക്സൈസിനെ കണ്ട് ഓടി രക്ഷപെടുകയും ചെയ്തു.ഇതിന് പുറമേ തോപ്പുംപടി പൊലിസ് പപ്പങ്ങാമുക്കിലെ വീട്ടിലെ അടുക്കളയിൽ വാറ്റിയ മൂന്ന് യുവാക്കളെ അറസ്റ്റ് ചെയ്തിരുന്നു. മദ്യം കിട്ടാതായതോടെയാണ് ഇത്തരത്തിൽ വാറ്റുന്നതിന് ആളുകളെ പ്രേരിപ്പിക്കുന്നത്.വാറ്റുന്നത് സംബന്ധിച്ച് നവമാധ്യമങ്ങളിൽ വരുന്ന വീഡിയോകളും യുവാക്കളെ പരീക്ഷണത്തിന് പ്രേരിപ്പിക്കുന്നു.കൊച്ചിയിൽ ചില ബാർ ഹോട്ടലുകൾ അനധികൃതമായി മദ്യം വിൽക്കുന്നതായി പരാതിയുണ്ട്. ഇരട്ടി തുകയിടാക്കിയാണ് ഇവർ മദ്യം വിൽക്കുന്നതെന്നാണ് വിവരം.

അതേസമയം വ്യാജ വാറ്റും അനധികൃത മദ്യ വിൽപനയും ശ്രദ്ധയിൽപ്പെട്ടതോടെ ശക്തമായ പരിശോധനക്ക് തയ്യാറെടുക്കുകയാണ് എക്സൈസ്.

വ്യാജവാറ്റ്,അനധികൃത മദ്യം,മയക്ക് മരുന്ന് എന്നിവ വ്യാപകമായി വിൽക്കുന്നതിനും കടത്തുന്നതിനും സാധ്യതയുള്ളതിനാൽ ഇത് തടയുന്നതിനുള്ള തീവ്ര ശ്രമത്തിലാണ് എക്സൈസെന്ന് സർക്കിൾ ഇൻസ്പെക്റ്റർ ടി.എസ് ശശികുമാർ പറഞ്ഞു. ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ 9447462966 എന്ന നമ്പറിൽ അറിയിക്കണമെന്നും അദ്ദേഹം പറഞ്ഞു.

## വിതരണം ചെയ്യും: വി.ഡി. സതീശൻ

പറവൂർ: പുനർജനി പദ്ധതിയുടെ ഭാഗമായി പറവൂർ നിയോജകമണ്ഡലത്തിലെ വിവിധ ആശുപത്രികളിലും സ്ഥാപനങ്ങളിലുമായി ഇരുപതിനായിരം മാസ്കുകളും എണ്ണായിരം സാനിറ്റൈസറുകളും വിതരണം ചെയ്യുമെന്ന് വി.ഡി സതീശൻ എംഎൽഎ അറിയിച്ചു.

ഒന്നാം ഘട്ട വിതരണം ഏഴിക്കര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ വി.ഡി സതീശൻ എംഎൽഎ നിർവഹിച്ചു. മുത്തൂറ്റ് ഫിനാൻസിന്റെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

വ്യാജവാറ്റുമായി മട്ടാഞ്ചേരിയിൽ പിടിയിലായ യുവാക്കൾ.

## വ്യാജവാറ്റ്: മൂന്ന് യുവാക്കൾ അറസ്റ്റിൽ

മട്ടാഞ്ചേരി: വീട്ടിൽ അനധികൃതമായി മദ്യം വാറ്റിയ മൂന്ന് യുവാക്കൾ തോപ്പുംപടി പൊലിസിന്റെ പിടിയിലായി. പപ്പങ്ങാമുക്ക് പടിഞ്ഞാറേ വീട്ടിൽ അരുൺ കുമാർ(26), നസ്റത്ത് സ്റ്റാച്യൂ ജംക്ഷനിൽ പുളിയനത്ത് പറമ്പിൽ വീട്ടിൽ നവീൻ ജോൺ(26), മുണ്ടംവേലി അത്തിപൊഴി റോഡ് കാക്കശേരി വീട്ടിൽ വിപിൻ ജോസഫ്(26) എന്നിവരെയാണ് തോപ്പുംപടി എസ്ഐ എം.ഡി.അഭിലാഷിന്റെ നേതൃത്വത്തിൽ അറസ്റ്റ് ചെയ്തത്. മൂലങ്കുഴി പപ്പങ്ങാമുക്കിൽ പടിഞ്ഞാറേ വീട്ടിൽ രണ്ടാം നിലയിലെ അടുക്കള മുറിയിൽ പ്രഷർ കുക്കറിൽ കോട കെട്ടി വ്യാജ മദ്യം നിർമിക്കുന്നതിനിടെ ചൊവ്വാഴ്ച രാത്രി എട്ടേകാലോടെയാണ് പ്രതികളെ അറസ്റ്റ് ചെയ്തത്.

# 7 പേർക്കു കൂടി കൊവിഡ് ഭേദമായി

കൊച്ചി: ജില്ലയിൽ കൊവിഡ് ബാധിച്ചു ചികിത്സയിലായിരുന്ന ഏഴു പേർ രോഗം ഭേദമായി ആശുപത്രി വിട്ടു. ആറു പേരെ മെഡിക്കൽ കോളെജിൽ നിന്നും ഒരാളെ സ്വകാര്യ ആശുപത്രിയിൽ നിന്നുമാണ് വിട്ടയച്ചത്. ഇതോടെ ഇനി ഏഴു പേർ മാത്രമാണ് കൊവിഡ് ബാധിച്ചു ജില്ലയിൽ ചികിത്സയിൽ തുടരുന്നത്. ചികിത്സയിലിരിക്കെ മരിച്ച മട്ടാഞ്ചേരി ചുള്ളിക്കൽ സ്വദേശി നെടുമ്പാശേരി യാക്കൂബ് സേട്ട് നെടുമ്പാശേരി വിമാനത്താവളത്തിൽ നിന്നും വീട്ടിലേക്ക് സഞ്ചരിച്ച ഊബർ ടാക്സി ഡ്രൈവർ വല്ലാർപാടം സ്വദേശി ലതീഷും (37) ഇന്നലെ ഡിസ്ചാർജ് ആയവരിൽ പ്പെടും.

ഊബർ ഡ്രൈവർ ലതീഷ് ആശുപത്രി വിടുന്നു

മാർച്ച് 25 നാണ് രോഗം സ്ഥിരീകരിച്ചതിനെ തുടർന്നു ലതീഷിനെ എറണാകുളം മെഡിക്കൽ കോളെജ് ഐസൊലേഷൻ വാർഡിൽ പ്രവേശിപ്പിച്ചത്. ഇദ്ദേഹവുമായി സമ്പർക്കം ഉണ്ടായിരുന്ന കുടുംബാംഗങ്ങളുടെയും മറ്റും സാമ്പിൾ ഫലങ്ങൾ എല്ലാം നേരത്തെ തന്നെ നെഗറ്റീവ് ആയിരുന്നു. ചികിത്സ ആരംഭിച്ച് ആറാം ദിനത്തോടെ രോഗലക്ഷണങ്ങൾ വിട്ടു മാറി. വീണ്ടും സാംപിളുകൾ രണ്ടു വട്ടം കൂടി പരിശോധിച്ച് നെഗറ്റീവാണെന്നു സ്ഥിരീകരണം വന്നതോടെ ആണ് ഡിസ്ചാർജ് ചെയ്തത്.

മെഡിക്കൽ കോളെജിൽ നിന്ന് കൊവിഡ് ഭേദമായി ഇന്നലെ ഡിസ്ചാർജായവരിൽ മാർച്ച് 20 ന് രോഗം സ്ഥിരീകരിച്ച 32 വയസുള്ള കണ്ണൂർ സ്വദേശിയും 22 ന് രോഗം സ്ഥിരീകരിച്ച 27 കാരനായ കണ്ണൂർ സ്വദേശിയും 23 ന് രോഗം സ്ഥിരീകരിച്ച 48 വയസുള്ള എറണാകുളം സ്വദേശിയും 25 ന് രോഗം സ്ഥിരീകരിച്ച എറണാകുളം സ്വദേശികളായ വിദ്യാർഥികളും ഉൾപ്പെടും.

തുടർച്ചയായ രണ്ട് സാംപിൾ ഫലങ്ങൾ നെഗറ്റീവ് ആയ ശേഷമാണു രോഗബാധ സ്ഥിരീകരിച്ച് ചികിത്സയിലുള്ളവരെ ഡിസ്ചാർജ് ചെയ്യുന്നത്. കൂടാതെ, സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്ന ബ്രിട്ടീഷ് സ്വദേശിനിയും ഇന്നലെ കൊവിഡ് ഭേദമായി ആശുപത്രി വിട്ടു.

ഇന്നലെ ജില്ലയിൽ 36 പേരെ കൂടി വീടുകളിൽ നിരീക്ഷണത്തിനായി നിർദേശിച്ചു. ഇതോടെ ജില്ലയിൽ വീടുകളിൽ നിരീക്ഷണത്തിൽ ഉള്ളവരുടെ ആകെ എണ്ണം 2985 ആയി. നാലു പേരെ കൂടി ആശുപത്രികളിലെ ഐസൊലേഷൻ വാർഡുകളിൽ പ്രവേശിപ്പിച്ചു. ഇതിൽ രണ്ടു പേർ കളമശേരി മെഡിക്കൽ കോളെജിലും ഒരാൾ സ്വകാര്യ ആശുപത്രിയിലുംഒരാൾ ആലുവ ജില്ലാ ആശുപത്രിയിലുമാണു പ്രവേശിപ്പിച്ചത്. നിലവിൽ 25 പേരാണ് ജില്ലയിലെ വിവിധ ആശുപത്രികളിലെ ഐസൊലേഷൻ വാർഡുകളിൽ കഴിയുന്നത്. ഇതിൽ 13 പേർ മെഡിക്കൽ കോളെജിലും, ഒരാൾ മൂവാറ്റുപുഴ ജനറൽ ആശുപത്രിയിലും, അഞ്ചു പേർ ആലുവ ജില്ലാ ആശുപത്രിയിലും, രണ്ടു പേർ കരുവേലിപ്പടി താലൂക്ക് ആശുപത്രിയിലും, നാലു പേർ സ്വകാര്യ ആശുപത്രിയിലും ഉണ്ട്.

## അതിവേഗ കൊവിഡ് ടെസ്റ്റ് ഇനി ജില്ലയിലും

കൊച്ചി: കൊവിഡ് 19 രോഗനിർണയം സാധ്യമാക്കുന്ന റിയൽ ടൈം പിസിആർ ടെസ്റ്റിങ് കിറ്റുകൾ ജില്ലയിൽ എത്തി. കളമശേരി മെഡിക്കൽ കോളെജിൽ ഇവ പ്രവർത്തന സജ്ജമാകുന്നതോടെ അതിവേഗം കൊവിഡ് പരിശോധനാ ഫലം ഇനി ജില്ലയിൽ തന്നെ അറിയാം. ഹൈബി ഈഡൻ എംപിയാണ് കിറ്റുകൾ ജില്ലയിൽ ലഭ്യമാക്കിയത്. 1.46 കോടിരൂപ ചെലവിൽ എംപി ഫണ്ട് ഉപയോഗിച്ച് നടത്തുന്ന കൊവിഡ് 19 രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായാണ് പൂനയിൽ നിന്നും ഇവ ജില്ലയിൽ എത്തിച്ചത്. കിറ്റുകൾ ഹൈബി ഈഡൻ എംപി മന്ത്രി വി.എസ്.സുനിൽകുമാറിന് കൈമാറി. സാങ്കേതിക പരിശോധനകൾ പൂർത്തിയാക്കി രണ്ട് ദിവസത്തിനുള്ളിൽ കിറ്റുകളുടെ ഉപയോഗം ജില്ലയിൽ ആരംഭിക്കുമെന്ന് ആരോഗ്യവകുപ്പ് അധികൃതർ പറഞ്ഞു.

രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ ഹൈബി ഈഡൻ എംപി മികച്ച പിന്തുണയാണ് നൽകുന്നതെന്ന് പറഞ്ഞ മന്ത്രി ജില്ലയിലെ എല്ലാ എംഎൽഎമാരും എംപിമാരും മികച്ച പിന്തുണയാണ് രോഗപ്രതിരോധ നടപടികൾക്ക് നൽകുന്നതെന്നും കൂട്ടിച്ചേർത്തു. ജില്ലാ കലക്റ്റർ എസ്. സുഹാസ്, ദേശീയ ആരോഗ്യദൗത്യം ജില്ലാ കോ ഓഡിനേറ്റർ ഡോക്റ്റർ മാത്യൂസ് നുമ്പേലി, സബ് കലക്റ്റർ സ്നേഹിൽ കുമാർ സിംഗ്, അസി. കലക്റ്റർ എം.എസ് മാധവിക്കുട്ടി എന്നിവർ സന്നിഹിതരായിരുന്നു.

പാലക്കാട്ട് നിന്ന് കൊവിഡ് നിരീക്ഷണം പൂർത്തിയാക്കി പോകുന്നവർക്ക് വി.എ. സക്കീർ ഹുസൈൻ ഭക്ഷണം കൈമാറുന്നു.

## നിരീക്ഷണത്തിൽ നിന്ന് പോകുന്നവർക്ക് ഭക്ഷണം നൽകി

കളമശേരി: കൊവിഡ് 19 നിരീക്ഷണ കാലാവധി പൂർത്തിയാക്കി പോകുന്നവർക്ക് സിപിഎം ഏരിയ കമ്മിറ്റി ഭക്ഷണം നൽകി. വികാസ് എക്സ്പ്രസിൽ പാലക്കാട്ട് എത്തിയ യാത്രക്കാരും ട്രെയിൻ ജീവനക്കാരുമുൾപ്പെടുന്ന 20 അംഗ സംഘത്തിനാണ് കളമശേരി ടൗൺ മെട്രോ സ്റ്റേഷന് സമീപം ഏരിയ സെക്രട്ടറി വി.എ.സക്കീർ ഹുസൈന്റെ നേതൃത്വത്തിലാണ് ഭക്ഷണ വിതരണം നടത്തിയത്. വിക്റ്റോറിയ കോളെജിൽ നിരീക്ഷണത്തിലായിരുന്ന തിരുവനന്തപുരം, കൊല്ലം സ്വദേശികളായിരുന്നു പ്രത്യേക കെഎസ്ആർടിസി ബസിൽ കളമശേരിയിലെത്തിയത്. എ.ഡി.സുജിൽ, പി.എം.സാദിക്ക്, ഡിവൈഎഫ്ഐ ബ്ലോക്ക് സെക്രട്ടറി എ.ആർ.രഞ്ജിത്, കെ.ടി.മനോജ് ക്ലീറ്റസ് സേവ്യർ, ടി.കെ.ശരത് തുടങ്ങിയവർ പങ്കെടുത്തു.

## സെക്യൂരിറ്റി ജീവനക്കാർക്ക് ആവശ്യത്തിന് മാസ്കുകൾ ലഭിക്കുന്നില്ല

കൊച്ചി: അവശ്യ സർവീസിൽ സർക്കാർ ഉൾപ്പെടുത്തിയിട്ടുള്ള സെക്യൂരിറ്റി സർവീസിൽ ജോലി ചെയ്യുന്ന ലക്ഷക്കണക്കിന് സുരക്ഷാ ജീവനക്കാർക്ക് ആവശ്യത്തിനുള്ള മാസ്കുകൾ ലഭിക്കുന്നില്ലെന്നും സർക്കാർ വേണ്ട നടപടികൾ കൈക്കൊള്ളണമെന്നും കേരള പ്രൈവറ്റ് സെക്യൂരിറ്റി പ്രൊവൈഡേഴ്സ് അസോസിയേഷൻ (കെപിഎസ്ടിഎ ) സംസ്ഥാന പ്രസിഡന്റ് ജിജി അഞ്ചാനി, സംസ്ഥാന സെക്രട്ടറി ഹബീബ് റഹ്മാൻ തുടങ്ങിയവർ ആവശ്യപ്പെട്ടു. സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ഇൻഷ്വറൻസ് പദ്ധതിയിൽ സുരക്ഷാ ജീവനക്കാരെ കൂടി ഉൾപ്പെടുത്തുക, സെക്യൂരിറ്റി ഏജൻസികൾക്ക് പലിശരഹിത വായ്പ നൽകുക, ഏറ്റവും കൂടുതൽ അവിദഗ്ധർക്ക് തൊഴിൽ നൽകുന്ന ഈ മേഖലയെ സംരക്ഷിക്കാൻ വേണ്ട നടപടികൾ സർക്കാർ കൈക്കൊള്ളണമെന്നും പത്രക്കുറിപ്പിൽ ആവശ്യപ്പെട്ടു.

## ജില്ലാ ഭരണകേന്ദ്രത്തിൽ എത്തിയാൽ അണുവിമുക്തമാക്കി വിടും

കൊച്ചി: കോവിഡ് 19 രോഗബാധയുടെ പശ്ചാത്തലത്തിൽ ജില്ലാ ഭരണകേന്ദ്രമായ കാക്കനാട് സിവിൽസ്റ്റേഷനിൽ ശരീരം മുഴുവൻ അണുവിമുക്തമാക്കുന്നതിനായുള്ള ബോഡി സാനിറ്റൈസേഷൻ ചേമ്പർ സജ്ജീകരിച്ചു. സിവിൽ സ്റ്റേഷനിൽ എത്തുന്നവരെ അണുവിമുക്തരാക്കി പ്രവേശിപ്പിക്കുന്ന വിധത്തിലാണ് ബൂത്ത് സ്ഥാപിച്ചിരിക്കുന്നത്. കൊച്ചിൻ അപ്ടൗൺ റോട്ടറി ക്ലബാണ് ചേമ്പർ തയ്യാറാക്കിയത്. ജില്ലാ കലക്റ്റർ എസ്. സുഹാസ് ചേമ്പറിലൂടെ സിവിൽസ്റ്റേഷനിൽ പ്രവേശിച്ച് സാനിറ്റൈസേഷൻ ചേമ്പർ ഉദ്ഘാടനം ചെയ്തു.

സിവിൽസ്റ്റേഷനിൽ സ്ഥാപിച്ച സാനിറ്റൈസേഷൻ ചേമ്പർ

എട്ടടി നീളത്തിൽ അലൂമിനിയം ഫ്രെയിമിൽ തീർത്ത ടണലിൽ നൂതന സ്പ്രെയറുകൾ ഘടിപ്പിച്ചാണു ചേമ്പർ തയ്യാറാക്കിയിരിക്കുന്നത്. നേർപ്പിച്ച ഹൈഡ്രജൻ പെറോക്സൈഡ് ലായിനിയാണ് അണുനാശിനിയായി ഉപയോഗിക്കുന്നത്. റോട്ടറി ക്ലബ് അംഗമായ അജിൽ ജോസാണ് ചേമ്പർ നിർമ്മിക്കുന്നതിനാവശ്യമായ സാങ്കേതിക സഹായം ഒരുക്കിയത്. 35000 രൂപ ചെലവിലാണ് സജ്ജീകരിച്ചിരിക്കുന്നത്. കൈകൾ ഉയർത്തി ടണലിലൂടെ എത്തുന്നവരുടെ ദേഹം നനയുകയില്ല. അത്രയും നേർത്തരീതിയിലാണ് ലായിനി ഈ സംവിധാനത്തിലൂടെ സ്പ്രേ ചെയ്യുന്നത്.

# അവശ്യസാധനങ്ങൾ വീട്ടിൽ; ഇടപ്പള്ളിക്കാർക്ക് ലോക്കൽ ആപ്പ്

കൊച്ചി: ലോക്ക്ഡൗണിൽ ആവശ്യ സാധനങ്ങൾ വീട്ടിലിരുന്നു വാങ്ങാൻ ലോക്കൽ ആപ്പ്. പൊതുജനങ്ങൾക്ക് പരമാവധി സഹായമാക്കുന്നതിനായി ഹോം ഷോപ്പി എന്ന പേരിൽ ഒരു ഫ്രീ ലോക്കൽ ഓൺലൈൻ ഷോപ്പിങ് ആപ്പ് തയാറാക്കിയിരിക്കുകയാണ്.

പ്രാദേശിക വ്യാപാരസ്ഥാപനങ്ങളുടെയും ഓട്ടോ റിക്ഷക്കാരുടെയും സഹകരണത്തോടെ ആരംഭിച്ചിരിക്കുന്ന HOME SHOPii എന്ന ഈ ആപ്പ് തികച്ചും സൗജന്യമായി ഡൗൺലോഡ് ചെയ്യാം.

ഇതിലൂടെ ഇടപ്പള്ളി, എളമക്കര, കലൂർ, പാലാരിവട്ടം, മഞ്ഞുമ്മൽ തുടങ്ങിയ പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് വീട്ടിലിരുന്നുകൊണ്ടുതന്നെ അത്യാവശ്യം വേണ്ടുന്ന പച്ചക്കറി പലചരക്കു സാധനങ്ങൾ ഓൺലൈൻ ആയി ഓർഡർ ചെയ്തു വാങ്ങിക്കാവുന്നതാണ്.

വരും ദിവസങ്ങളിൽ കൂടുതൽ പ്രദേശങ്ങളിലേക്ക് സേവനം ലഭ്യമാക്കാനുള്ള ശ്രമങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഈ ഒരു സേവനത്തിൽ പങ്കാളികളാവാൻ താൽപര്യമുള്ള പച്ചക്കറി പലചരക്കു വ്യാപാരികൾക്കും സംരഭത്തിൽ പങ്കാളികളാകാം. ഇമെയിൽ വിലാസം: homeshoppii@gmail.com

HOME SHOPPii എന്ന ഈ ആപ്പ് തികച്ചും സൗജന്യമായി ഏല്ലാവർക്കും താഴെ കൊടുത്തിരിക്കുന്ന ലിങ്കിൽ നിന്നോ - https://bit.ly/33XfTh7, അല്ലെങ്കിൽ ഗൂഗിൾ പ്ലൈ സ്റ്റോറിൽ നിന്നോ ഡൌൺലോഡ് ചെയ്യാവുന്നതാണ്.

## കിടപ്പുരോഗികളുടെ കാര്യം അവതാളത്തിൽ

മരട്: രാജ്യം കോവിഡ് ജാഗ്രത പുലർത്തുമ്പോൾ മരടിൽ പെട്ടു പോകുന്നത് കിടപ്പു രോഗികൾ. മരട് നഗരസഭയിൽ രണ്ട് പാലിയേറ്റീവ് കേന്ദ്രങ്ങളും രണ്ടു വാഹനങ്ങളും ഉണ്ടെങ്കിലും കിടപ്പു രോഗികളെ പരിശോധിക്കാനും അവർക്കു വേണ്ടുന്ന മരുന്നുകൾ നൽകാനും ആർക്കും നേരമില്ലാതായിരിക്കുന്നു. ആശാ വർക്കർമാർ ജോലിക്കു തയാറാണെങ്കിലും നഗരസഭയുടെ പാലിയേറ്റീവ് കെയറിനായി നിയോഗിച്ചിരിക്കുന്ന വാഹനങ്ങൾ ലഭിക്കാത്തതാണ് കാരണം.

സമൂഹ അടുക്കളയിൽ നിന്നു ഭക്ഷണം മറ്റും വിതരണത്തിനായി ഈ വാഹനമാണ് ഉപയോഗിക്കുന്നത്. വിതരണം ചെയ്യുന്ന ഭക്ഷണം അർഹതപ്പെട്ടവർക്കല്ല ലഭിക്കുന്നതെന്നും നേരത്തെ പരാതി ഉയർന്നിരുന്നു. ചില കൗൺസിലർമാർ അവർക്ക് വേണ്ടപ്പെട്ടവർക്കൊക്കെ നൽകുന്നതായും അടുത്തു വരുന്ന തദ്ദേശ തെരഞ്ഞെടുപ്പിൽ അവർ മത്സരിക്കാനായി നോട്ടമിട്ടിരിക്കുന്ന സ്ഥലത്തൊക്കെ പ്രശംസ ലഭിക്കുന്നതിനായും ഉപയോഗിക്കുന്നു എന്നും വ്യാപകമായ പരാതി ഉയർന്നിരിക്കുന്നു. നഗരസഭയിൽ ഒരു ഡ്രൈവറെ നിയോഗിക്കാത്തതും പ്രശ്നമായി. പാലിയേറ്റീവ് കെയറിനായി വാഹനത്തിന്റെ കുറവ് നേരത്തെ ഉണ്ടായിരുന്നെങ്കിലും ഇപ്പോഴില്ല. കാരണം നവീന രീതിയിൽ ശീതീകരിച്ച ഒരു വാഹനം ലേക് ഷോർ ആശുപത്രിയും മറ്റൊന്ന് മരട് സർവീസ് സഹകരണ ബാങ്കും നൽകിയിരുന്നു. ഈ വാഹനമാണ് കൊവിഡ് 19ന്റെ പശ്ചാത്തലത്തിൽ കിടപ്പു രോഗികളെ പരിചരിക്കുന്നതിനായി ലഭിക്കാതെ പോകുന്നത്.

## വ്യാപാര വ്യവസായ മേഖലക്ക് പാക്കേജ് വേണം: ഇന്ത്യൻ വാണിജ്യ മണ്ഡലം

മട്ടാഞ്ചേരി: കൊവിഡ് രോഗഭീതിയും ലോക്ക്ഡൗണും മൂലം പ്രതിസന്ധിയിലായ വ്യാപാര, വ്യവസായ, ചെറുകിട മേഖലകൾക്കായി പാക്കേജ് അനുവദിക്കണമെന്ന് ഇന്ത്യൻ വ്യവസായ മണ്ഡലം പ്രസിഡന്റ് സണ്ണി.എൽ മലയിൽ ആവശ്യപ്പെട്ടു.

ബാങ്ക് വായ്പ തിരിച്ചടവ് പലിശയില്ലാതെ ആറ് മാസത്തേക്ക് നീട്ടണം, പ്രവർത്തന മൂലധന പരിധി 50 ശതമാനം വർധിപ്പിക്കുക, പിഎഫ് വിഹിതം ആനുകൂല്യം 100 തൊഴിലാളികൾക്ക് മുകളിലുള്ള സ്ഥാപനങ്ങൾക്ക് ബാധകമാക്കുക, ജിഎസ്ടി റിട്ടേൺ നീട്ടിയത് എല്ലാവർക്കും ബാധകമാക്കുക, ബാങ്ക് എൻപിഎ കാലാവധി 90 ൽ നിന്ന് 180 ദിവസമാക്കുക തുടങ്ങിയ ആവശ്യങ്ങളാണ് വാണിജ്യ മണ്ഡലം കേന്ദ്ര സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെട്ടത്.

## വാളകത്ത് റെയ്ഡിൽ 40 ലിറ്റർ കോട പിടിച്ചു

മുവാറ്റുപുഴ: വാളകം ചെറിയ ഊരയത്ത് നിന്നും നാൽപ്പതു ലിറ്റർ കോടയും ചാരായം വാറ്റുന്നതിനുള്ള അനുബന്ധ സാമഗ്രികളും മുവാറ്റുപുഴ റേഞ്ച് എക്സൈസ് സംഘം പിടികൂടി.

ചെറിയ ഊരയം വാളക്കോട്ട് വീട്ടിൽ ജിബിയുടെ പുരയിടത്തിൽ നിന്നുമാണ് വാഷ് കണ്ടെടുത്തത്.ചാരായം വാറ്റുന്നതിനുള്ള ഹോസു ഘടിപ്പിച്ച പ്രഷർ കുക്കർ കണ്ടെടുത്തു.

വീടിനു സമീപം കോട തയ്യാറാക്കുകയായിരുന്ന ജിബി എക്സൈസ് സംഘത്തെ കണ്ട് ഓടി രക്ഷപ്പെട്ടു.ഇയാൾക്കായി അന്വേഷണം തുടങ്ങി

ഈസ്റ്റർ, വിഷു ആഘോഷങ്ങളുടെ ഭാഗമായി നിയമവിരുദ്ധമായി മദ്യം തയ്യാറാക്കുന്നത് കണ്ടു പിടിക്കുന്നതിന് എക്സൈസ് വകുപ്പ് പരിശോധന തുടങ്ങി.അനധികൃത മദ്യ നിർമാണം 10 വർഷം വരെ തടവു ലഭിക്കാവുന്ന ഗുരുതര കുറ്റമാണ്.

ഇത് സംബന്ധിച്ച അറിവില്ലായ്മയും മദ്യാസക്തിയും മൂലം അനധികൃതമായി മദ്യം നിർമിയ്ക്കരുതെന്ന് എക്സൈസ് സംഘം അറിയിച്ചു.

വാളകം ചെറിയ ഊരയത്ത് നിന്നും മൂവാറ്റുപുഴ എക്സൈസ് സംഘം പിടികൂടിയ കോട

എക്സൈസ് ഇൻസ്പെക്റ്റർ പി.കെ.സതീഷ്, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്റ്റർ എം.കെ.രജു, പ്രിവന്റീവ് ഓഫീസർ കെ.കെ. വിജു, സിവിൽ എക്സൈസ് ഓഫീസർമാരായ പി.ഇ.ഉമ്മർ, കെ.എ.റസാക്ക് വനിതാ സിവിൽ എക്സൈസ് ഓഫീസർ പി.എൻ. അനിത എന്നിവരുൾപ്പെട്ട സംഘമാണ് കോട പിടിച്ചത്.

കഴിഞ്ഞ ദിവസം വാളകം റാക്കാട് പുഴയോരത്ത് നിന്ന് 30 ലിറ്റർ കോട മൂവാറ്റുപുഴ പൊലീസ് പിടികൂടി. കടാതിയിൽ നിന്നും 60 ലിറ്റർ കോടയും ചാരായം വാറ്റിക്കൊണ്ടിരുന്ന ആറംഗ സംഘത്തേയും പിടികൂടിയിരുന്നു.

## സ്റ്റേഷൻ വളപ്പിൽ വാഹന ബാഹുല്യം

വൈപ്പിൻ: പൊലീസ് അയഞ്ഞതോടെ ലോക്ക്ഡൗൺ നിയന്ത്രണം ലംഘകർ ഏറിയതായുമെന്നുള്ള ആക്ഷേപം ഉയർന്നതോടെ വൈപ്പിനിൽ പരിശോധന വീണ്ടും കർശനമാക്കി പൊലീസ്. നിയന്ത്രണം തെറ്റിച്ച് പുറത്തിറങ്ങിയ നിരവധി പേരെ മുനമ്പം, ഞാറക്കൽ പൊലീസ് പിടികൂടി. ഇരുസ്റ്റേഷനുകളിലുമായി നൂറോളം കേസുകളാണ് കഴിഞ്ഞ ദിവസങ്ങളിൽ രജിസ്റ്റർ ചെയ്തത്. പിടികൂടുന്ന വാഹനങ്ങൾ കസ്റ്റഡിയിൽ ഇടുക്കുന്നതോടെ സ്റ്റേഷൻ വളപ്പ് അക്ഷരാർത്ഥത്തിൽ വാഹന ഗ്യാരേജ് പോലെയായി. ലോക്ക്ഡൗൺ രണ്ടാഴ്ച പിന്നിട്ടപ്പോൾ ഇരുചക്രവാഹനങ്ങളെക്കൊണ്ട് നിറഞ്ഞു കവിഞ്ഞിരിക്കുകയാണ്.

അതിനിടെ വാഹനങ്ങൾ കസ്റ്റഡിയിലെടുക്കാതെ പിഴ ചുമത്താനുള്ള നിർദ്ദേശം വന്നതോടെയാണ് ഇതിന് ആശ്വാസമായതെന്ന് ഞാറക്കൽ എസ്.ഐ. സംഗീത് ജോബ് പറയുന്നു. ഏറെ ജനസാന്ദ്രതയേറിയ വൈപ്പിൻകരയിൽ അത്യാവശ്യങ്ങൾക്കായി ആളുകൾ പുറത്തിറങ്ങാൽ പോലും ആൾക്കൂട്ടമാകുന്ന സാഹചര്യമാണ്. ഈ യാഥാർഥ്യമാണ് പോലീസിനു പലപ്പോഴും തലവേദനയാകുന്നതും.

വാഹനങ്ങൾ ഞാറക്കൽ സ്റ്റേഷൻ വളപ്പിൽ നിറഞ്ഞപ്പോൾ

കളമശേരിയിൽ ഹെൽത്ത് ഇൻസ്പെക്റ്ററുടെ നേതൃത്വത്തിൽ പരിശോധന നടത്തുന്നു.

## അഴുകിയ മത്സ്യം പിടിച്ചു

കളമശേരി: സൗത്ത് കളമശേരിയിൽ 30 കിലോ അഴുകിയ മത്സ്യം പിടിച്ചു. നഗരസഭാ ഹെൽത്ത് ഇൻസ്പെക്റ്റർ എൻ.വി. അനിൽകുമാറിന്റെ നേതൃത്വത്തിലുള്ള സംഘമാണ് വിൽപ്പനക്ക് വെച്ച അഴുകിയ ചൂര, കേര തുടങ്ങിയ മത്സ്യങ്ങൾ പിടികൂടി നശിപ്പിച്ചത്. തുടർന്നുള്ള ദിവസങ്ങളിലും പരിശോധന കർശനമാക്കുമെന്ന് ഹെൽത്ത് ഇൻസ്പെക്റ്റർ പറഞ്ഞു.

പോഷ് ഷട്ടിലേഴ്സ് ഭാരവാഹികൾ നഗരസഭ കൗൺസിലർ ഡി.രാജ് കുമാറിന് അരി കൈമാറുന്നു.

## സമൂഹ അടുക്കളയിലേക്ക് പലവ്യഞ്ജനങ്ങൾ നൽകി

പറവൂർ: പറവൂർ നഗരസഭയുടെ മേൽനോട്ടത്തിൽ നടത്തിവരുന്ന കമ്യൂണിറ്റി കിച്ചനിലേക്ക് ആവശ്യമായ അരിയും പലവ്യഞ്ജനങ്ങളും സാനിറ്റൈസറുകളും നൽകി. ചൂണ്ടാണിക്കാവ് പോഷ് ഷട്ടിലേഴ്സ് ക്ലബ്ബ് നൽകിയ വസ്തുക്കൾ രക്ഷാധികാരി ബി.മഹേഷ്, സെക്രട്ടറി ബിജു പാടത്ത്, പ്രശാന്ത്.എസ്, കെ.കെ.സുജീഷ്, ദിലീപ് കുമാർ എന്നിവർ ചേർന്ന് നഗരസഭാദ്ധ്യക്ഷൻ ഡി രാജ് കുമാറിന് കൈമാറി.

## കൊറോണയുടെ മറവിൽ വെട്ടികുളങ്ങരയിൽ പാടം നികത്തൽ

മുളന്തുരുത്തി: വെട്ടികുളങ്ങരയിൽ പാടശേഖര സമിതി സെക്രട്ടറിയുടെ നേതൃത്വത്തിൽ വ്യാപകമായ പാടം നികത്തൽ. ഇരിപ്പൂ കൃഷി ചെയ്തുകൊണ്ടിരുന്ന പാടശേഖരത്തിന്റെ ഉടമയും പാടശേഖര സമിതി സെക്രട്ടറിയുമായ സ്വകാര്യ വ്യക്തിയുടെ നേതൃത്വത്തിലാണ് അനധികൃത നികത്തൽ നടക്കുന്നത്. വെട്ടിക്കുളം -മനക്കപ്പടി പൊതുവഴിയോട് ചേർന്നുള്ളതാണ് പാടങ്ങൾ.

വലിയ കൂനകൾ കൂട്ടി തെങ്ങിൻ തൈകൾ വെച്ചുപിടിപ്പിച്ചു വരുന്നതായിട്ടാണ് ആക്ഷേപം ഉയരുന്നത്. മുൻ കാലത്ത് ഈ പാടശേഖരത്തിൽ ഭൂമിപരിവർത്തനം നടത്താൻ ശ്രമിച്ചപ്പോൾ തദ്ദേശ വാസികളുടെ നേതൃത്വത്തിൽ തടയുകയും റവന്യൂ ഉദ്യോഗസ്ഥർ സ്റ്റോപ്പ് മെമ്മോ നൽകുകയും ചെയ്തിരുന്നു. റവന്യൂ, പഞ്ചായത്ത്, പൊലീസ് തുടങ്ങിയവരുടെ ഭാഗത്തു നിന്നു നടപടി ഉണ്ടാകണമെന്നു നാട്ടുകാർ ആവശ്യപ്പെട്ടു.

## പ്രാദേശിക വികസന ഫണ്ട് റദ്ദു ചെയ്തതു ജനാധിപത്യ വിരുദ്ധം

കൊച്ചി: കൊവിഡ് പ്രതിസന്ധി നേരിടാനെന്ന പേരിൽ എംപിമാരുടെ പ്രാദേശിക വികസന ഫണ്ട് റദ്ദു ചെയ്ത കേന്ദ്രസർക്കാരിന്റെ നടപടി ജനാധിപത്യവിരുദ്ധവും ഫെഡറൽ സംവിധാനത്തെ തകർക്കുന്നതുമാണെന്ന് ഇന്ത്യൻ സോഷ്യലിസ്റ്റ് പാർട്ടി സംസ്ഥാന ജനറൽ സെക്രട്ടറി മനോജ് ടി.സാരംഗ് ആരോപിച്ചു. കൊവിഡ് പ്രതിരോധത്തിന് കൂടുതൽ പണം കണ്ടെത്തുക എന്നതായിരുന്നു ലക്ഷ്യമെങ്കിൽ എംപി ഫണ്ട് ഇതിനു മാത്രമേ ഉപയോഗിക്കാവൂ എന്ന നിയന്ത്രണം ഏർപ്പെടുത്തുകയായിരുന്നു വേണ്ടത്. അടിയന്തിരമായും ഈ നടപടി പിൻവലിക്കണമെന്ന് ഇന്ത്യൻ സോഷ്യലിസ്റ്റ് പാർട്ടി ആവശ്യപ്പെട്ടു.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C. P. Rajasekharan* (Controlling Editor,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor), Vol 13, Issue No.99 RNI No. KERMAL/ 2009/ 29279 Printed at S.T. Reddiar & Sons, Veekshanam Road, Kochi- 682035 and published from Vaartha News Network Pvt. Ltd, Building No. 40/8177/C1, 2nd Floor, Safiya Complex, Convent Road, Near Metro Piller No. 684, Shenoy's Junction., Ernakulam - 682035. Ph: 0484 2383388 Email: info@metrovaartha.com

## വിതരണം ചെയ്തു

തൃശൂർ: സപ്ലൈകോ വഴി നെല്ല് സംഭരിച്ച വകയിൽ ജില്ലയിലെ കർഷകർക്ക് നൽകാനുള്ള 92.46 കോടി രൂപ കേരള ബാങ്ക് വിതരണം ചെയ്തു. മാർച്ച് 31 വരെ സപ്ലൈകോ ലഭ്യമാക്കിയ കർഷകരുടെ ലിസ്റ്റിൽ ഉൾപ്പെട്ട 19298 പേർക്ക് അവരുടെ അക്കൗണ്ടിലേക്കാണ് തുക കൈമാറിയിട്ടുള്ളതെന്ന് ജനറൽ മാനെജർ അറിയിച്ചു.

## പച്ചക്കറി തൈകൾ വിതരണം ചെയ്തു

കൊടുങ്ങല്ലൂർ: ലോക് ഡൗൺ കാലം പ്രയോജനപ്പെടുത്തി സ്വന്തമായി ഉൽപ്പാദിപ്പിച്ച പച്ചക്കറിതൈകളുമായി കയ്പമംഗലം. കൊറോണയുടെ ഭാഗമായി ദിനംപ്രതി പച്ചക്കറികൾക്ക് ക്ഷാമമാകുന്ന സാഹചര്യത്തിൽ കാർഷിക മേഖലയെ മെച്ചപെടുത്താനും വിഷ രഹിത പച്ചക്കറികൾ ഓരോ വീട്ടിലേക്കും വ്യാപിപ്പിക്കാനുംവേണ്ടി മണ്ഡലത്തിലെ അഗ്രോ സെന്റർ സ്വന്തമായി ഉൽപ്പാദിപ്പിച്ച നടീൽ വസ്തുകൾ വിതരണം നടത്തി. മണ്ഡലത്തിലെ മുഴുവൻ പഞ്ചായത്തിലും കൃഷിയിൽ താൽപര്യമുള്ളവർക്ക് തോട്ടമൊരുക്കാൻ നടീൽ വസ്തുക്കൽ സൗജന്യമായി നൽകും. കയ്പ്പമംഗലം പഞ്ചായത്തിലും എറിയാട് പഞ്ചായത്തിലും നടന്ന വിതരണോദ്ഘാടനം ഇ.ടി. ടൈസൺ എം എൽ എ നിർവഹിച്ചു. മതിലകം എ. ഡി.എ. ജ്യോതി പി ബിന്ദു, പ്രസിഡണ്ട്മാരായ സുരേഷ് ബാബു, പ്രസാദിനി മോഹനൻ തുടങ്ങിയവർ സംബന്ധിച്ചു.

## പണം വച്ച് ചീട്ടുകളി: ഏഴ് പേർ അറസ്റ്റിൽ

കൊടുങ്ങല്ലൂർ: ചുമട്ട് തൊഴിലാളി യൂണിയൻ ഓഫീസിൽ പണം വച്ച് ചീട്ടുകളി ഏഴ് പേർ അറസ്റ്റിൽ. കോട്ടപ്പുറം സ്വദേശികളായ പുലപ്പറമ്പിൽ വിൻസെന്റ് (43), കടകത്ത് സദാശിവൻ (51), മാളിയേക്കൽ ഫ്രാൻസീസ് (51), പാല പറമ്പിൽ മൈക്കിൾ (50), പാലപറമ്പിൽ ആന്റണി (47), മാടയിൽ ജോമോൻ (40), പാലപ്പറമ്പിൽ ജോസ് (46) എന്നിവരെയാണ് കൊടുങ്ങല്ലൂർ എസ്.ഐ.ഇ.ആർ. ബൈജു അറസ്റ്റ് ചെയ്തത്.ഇവരിൽ നിന്ന് 10660 രൂപ പിടിച്ചെടുത്തു. ലോക് ഡൗൺ ലംഘിച്ച് കോട്ടപ്പുറം ചന്തയിലെ ഓഫീസിലാണ് ചീട്ട് കളി നടന്നത്. അറസ്റ്റ് ചെയ്ത സംഘത്തിൽ എ. എസ്.ഐ.പ്രദീപ്, പൊലീസുകാരായ സജീഷ്, ശിവദാസ് , ബിനു, മധു എന്നിവരും ഉണ്ടായിരുന്നു.

## ചീട്ടുകളി സംഘം അറസ്റ്റിൽ

ചാലക്കുടി: പണം വച്ച് ചീട്ടുകളിച്ച ഗുണ്ട നേതാവ് അടക്കം ഏഴു പേരെ ചാലക്കുടി സി. ഐ. കെ.എസ്. സന്ദീപും സംഘവും ചേർന്ന് പിടികൂടി. ചൗക്കയിൽ വച്ച് പണം വച്ച് ചീട്ടു കളിച്ചിരുന്ന ഏഴുപേരേയും എഴുപത്തിയൊന്നായിരം രൂപയും പൊലീസ് പിടികൂടി.

ചൗക്ക് ചെതലൻ സോജൻ, ജെയിംസ് ചെതലൻ, നോർത്ത് ചാലക്കുടി പുതുശേരി പോൾ, എലിഞ്ഞിപ്ര മഞ്ഞളി ലിന്റോ ഡേവീഡ്,കൊന്നക്കുഴി കല്ലേലി സെബാസ്റ്റ്യൻ, കമ്മളം പനഞ്ചിക്കൽ റിജു,എലിഞ്ഞിപ്ര മണക്കാടൻ രാജേഷ്,എന്നിവരാണ് പണവുമായി പിടിയിലായത. സോജൻ ആണ് കളിയുടെ നടത്തിപ്പുക്കാരൻ. ഇയാൾ നിരവധി മോഷണക്കേസുകളിലും പിടിച്ചു പറി സ്പിരിറ്റ് കേസിലേയും പ്രതിയാണ്. ഒരു മാസം മുൻപ് ഇവിടെ നിന്ന് തന്നെ പൊലീസ് ചീട്ടുകളി പിടിച്ചതായിരുന്നു. ലോക് ഡൗൺ ലംഘിച്ച് ചീട്ടുകളിച്ചതിനാണ് ഇവരുടെ പേരിൽ കേസുടുത്തിട്ടുണ്ട്.

## ഗതാഗതം തടസപ്പെട്ടു

ചാലക്കുടി: മരം റോഡിലേക്ക് വീണു അന്തർസംസ്ഥാന പാതയിൽ വാഹന ഗതാഗതം തടസപ്പെട്ടു. ഇത് മൂലം മലക്കപ്പായിലേക്ക് കിറ്റുകൾ വിതരണം ചെയ്യുവാൻ പോയ സപ്ലൈകോയുടെ വാഹനവും കുരുക്കിൽപ്പെട്ടു.

ചാലക്കുടിയിൽ നിന്ന് മലക്കപ്പാറയിലേക്ക് പോകുമ്പോൾ ഷോളയാർ തൊട്ടപുരയിൽ വച്ചു മരം വീണ് ഗതാഗതം തടസപ്പെട്ടത് ജീവനക്കാർ ചേർന്ന് മരം വെട്ടി മാറ്റി യാത്ര തുടർന്നപ്പോൾ കാട്ടാനയുടെ ശല്യവും, കനത്ത മഴയും എല്ലാം കാരണം ഗതാഗതം തടസപ്പെട്ടത്തിനാലു ഒരുപാട് വൈകിയാണ് വാഹനം മലക്കപ്പാറയിൽ എത്തി കിറ്റുകളുടെ വിതരണം ആരംഭിച്ചത്.

## നാലുപേർ അറസ്റ്റിൽ

വടക്കാഞ്ചേരി: കോവിഡ് ലംഘനവുമായി ബന്ധപ്പെട്ട് വടക്കാഞ്ചേരി പോലീസ് നാലുപേർ അറസ്റ്റ് ചെയ്തു. രണ്ടു വാഹനം പിടിച്ചെടുത്തു. കാഞ്ഞിരക്കോട് ചുങ്കത്ത് വീട്ടിൽ ഹസീൻ (19) വടക്കാഞ്ചേരി മാരത്തു വീട്ടിൽ അബ്ദുൾ അസീസ് (38 ) മങ്കര ചെരുവിൽ വീട്ടിൽ റനീഷ് (28 ) കാഞ്ഞിരക്കോട് കളരിക്കൽ വീട്ടിൽ കണ്ണൻ (35 ) എന്നിവരെ അറസ്റ്റ് ചെയ്തു.

# ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകി

**തൃശൂർ:** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് തൃശൂർ സർവീസ് സഹകരണ ബാങ്ക് 11.9ലക്ഷം നൽകിയതായി ബാങ്ക് പ്രസിഡന്റ് എം.കെ. കണ്ണൻ അറിയിച്ചു.മാള: പൊയ്യ സർവീസ് സഹകരണ ബാങ്ക്മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിയിലേയ്ക്ക് ആദ്യ ഘഡുവായി ആറ് ലക്ഷം രൂപ നൽകി. ബാക്കി നാല് ലക്ഷം രൂപയും ബാങ്ക് ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളവും ഭരണ സമിതിയുടെ ഒരു മാസത്തെ സിറ്റിങ് ഫീസും ഉടനെ നൽകും. 6 ലക്ഷം രൂപയുടെ ചെക്ക് ബാങ്ക് പ്രസിഡന്റ് സി എസ് രഘു, അഡ്വ: വി.ആർ സുനിൽ കുമാർ എം എൽ എ യ്ക്ക് ബാങ്കിൽ വെച്ച് കൈമാറി. വൈസ് പ്രസിഡന്റ് സി വി സജീവൻ, , ടി.വി രാജൻ, ബഷീർ, ഷൈമോൻ, ഹരി മാസ്റ്റർ സെക്രട്ടറി എ.ഇ ഷൈമോൻ എന്നിവർ സന്നിഹതരായിരുന്നു.

*പൊയ്യ സർവീസ് സഹകരണ ബാങ്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിയിലേയ്ക്ക് നൽകുന്ന സംഭാവന വി.ആർ. സുനിൽ കുമാർ എംഎൽഎ ഏറ്റുവാങ്ങുന്നു.*

**മാള:** പുത്തൻചിറ സർവീസ് സഹകരണ ബാങ്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിയിലേയ്ക്ക് പതിനാല് ലക്ഷം രൂപ നൽകി. ഇതിൽ ബാങ്ക് വിഹിതം പത്ത് ലക്ഷം രൂപയും ബാങ്ക് ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളവും ഭരണ സമിതിയുടെ ഒരു മാസത്തെ സിറ്റിങ് ഫീസും അടക്കമാണ് പതിനാല ലക്ഷത്തി പന്ത്രണ്ടായിരത്തി എണ്ണൂറ്റി രണ്ട് രൂപയുടെ ചെക്ക് ബാങ്ക് പ്രസിഡന്റ് ഇ.എ സ് ശശിധരൻ അഡ്വ: വി.ആർ സുനിൽ കുമാർ എംഎൽഎയ്ക്ക് കൈമാറിയത്. മുൻ പ്രസിഡന്റുമാരായ ടി എൻ വേണു, എ എൻ മോഹനൻ, സെക്രട്ടറി രാധാമണി, മറ്റ് ഡയറക്റ്റർമാരും സന്നിഹിതരായിരുന്നു.

**കൊടുങ്ങല്ലൂർ:** ലോകമലേശ്വരം സർവീസ് സഹകരണ ബാങ്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് തുക നൽകി. 5 ലക്ഷത്തി 13200 രൂപയുടെ ചെക്ക് ബാങ്ക് പ്രസിഡന്റ് ഐ.കെ ഗോവിന്ദൻ അസിസ്റ്റൻറ് റജിസ്ട്രാൾ സി.കെ.ഗീതയ്ക്ക് നൽകി. ബാങ്ക് സെക്രട്ടറി കെ.സി.ജയകുമാർ, ഡയറക്റ്റർ കെ.കെ. പി.ദാസൻ എന്നിവർ പങ്കെടുത്തു.

*ടി.വി ബാബുവിന്റെ മൃതദേഹത്തിൽ ബിജെപി ജില്ലാ പ്രസിഡന്റ് അഡ്വ കെ.കെ അനീഷ് കുമാർ പുഷ്പചക്രം അർപ്പിക്കുന്നു.*

# ചൂണ്ടൽ പാടത്ത് ടാങ്കർ ലോറി മറിഞ്ഞു

## ദുരന്തമൊഴിവായത് തലനാരിഴയ്ക്ക്

കുന്നംകുളം: ചൂണ്ടൽ പാടത്ത് ഇന്ധനം നിറച്ച ടാങ്കർ ലോറി നിയന്ത്രണം വിട്ട് മറിഞ്ഞു. ദുരന്തമൊഴിവായത് തലനാരിഴയ്ക്ക്. കൊച്ചി ഇരുമ്പനത്തുള്ള എണ്ണ ശുദ്ധീകരണ ശാലയിൽ നിന്ന് മലപ്പുറം അരിക്കോടുള്ള പെട്രോൾ പമ്പിലേക്ക് ഇന്ധനവുമായി പോകുകയായിരുന്ന ടാങ്കർ ലോറിയാണ് നിയന്ത്രണം വിട്ട് മറിഞ്ഞത്.

വാഹനത്തിലുണ്ടായിരുന്ന ഡ്രൈവറും സഹായിയും നിസാരപരിക്കുകളോടെ രക്ഷപ്പെട്ടു.ടാങ്കർ ലോറി ഡ്രൈവർ അനസും, സഹായി അഷറഫുമാണ് നിസാര പരിക്കുകളോടെ രക്ഷപ്പെട്ടത്. ഡ്രൈവർ അനസിനെ പിന്നീട് കുന്നംകുളം താലൂക്ക് ആശുപത്രിയിലേക്ക് മാറ്റി. വ്യാഴാഴ്ച്ച ഉച്ചക്ക് 12 മണിയോടെ പാറന്നൂർ ബസ് സ്റ്റോപ്പിൽ നിന്നും 250 മീറ്റർ അകലെ ചൂണ്ടൽ പാടത്താണ് ലോറി മറിഞ്ഞത്.

വാഹനം മറിഞ്ഞതിനെ തുടർന്ന് ടാങ്കുകളിലുണ്ടായിരുന്ന പെട്രോളും, ഡീസലും ചോർന്ന് റോഡിലേക്ക് ഒഴുകിയതോടെ മേഖലയിൽ വലിയ അപകട ഭീഷണിയുയർന്നു. കുന്നംകുളം പൊലീസും ഹൈവേ പൊലീസും സ്ഥലത്ത് എത്തി തൃശൂർ - കുന്നംകുളം റോഡിലെ ഗതാഗതം ഭാഗികമായി നിരോധിച്ചു. കുന്നംകുളത്ത് നിന്നുള്ള ഫയർ ഫോഴ്സ് സ്ഥലത്ത് എത്തിയ ശേഷം ടാങ്കർ തണുപ്പിക്കുന്നതിനായി ഫോം പമ്പ് ചെയ്തു. സ്ഥിതി കൂടുതൽ വഷളാവതിരിതിക്കാൻ തൃശൂരിൽ നിന്നും ചാലക്കുടിയിൽ നിന്നും ഗുരുവായൂരിൽ നിന്നുമായി അഞ്ച് യൂണിറ്റ് ഫയർ എഞ്ചിനുകൾ കൂടി സ്ഥലത്ത് എത്തി.

മന്ത്രി എ.സി. മൊയ്തീന്റെ നേതൃത്വത്തിൽ ജില്ലാ കലക്റ്റർ എസ് ഷാനവാസ്, സിറ്റി പൊലീസ് കമ്മീഷ്ണർ ആർ. ആദിത്യ, ജില്ല ഫയർ സ്റ്റേഷൻ ഓഫീസർ അഷറഫലി, ചൂണ്ടൽ പഞ്ചായത്ത് പ്രസിഡന്റ് കെ.എ സ്. കരീം, സെക്രട്ടറി പി.എ. ഷൈല തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള ഉന്നതതല സംഘം സ്ഥലത്ത് എത്തി സ്ഥിതിഗതികൾ വിലയിരുത്തി. അപകട ഭീഷണി ഒഴിവാക്കുന്നതിനും വാഹനം റോഡിൽ നിന്ന് മാറ്റുന്നതിനുമുള്ള പ്രവർത്തനങ്ങളെ കുറിച്ച് വിലയിരുത്തുകയും, പെട്രോളിയം കമ്പനി പ്രതിനിധികളും, വാഹനം ഉയർത്തുന്നതിനുള്ള ക്രെയിൻ സർവീസ് വിദഗ്ധരുമായി ഫോണിൽ ബന്ധപ്പെട്ടു.

ഇന്ധനം പൂർണമായി വാഹനത്തിൽ നിന്ന് മാറ്റിയശേഷം മാത്രമെ വാഹനം മാറ്റാൻ കഴിയൂ എന്ന നിഗമനത്തെ തുടർന്ന് രാമനാട്ടുകരയിൽ നിന്ന് ക്രെയിൻ കൊണ്ടു വരുന്നതിനും, അപകടമില്ലാതെ പെട്രോൾ മാറ്റി നിറയ്ക്കുന്നതിനും നിർദേശം നൽകി. രാമനാട്ടുകരയിൽ നിന്നും എത്തിയ ക്രെയിൻ ഉപയോഗിച്ച് ഏറെ വൈകീട്ടാണ് ടാങ്കർ ഉയർത്തിയത്. ഇതിനെ തുടർന്നാണ് വാഹനം ഗതാഗതം പൂർവ സ്ഥിതിയിലാക്കിയത്.

*ചൂണ്ടൽ പാടത്ത് ടാങ്കർ ലോറി മറിഞ്ഞ സ്ഥലം മന്ത്രി ഏ.സി. മൊയ്തീൻ സന്ദർശിക്കുന്നു.*

# കമ്മ്യൂണിറ്റി കിച്ചണിലേക്ക് ഇരിങ്ങാലക്കുട രൂപതയുടെ സഹായം

ഇരിങ്ങാലക്കുട: കോവിഡ് 19 നോടനുബന്ധിച്ച് ഇരിങ്ങാലക്കുട നഗരസഭയുടെ നേതൃത്വത്തിൽ ഗവ.ഗേൾസ് ഹൈസ്കൂളിൽ ആരംഭിച്ചിട്ടുള്ള കമ്മ്യൂണിറ്റി കിച്ചണിലേക്ക് വിശുദ്ധ വാരത്തിനോടനുബന്ധിച്ച് 7 ദിവസത്തേയും ഭക്ഷണം ഇരിങ്ങാലക്കുടയിലെ ക്രൈസ്തവ കൂട്ടായ്മ നൽകുന്നു. വീടില്ലാത്തവരും വഴിയോരങ്ങളിലും തെരുവുകളിലും കഴിഞ്ഞിരുന്ന നിരാലംഭരും ആയുള്ള 22 പേർക്ക് അഭയം നൽകിയിട്ടുള്ളവർക്കടക്കം എഴുന്നൂറോളം പേർക്കാണ് ഓരോ ദിവസവും ഭക്ഷണം നൽകികൊണ്ടിരിക്കുന്നത്. പെസഹ ദിനത്തിൽ ഇരിങ്ങാലക്കുട രൂപത ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ കമ്മ്യൂണിറ്റി കിച്ചൺ സന്ദർശിക്കുകയും അന്തേവാസികൾക്ക് ഭക്ഷണം വിളമ്പി നൽകുകയും ചെയ്തു. സാമൂഹിക അടുക്കളയിൽ സേവനമനുഷ്ഠിക്കുന്ന അമ്മമാർക്കും വളണ്ടിയർമാർക്കും സമ്മാനങ്ങൾ നൽകി ആദരിച്ചു. ആരുമില്ലാത്ത അന്തേവാസികളുടെ പുനരധിവാസത്തിന് എല്ലാ വിധ സഹകരണവും ബിഷപ്പ് ഉറപ്പു നൽകി. കത്തീഡ്രൽ വികാരി റവ.ഡോ. ആന്റു ആലപ്പാട് രൂപത ഫൈനാൻസ് ഓഫീസർ ഫാ.വർഗീസ് അരിക്കാട്ട് പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ടെൽസൺ കോട്ടോളി എന്നിവരും ബിഷപ്പിനോടൊപ്പം ഉണ്ടായിരുന്നു ഹെൽത്ത് ഇൻസ്പെക്റ്റർ അനിൽ ഏവർക്കും നന്ദി അറിയിച്ചു.

*നഗരസഭയുടെ കമ്മ്യൂണിറ്റി കിച്ചണിൽ ഇരിങ്ങാലക്കുട രൂപത മെത്രാൻ മാർ പോളി കണ്ണൂക്കാടൻ ഭക്ഷണം വിളമ്പുന്നു.*

# പാലക്കാട്ടെ മുഴുവൻ നെല്ലും സംഭരിക്കും

പാലക്കാട് : വേനൽമഴ കനക്കുന്നതിനു മുൻപുതന്നെ ജില്ലയിലെ മുഴുവൻ കർഷകരുടെയും നെല്ല് സംഭരിക്കാനാകുമെന്നാണ് പ്രതീക്ഷയെന്ന് സപ്ലൈകോ തൊഴിൽ സംഘടനാ പ്രതിനിധികളുമായി നിരന്തരം ബന്ധപ്പെട്ട് കൊണ്ടിരിക്കുന്നുണ്ടെന്നും ഏതെങ്കിലും പ്രദേശങ്ങളിൽ തൊഴിലാളി ക്ഷാമം നേരിടുന്നതായി തടസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ ഇടപെട്ട് പരിഹരിക്കുമെന്നും ജില്ലാ ലേബർ ഓഫീസർ(എൻഫോഴ്സ്മെന്റ്) അറിയിച്ചിട്ടുണ്ട്. തൊഴിലാളികൾക്കൊപ്പം സന്നദ്ധ പ്രവർത്തകരുടെ സഹകരണം കൂടിയുണ്ടായാൽ 18 ന് മുൻപുതന്നെ മുഴുവൻ നെല്ലുസംഭരണവും നടത്താനാകും. പട്ടഞ്ചേരി, നല്ലേപ്പിള്ളി, ചിറ്റൂരിലെ ചില ഭാഗങ്ങൾ എന്നിവിടങ്ങളിൽ നെല്ല് മൂപ്പെത്തുന്നതേയുള്ളൂ. ഇവിടെ മെയ് പത്തോടു കൂടി കൊയ്തെടുക്കാനാകുമെന്നാണ് കരുതുന്നത്.

# സൗജന്യമായി മരുന്നെത്തിക്കും

വടക്കാഞ്ചേരി: വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ കിടപ്പ് രോഗികൾ ഉൾപ്പെടെയുള്ള വ്യക്തികൾക്ക് മരുന്ന് കടകളിൽ വന്ന് വാങ്ങുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നവർക്ക് വീടുകളിൽ മരുന്ന് സൗജന്യമായി നൽകുന്ന പദ്ധതി ആരംഭിച്ചു.

മരുന്ന് ആവശ്യമുള്ളവർ തങ്ങളുടെ മരുന്നിന്റെ കുറിപ്പടി വാട്സ്ആപ് 9387103702 എന്ന നമ്പറിൽ അയച്ച് തരേണ്ടതാണ്, ഇവർക്ക് ആവശ്യമായ മരുന്ന് 24മണിക്കൂറിനകം വീട്ടിൽ എത്തുന്നതാണ്.

ഈ വിതരണം ആവശ്യമായി വരുന്ന കാലഘട്ടം വരെ തുടരുന്നതാണെന്ന് അനിൽ അക്കര എം.എൽ.എ.അറിയിച്ചു.

# അണുനശീകരണത്തിനുള്ള ടണൽ കുന്നംകുളത്തും ഇരിങ്ങാലക്കുടയിലും

കുന്നംകുളം : മുൻകരുതൽ എന്ന നിലക്ക് ആളുകളിൽ അണുനശീകരണതിനുള്ള ടണൽ കുന്നംകുളത്തും.കുന്നംകുളം നഗരസഭയുടെ ഉടമസ്ഥതയിലുള്ള പാറയിൽ മാർക്കറ്റിലെ പ്രവേശനകവാടത്തിലാണ് ഷെയർ ആൻഡ് കെയർ ചാരിറ്റബിൾ സൊസൈറ്റിയുടേയും, ചമയം ഇവൻറ് മാനേജ്മെൻറ് ഗ്രൂപ്പും ചേർന്ന് നഗരസഭയുമായി സഹകരിച്ച് ടണൽ നിർമ്മിച്ചിരിക്കുന്നത്. നഗരസഭാ ചെയർപേഴ്സൺ സീത രവീന്ദ്രൻ പൊതുജനങ്ങൾക്കായി ടണൽ തുറന്നു കൊടുത്തു. ഈസ്റ്റർ, വിഷു വിശേഷ ദിവസങ്ങളുടെ ഭാഗമായി മാർക്കറ്റിൽ കൂടുതൽ ആളുകൾ എത്താനുള്ള സാധ്യത കണക്കിലെടുത്ത് ഷെയർ ഏൻറ് കെയർ ചാരിറ്റബിൾ സൊസൈറ്റി പ്രസിഡണ്ട് ലെബീബ് ഹസ്സൻ മുന്നോട്ടുവെച്ച ആശയത്തിന് നഗരസഭ സെക്രട്ടറി കെ.കെ മനോജ് പിന്തുണ നൽകിയതോടെയാണ് ഈ മുൻകരുതൽ. ഇത് പ്രവർത്തിക്കാനുള്ള ക്ലോറിൻ ലായിനി നഗരസഭയും വൈദ്യുതി മാർക്കറ്റിലെ പലചരക്ക് വ്യാപാരിയുമാണ് നൽകുന്നത്.ഇരിങ്ങാലക്കുട: മാർക്കറ്റിൽ എത്തുന്നവർക്ക് ഇനി അണുവിമുക്തരായി കടന്ന് പോകാം. കോവിഡ് 19 ന്റെ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഇരിങ്ങാലക്കുട നഗരസഭ മാർക്കറ്റിൽ അണുവിമുക്ത ടണൽ സ്ഥാപിച്ചു. ടണലിൽ സ്ഥാപിച്ചിരിക്കുന്ന 12 ഫോഗറുകളിലൂടെ അണുവിമുക്ത ലായനി ഇതിലൂടെ കടന്നു വരുന്നവരുടെ മേൽ തെളിയിക്കുകയാണ് ചെയ്യുന്നത്. ക്രൈസ്റ്റ് എഞ്ചിനീയറിംഗ് കോളെജിലെ വിദ്യാർഥികളുടെ സാങ്കേതിക സഹായത്തോടെ നിർമിച്ച ടണൽ മോട്ടോർ ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നത്. സംവിധാനങ്ങൾക്ക് ആകെ 20000 രൂപയാണ് ചിലവ് വന്നത്.നഗരസഭ ചെയർപേഴ്സൺ നിമ്യ ഷിജു അണുവിമുക്ത ടണലിന്റെ ഉദ്ഘാടനം നിർവഹിച്ചു. വൈസ് ചെയർപേഴ്സൻ രാജേശ്വരി ശിവരാമൻനായർ, സെക്രട്ടറി കെ. എസ്. അരുൺ, ഡി.വൈ.എസ്. പി. ഫേമസ് വർഗീസ്, സി.ഐ. എം. ജെ. ജിജോ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

## പലവ്യഞ്ജന കിറ്റുകൾ വീട്ടിലെത്തും

ഒല്ലൂർ: തൃശൂർ താലൂക്കിലേക്ക് വിതരണത്തിന് ആവശ്യമായ പലവ്യഞ്ജന കീറ്റുകൾ കുരിയച്ചിറ സെന്ററിലെ വെയർഹൗസ് ഗോഡൗണിൽ തയ്യാറാക്കാൻ തുടങ്ങി.

തൃശൂർ താലൂക്കിലേക്ക് ഇവിടെ ഒരുക്കുന്നത് പോലെ മറ്റു ഭാഗങ്ങളിലെക്ക് അതാത് പ്രദേശങ്ങളിൽ തയ്യാറായിക്കൊണ്ടിരിക്കുകയാണ്. തൃശൂർ ജില്ലയിലെക്ക് ആവശ്യമായ കിറ്റുകൾ വിഷുവിന് മുമ്പ വിതരണം ചെയ്യാനുള്ള ശ്രമമാണ് നടക്കുന്നതെന്ന് ചിഫീവിപ്പ് കെ.രാജൻ പറഞ്ഞു.

*ഭക്ഷ്യകിറ്റിന്റെ ജില്ലാതല വിതരണം പാണഞ്ചേരി പഞ്ചായത്തിലെ മണിയൻ കിണർ ആദിവാസി കോളനിയിൽ മന്ത്രി എ.സി മൊയ്തീൻ നിർവഹിച്ച ശേഷം ഭക്ഷ്യകിറ്റുമായി പോകുന്നവർ.*

## ഔഷധി 50 ലക്ഷം നൽകി

തൃശൂർ: ആയുർവേദ മരുന്നുനിർമാണത്തിനായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ ഔഷധി കൊവിഡ് 19 പ്രതിരോധത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 50 ലക്ഷം രൂപ സംഭാവന നൽകി. കൂടാതെ മാനെജിങ് ഡയറക്റ്റർ കെ.വി. ഉത്തമൻ ഒരുമാസത്തെ ശമ്പളവും ചെയർമാൻ ഡോ.കെ. ആർ. വിശ്വംഭരൻ ഒരുമാസത്തെ ഹോണറേറിയവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകി.

## ഇതരസംസ്ഥാന തൊഴിലാളികൾക്ക് കൈതാങ്ങായി പൊലീസ്

കൊടുങ്ങല്ലൂർ: ഇതരസംസ്ഥാന തൊഴിലാളികൾക്ക് കൈതാങ്ങായി പൊലീസ്. ഇതരസംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയിൽ കാർഡ് വിതരണം നടത്തുന്നതിനായാണ് ജനമൈത്രി ബീറ്റ് ഓഫീസർ ജ്യോതിഷ് പ്രഭുസ് കോളെജ് പരിസരത്ത് താമസിക്കുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ അടുത്തെത്തിയത്.നാല് ഇതരസംസ്ഥാന തൊഴിലാളികൾ കെയ്യിലെ പൈസയും ഭക്ഷണ സാധനങ്ങളും തീർന്ന സങ്കടത്തിലായിരുന്നു. മലയാളം സംസാരിക്കാൻ അറിയാത്തവർ കൊടുങ്ങല്ലൂരെത്തിയിട്ട് മാസങ്ങളായിട്ടുള്ളു. നഗരസഭക്ക് കീഴിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തക ഇ.ജെ.പരെയമായി ബന്ധപ്പെട്ട് ഭക്ഷണം എത്തിച്ച് കൊടുത്തു. ലോക് ഡൗൺ തീരുന്നത് വരെ ഇവർക്ക് മൂന്നു നേരവും ഭക്ഷണം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു.

## വ്യാജ മദ്യ നിർമാണം: ഒരാൾ പിടിയിൽ

ചാലക്കുടി: വ്യാജ മദ്യ നിർമാണത്തിനിടിയിൽ നിരവധി കേസിലെ പ്രതി പിടിയിലായി. മേലൂർ കൂവക്കാട്ടു കുന്ന് എളയച്ചം സുബിനെയാണ്(39)കൊരട്ടി സി. ഐ. ബി. കെ അരുണും സംഘവും ചേർന്ന് കസ്റ്റഡിയിലെടുത്തത്. പൊലീസിന് കിട്ടിയ രഹസ്യ വിവരത്തെ തുടർന്ന് പരിശോധനക്കെത്തിയ പൊലീസിനെ കണ്ട് ഓടി രക്ഷപ്പെടുവാൻ ശ്രമിച്ച പ്രതിയെ സിഐയും സംഘവും പിൻ തുടർന്ന് പിടികൂടുകയായിരുന്നു.

*അറസ്റ്റിലായ പ്രതി*

പ്രതിയുടെ വീടിനോട് ചേർന്നുള്ള സ്വകാര്യ വ്യക്തിയുടെ പറമ്പിൽ നിന്ന്അഞ്ഞൂറ് ലിറ്റർ വാഷും വാറ്റ് ഉപകരണങ്ങളും പൊലീസ് പിടിച്ചെടുത്തു. വാഷ് നിർമിച്ചതുമായി തനിക്ക് ബന്ധമില്ലെന്ന് നിലപാടിൽ പ്രതി ഉറച്ച് നിന്നതോടെ തൃശൂരിൽ നിന്ന് വിരലടയാള വിദഗ്ദരെത്തി തെളിവുകൾ ശേഖരിച്ചു.കഞ്ചാവ് കേസ് ഉൾപ്പട്ടെ പതിമൂന്നോളം കേസിലെ പ്രതിയാണ് കോക്കാൻ എന്നപേരിൽ അറിയപ്പെടുന്ന സുബിന്റെ പേരിലുള്ളത്. എസ്. ഐമാരായ രാമു ബാലചന്ദ്ര ബോസ്, സി. ഒ. ജോഷി, എഎസ്ഐമാരായ മുരുകേഷ് കടവത്ത്, എം. എസ്. പ്രദീപ്, കെ. വി. തമ്പി, സിപിഒമാരായ എ. യു. റെജി, വി. ആർ. രജ്ജിത്,എം. എം. ഷിഫാസ് എന്നിവരുടെ നേതൃത്വത്തിലാണ് പ്രതിയെ സാഹസീകമായി പിടികൂടിയത്.

## ജീവനി : കൃഷി മന്ത്രിയുടെ വാഗ്ദാനം ജലരേഖയായി

ഇരിങ്ങാലക്കുട: ലോക് ഡൗൺ കാലത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കണമെന്നും അതിനുള്ള വിത്തുകൾ കൃഷിഭവനുകളിൽ നിന്നും ലഭിക്കുമെന്നും കൃഷി വകുപ്പ് മന്ത്രി പ്രസ്താവന ഈയ്യിടെ എല്ലാ മാധ്യമങ്ങളും പ്രാധാന്യത്തോടെ റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ വെണ്ട, വെള്ളരി എന്നീ രണ്ടിനം വിത്തുകൾ മാത്രമാണ് കൃഷിഭവനിൽ നിന്നും വിതരണം ചെയ്യുന്നത്. പ്രധാന വിത്തിനങ്ങളൊന്നും കൃഷിഭവനുകളിൽ ലഭിച്ചിട്ടില്ല എന്നാണ് ഉദ്യോഗസ്ഥർ പറയുന്നത്.

## തീപിടിച്ചത് പരിഭ്രാന്തി പരത്തി

എരുമപ്പെട്ടി: എരുമപ്പെട്ടി കരിയന്നൂർ ഇലക്ട്രിക്ക് പോസ്റ്റിൽ തീപിടിച്ചത് പരിഭ്രാന്തി പരത്തി. കരിയന്നൂർ കോളനി റോഡിന് സമീപമുള്ള പോസ്റ്റിലാണ് തീപിടുത്തമുണ്ടായത്.

വൈകീട്ട് 6.30 ഓടെയാണ് സംഭവം. പോസ്റ്റിൽ സ്ഥാപിച്ചിട്ടുള്ള ട്യൂബ് ലൈറ്റിനാണ് തീപിടിച്ചത്.ഷോർട് സർക്യൂട്ടാണ് തീപ്പിടുത്തത്തിന് കാരണമെന്ന് കരുതുന്നു.പോസ്റ്റിൽ സ്ഥാപിച്ചിട്ടുള്ള ഫ്യൂസ് കാരിയറിന്റെ ഇൻസുലേഷൻ കവറിംഗ് ഉരുകി നശിച്ചു.സിസിടിവി കേബിൾ ടിവി സിഗ്നൽ കേബിളുകളും കത്തി നശിച്ചു.

കെ.എസ്.ഇ.ബി യിൽ വിവരമറിയിച്ചതിനെ തുടർന്ന് വൈദ്യുതി വിതരണം വിഛേദിച്ചു. നാട്ടുകാർ വളരെ ശ്രമപ്പെട്ടാണ് തീ കെടുത്തിയത്.കെ.എസ്.ഇ.ബി ജീവനക്കാർ സ്ഥലത്തെത്തി.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C.P. Rajasekharan* (Controlling Editor ,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor), Vol 13, Issue No.99 RNI No. KERMAL/2009/31362, Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from **Vaartha News Network Pvt.Ltd,** Suncity, IInd Floor, RoomNo. 14/488/30, P.O. Koorkanchery, Thrissur- 680007, Ph: 0487 2444489. Email: tcrbureau@metrovaartha.com

# കമ്മ്യൂണിറ്റി അടുക്കളയുടെ പ്രവർത്തനം താളം തെറ്റുന്നതായി പരാതി

**സ്വന്തം ലേഖകൻ**

നെയ്യാറ്റിൻകര: കോവിഡ് 19ന്റെ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കേന്ദ്ര - സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കിയ ലോക്ക് ഡൗണിനെ തുടർന്ന് ആരും വിശന്നിരിക്കണ്ട എല്ലാവർക്കും ഭക്ഷണം എന്ന ലക്ഷ്യത്തോടെ സർക്കാർ ആഹ്വാന പ്രകാരം നെയ്യാറ്റിൻകര താലൂക്കിലെ മുനിസിപ്പാലിറ്റിയിലും ഗ്രാമ പഞ്ചായത്തുകളിലും ആരംഭിച്ച കമ്മ്യൂണിറ്റി അടുക്കളകളുടെ പ്രവർത്തനം താളം തെറ്റുന്നതായി പരാതി.

എല്ലാ പഞ്ചായത്തുകളിലും കമ്മ്യൂണിറ്റി അടുക്കളകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പ്രാരംഭ ഘട്ടത്തിൽ ഭക്ഷണം നൽകിയിരുന്ന പലരെയും പദ്ധതിയിൽ നിന്നും ഒഴിവാക്കിയതായാണ് പരാതി. ലോക്ക്ഡൗൺ നിലനിൽക്കുന്നതുവരെ ഇവർക്കെല്ലാവർക്കും ഭക്ഷണം നൽകും എന്ന വാഗ്ദാനത്തിലൂടെയാണ് പദ്ധതി നടത്തിപ്പിന്റെ കൺവീനർമാരെയും വോളന്റിയർമാരെയും തെരഞ്ഞെടുത്തതും വളരെ വിപുലമായി തന്നെ പദ്ധതി ആരംഭിച്ചതും. പലയിടത്തും ഇത് എൽഡിഎഫിന്റെ കൈയിലായതോടെ ജനകീയത നഷ്ടപ്പെട്ടിരുന്നു.

പദ്ധതി നടത്തിപ്പിൽ അംഗത്വം കിട്ടാതായതോടെ യുഡിഎഫും ബിജെപിയും പഞ്ചായത്ത് അടിസ്ഥാനത്തിൽ പ്രത്യേകം സഹായ സംവിധാനങ്ങൾ ക്രമീകരിക്കുകയും ഭക്ഷണ കിറ്റുകളും വസ്ത്രങ്ങളും വിതരണം ചെയ്തും ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയും അവർ ഗ്രാമീണ മേഖലയിൽ സജീവ സാന്നിധ്യമായി.

എന്നാൽ കമ്മ്യൂണിറ്റി അടുക്കളകളിൽ നിന്നും ലോക്ക് ഡൗൺ തീരും വരെ ഭക്ഷണങ്ങൾ ലഭ്യമാകുമെന്ന് പ്രതീഷിച്ചിരുന്ന അഗതികളായ പലർക്കും ഇത് ലഭ്യമാകാതായതോടെ പട്ടിണിയിലുമായി. എന്നാൽ ഷേമ പെൻഷനുകളും സൗജന്യ റേഷനും ലഭ്യമായതോടെയാണ് പലർക്കും ഭക്ഷണവിതരണം നിറുത്തലാക്കിയതെന്നും അർഹതപ്പെട്ടവരെ മാത്രം തിരഞ്ഞെടുത്താണ് ഇപ്പോൾ ഭക്ഷണം നൽകുന്നതെന്നുമാണ് നടത്തിപ്പുകാർ പറയുന്നത്.

ഇത് പറയുമ്പോഴും കുന്നത്തുകാൽ ഗ്രാമപ്പഞ്ചായത്തിലെ മാച്ചാംകോട് കോളനിക്ക് സമീപം താമസിക്കുന്ന രവിയും ഭാര്യയുമടങ്ങുന്ന കുടുംബത്തിന് ഭക്ഷണം ലഭിക്കാത്തതിനാൽ രണ്ടുദിവസമായി പട്ടിണിയിലാണെന്നറിഞ്ഞ ബിജെപി പ്രവർത്തകർ അവർക്കു ഭക്ഷണപ്പൊതിയുമായി ഇന്നലെ രവിയുടെ വീട്ടിലെത്തി. തളർവാതം പിടിപെട്ട് നടക്കാൻ പോലും കഴിയാത്ത അവസ്ഥയിലാണ് ഗിരിജ, രവി വാർദ്ധക്യവും അവശതയും പേറി വർഷങ്ങളായി കൂലിപ്പണിക്കു പോലും പോകുന്നില്ല. ഏകമകൻ വർഷങ്ങൾക്കു മുൻപ് മരണമടഞ്ഞിരുന്നു. കുന്നത്തുകാൽ യുപി സ്കൂളിൽ നിന്നും ലഭിച്ചിരുന്ന ഭക്ഷണമായിരുന്നു ഇവരുടെ ആശ്രയം. സ്കൂൾ അടച്ചതോടെ അതും നിലച്ചു. ഹോട്ടലുകളൊന്നും പ്രവർത്തിക്കാത്തതിനാൽ വാങ്ങി കഴിക്കാനും പറ്റാത്ത അവസ്ഥയാണ്.

ഭവനരഹിതർക്കുള്ള പദ്ധതി പ്രകാരം വയലിലെ തുണ്ടുഭൂമിയിൽ നിർമ്മിച്ച പണിതീരാത്ത വീടിലാണ് ഇവർ താമസം. വിവരം അന്വേഷിച്ചപ്പോൾ നിങ്ങൾക്കിനി ഭക്ഷണമെത്തിക്കാൻ കഴിയില്ലെന്നാണ് വാർഡ് മെമ്പർ അറിയിച്ചതെന്ന് രവിയും ഗിരിജയും പറയുന്നു. 400 ലധികൾ പേർക്ക് ഭക്ഷണം തയാറാക്കിയിരുന്നിടത്ത് ഇപ്പോൾ 150 പേർക്കാണ് ഭക്ഷണം തയാറാക്കുന്നതെന്നും ആവശ്യക്കാരുണ്ടെങ്കിൽ ഇനിയും ഭക്ഷണം എത്തിച്ചുകൊടുക്കും എന്നുമാണ് കുന്നത്തുകാൽ പഞ്ചായത്ത് പ്രസിഡന്റ് അരുണിന്റെ വിശദീകരണം.

കമ്മ്യൂണിറ്റി അടുക്കളയുടെ പേരിൽ താലൂക്കിന്റെ നാനാഭാഗങ്ങളിൽ നിന്നും വൻപിച്ച പണപ്പിരിവുകളാണ് നടന്നിട്ടുള്ളതെന്നും കൂടാതെ നിരവധി സാമൂഹിക സാംസ്കാരിക സംഘടനകളും ക്ഷേത്ര കമ്മറ്റികളും പള്ളിക്കമ്മറ്റികളും അടുക്കളയിലേക്ക് ഭക്ഷ്യവസ്തുക്കളും സാമ്പത്തികവും ആവശ്യത്തിലധികം നൽകിയിട്ടുണ്ടെന്നും ഇവയെല്ലാം ഒരു വിഭാഗം ആൾക്കാരുടെ കൈകളിൽ മാത്രമാണെത്തുന്നതെന്നും പരക്കെ ആക്ഷേപമുണ്ട്.

പാറശാല, കാരോട്, ആര്യങ്കോട്, വെള്ളറട, പെരുങ്കടവിള പഞ്ചായത്തുകളിലെ സ്ഥിതിയും വ്യത്യസ്ഥമല്ല. പ്രദേശത്തെ കാറികളിൽ നിന്നും വൻ തുകകൾ പിരിച്ചെടുത്തതിനും വ്യക്തതയില്ലെന്നും ഒരു വിഭാഗം ആൾക്കാർ ആരോപിക്കുന്നു.

## പൊതുസ്ഥലങ്ങൾ ശുചീകരിച്ചു

വെള്ളറട: ബിജെപി, യുവമോർച്ച പഞ്ചായത്ത് കമ്മിറ്റികളുടെ നേതൃത്വത്തിൽ ഒറ്റശേഖരമംഗലത്തെ പൊതുസ്ഥലങ്ങൾ ശുചീകരിച്ചു. ഐബി മണ്ഡപത്തിൻ കടവ്, എബിഐ ഒറ്റശേഖരമംഗലം, ആര്യങ്കോട് പൊലീസ് സ്റ്റേഷൻ, റേഷൻകടകൾ, എടിഎം, ഗ്രാമ പഞ്ചായത്ത് ഓഫീസ്, പെട്രോൾ പമ്പ് മെഡിക്കൽ ഷോപ്പുകൾ, വെയിറ്റിംഗ് ഷെഡുകൾ എന്നിവിടങ്ങളാണ് ശുചീകരിച്ച് അണുനാശിനി തളിച്ചു കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയത്. പൂഴനാട് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനു നൽകിയ മാസ്ക്കുകൾ മെഡിക്കൽ ഓഫീസർ വിനോജ് ഏറ്റുവാങ്ങി. സേവന പ്രവർത്തനങ്ങൾക്ക് ബിജെപി മണ്ഡലം വൈസ്. പ്രസിഡന്റ് ആറ്റൂർ അനിൽകുമാർ, ഒറ്റശേഖരമംഗലം പഞ്ചായത്ത് കമ്മിറ്റി പ്രസിഡന്റ് ജയചന്ദ്രൻ കുന്നനാട്, ജനറൽസെക്രട്ടറി അനീഷ് പന്താടി, യുവമോർച്ച മണ്ഡലംസെക്രട്ടറി ശ്രീകാന്ത്, പഞ്ചായത്ത് കമ്മിറ്റിപ്രസിഡന്റ് കമൽ ആലച്ചൽക്കോണം ജനറൽ സെക്രട്ടറി മുകേഷ് രാജൻ എന്നിവർ നേതൃത്വം നൽകി.

## കാളിമല ചിത്രാ പൗർണമി മഹോത്സവം മാറ്റിവച്ചു

വെള്ളറട: സുപ്രസിദ്ധ ദക്ഷിണഭാരത തീർത്ഥാടന കേന്ദ്രമായ കാളിമല ക്ഷേത്രത്തിലെ ഈ വർഷത്തെ ചിത്രാപൗർണമി മഹോത്സവവും പൊങ്കാലയും മാറ്റിവച്ചതായി ക്ഷേത്ര ഉത്സവ കമ്മിറ്റി സെക്രട്ടറി എ.വി. സുഭിലാൽ അറിയിച്ചു. ഉത്സവത്തോടനുബന്ധിച്ച് നടത്താറുള്ള ദീപജ്യോതി രഥയാത്രയും മാറ്റിവച്ചു. ആയിരക്കണക്കിന് ഭാഗതജനങ്ങളാണ് കാളിമല ചിത്ര ചൗർണമിക്ക് ദേവിക്ക് പൊങ്കാല അർപ്പിക്കാനെത്തുന്നത്. കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നിർദ്ദേശങ്ങളുടെ ഭാഗമായാണ് ഉത്സവം മാറ്റിവച്ചത്. ചിത്രാപൗർണമി ദിവസമായ മേയ് 7ന് ഭക്തജനങ്ങൾ അവരവരുടെ വീടുകളിൽ പൊങ്കാല സമർപ്പണം നടത്തണമെന്നും ക്ഷേത്ര ഭരണ സമിതിയും ഉത്സവസമിതിയും അറിയിച്ചു.

## ആശ്രയ സങ്കേതത്തിന് സർക്കാറിന്റെ കനിവ്

കൊട്ടാരക്കര: ഭക്ഷ്യവസ്തുക്കളുടെ ക്ഷാമം മൂലം പട്ടിണിയുടെ മുനമ്പിൽ നിൽക്കുകയായിരുന്ന കലയപുരം ആശ്രയ സങ്കേതത്തിന് സർക്കാരിന്റെ കൈതാങ്ങ് ലഭിച്ചു. കൊറോണ ഭീതിയിൽ രാജ്യം മുഴുവൻ ലോക്ക് ഡൗൺ ആയതോടെയാണ് ആശ്രയയിലേയ്ക്ക് സന്ദർശകർ വരാതാവുകയും സഹായങ്ങൾ നിലയ്ക്കുകയും ചെയ്തത്. ആശ്രയ നേരിട്ടുകൊണ്ടിരുന്ന ബുദ്ധിമുട്ട് അഡ്വ. പി. ഐഷാപോറ്റി എംഎൽഎ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നതിനെ തുടർന്നാണ് സങ്കേതത്തിന് ഭക്ഷ്യവസ്തുക്കൾ ലഭിച്ചത്. അഡ്വ .പി. ഐഷാപോറ്റി എംഎൽഎ, കൊട്ടാരക്കര താലൂക് സപ്ലൈ ഓഫിസർ എസ്.എ .സെയ്ഫ് ചക്കുവള്ളി എന്നിവർ ചേർന്ന് ഭക്ഷ്യവസ്തുക്കൾ സങ്കേതത്തിന് കൈമാറി.

വാറ്റ് ചാരായം പിടികൂടിയ എക്സൈസ് ഉദ്യോഗസ്ഥർ.

## കരുനാഗപ്പള്ളിയിൽ വീണ്ടും ചാരായ വേട്ട

കരുനാഗപ്പള്ളി: കരുനാഗപ്പള്ളിയിൽ വീണ്ടും ചാരായ വേട്ട നടന്നു. കരുനാഗപ്പള്ളി എക്സൈസ് ഇൻസ്പെക്ടർ പി. അനിൽകുമാറിന് കിട്ടിയ രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ പാവുമ്പാ ത്രിവേണി ജംഗ്ഷന് സമീപം കല്ലുവിളയിൽ സുനിൽ കുമാറിന്റെ വീട്ടിൽ നിന്ന് വിൽപ്പനയ്ക്കായി സൂക്ഷിച്ചിരുന്ന 5 ലിറ്റർ ചാരായം അസി: എക്സൈസ് ഇൻസ്പെക്ടർ അൻവറും ഷാഡോ ഉദ്യോഗസ്ഥരായ ശ്യാംകുമാർ, സജീവ്കുമാർ, സന്തോഷ്, മുഹമ്മദ് കുഞ്ഞ്, വനിത സിവിൽ എക്സൈസ് ഓഫീസർ ഷിബി എന്നിവർ പങ്കെടുത്തു. സുനിൽകുമാറിനെതിരെ കേസെടുത്തു.

## വാറ്റുകേന്ദ്രങ്ങളിൽ റെയ്ഡ്; നാലുപേർ പിടിയിൽ

നെയ്യാറ്റിൻകര: താലൂക്കിലെ വ്യാജ ചാരായ വാറ്റുകേന്ദ്രങ്ങളിൽ എക്സൈസ് നടത്തിയ റെയ്ഡിൽ 7 ലിറ്റർ ചാരായവും വാറ്റുപകരണാനകളുമായി നാലുപേര് പിടിയിലായി. ബാലരാമപുരം സ്വദേശികളായ മുജീബ്, സാഗർ, സുധീർ, കുമാർ, എന്നിവരാണ് പിടിയിലായത്. ചാരായം നിർമ്മിച്ച് ആവശ്യക്കാർക്ക് എത്തിച്ചു നൽകുന്ന സംഘമാണ് ഇവരെന്നും നിരവധി ക്രിമിനൽ കേസിലെ പ്രതിയായ മുജീബ് അടുത്തിടെയാണ് ജയിൽ മോചിതനായത്. എക്സൈസ് എത്തുന്ന വിവരം അറിഞ്ഞ് സംഘത്തിലെ പ്രധാനി സുരേഷ് ഓടിരക്ഷപ്പെടുകയായിരുന്നുവെന്നും ഇയാൾക്കായി അന്വേഷണം ഊർജ്ജിതമാക്കിയിട്ടുള്ളതായും എക്സൈസ് എസ്ഐ സച്ചിൻ പറഞ്ഞു. കൂടാതെ വെള്ളറടയ്ക്കു സമീപം കിളിയൂരിൽ നിന്നും വാറ്റാൻ ഉപയോഗിക്കുന്ന ഉപകരണങ്ങളും മറ്റ് വസ്തുക്കളും പിടിച്ചെടുത്തു, റൂറൽ എസ്പിയുടെ സ്പെഷ്യൽ സ്കോഡിന്റെ നേതൃത്ത്വത്തിലായിരുന്നു താലൂക്കിലെ വിവിധ സ്ഥലങ്ങളിൽ റെയ്ഡ് നടന്നത്.

## കൊവിഡ് 19: എസ്എടി ഇൻ ഹൗസ് ഡ്രഗ് ബാങ്കിലൂടെ ഇൻഫ്രാറെഡ് തെർമോമീറ്ററുകൾ വിതരണത്തിന്

തിരുവനന്തപുരം: കോവിഡ് 19ന്റെ പ്രാഥമിക പരിശോധന ഉൾപ്പെടെ ശരീരോഷ്മാവ് അളക്കുന്ന ഇൻഫ്രാറെഡ് തെർമോമീറ്റർ ഗൺ ഇനി എസ്എടി ഇൻ ഹൗസ് ഡ്രഗ് ബാങ്കിലൂടെ വിതരണം ചെയ്യും. സ്വകാര്യ സ്ഥാപനങ്ങളൊഴികെയുള്ള സർക്കാർ ആശുപത്രികൾക്കും മറ്റ് കേന്ദ്ര-സംസ്ഥാന സ്ഥാപനങ്ങൾക്കുമാണ് ഇവ നൽകുന്നത്. കഴിഞ്ഞ ദിവസം ആയിരം തെർമോമീറ്ററുകളാണ് ചൈനയിൽ നിന്നും എസ്എടി ആശുപത്രി ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഇൻ ഹൗസ് ഡ്രഗ് ബാങ്കിലെത്തിയത്.

ഇൻഫ്രാറെഡ് തെർമോമീറ്റർ ഗൺ

കൊവിഡ് 19 രോഗലക്ഷണങ്ങളിൽ ശരീരോഷ്മാവ് പരിശോധനയ്ക്കും ഏറെ പ്രാധാന്യമുള്ളതിനാൽ തെർമോമീറ്ററുകൾ വാങ്ങി സർക്കാർ സ്ഥാപനങ്ങൾക്ക് നൽകുന്നതിന് ആരോഗ്യ വകുപ്പു മന്ത്രി കെ.കെ. ശൈലജ അനുമതിയും ലഭിച്ചിരുന്നു. മിലിട്ടറി, സിആർപിഎഫ്, എയർ ഫോഴ്സ്, ശ്രീ ചിത്ര, ആർസി സി തുടങ്ങിയ കേന്ദ്ര-സംസ്ഥാന സ്ഥാപനങ്ങൾക്ക് ഇൻ ഹൗസ് ഡ്രഗ് ബാങ്കുവഴിയും മറ്റ് സർക്കാർ ആശുപത്രികൾക്ക് കേരളാ മെഡിക്കൽ സർവീസ് കോർപറേഷൻ വഴിയുമാണ് വിതരണം ചെയ്യുന്നത്. അതിനായി 700 തെർമോമീറ്ററുകൾ മെഡിക്കൽ സർവീസ് കോർപറേഷന് നൽകും. ഒരു തെർമോമീറ്ററിന് തിരുവനന്തപുരത്തെത്തുമ്പോഴുള്ള ചെലവുകൾ ഉൾപ്പെടെ 5950 രൂപയാണ് വില വരുന്നത്.

വിവിധ സ്ഥാപനങ്ങൾക്ക് വെറും അഞ്ചു രൂപ കൂട്ടി 5955 രൂപയ്ക്കാണ് ഇൻ ഹൗസ് ഡ്രഗ് ബാങ്കിൽ നിന്നും നൽകുന്നതെന്ന് ചീഫ് ഫാർമസിസ്റ്റ് ബിജു പറഞ്ഞു. സ്വകാര്യ സ്ഥാപനങ്ങൾക്ക് നൽകില്ല.

എസ്എടി ആശുപത്രി ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റി വഴി ഇൻഫ്രാറെഡ് തെർമോമീറ്ററുകൾ വാങ്ങാൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. എം. കെ. അജയകുമാർ, എസ്എടി സൂപ്രണ്ട് ഡോ. എ. സന്തോഷ് കുമാർ, സൊസൈറ്റി എക്സിക്യൂട്ടീവ് കമ്മറ്റിയംഗം കെ വരദരാജൻ ഉൾപ്പെടെയുള്ളവർ തീരുമാനമെടുക്കുകയും 50 ലക്ഷം രൂപ മുൻകൂറായി അടയ്ക്കുകയും ചെയ്തതോടെയാണ് തെർമോമീറ്ററുകൾ ലഭ്യമായത്. ഇനി 3000 തെർമോമീറ്ററുകൾ കൂടി വാങ്ങാൻ പദ്ധതിയുണ്ട്. ചൈനയിൽ നിന്നും തിരുവനന്തപുരത്ത് എത്തുന്നതിനുണ്ടായ ചില സാങ്കേതിക തടസങ്ങൾ സാമൂഹ്യനീതി സെക്രട്ടറി ബിജു പ്രഭാകർ ഇടപെട്ട് പരിഹരിക്കുകയും ചെയ്തിരുന്നു.

വെള്ളായണി ദേവിയെ ക്ഷേത്രത്തിനകത്തേക്ക് തിരിച്ച് എഴുന്നള്ളിക്കുന്നു.

## ദേവിയെ ക്ഷേത്രത്തിനുള്ളിൽ തിരിച്ചെഴുന്നള്ളിച്ചു

നേമം: വെള്ളായണിദേവിയെ ക്ഷേത്രത്തിനുള്ളിൽ തിരിച്ചു എഴുന്നള്ളിച്ചു. ചരിത്രപ്രസിദ്ധമായ വെള്ളായണി ദേവീ ക്ഷേത്രത്തിലെ 2020-ലെ കാളിയൂട്ട് മഹാത്സവം ഫെബ്രുവരി മാസം 14ന് ആരംഭിച്ച് ഏപ്രിൽ 23 വരെ നീണ്ടു നിൽക്കുന്ന 70 ദിവസത്തെ ഉത്സവത്തിനാണ് സമാപനമായത്. പള്ളിച്ചൽ, കല്ലിയൂർ, പാപ്പനംകോട്, കോലിയക്കോട് ദിക്ക് ബലിക്ക് ശേഷം വീടുകളിലെ നിറപറ എഴുന്നള്ളത്ത് നടന്നു വരവേയാണ് കൊവിഡ് മഹാമാരി പിടിപ്പെടുകയും കേന്ദ്ര- കേരളാ സർക്കാരുകളുടെ നിയന്ത്രണം മൂലം ദേവസ്വം ബോർഡിന്റെ ഉത്തരവ് പ്രകാരം ഉത്സവം നിർത്തിവയ്ക്കുകയും ചെയ്തിരുന്നു. എഴുന്നള്ളത്ത്, അശ്വതി പൊങ്കാല എന്നിവ ഒഴിവാക്കി ദേവിയെ തിരികെ അണിയറപ്പുരയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. നിയന്ത്രണങ്ങൾ കർശ്ശനമായതോടെ തന്ത്രി മൂത്ത വാത്തി ദേവസ്വം അധികാരികൾ ക്ഷേത്ര ജ്യോതിഷൻ എന്നിവരുമായി നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ ഈ വർഷത്തെ കാളിയൂട്ട് മഹോത്സവം പൂർണമായി നിർത്തിവച്ച് ദേവിയെ അണിയറപ്പുരയിൽ നിന്നും ആറാട്ട് നടത്തി ഇന്നലെ ഉച്ചയ്ക്ക് 12ന് മേലുള്ള ശുഭമുഹൂർത്തത്തിൽ ശ്രീകോവിലിനുള്ളിലേക്ക് എഴുന്നള്ളിച്ചു. ആളും ആരവവും ഇല്ലാതെ ഉച്ചപൂജയും നടന്നു.

## ആഴ്ചയിൽ രണ്ടു ദിവസം പുസ്തകശാലകൾ തുറക്കാൻ അനുമതി

തിരുവനന്തപുരം: ആഴ്ചയിൽ രണ്ടു ദിവസം പുസ്തകശാലകൾ തുറക്കാൻ അനുമതി. കോൺഫഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡുസ്ട്രീസ് ( കേരള ചാപ്റ്റർ), കേരളത്തിലെ 14 വ്യത്യസ്ത മേഖലകളിൽ നിന്നുള്ള പ്രതിനിധികൾ എന്നിവരുമായി മുഖ്യമന്ത്രി പിണറായി വിജയൻ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലാണ് തീരുമാനം.

സർഗാത്മകതയുടെ ഭാവിയും എഴുത്തുകാരുടെ വരുമാനത്തെയും ബാധിക്കാതിരിക്കാൻ പുസ്തകശാലകൾ തുറക്കുന്നതിന് രണ്ട് ദിവസം അനുവദിക്കണമെന്ന് കോൺഫഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡുസ്ട്രീസിനെയും ഉന്നത വിദ്യാഭ്യാസ മേഖലയേയും പ്രതിനിധീകരിച്ച് ചർച്ചയിൽ പങ്കെടുത്ത രവി ഡീസി ആവശ്യപ്പെട്ടു. പ്രസാധകരുടെ അതിജീവനത്തിന്റെ കൂടി ഭാഗമായി വരുന്ന വർഷം മുതൽ സർക്കാരിന്റെ വിവിധ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ എല്ലാ പ്രസാധകരുടെയും 25% പുസ്തകങ്ങൾ വാങ്ങുന്നതിനും അതുവഴി പുസ്തക പ്രസാധന മേഖലയെ പുനരുദ്ധരിപ്പിക്കുന്നതിന് വേണ്ടിയുള്ള ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകുമെന്നും മുഖ്യമന്ത്രി അറിയിച്ചതായി ഓൾ കേരള പബ്ലിഷേഴ്സ് ആന്റ് ബുക്ക് സെല്ലേഴ്സ് അസോസിയേഷൻ പ്രസിഡന്റ് രവി ഡിസി ജനറൽ സെക്രട്ടറി ആശ്രാമം ഭാസി എന്നിവർ അറിയിച്ചു.

## കമ്യൂണിറ്റി കിച്ചണിലേയ്ക്ക് മെഡിക്കൽ കോളെജ് സഹകരണ സംഘം സഹായം നല്കി

തിരുവനന്തപുരം: മെഡിക്കൽ കോളെജ് എംപ്ലോയീസ് ടി 721-ാം നമ്പർ സഹകരണ സംഘം മെഡിക്കൽ കോളെജ് മേഖലയിൽ പ്രവർത്തിക്കുന്ന കമ്യൂണിറ്റി കിച്ചണിലേക്ക് ആവശ്യമായ സാധനങ്ങൾ നല്കി. സംഘം പ്രസിഡന്റ് രമേഷ് ചന്ദ്രൻ നായർ അവശ്യ സാധനങ്ങൾ തിരുവനന്തപുരം ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എസ്. എസ്. സിന്ധുവിന് കൈമാറി. പട്ടം വാർഡ് കൗൺസിലർ രമ്യാ രമേഷ്, സർവീസ് സംഘടനാ നേതാക്കളായ ബിജുരാജ്, എസ്. എസ്. മനോജ്, ഡൊമിനിക്, ബോർഡ് അംഗങ്ങളായ വി. ബൈജുകുമാർ, എസ്. എ. അനീസ, ആനന്ദ് ആർ. കൃഷ്ണൻ, സംഘം സെക്രട്ടറി ഗോപകുമാർ എന്നിവർ സംസാരിച്ചു.

വഞ്ചിയൂർ പൊലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥർക്ക് വേണ്ട ആയുർവേദ രോഗ പ്രതിരോധ ഔഷധങ്ങൾ സ്റ്റേഷനിലെത്തി കൈമാറുന്നു. ഔഷധങ്ങൾ ഉപയോഗിക്കേണ്ട വിധം ആർഎംഒ ഡോ. എസ്. ഗോപകുമാർ പൊലീസ് ഉദ്യോഗസ്ഥർക്ക് വിശദീകരിച്ചു കൊടുക്കുന്നു.

ലോക്ക് ഡൗൺ ദിനത്തിൽ ഭക്ഷണം ലഭിക്കാത്ത മെഡിക്കൽ കോളെജ് ക്യാമ്പസിലെ രോഗികൾക്ക് ശ്രീ ചിത്ര സ്റ്റാഫ് യൂണിയൻ ഇരുപത്തി അഞ്ചാം ദിനത്തിൽ ഡെപ്യൂട്ടി ഡയറ്റീഷൻ എസ്. ജ്യോതി ലക്ഷ്മിയുടെ നേതൃത്വത്തിൽ എസ്എറ്റിയിൽ ഉച്ചഭക്ഷണവും കുടിവെള്ളവും വിതരണം ചെയ്യുന്നു.

## ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് പഠിച്ചവരെ പരിഗണിക്കുന്നില്ല

കരുനാഗപ്പള്ളി: ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് പഠിച്ചവരെ പരിഗണിക്കുന്നില്ലായെന്ന് പരാതി. കൊവിഡ് ബാധിത അടിയന്തര ഘട്ടത്തിലും സർക്കാർ നേരിട്ടു നടത്തുന്ന ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് പഠിച്ച ഉദ്യോഗാർത്ഥികളെ ആരോഗ്യ വകുപ്പിലേക്കു പരിഗണിക്കുന്നില്ല എന്നതാണ് ആശങ്കയ്ക്ക് ഇടവരുത്തി ഇരിക്കുന്നത്. കോവിഡുമായി ബന്ധപ്പെട്ടു തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ 400 ജെഎച്ച്ഐമാരെ മുൻസിപ്പൽ കോമൺ സർവീസിലേക്കു 24 മണിക്കൂറിനുള്ളിൽ നിയമിച്ചു. ഇതിൽ നിന്നും കേരളാ ഗവൺമെന്റ് അംഗീകരിച്ച ഡിപ്ലോമ കോഴ്സ് പഠിച്ചവരെ ഒഴിവാക്കി. എന്നാൽ ഒരു വർഷ സാനിട്ടറി ഇൻസ്പെക്ടർ കോഴ്സ് പഠിച്ചവരെയാണ് നിയമിച്ചിരിക്കുന്നതെന്നാണ് ആരോപണം ഉയർന്നിരിക്കുന്നത്. പിഎസ്സി പരീക്ഷ കഴിഞ്ഞു വിവിധ ജില്ലകളിൽ ഷോർട്ട്ലിസ്റ്റും ഇട്ടു വെരിഫിക്കേഷനും കഴിഞ്ഞ് നിയമനത്തിനായി പ്രതീക്ഷയിലിരുന്ന ഉദ്യോഗാർഥികളെ അവഗണിച്ചു കൊണ്ടാണ് ഈ നിയമനമെന്നാണ് ഉദ്യോഗാർത്ഥികൾ പറയുന്നത്.

കൊവിഡിന്റെ പശ്ചാത്തലത്തിൽ ഫീൽഡ് അസിസ്റ്റന്റുമാരെ ജെഎച്ച്ഐമാരായി ആരോഗ്യ വകുപ്പിൽ നിയമിക്കുന്നത് നിലവിൽ അപേക്ഷ അയച്ചു ആരോഗ്യ വകുപ്പിലേക്ക് പരീക്ഷക്കായി തയ്യാറെടുക്കുന്നവർക്കും തിരിച്ചടിയാണെന്ന് ഉദ്യോഗാർത്ഥികൾ ചൂണ്ടിക്കാട്ടുന്നു.

മെഡിക്കൽ കോളെജ് എംപ്ലോയീസ് ടി 721-ാം നമ്പർ സഹകരണ സംഘം കമ്മ്യൂണിറ്റി കിച്ചണിലേക്കുള്ള അവശ്യസാധനങ്ങൾ സംഘം പ്രസിഡന്റ് രമേഷ് ചന്ദ്രൻ നായർ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എസ്. എസ്. സിന്ധുവിന് കൈമാറുന്നു.

## പൊലീസുകാർക്ക് സൺഗ്ലാസും ശുദ്ധജലവും വിതരണം ചെയ്തു

തിരുവനന്തപുരം: ഓൾ കേരള ഒപ്റ്റിക്കൽസ് അസോസിയേഷൻ (എകെഒഎ) തിരുവനന്തപുരം ജില്ലാ കമ്മിറ്റി യുടെ നേതൃത്തിൽ തിരുവനന്തപുരം സിറ്റിയിൽ ജോലി ചെയുന്ന പൊലീസുകാർക്ക് സൺഗ്ലാസ് വിതരണം ചെയ്തു. കൂടാതെ 600ലിറ്റർ മിനറൽ വാട്ടറും ബിസ്കറ്റും ജില്ലാ പ്രസിഡന്റ് ഗിരീഷ്കുമാർ, സെക്രട്ടറി സച്ചുലാൽ, ട്രഷറർ ഷാജഹാൻ എന്നിവരുടെ നേതൃത്വത്തിൽ നൽകി. തിങ്കളാഴ്ച ഇതിന്റെ രണ്ടാം ഘട്ടവും നടക്കുമെന്നും ഭാരവാഹികൾ. കന്റോൺമെന്റ് എസി സുനീഷ് ബാബു ഗ്ലാസുകൾ ഏറ്റുവാങ്ങി.

ഓൾ കേരള ഒപ്റ്റിക്കൽസ് അസോസിയേഷൻ (എകെഒഎ) തിരുവനന്തപുരം ജില്ലാ കമ്മിറ്റി യുടെ നേതൃത്തിൽ തിരുവനന്തപുരം സിറ്റിയിൽ ജോലി ചെയുന്ന പൊലീസുകാർക്ക് സൺഗ്ലാസ് വിതരണം ചെയ്യുന്നു.

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ജോയിന്റ് കൗൺസിൽ പുനലൂർ മേഖലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ജില്ലാ കമ്മിറ്റിയംഗങ്ങളായ റിൽജു എം, അനി ആർ, മേഖലാ പ്രസിഡന്റ് അരുൺകുമാർ എന്നിവർ പുനലൂർ മുൻസിപ്പൽ പ്രദേശത്തെ സാമൂഹിക അടുക്കളയിലേക്കാവശ്യമായ പലവ്യഞ്ജനങ്ങൾ, പച്ചക്കറികൾ എന്നിവ മുനിസിപ്പൽ ചെയർമാൻ സുശീല രാമചന്ദ്രന് കൈമാറുന്നു.

## റൂറൽ ജില്ലയിലെ പൊലീസുകാർക്ക് കുടിവെള്ളവുമായി മഹേശ്വരക്ഷേത്രം

പാറശാല: വേനൽ ചൂടിനെ കുടയാക്കി തിരുവനന്തപുരം റൂറൽ ജില്ലയിൽ കോവിഡ് 19ന്റെ പ്രതിരോധ പ്രവർത്തനങ്ങളിൽ സജീവമായിരിക്കുന്ന പൊലീസ്കാർക്ക് കുടിവെള്ളവും മാസ്കുകളും വിതരണം ചെയ്ത് ചെങ്കൽ മഹേശ്വരം ശ്രീ ശിവപാർവ്വതി ക്ഷേത്ര മഠം. പൊലീസുകാർക്ക് നൽകാനായി 2000 ലിറ്റർ കുപ്പിവെള്ളം, ബിസ്ക്കറ്റ്, റസ്ക്, ബൺ, സാനിറ്റൈസേർസ്, ഗ്ലൗസ്, മാസ്കുകൾ എന്നിവ തിരുവനന്തപുരം റൂറൽ എസ്പി അശോക് കുമാറിനു മഹേശ്വരം ശ്രീ ശിവപാർവ്വതി ക്ഷേത്ര മഠാധിപതി സ്വാമി മഹേശ്വരാനന്ദ സരസ്വതി കൈമാറി. ചടങ്ങിൽ നെയ്യാറ്റിൻകര ഡിവൈഎസ്പി .അനിൽ കുമാർ, പാറശ്ശാല സിഐ റോബർട്ട് ജോണി, പാറശ്ശാല എസ്ഐ ശ്രീലാൽ ചന്ദ്രശേഖർ, ക്ഷേത്ര മേൽശാന്തി കുമാർ മഹേശ്വരം, പള്ളിമംഗലം പ്രേംകുമാർ എന്നിവർ പങ്കെടത്തു.

പൊലീസുകാർക്കുള്ള കുടിവെള്ളവും മാസ്കുകളും തിരുവനന്തപുരം റൂറൽ എസ്പി അശോക് കുമാറിന് മഹേശ്വരം ശ്രീ ശിവപാർവ്വതി ക്ഷേത്ര മഠാധിപതി സ്വാമി മഹേശ്വരാനന്ദസരസ്വതി കൈമാറുന്നു.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C. P. Rajasekharan* (Controlling Editor ,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor),Vol 13, Issue No. 100 RNI No. KERMAL/ 2009/ 31363 Printed at M/S St. Joseph's press, PB NO. 416, Cotten Hill, Vazuthacaud, Thiruvananthapuram- 695014, Phone No: 0471- 2573388 and published from **Vaartha News Network Pvt.Ltd,** TC 25/3443, Valli Villa, UR-10, Uppalam Road, Thiruvananthapuram - 695001, Ph: 0471-2573388, 2573399.